# KERALA CURRICULUM FRAME WORK

2007

# കേരള പാഠ്യപദ്ധതി ചട്ടക്കൂട് - 2007

# ഉള്ളടക്കം

**ആമുഖം**

**1 ആധുനിക കേരളവിദ്യാഭ്യാസം - ഒരെത്തിനോട്ടം ............ 01**

1.1 ആമുഖം

1.2 സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് ............

1.3 സ്വതന്ത്ര ജനാധിപത്യകാലഘട്ടം ............

1.4 ഗുണനിലവാരമുള്ള വിദ്യാഭ്യാസം സമൂഹത്തിന്റെ ആവശ്യം ............

1.5 തിരിച്ചറിവുകൾ ............

**2 പുതിയ സമീപനത്തിലേക്ക് ............ 07**

2.1 ആമുഖം ............

2.2 ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും കേരളവും ............

2.3 ഭാവിസമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ............

2.4 വിദ്യാഭ്യാസലക്ഷ്യങ്ങൾ ............

2.5 സാമൂഹികനീതിയും വിദ്യാഭ്യാസവും ............

**3 പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ............ 18**

3.1 പഠനത്തിന്റെ ഉള്ളടക്കം ............

3.2 പഠനത്തിന്റെ രീതി ............

3.3 പഠനപ്രക്രിയയുടെ നിർവഹണം ............

3.4 പഠിക്കാനുള്ള അവകാശം ............

**4 വിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ ............ 27**

4.1 പ്രീ-പ്രൈമറി വിദ്യാഭ്യാസം ............

4.2 പ്രൈമറി വിദ്യാഭ്യാസം ............

4.3 സെക്കൻഡറി ............

4.4 ഹയർസെക്കൻഡറി ............

**5 വിഷയസമീപനം ............ 37**

5.1 ഭാഷാപഠനം ............

5.2 ശാസ്ത്രപഠനം ............

5.3 സാമൂഹികശാസ്ത്രം ............

5.4 ഗണിതം ............

5.5 തൊഴിലധിഷ്ഠിത വിദ്യാഭ്യാസം (VET) ............

5.6 കലാപഠനവും ആരോഗ്യ-കായികപഠനവും ............

5.7 ഐ.ടി. സഹായക വിദ്യാഭ്യാസം ............

5.8 മൂല്യനിർണയം ............

**6 വിദ്യാഭ്യാസ വ്യവസ്ഥയിൽ വരുത്തേണ്ട മാറ്റങ്ങൾ ............ 94**

6.1 വിദ്യാഭ്യാസ ഘട്ടങ്ങൾ ............

6.2 ഭരണപരമായ നവീകരണം ............

**അനുബന്ധം ............**

പാഠ്യപദ്ധതി പരിഷ്കരണത്തിന് സർക്കാർ രൂപം നൽകിയ
കോർ കമ്മിറ്റി ............

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം ശക്തിപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഒരു പാഠ്യപദ്ധതി പരിഷ്കരണത്തിന് നാം തുടക്കം കുറിച്ചിരിക്കുന്നത്. സാക്ഷരതയിലും സ്കൂൾ പ്രവേശനനിരക്കിലും അഭിമാനകരമായ വിജയം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആ വിജയം ഫലവത്താകണമെങ്കിൽ ഭാവിസമൂഹത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഗുണമേന്മയുള്ള വിദ്യാഭ്യാസം വിവേചനരഹിതമായി എല്ലാ കുട്ടികൾക്കും ലഭ്യമാക്കണം.

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിലെ (എൻ.സി.എഫ്-2005) നിർദേശങ്ങൾ പരിഗണിച്ചാണ് സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണം ആരംഭിച്ചിരിക്കുന്നത്. എന്നാൽ കേരളത്തിൽ നടപ്പിലാക്കിക്കഴിഞ്ഞ പാഠ്യപദ്ധതി അനുഭവങ്ങൾ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ രൂപീകരണത്തിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. അറിവിന്റെ നിർമാണത്തിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പഠനരീതിയുടെ സജീവമാതൃക കേരളത്തിനു കാഴ്ചവയ്ക്കാൻ കഴിഞ്ഞു. അതിനാൽ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിലെ നിർദേശങ്ങൾക്കപ്പുറമുള്ള വിദ്യാഭ്യാസപരിഷ്കാരങ്ങളെപ്പറ്റിയാണ് നാം ചിന്തിക്കേണ്ടിയിരിക്കുന്നത്.

മികച്ച പാഠ്യപദ്ധതിയും പഠനോപകരണങ്ങളും ഉറപ്പുവരുത്താൻ ഏറെക്കുറെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്താൻ അക്കാദമികവും ഭരണപരവുമായ പുനഃസംഘാടനം അനിവാര്യമാണ്. കാലപ്പഴക്കം കൊണ്ട് ഉറച്ചുപോയ പല മാമൂലുകളും ഇന്ന് ഭാരമായി മാറിയിരിക്കുന്നു. ശീലിച്ചുപോയ വഴക്കങ്ങൾ മാറ്റിയെടുക്കണം. അതിന് സമൂഹപങ്കാളിത്തത്തോടെയും കൂട്ടായ്മയോടെയുമുള്ള പൊളിച്ചെഴുത്ത് ആവശ്യമാണ്. ഇങ്ങനെ ചെയ്യുമ്പോൾ ജനങ്ങളുടെ കാഴ്ചപ്പാടും പ്രതിഫലിക്കപ്പെടണം. എങ്കിലേ ഇതൊരു ജനകീയ പാഠ്യപദ്ധതി രൂപരേഖയായി മാറൂ. നിശ്ചയദാർഢ്യത്തോടെ അതിനു തുടക്കംകുറിക്കാൻ ഈ പാഠ്യപദ്ധതി പരിഷ്കരണത്തിന് കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

ആശംസകളോടെ,

**ചെയർമാൻ**
(പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസം)
**കോർ കമ്മിറ്റി**
സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ സമിതി
എസ്.സി.ഇ.ആർ.ടി., കേരളം

*ഇത്രയും കാലമായി നാം വിട്ടുകളഞ്ഞിട്ടുള്ളത്, അഥവാ തക്ക ഗൗരവത്തോടുകൂടി പരിഗണിക്കാതിരുന്നിട്ടുള്ളത്, 'കാലവും ദേശവും ലോകസ്വഭാവവും' അനുസരിച്ച് എന്തെന്തു വിഷയങ്ങളാണ് പാഠ്യപദ്ധതിയിലുൾപ്പെടുത്തേണ്ടതെന്നും ഉൾപ്പെടുത്തുന്ന വിഷയങ്ങൾകൊണ്ട് എന്തെന്ത് പ്രയോജനങ്ങളാണുദ്ദേശിക്കേണ്ടതെന്നുമുള്ള പ്രശ്നമാണ്. ആദികാലംതൊട്ട് ഈ പ്രശ്നം പരിഗണിച്ചിട്ടേയില്ല എന്നു പറയുന്നത് ശരിയാവില്ല. സാമ്രാജ്യതാൽപര്യത്തിന്റെ വക്താക്കളായി വിദ്യാഭ്യാസവിദഗ്ധന്മാർ പൊതുവിദ്യാഭ്യാസത്തിനുവേണ്ടി ഒരു പരിപാടി രൂപവത്കരിച്ചപ്പോൾ എന്തെല്ലാമോ ഉള്ളിൽ കരുതിയിരുന്നു. ആ കരുതലിനെ പിന്നീടാരും സാരമായി ചോദ്യംചെയ്തിട്ടില്ലാത്ത മട്ടാണ്. അന്നത്തെ പരിപാടിയിന്മേൽ അൽപാൽപമായി ചിലത് ഏച്ചുകെട്ടി അങ്ങനെ പോന്നിട്ടേയുള്ളൂ നാം. അടിസ്ഥാനപരമായ ഒരു പരിഷ്കാരത്തിനൊരുമ്പെട്ടിട്ടില്ലെന്നു ചുരുക്കം.*

***(പൊതുവിദ്യാഭ്യാസം എന്തിന്? എങ്ങനെ? - ജോസഫ് മുണ്ടശ്ശേരി)***

# ആമുഖം

കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കാരത്തിന്റെ സാമൂഹിക ലക്ഷ്യമെന്ത് എന്നു വിശദീകരിക്കേണ്ടിയിരിക്കുന്നു. ഏഴുവർഷം മുമ്പ് പ്രീഡിഗ്രി കോഴ്സ് നിർത്തലാക്കി പൊതുവിദ്യാഭ്യാസത്തിന്റെ അന്തിമഘട്ടം എന്ന നിലയിൽ ഹയർ സെക്കൻഡറി കോഴ്സ് ഏർപ്പെടുത്തുകയായിരുന്നു. അന്ന് പ്രീഡിഗ്രി സിലബസ് തന്നെ ഹയർ സെക്കൻഡറി കോഴ്സിനു ബാധകമാക്കുകയാണ് ചെയ്തത്. അതുകൊണ്ട് പൊതുവിദ്യാഭ്യാസത്തിന്റെ ആത്യന്തിക ധർമം നിറവേറ്റപ്പെടുകയില്ല. ഹയർ സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കി പോകുന്നവരെ ഏതെങ്കിലും തൊഴിലിനോ ജീവിതായോധനത്തിനോ ഒരുക്കുക എന്നതാണ് ധർമം. കുറേ അക്കാദമിക വിഷയങ്ങൾ പഠിച്ചതുകൊണ്ട് മാത്രം അതു സാക്ഷാത്കരിക്കാനാവില്ല.

കേരളം രൂപീകരിക്കപ്പെട്ടകാലത്ത് ഇന്നുള്ളതിൽ നാലിലൊന്ന് വിദ്യാർഥികൾപോലും എസ്.എസ്.എൽ.സി. വരെ പഠിച്ചിരുന്നില്ല. തൊഴിൽരംഗത്തോ സ്വകാര്യ മേഖലയിലോ ഉള്ള ഇടത്തരം, ജോലികൾക്ക് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് മതിയായിരുന്നു. സെക്കൻഡറി വിദ്യാഭ്യാസം അവർക്കും ഉന്നത വിദ്യാഭ്യാസാർഥികൾക്കും വേണ്ടിയായിരുന്നു. ഇന്ന് അഞ്ചു ലക്ഷത്തോളം വിദ്യാർഥികൾ പത്താം ക്ലാസ് പരീക്ഷ എഴുതുന്നു. നാലു ലക്ഷത്തോളം പേർ പരീക്ഷ പാസാകും. മുമ്പ് അവരിൽ ഒരു ലക്ഷം പേരായിരുന്നു പ്രീഡിഗ്രിക്കു ചേർന്നിരുന്നത്. ബാക്കിയുള്ളവർ തൊഴിലന്വേഷിക്കും. ചിലർക്ക് കിട്ടും, പലർക്കും കിട്ടില്ല. കിട്ടാത്തവരുടെ എണ്ണം ഈ ദശകമായപ്പോഴേക്കും 34 ലക്ഷത്തിൽപ്പരം വന്നിരുന്നു. തൊഴിലില്ലാത്തവരായി രജിസ്റ്റർ ചെയ്തവരിൽ മുക്കാൽ പങ്കും ഇവരാണ്. ഇത്രയേറെ പേർക്ക് തൊഴിൽ കിട്ടാതിരിക്കാൻ ഒരു കാരണം അവർക്ക് തൊഴിൽ ചെയ്യുന്നതിനുള്ള പരിശീലനം ലഭിക്കാത്തതാണ്.

ഈ വർഷം ഹയർ സെക്കൻഡറി കോഴ്സിനു മൂന്നുലക്ഷത്തിൽപ്പരം പേർ സ്കൂളിൽ ചേർന്നും ഒരു ലക്ഷത്തിൽപ്പരം പേർ ഓപ്പൺസ്കൂളിൽ റജിസ്റ്റർ ചെയ്തും പഠിക്കുന്നു. ഹൈസ്ക്കൂളിൽ എന്നപോലെ പരിമിതമായ വിഷയങ്ങളാണ് അവർ പഠിക്കുന്നത്. മുമ്പ് പത്താം ക്ലാസുവരെ പഠിച്ചവർക്കിടയിൽ വ്യാപകമായി ഉണ്ടായിരുന്ന തൊഴിലില്ലായ്മ ഇനി ഹയർ സെക്കൻഡറി പഠിച്ചവരുടെ ഇടയിലാകും എന്നതായിരിക്കും ഉണ്ടാകാൻപോകുന്ന ഏക മാറ്റം.

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്കിടയിൽ ഇങ്ങനെയൊരു സാമൂഹിക സാമ്പത്തിക പ്രശ്നം ഉണ്ടെന്ന് എത്രപേർ മനസ്സിലാക്കിയിട്ടുണ്ട്? ആ പരീക്ഷ പാസാകുന്നവരൊക്കെ പ്രൊഫഷണൽ കോഴ്സിനു പോകുന്നു. അതു പാസായി നല്ല ശമ്പളമുള്ള ജോലി നേടുന്നു എന്നാണ് പരക്കെയുള്ള വിശ്വാസം. ആ മെച്ചം ലഭിക്കുന്നത് ഏതാനും ആയിരം പേർക്കാണ്. അരലക്ഷം പേർ ബി.എ, ബി.എസ്.സി അല്ലെങ്കിൽ എം.എ, എം.എസ്.സി ബിരുദങ്ങൾ നേടി ഏതെങ്കിലും ജോലിക്ക് അർഹരാകുന്നു. ഹയർ സെക്കൻഡറി കോഴ്സ് പൂർത്തിയാക്കുന്നവരിൽ ഭൂരിപക്ഷം പേർക്കും വിദ്യാഭ്യാസപരമായോ സാമ്പത്തികമായോ ശേഷി കുറവായതിനാൽ ഈ സൗഭാഗ്യമൊന്നും ലഭിക്കാറില്ല. അവർ തൊഴിലില്ലാപ്പടയുടെ ഭാഗമായി വീട്ടുകാർക്കും നാട്ടുകാർക്കും ഭാരമായിത്തീരുന്നു.

ഇതു ദീർഘദർശനം ചെയ്തുകൊണ്ടാകണം ശ്രീനാരായണഗുരു ഒരു നൂറ്റാണ്ടു മുമ്പ് തൊഴിൽവിദ്യാഭ്യാസം നൽകേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞത്. പിന്നീട് മഹാത്മാ ഗാന്ധിയും, കേരളം രൂപീകരിക്കപ്പെട്ടപ്പോൾ ആദ്യ വിദ്യാഭ്യാസമന്ത്രിയായ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയും, പിന്നീട് കോത്താരി കമ്മീഷനും, 1986 ലെ ദേശീയ വിദ്യാഭ്യാസനയവും തൊഴിൽ

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിരുന്നു. 11-ാം പദ്ധതിയുടെ പരിഷ്കരിച്ച സമീപനരേഖയിൽ കേന്ദ്രാസൂത്രണ കമ്മിഷൻ ഹയർ സെക്കൻഡറി തലത്തിൽ വൈവിധ്യമാർന്ന തൊഴിൽ വിദ്യാഭ്യാസം നൽകേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞിട്ടുണ്ട്. എന്നാൽ, ഈ നിർദേശം നടപ്പിലാക്കിക്കാൻ ഓരോരോ കാരണങ്ങളാൽ അന്നൊന്നും കഴിയാതെവന്നതിനാൽ പൊതുവിദ്യാഭ്യാസം ഒരു വിധം സാർവത്രികമായിട്ടും തൊഴിൽവിദ്യാഭ്യാസം കേരളത്തിൽ ഒരു മരീചികയായി, തൊഴിലില്ലായ്മ വളർന്നുകൊണ്ടിരിക്കുന്നു. ഈ ദുർഗതിക്ക് പരിഹാരം കൂടിയാവണം പാഠ്യപദ്ധതി പരിഷ്കരണം.

പത്താം ക്ലാസ് പാസാകുന്ന കുട്ടികളിൽ മഹാഭൂരിപക്ഷം (അതു തന്നെ ഓരോ വർഷവും വർധിച്ചു വരുന്നു) ഹയർ സെക്കൻഡറി ക്ലാസിലേക്കു വരുന്നു. അവരിൽ മൂന്നിലൊന്നോളമാണ് ഉന്നതവിദ്യാഭ്യാസത്തിനു പോകുന്നത്, മറ്റുള്ളവർ പല കാരണങ്ങളാൽ ഹയർ സെക്കൻഡറി ഘട്ടത്തിൽ പഠനം നിർത്താൻ നിർബന്ധിതരാകുന്നു എന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള പാഠ്യപദ്ധതി പരിഷ്ക്കാരത്തിനാണ് ഇപ്പോൾ മുതിരുന്നത്. രണ്ടുതരം ആവശ്യങ്ങൾ നിറവേറ്റാൻ ഈ പാഠ്യപദ്ധതിക്ക് ഒരേ സമയം കഴിയണം. ഉന്നത വിദ്യാഭ്യാസത്തിനു പോകുന്നവരെ അതിനു പ്രാപ്തരാക്കണം. അതിനുള്ള നിലവാരം അവർക്ക് ഉറപ്പാക്കിക്കൊടുക്കണം. പലതരം കോഴ്സുകളിലേക്ക് പോകുന്നവരുണ്ട്. അവയ്ക്കെല്ലാം വേണ്ട അസ്തിവാരം ഹയർ സെക്കൻഡറി വിദ്യാഭ്യാസം നൽകണം.

ഇതേവരെ ഈ ധർമം സെക്കൻഡറി വിദ്യാഭ്യാസവും തുടർന്നുള്ള പ്രീഡിഗ്രി കോഴ്സുമാണ് നിർവഹിച്ചിരുന്നത്. ഹയർ സെക്കൻഡറി കോഴ്സ് പ്രീഡിഗ്രി കോഴ്സിനു പകരം വയ്ക്കുന്നതല്ല. മുഖ്യധാരാവിദ്യാഭ്യാസം താത്ക്കാലികമായെങ്കിലും അവസാനിപ്പിക്കുന്നവരെയും ഏതെങ്കിലും തൊഴിലിനും ഉന്നതവിദ്യാഭ്യാസത്തിനും പോകുന്നവരെയും, ഒരേസമയം ഒരുക്കുകയായിരിക്കണം ഹയർ സെക്കൻഡറി കോഴ്സിന്റെ ലക്ഷ്യം. ഈ രണ്ടു ധർമങ്ങളും ഒരേ സമയം നിർവഹിക്കണമെങ്കിൽ ഉന്നതവിദ്യാഭ്യാസത്തിനു വിദ്യാർഥികളെ ഒരുക്കുക എന്ന ഏക ലക്ഷ്യം വച്ചുകൊണ്ടുണ്ടാക്കിയ ഉള്ളടക്കത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടിവരും. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എല്ലാ വിദ്യാർഥികളെയും ഒരേ വിഷയങ്ങളാണ് (ഐച്ഛിക ഭാഷ ഒഴിച്ചാൽ) പഠിപ്പിക്കുന്നത്. ഹയർ സെക്കൻഡറിയിൽ ഏക വ്യത്യാസം നാലു വിഷയഗ്രൂപ്പുകളിൽ ഒന്ന് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം വിദ്യാർഥികൾക്കു നൽകുന്നു എന്നതാണ്.

ഇക്കാര്യത്തിൽ സമൂലമായ മാറ്റം വരുത്തിയില്ലെങ്കിൽ പൊതുവിദ്യാഭ്യാസം നേടുന്നവരിൽ വലിയൊരു വിഭാഗം തൊഴിലില്ലാത്തവരായിത്തീരുന്ന പ്രതിഭാസം തുടരും. സെക്കൻഡറി-ഹയർ സെക്കൻഡറി തലത്തിൽ വൈവിധ്യവൽക്കരണമാണ് ഇതിനൊരു പരിഹാരം. ഇന്ത്യയിൽ ഈ തലത്തിൽ 40 വ്യത്യസ്ത പഠനവിഷയങ്ങൾ മാത്രമുള്ളപ്പോൾ, പാശ്ചാത്യരാജ്യങ്ങളിൽ 3000 ഉം ചൈനയിൽ 4000 ഉം പഠനവിഷയങ്ങൾ ഉള്ള കാര്യം ചൂണ്ടിക്കാട്ടി ആ വഴിക്ക് ഇന്ത്യയും നീങ്ങേണ്ടതുണ്ട് എന്ന് 11-ാം പദ്ധതി സമീപനരേഖയിൽ കേന്ദ്രാസൂത്രണ കമ്മീഷൻ നിർദേശിക്കുന്നു.

ഇത് ഒറ്റയടിക്ക് ഇവിടെ നടപ്പാക്കാനാവില്ല. പക്ഷേ, നാട്ടിലുള്ള മിക്ക തൊഴിലുകൾക്കും വേണ്ട വിദ്യാഭ്യാസവും പരിശീലനവും, ഹയർ സെക്കൻഡറി വിദ്യാർഥികളിൽ താത്പര്യവും അഭിരുചിയും ഉള്ളവർക്ക് നൽകുക പാഠ്യപദ്ധതിയുടെ ലക്ഷ്യമാക്കണം. അതിന് അനുസൃതമായ പരിഷ്ക്കാരം വരുത്തണം. ഇത് ഒരു തത്ത്വമായോ ലക്ഷ്യമായോ പറയുക എളുപ്പമാണ്. എന്നാൽ 'eligible for higher studies' എന്ന സീലടിച്ച് എസ്.എസ്.എൽ.സി. പരീക്ഷ പാസാകുന്ന

വർക്കെല്ലാം സർട്ടിഫിക്കറ്റ് നൽകുന്നതിൽ നിന്നു ഭിന്നമായി ഉന്നത വിദ്യാഭ്യാസത്തിനു പോകുന്നവർക്കും തൊഴിൽ തേടി പോകുന്നവർക്കും ഒരേസമയം പ്രയോജനകരമായ പാഠ്യപദ്ധതിയിലേക്കുള്ള പരിവർത്തനം ഒരു വലിയ കാൽവയ്പ്പാണ്. ഒരു പക്ഷേ, അതിന്റെ ഫലം പരക്കെ അനുഭവവേദ്യമാകുന്നതിന് ഏതാനും വർഷങ്ങൾ വേണ്ടിവന്നേക്കാം.

ഇതിനു യോജിച്ച വിധത്തിൽ സ്കൂളിലെ ഭൗതികസൗകര്യങ്ങളിൽ, അക്കാദമിക പശ്ചാത്തലത്തിൽ, അധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും സൈദ്ധാന്തികവും പ്രായോഗികവുമായ അറിവിൽ, ഭരണാധികാരികളുടെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും വിദ്യാർഥികളുടെയും കാഴ്ചപ്പാടിൽ, അതിന്റെയെല്ലാം ആകത്തുക എന്ന നിലയിൽ പാഠ്യപദ്ധതിയിലും അതിന്റെ ലക്ഷ്യപ്രഖ്യാപനത്തിലും മാറ്റം വരുത്തേണ്ടതുണ്ട്. വയലേലകൾക്കും പണിശാലകൾക്കും കൂടി പ്രയോജനകരമായ രീതിയിൽ പൊതുവിദ്യാഭ്യാസത്തിൽ ഇത്തരത്തിലൊരു മാറ്റം ഉത്പാദന-സേവന മേഖലകളിൽ കുതിച്ചു മുന്നേറാൻ കേരളത്തിന് അനുപേക്ഷണീയമാണ്. പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, സ്ത്രീകൾ മുതലായ പാർശ്വവത്കരിക്കപ്പെട്ടവരുടെ തൊഴിൽലഭ്യത ഗണ്യമായി വർധിപ്പിക്കാനും ഇത് അത്യാവശ്യമാണ്.

ഇത്തരത്തിൽ വിദ്യാഭ്യാസത്തിൽ കാതലായ മാറ്റം വരുത്തുന്നത് ഉള്ളടക്കത്തിലും മാറ്റങ്ങൾ ആവശ്യമാക്കിത്തീർക്കും. എല്ലാറ്റിനും ഒരേ താപ്പ് എന്നായിരുന്നു, ഇപ്പോഴും അതാണ് സ്ഥിതി. കാർഷികമേഖലയുമായി ബന്ധപ്പെട്ട, കാർഷികവിളകളുടെ സംസ്കരണം ഉൾപ്പെടെയുള്ള തൊഴിലുകളിൽ പലതിനും ഭാഷാ പ്രാവീണ്യത്തേക്കാൾ പ്രായോഗികവിജ്ഞാനവും കരവിരുതുമായിരിക്കും കൂടുതൽ ആവശ്യം. കല, സംസ്കാരം മുതലായ മേഖലകളുമായി ബന്ധപ്പെടാൻ ഉദ്ദേശിക്കുന്നവർക്ക് ശാസ്ത്രവിജ്ഞാനത്തേക്കാൾ പ്രധാനം ഭാഷയിലും മറ്റുമുള്ള കഴിവായിരിക്കാം.

ഹയർ സെക്കൻഡറിതലത്തിൽ വരുത്തുന്ന ഈ മാറ്റത്തിന് അനുസൃതമായി 1 മുതൽ 10 വരെ ക്ലാസുകളിലെ പഠനരീതികളിലും വിഷയമേഖലകളുടെ പഠനത്തിലും വ്യത്യാസം വരുത്തേണ്ടതുണ്ട്. നിലവിൽ ഹയർ സെക്കന്ററിയിലെ വിഷയഗ്രൂപ്പുകളിൽ പഠിപ്പിക്കുന്ന വിഷയങ്ങൾക്ക് അനുസൃതമായി, അവയുടെ അടിസ്ഥാനധാരണകൾ എല്ലാ കുട്ടികൾക്കും ലഭിക്കുന്ന രീതിയിൽ അപ്പർ പ്രൈമറി മുതൽ വിവിധ വിഷയങ്ങളുടെ ഉള്ളടക്കം ക്രമീകരിച്ചിരിക്കുകയാണ്. സ്വാഭാവികമായും പ്രൈമറിതലം കഴിയുന്നതോടെ വിവിധ നിലവാരക്കാരും വ്യത്യസ്തതാത്പര്യക്കാരുമായ വിദ്യാർഥികളെ മുഴുവൻ ഉൾക്കൊള്ളുന്നതോ, അവരുടെ പ്രായോഗിക ജീവിതാനുഭവങ്ങൾക്കും ആവശ്യങ്ങൾക്കും യോജിച്ചതോ ആയ ഉള്ളടക്കമല്ല സയൻസ്, ഗണിത വിഷയങ്ങൾ പോതുവെ ഉൾക്കൊള്ളുന്നത്. സെക്കൻഡറി തലത്തിലെത്തുമ്പോൾ സാമൂഹിക ശാസ്ത്രപഠനം (പ്രത്യേകിച്ച് ജ്യോഗ്രഫി) പോലും ഭൂരിഭാഗം കുട്ടികൾക്ക് അപ്രാപ്യമാകുന്നു. ഉള്ളടക്കത്തിൽ വരുന്ന ഈ മാറ്റം പ്രവർത്തനാധിഷ്ഠിതവും പ്രായോഗിക ജീവിതാനുഭവങ്ങളോട് ഉദ്ഗ്രഥിച്ചും പ്രൈമറി വിദ്യാഭ്യാസം തേടിയെത്തുന്ന വലിയൊരു വിഭാഗം കുട്ടികളെ പഠനത്തിന്റെ മുഖ്യധാരയിൽ നിന്ന് പിന്തിരിപ്പിക്കുന്നു. 5,7 ക്ലാസുകളിലെ സയൻസ്, ഗണിതം എന്നീ വിഷയങ്ങളിലെ കുട്ടികളുടെ പ്രകടനം സംബന്ധിച്ച് എൻ.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ നടത്തിയ പഠനം, എസ്.എസ്.എ നടത്തിയ പഠനങ്ങൾ, എന്നിവയെല്ലാം നൽകുന്ന സൂചനകൾ ഇതാണ്.

അപ്പർ പ്രൈമറിതലത്തിലെ സയൻസ്, ഗണിത പഠനങ്ങൾ കുറേക്കൂടി പ്രവർത്തനാധിഷ്ഠിതവും പ്രായോഗിക ജീവിതസന്ദർഭങ്ങൾക്ക് അനുഗുണവുമായി മാറണം. ഗണിതം പേടി

യോടെ സമീപിക്കുന്ന വിഷയമെന്നതിനു പകരം പ്രകൃതിയിലെയും ജീവിതസന്ദർഭങ്ങളിലെയും ഗണിതയുക്തികൾ കണ്ടെത്തുന്നതിനും പ്രാപ്തമാക്കുന്നതിനും കഴിവു നൽകുന്ന 'ഗണിതവൽക്കരണ' ത്തിലേക്ക് (Mathematisation) മാറണം.

പ്രകൃതിയെ നിരീക്ഷിക്കാനും സൂക്ഷ്മമായി പിന്തുടരാനും സംഭവങ്ങളെയും പ്രശ്നങ്ങളെയും തെളിവുകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനും പൊതുനിയമങ്ങൾ രൂപീകരിക്കാനും അതിന്റെ ആവർത്തനക്ഷമത ഉറപ്പാക്കി സിദ്ധാന്തങ്ങളിലെത്താനും കഴിവു നൽകുന്നതും ശാസ്ത്രത്തിന്റെ ചരിത്രം തിരിച്ചറിയാൻ പര്യാപ്തമാക്കുന്നതുമാകണം ശാസ്ത്രപഠനം. ഇതിന്റെ പ്രക്രിയയ്ക്ക് അപ്പർ പ്രൈമറിഘട്ടം മുൻഗണന നൽകുമ്പോൾ സമൂഹത്തിന്റെ ജീവിതപ്രക്രിയയുടെ രഹസ്യം തേടുന്ന അന്വേഷണകുതുകികളായ യുവശാസ്ത്രജ്ഞരെ, സംശയിക്കുകയും പരീക്ഷിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്യുന്ന ശാസ്ത്രാന്വേഷികളെ, സൃഷ്ടിക്കുന്നതാകണം സെക്കൻഡറിതലത്തിലെ ശാസ്ത്രപഠനം. പ്രകൃതിയെ അതിന്റെ സമഗ്രതയോടെ സമീപിക്കാനും എന്നാൽ പ്രകൃതിരഹസ്യങ്ങളെ, സമസ്യകളെ ഇഴപിരിക്കാനും അപഗ്രഥിക്കാനും ഈ ഘട്ടത്തിലെ ശാസ്ത്രപഠനം ലക്ഷ്യമിടണം. 9,10 ക്ലാസുകളിൽ ആഴത്തിലുള്ള അന്വേഷണം താത്പര്യമുള്ളവർക്കു മാത്രമായി മാറ്റുന്നതും ആലോചിക്കേണ്ടതാണ്.

പ്രകൃതിയുടെ സമസ്യകളും ജീവിതത്തിന്റെ വൈവിധ്യങ്ങളും അന്വേഷിക്കുന്ന സെക്കൻഡറി ഘട്ടത്തിലെ വിദ്യാർഥിക്ക് തന്റേതായ താത്പര്യങ്ങളിലും വൈദഗ്ധ്യമേഖലകളിലും ഇടപെട്ട് പ്രവർത്തിക്കാൻ അവസരം നൽകണം. എട്ടാം ക്ലാസ് പഠനത്തിനുശേഷം ഇത്തരത്തിൽ സ്വയം കണ്ടെത്തുന്ന പ്രത്യേക വൈദഗ്ധ്യമേഖലയിൽ (തൊഴിൽ/ കല/ കായികം/ പ്രവൃത്തിപരിചയം) ഇടപെട്ട് പ്രവർത്തിക്കാനും അനുഭവങ്ങൾ ആർജിക്കാനും കുട്ടികൾക്ക് അവസരം നൽകാൻ പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഇടം വേണം. 9,10 ക്ലാസുകളിലെ സവിശേഷ പഠനസാധ്യത, തൊഴിൽ ഓപ്ഷനുള്ള സാധ്യത തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്യേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഹയർ സെക്കൻഡറി തലത്തിലൂടെ ഏതെങ്കിലും ഒരു തൊഴിലിൽ വൈദഗ്ധ്യം നേടി പുറത്തുവരുന്ന ഭാവിപൗരൻ എന്ന ആശയം സാർഥകമാക്കാൻ കഴിയൂ. 9,10 ക്ലാസുകളിൽ താത്പര്യപൂർവം ഇടപെട്ട മേഖല തനിക്കനുയോജ്യമല്ലെന്ന തിരിച്ചറിവുണ്ടാകുന്ന കുട്ടിക്ക് അക്കാദമിക ധാരയിൽ തിരിച്ചുവരാനുള്ള അവസരമൊരുക്കാനും കഴിയുന്നതാകണം ഈ രീതി.

ഭാഷാപഠനം സംബന്ധിച്ച ഇന്നത്തെ ധാരണകളിൽ വ്യത്യാസം വരേണ്ടതുണ്ട്. മാതൃഭാഷ ബോധന മാധ്യമമായി മാറണം. ഇന്നു നിലനിൽക്കുന്ന ത്രിഭാഷാപഠനരീതി പിന്തുടരണം. എന്നാൽ ഇംഗ്ലീഷ്, ഹിന്ദി പഠനത്തിന്റെ സ്വഭാവവും വ്യാപ്തിയും മാറണം. 10-ാം ക്ലാസ് പഠനം പൂർത്തിയാക്കുന്നതിനകം തന്നെ മൂന്നു ഭാഷകളും അനായാസം പ്രയോഗിക്കുന്നതിനുള്ള ശേഷിയും വൈദഗ്ധ്യവും നേടാൻ കഴിയണം. ഒന്നാംഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ ഉപയോഗിച്ച് സമൂഹത്തിൽ ഇടപെടാനും ആശയവിനിമയത്തിനും സാധ്യമാകുന്ന രീതിയിൽത്തന്നെയാകണം ഈ ഭാഷകളുടെ പഠനവും. ഇംഗ്ലീഷ് ഭാഷയുടെ വർധിച്ചുവരുന്ന ആവശ്യവും സമൂഹത്തിന്റെ സമ്മർദവും പരിഗണിച്ചു തന്നെയാകണം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പഠനക്രമം വികസിപ്പിക്കുന്നത്.

കേരളത്തിന്റെ വൈവിധ്യമാർന്ന സാംസ്കാരിക-സാമൂഹിക സാഹചര്യങ്ങളിൽ വരുന്ന കുട്ടികൾ മിക്കവാറും എല്ലാവരെയും തന്നെ ഇന്ന് പൊതുവിദ്യാഭ്യാസത്തിന്റെ ഉള്ളിലാക്കുന്ന

തിന് നമുക്കു സാധിച്ചിട്ടുണ്ട്. എന്നാൽ അവരുടെ ജീവിതസാഹചര്യങ്ങൾക്കും സാംസ്കാരിക പരിസരത്തിനും അനുയോജ്യമായ പാഠ്യപദ്ധതി വിനിമയപ്രക്രിയ സെക്കൻഡറി തലത്തിലും ഹയർ സെക്കൻഡറി തലത്തിലും ഉറപ്പാക്കാൻ നമുക്കായിട്ടില്ല. ഒന്നാം ക്ലാസിൽ ചേരുന്ന 100 പട്ടികജാതി വിദ്യാർഥികളിൽ ഏകദേശം 70 പേരാണ് എസ്.എസ്.എൽ.സി. ക്ലാസിലെത്തുന്നത്. അവരിൽത്തന്നെ 35% അഥവാ ഏകദേശം 22 പേരാണ് ഹയർ സെക്കൻഡറി പഠനത്തിന് അർഹത നേടുന്നത്. സാമ്പത്തികമായും സാമൂഹികമായും പിന്നിൽ നിൽക്കുന്ന വിഭാഗത്തിലെ കുട്ടികളും പെൺകുട്ടികളും ഇതേ രീതിയിൽ പിന്നാക്കാവസ്ഥ നേരിടുന്നുണ്ട്. അതേ സമയം സ്കൂൾ വിട്ട് പുറത്തുവരുന്ന ഇതേ വിഭാഗമാണ് കേരളത്തിന്റെ ഉത്പാദനമേഖലയുടെ ഏറ്റവും പ്രധാന തൊഴിൽശക്തിയായി നിലകൊള്ളുന്നത്. അഥവാ നമ്മുടെ സെക്കൻഡറി - ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന് ഇപ്പോഴും ഇവരെ ഉൾക്കൊള്ളാൻ ആയിട്ടില്ലെന്നു സാരം. ഈ രീതിക്കു മാറ്റം വരണം. ക്ലാസ്മുറിയിലെ പഠനം സംബന്ധിച്ച ധാരണകളിൽ ഇതിന് ആവശ്യമായ മാറ്റം ഉണ്ടാകണം.

ആവർത്തിച്ചു പഠിക്കലും പഠനോപകരണങ്ങളുടെ ലഭ്യതയും ട്യൂഷൻ/ ഗൈഡ് പോലുള്ള സഹായങ്ങളും അല്ല പഠനത്തിനും വൈദഗ്ധ്യം നേടുന്നതിനും കുട്ടികളെ സഹായിക്കേണ്ടത്. സ്കൂളിനകത്തു നിന്നുള്ള അനുഭവങ്ങളിലൂടെ ഏതൊരു വിഭാഗത്തിൽ നിന്നു വരുന്ന കുട്ടിക്കും തന്റെ വൈദഗ്ധ്യം തെളിയിക്കുന്നതിനും തന്റെ മേഖല കണ്ടെത്തി തന്റെ സ്ഥാനം, വ്യക്തിത്വം (Identity) സ്ഥാപിക്കുന്നതിനുമുള്ള അവസരം നൽകുന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ സ്വഭാവം മാറണം. വിവിധ രീതികളിലുള്ള വിജ്ഞാനം ആർജിക്കാൻ കഴിയുന്ന സമൂഹത്തിന്റെ പൊതു ഇടം എന്ന നിലയിലേക്ക് വിദ്യാലയത്തിന്റെ സ്ഥാനം ഉയരണം. ഔപചാരികമായ പഠനത്തിന് ഇതിനിടയിൽ പ്രതിദിനം 5 മണിക്കൂർ എങ്കിലും സമയം ലഭ്യമാക്കുകയും വേണം.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇന്നുള്ളതിനേക്കാൾ വിദ്യാഭ്യാസത്തിന്റ ഉത്തരവാദിത്തം ഏറ്റെടുക്കണം. ഭാവികേരളത്തിന്റെ വികസനാവശ്യങ്ങൾക്കുള്ള മാനവവിഭവശേഷി ഉത്പാദന കേന്ദ്രങ്ങളായി വിദ്യാഭ്യാസസ്ഥാപനങ്ങൾ മാറണം. തങ്ങളുടെ ഭരണപരിധിയിലെ മുഴുവൻ വിദ്യാർഥികൾക്കും ഭാവിപൗരന്മാരായി ജീവിതം മുന്നോട്ടു നയിക്കാൻ പര്യാപ്തമായ ശേഷികളും വൈദഗ്ധ്യവും നൽകുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുകയും അതിനാവശ്യമായ സൗകര്യങ്ങൾ വിദ്യാലയങ്ങളിൽ ഒരുക്കുകയും വേണം. ഇന്നത്തെ അൺഇക്കണോമിക് വിദ്യാലയ സങ്കല്പത്തിന് വ്യത്യസ്തമാണ് ഇത്. പൊതുവിദ്യാഭ്യാസത്തിൽ നിന്ന് സർക്കാരിന്റെ പിന്മാറ്റമല്ല, അതിനെ പൂർണമായി സർക്കാറിന്റെ, തദ്ദേശ ഭരണകൂടങ്ങളുൾപ്പെടെയുള്ളവരുടെ ചുമതലയാക്കി മാറ്റുകയാണ്.

പഠനരീതികൾ, വിദ്യാലയസൗകര്യങ്ങൾ, അധ്യാപകരുടെ ഇടപെടൽതന്ത്രങ്ങൾ, വിഷയ സമീപനങ്ങൾ, കോഴ്സുകളുടെയും വിഷയസമുച്ചയങ്ങളുടെയും നിലവിലുള്ള ഘടനകൾ, വിദ്യാഭ്യാസ മാനേജ്മെന്റ് സംവിധാനങ്ങൾ, പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ, പഠനസഹായികൾ, പരീക്ഷകൾ തുടങ്ങിയവയിലെല്ലാം മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

കേരളത്തിന്റെ വിദ്യാഭ്യാസ വികാസചരിത്രം മോചനത്തിനും അതിജീവനത്തിനും വേണ്ടി നടന്ന പോരാട്ടങ്ങളുടെ ചരിത്രമാണ്. ഇതിന്റെ ഫലമായി നാം നേടിയ സാർവത്രിക സ്കൂൾ പ്രവേശം അതിന്റെ ഗുണനിലവാരത്തിലേക്കു കൂടി വ്യാപിപ്പിക്കുകയെന്ന ലക്ഷ്യമാണ് ഈ പാഠ്യപദ്ധതി പരിഷ്കരണം ലക്ഷ്യമിടുന്നത്. സമൂഹത്തിലെ ഭൂരിപക്ഷത്തിന് അവരുടെ തൊഴിൽ

മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള അനുഭവം നൽകുന്നതാകണം പൊതുവിദ്യാഭ്യാസം. ഇതിലൂടെ സമൂഹത്തിന്റെ ഉത്പാദനപ്രക്രിയയിൽ സജീവമായ പങ്കാളിത്തം ഉറപ്പാക്കാനും കഴിയണം. ഇതിന് എല്ലാവിധത്തിലുമുള്ള ആളുകളുടെയും താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതും എന്നാൽ ഭൂരിപക്ഷം വരുന്ന സാധാരണക്കാരന്റെ പക്ഷത്തു നിൽക്കുന്നതുമായ ഒരു പാഠ്യപദ്ധതിക്ക് രൂപംനൽകേണ്ടതുണ്ട്.

14 ഫോക്കസ് ഗ്രൂപ്പുകളുടെ പഠനത്തിലൂടെയും സംസ്ഥാനതലത്തിൽ രൂപപ്പെടുത്തിയ കോർ ഗ്രൂപ്പിന്റെ നിരവധി യോഗങ്ങളിലെ ചർച്ചയിലൂടെയും രൂപപ്പെട്ട കരട് രേഖ കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലും ചർച്ചചെയ്യുകയുണ്ടായി. അതോടൊപ്പം തന്നെ വിദ്യാഭ്യാസ തത്പരരായ ഏതൊരാൾക്കും ഈ ചർച്ചയിൽ പങ്കെടുക്കുന്നതിന് സംസ്ഥാനതലത്തിലും, ഇന്റർനെറ്റ് വഴിയും അവസരമൊരുക്കുകയും ചെയ്തു. ഈ രേഖയിൽ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളുടെ പ്രാധാന്യത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ വിവിധ തലങ്ങളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ വേണ്ട മാറ്റം വരുത്തിയാണ് എസ്.സി.ഇ.ആർ.ടി. ഈ രേഖ കരിക്കുലം കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്.  കേരളത്തിന്റെ വികസനാവശ്യങ്ങളിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ രേഖയെ സമീപിക്കേണ്ടതെന്ന് അഭ്യർഥിക്കുന്നു.

**ഡയറക്ടർ**
എസ്.സി.ഇ.ആർ.ടി., കേരളം

# 1

# ആധുനിക കേരളവിദ്യാഭ്യാസം - ഒരെത്തിനോട്ടം

## 1.1 ആമുഖം

കേരളസമൂഹത്തിന്റെ ഭാവി നിർണയിക്കുന്ന ചാലകശക്തിയാണ് സ്കൂൾ വിദ്യാഭ്യാസം. പുരോഗമനാത്മകവും സമഗ്രവുമായ വിദ്യാഭ്യാസസമ്പ്രദായത്തിലൂടെ മുന്നേറിയാൽ മാത്രമേ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയുകയുള്ളൂ.

സാമൂഹികവും സാമ്പത്തികവുമായ ആധിപത്യം കൈവരിക്കാൻ അഭിലഷിക്കുന്ന വിഭാഗങ്ങൾ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട്. ദുരിതങ്ങളിൽ നിന്നുള്ള മോചനം, പ്രാഥമിക ജീവിതസൗകര്യങ്ങൾ എന്നിവയ്ക്കു വേണ്ടി പൊരുതുന്ന മറ്റൊരു വിഭാഗവുമുണ്ട്. സമൂഹത്തിന്റെയാകെ നന്മ കണക്കിലെടുത്തുകൊണ്ടുള്ള ലോകക്രമത്തിനായി വ്യക്തിതാത്പര്യങ്ങൾക്ക് അതീതമായി പൊതുതാത്പര്യങ്ങൾക്ക് പ്രാമുഖ്യം നൽകുമ്പോഴാണ് സന്തുലിത വികസനം സാധ്യമാകുന്നത്. സാമൂഹികനീതി, ജനാധിപത്യം, മതേതരത്വം എന്നീ വിശാലലക്ഷ്യങ്ങൾ ഇവിടെ പ്രസക്തമാണ്.

വിദ്യാഭ്യാസത്തെ വിമോചനത്തിനുള്ള ശക്തമായ ഉപകരണമായാണ് മഹാത്മാഗാന്ധി നിരീക്ഷിച്ചത്. വിമോചനം എന്നതുകൊണ്ട് മുഖ്യമായും രണ്ടു തലങ്ങളിലുള്ള മോചനയത്നങ്ങളായിരുന്നു രാഷ്ട്രപിതാവ് വിഭാവന ചെയ്തത്. ഒന്നാമത്, കോളനിഭരണം സുഗമമായി നടത്തിക്കൊണ്ടു പോകാൻ അധീശശക്തികൾ കെട്ടിയേൽപ്പിച്ച അടിമത്തം. ശാരീരികമായ ദാസ്യത്തിനു പുറമെ, ഉപജീവനമാർഗങ്ങളിലുള്ള ദാസ്യം, ജ്ഞാനദാസ്യം എന്നിവകൂടി കോളനി യജമാനൻമാരുടെ തന്ത്രങ്ങളിൽ ഉൾപ്പെട്ടിരുന്നു. കോളനി പ്രജകളെ ആത്യന്തികമായ ആത്മദാസ്യത്തിലേക്കു നയിക്കാൻ അക്കാലത്തെ വിദ്യാഭ്യാസനയങ്ങൾ വലിയ പങ്കുവഹിച്ചു. ഈ ദാസ്യതന്ത്രങ്ങളിൽനിന്ന് കുതറിപ്പോരാനുള്ള യത്നങ്ങൾ അക്കാലം മുതൽ ആരംഭിച്ചിരുന്നു.

രണ്ടാമത്തേത്, സമൂഹത്തിനകത്തു സംഭവിച്ച ജീർണതയുടെ ഭാഗമായ അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും പിടിയിൽ നിന്നുള്ള മോചനമാണ്. ദേശീയ വിമോചന പ്രസ്ഥാനത്തിലും അതിന്റെ വിദ്യാഭ്യാസനയത്തിലും ഈ വിമോചനയത്നങ്ങൾക്ക് സ്ഥാനമുണ്ടായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിയെ തുടർന്നും ഈ ആശയങ്ങളുടെ ചൈതന്യം നിലനിർത്തിക്കൊണ്ടുപോരാൻ പല കാരണങ്ങളാലും നമുക്കായില്ല. വിമോചനോന്മുഖമായ ഒരു വിദ്യാഭ്യാസ പരിഷ്കരണത്തിൽ ഇപ്പറഞ്ഞതരം നയപരിപാടികൾക്ക് ഏറെ പ്രസക്തിയുണ്ട്. എല്ലാതരം അടിച്ചമർത്തലുകളെയും നേരിടാൻ വ്യക്തിയും സമൂഹവും പ്രാപ്തി നേടേണ്ടത് വിദ്യാഭ്യാസത്തിലൂടെയാണ്. നിഷ്ക്രിയതയിലേക്കു തള്ളിവിടുന്ന അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും വിലക്കുകളിൽ നിന്നുള്ള വിമോചനം വിദ്യാഭ്യാസത്തിലൂടെ സാധ്യമാകും. വിശാലമായ ഇത്തരം ലക്ഷ്യങ്ങൾ മുൻനിർത്തിയും കഴിഞ്ഞകാല അനുഭവങ്ങൾ, സമൂഹത്തിന്റെ പൊതുവായ പ്രവണതകൾ, രാജ്യതാത്പര്യം, ലോകഗതി, ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാട് തുടങ്ങിയവ കണക്കിലെടുത്തുമാണ് കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കേണ്ടത്.

പൊതുവിദ്യാഭ്യാസവ്യാപനത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറെ മുന്നിലാണ്. 1947ൽ കേവലം 51% മാത്രം സാക്ഷരതയുണ്ടായിരുന്ന ഈ സംസ്ഥാനം 1990ൽ സമ്പൂർണ സാക്ഷരസംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. സാർവത്രിക സ്കൂൾപ്രവേശനം, കുട്ടികളുടെ കൊഴിഞ്ഞുപോക്കിലുണ്ടായ കുറവ്, വിദ്യാഭ്യാസ അവസരങ്ങളുടെയും സൗകര്യ ങ്ങളുടെയും  സാർവത്രിക ലഭ്യത തുടങ്ങിയവ കേരളത്തിന്റെ ഈ മഹനീയനേട്ടത്തിനു കള മൊരുക്കി.

## 1.2 സ്വാതന്ത്ര്യലബ്ധിക്കു മുമ്പ്

കേരളത്തിന്റെ പൊതുവിദ്യാഭ്യാസചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പുതന്നെ വിദ്യാഭ്യാസത്തിന്റെ വ്യാപനം സമൂഹത്തിന്റെ ആവശ്യങ്ങളുടെ അടി സ്ഥാനത്തിലായിരുന്നു നടന്നത് എന്നു കാണാനാവും.  "ഞങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പി ക്കാൻ നിങ്ങൾ തയാറല്ലെങ്കിൽ നിങ്ങളുടെ പാടത്തു പണിയെടുക്കാൻ ഞങ്ങളും തയാറല്ല" എന്ന്  ഉറക്കെ പ്രഖ്യാപിച്ച അധഃസ്ഥിതരുടെ ചരിത്രം കേരളത്തിനു മാത്രമുള്ളതാണ്. വിദ്യാ ഭ്യാസമാണ് വിമോചനത്തിനുള്ള ഉപാധിയെന്ന സമൂഹത്തിന്റെ തിരിച്ചറിവാണ് ഇതിനു പിന്നിൽ. വിദ്യ കൊണ്ടു പ്രബുദ്ധരാകണമെന്ന് ശ്രീനാരായണഗുരു നിഷ്കർഷിച്ചതും സാമൂഹികമുന്നേ റ്റത്തിനുള്ള ഉപകരണമായി വിദ്യാഭ്യാസത്തെ കണ്ടതുകൊണ്ടാണ്. സാർവത്രിക വിദ്യാഭ്യാസം കേരളത്തിൽ യാഥാർഥ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവായത് നവോത്ഥാന കാലഘട്ടത്തിൽ സാമൂഹികപരിഷ്കർത്താക്കളും പ്രസ്ഥാനങ്ങളും വിദ്യാഭ്യാസത്തെ ജനപക്ഷത്തുനിന്നു നോക്കി ക്കണ്ടതു കൊണ്ടുമാത്രമാണ്.

വിദ്യാഭ്യാസവ്യാപനത്തിൽ മിഷനറിമാരും സംഭാവനകൾ നൽകിയിട്ടുണ്ട്. മുഖ്യധാര യിൽനിന്നും അകറ്റിനിർത്തിയിരുന്ന ജനവിഭാഗങ്ങൾക്ക് വിദ്യ പ്രാപ്യമാക്കുന്നതിന് ഇവരുടെ ഇടപെടൽ സഹായകമായി. സ്ത്രീവിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പുതിയ സമീപനം രൂപപ്പെട്ടു.

താഴേത്തട്ടിലുള്ള ഉദ്യോഗങ്ങൾ കുറഞ്ഞ ചെലവിൽ നിർവഹിക്കൽ, കമ്പോളം വികസിപ്പി ക്കൽ, ഉന്നതകുലജാതരും സാധാരണക്കാരും തമ്മിലുള്ള അകലം വർധിപ്പിച്ച് ജനങ്ങളെ ഭിന്നി പ്പിക്കൽ തുടങ്ങിയവ മുഖ്യലക്ഷ്യമായി കണ്ടിരുന്ന മെക്കാളെയുടെ പാശ്ചാത്യവിദ്യാ ഭ്യാസരീതിയെ രാജഭരണം പ്രോത്സാഹിപ്പിച്ചു. ദേശവ്യാപകമായി വളർന്നുവന്ന നവോത്ഥാന പ്രസ്ഥാനങ്ങളുടെയും അവയുടെ കർമപരിപാടികളുടെയും ഫലമായി രൂപപ്പെട്ട സാമൂഹിക ഉണർവിന്റെ ചൈതന്യം 19-ാം ശതകത്തിലെ കേരളീയസമൂഹത്തിൽ മുമ്പെന്നത്തെക്കാളും പ്രകടമായി. ഈ സാമൂഹികനവോത്ഥാനത്തിന്റെ ആവശ്യങ്ങളെയും ആഹ്വാനങ്ങളെയും പാടേ അവഗണിക്കാൻ ഭരണവർഗത്തിന് സാധ്യമായിരുന്നില്ല. തത്ഫലമായുണ്ടായ ചില ഭരണപരി ഷ്കാരങ്ങൾ വിദ്യാഭ്യാസരംഗത്ത് ആഴത്തിലുള്ള സ്വാധീനം ചെലുത്തി. പാട്ടവിളംബരം പോ ലെയുള്ള നിയമനിർമാണപ്രവർത്തനങ്ങൾ ഭൂവുടമസമ്പ്രദായത്തിൽ വരുത്തിയ മാറ്റം മൂലം അഭ്യസ്തവിദ്യരുടെ ഒന്നാം തലമുറ കേരളത്തിലുണ്ടായി.  1817ൽ തിരുവിതാംകൂർ രാജഭരണം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം പ്രജകൾക്ക് ഏർപ്പെടുത്തിയെന്നു മാത്രമല്ല. പല ഗ്രാമങ്ങളിലും  വിദ്യാലയങ്ങൾ തുടങ്ങുകയും ചെയ്തു. വിദ്യാഭ്യാസദാതാക്കളുടെ താത്പ ര്യത്തിനായിരുന്നു ഇക്കാലത്ത് ഊന്നൽ കൊടുത്തിരുന്നതെങ്കിലും  വിദ്യാഭ്യാസവ്യാപനത്തിന് അവ ഇടയാക്കി. വിദ്യാഭ്യാസത്തിന്റെ വരേണ്യവത്കരണത്തിനെതിരായ പ്രവർത്തനങ്ങൾ സമൂ ഹത്തിന്റെ മുഖ്യ പരിഗണനാവിഷയമായിരുന്നു. മെച്ചപ്പെട്ട വിദ്യാഭ്യാസം സമ്പന്നവിഭാഗ

ങ്ങൾക്കായി വകഞ്ഞുമാറ്റാനുള്ള തന്ത്രങ്ങളും ശക്തിപ്പെടുന്നുണ്ട്. സാമൂഹികനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസപരിഷ്കരണത്തിൽ ഇത്തരം ഗൂഢതന്ത്രങ്ങൾക്കെതിരായ നില പാട് ഉയർത്തിപ്പിടിക്കണം.

## 1.3 സ്വതന്ത്ര ജനാധിപത്യ കാലഘട്ടം

1947 മുതൽ കേരള സംസ്ഥാന രൂപീകരണം വരെ ഇവിടെ നിലനിന്നിരുന്ന ഭരണകൂടങ്ങൾ വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള പല പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നു. കേരള സംസ്ഥാന രൂപീകരണത്തെത്തുടർന്ന് അധികാരത്തിൽ വന്ന സർക്കാർ (1957) കൈക്കൊണ്ട നടപടികൾ കേരള വിദ്യാഭ്യാസത്തിന് കൃത്യമായ ദിശാബോധം നൽകി.

- സാർവത്രികവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കി.
- കുട്ടികളുടെ പഠനച്ചെലവ് ഗവൺമെന്റ് വഹിക്കണമെന്നു തീരുമാനിച്ചു.
- അർഹരായ കുട്ടികൾക്കു സൗജന്യമായി പാഠപുസ്തകവും ഉച്ചഭക്ഷണവും നൽകണമെന്നു തീരുമാനിച്ചു.

ഇതേ കാലയളവിൽ നടപ്പാക്കിയ ഭൂപരിഷ്കരണം വിദ്യാഭ്യാസവ്യാപനത്തിൽ വഹിച്ച പങ്ക് വലുതാണ്. ജന്മി-കുടിയാൻ സമ്പ്രദായത്തിന്റെ കെട്ടുപാടുകളിൽപ്പെട്ട് മുരടിച്ച ഒരു വലിയ സമൂഹം ഒരു തുണ്ടു ഭൂമിക്ക് ഉടമയായപ്പോൾ ഉണ്ടായ അവകാശബോധവും സ്വന്തം ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും വിദ്യാഭ്യാസത്തിനുള്ള പ്രേരകശക്തിയായി, അറിവും അധികാരവും അവകാശമാണെന്ന ആശയഗതി പൊതുവിദ്യാഭ്യാസത്തിലേക്കുള്ള ഒഴുക്ക് വർധിപ്പിച്ചു.

തുടർന്നു വന്ന സർക്കാരുകൾ സ്വീകരിച്ച നടപടികൾ, അപ്രാപ്യമായിരുന്ന ഔപചാരികവിദ്യാഭ്യാസം കരസ്ഥമാക്കുന്നതിന് സാധാരണക്കാരെ സഹായിച്ചു.

- പാഠപുസ്തകങ്ങൾ കുട്ടികൾക്കു കുറഞ്ഞ നിരക്കിൽ ലഭ്യമാക്കി.
- ട്യൂഷൻ ഫീസുകൾ നിർത്തലാക്കി.
- വിദ്യാർഥികൾക്ക് യാത്രാനിരക്കിൽ ഇളവ് അനുവദിച്ചു.
- സൗജന്യ ഉച്ചഭക്ഷണം സാർവത്രികമാക്കി.
- ഹൈസ്കൂൾ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനായി ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എന്ന ലക്ഷ്യം നടപ്പാക്കി.
- ക്ലാസ് കയറ്റത്തിന്റെ കാര്യത്തിൽ പുതിയ സമീപനം സ്വീകരിച്ചു.
- തൊഴിൽവിദ്യാഭ്യാസം, സാങ്കേതികവിദ്യാഭ്യാസം എന്നിവ നടപ്പാക്കി.
- ഹയർ സെക്കൻഡറി വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുള്ള നടപടികളാരംഭിച്ചു. ഹയർ സെക്കൻഡറി സ്കൂൾവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി.
- ഐ.റ്റി. സാധ്യതകൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കി.
- നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് എഡ്യൂസാറ്റ്, വിക്ടർ ചാനൽ എന്നിവയ്ക്ക് തുടക്കമിട്ടു.
- സ്കൂൾ ലൈബ്രറികൾ നവീകരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു.

ഇത്തരം ബോധപൂർവമായ പരിശ്രമങ്ങൾ വിദ്യാഭ്യാസ അവസരങ്ങൾ വർധിപ്പിക്കാൻ ഉപകരിച്ചു. സ്കൂളുകളുടെ എണ്ണം വർധിച്ചു. ഇന്ന് ശരാശരി ഒരു കി.മീ ചുറ്റളവിനുള്ളിൽ എൽ.പി. സ്കൂളും മൂന്ന് കി.മീറ്ററിനുള്ളിൽ യു.പി. സ്കൂളും നാലു കി.മീറ്ററിനുള്ളിൽ ഹൈസ്കൂളും അധികം യാത്ര ചെയ്യാതെ എത്താവുന്ന തരത്തിൽ ഹയർസെക്കന്ററി സ്കൂളും കേരളത്തിൽ ഉണ്ട്.

എന്നാൽ ചുരുക്കം ചില പ്രദേശങ്ങളിൽ വിശേഷിച്ച് വയനാട്, ഇടുക്കി മുതലായ ആദിവാസി മേഖലകളിൽ ഈ ലക്ഷ്യം ഇനിയും പ്രാപിച്ചുകഴിഞ്ഞിട്ടില്ല.

## 1.4 ഗുണനിലവാരമുള്ള വിദ്യാഭ്യാസം സമൂഹത്തിന്റെ ആവശ്യം

സാർവത്രികവിദ്യാഭ്യാസം ഉറപ്പാക്കിയ കേരളസമൂഹം ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലക്ഷ്യമാക്കി. സാമൂഹികപ്രതിബദ്ധതയുള്ള സന്നദ്ധസംഘടനകൾ ഈ വഴിക്ക് ചില ഗവേഷണപ്രവർത്തനങ്ങൾ തുടങ്ങിവച്ചു. അവരുടെ കണ്ടെത്തലുകളും അനുഭവങ്ങളും പിൽക്കാല അക്കാദമിക പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി. ഇതേ കാലയളവിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എങ്ങനെ സാധ്യമാക്കാം എന്നത് രാജ്യമൊട്ടാകെ ചർച്ചചെയ്യപ്പെടാൻ തുടങ്ങി. 1986ലെ ദേശീയ വിദ്യാഭ്യാസനയത്തിൽ സാർവത്രിക സ്കൂൾപ്രവേശനം, കൊഴിഞ്ഞുപോക്കു തടയൽ എന്നിവയോടൊപ്പം ഗുണനിലവാരമുയർത്താനും ലക്ഷ്യമിട്ടു. 1990കൾ പ്രാഥമിക വിദ്യാഭ്യാസഗുണനിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് ആക്കംകൂട്ടി.

- ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി (OBB)
- അധ്യാപകർക്ക് വ്യാപകമായ ഓറിയന്റേഷൻ (Massive orientation) നൽകുന്നതിനുള്ള പരിപാടി
- പ്രൈമറി അധ്യാപകർക്കുള്ള പ്രത്യേക പരിശീലന പരിപാടി (SOPT/ SOST)
- എസ്.സി.ഇ.ആർ.ടി. സ്ഥാപിക്കൽ
- ഡയറ്റുകൾ സ്ഥാപിക്കൽ
- കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ (CTE), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എജ്യുക്കേഷൻ ( IASE) എന്നിവ സ്ഥാപിക്കൽ

തുടങ്ങിയ സംരംഭങ്ങളും സ്ഥാപനങ്ങളും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ ഊന്നൽ കൊടുക്കാനായിരുന്നു ആവിഷ്കരിച്ചത്.

പഞ്ചായത്തീരാജ് നടപ്പിലാക്കിയതോടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വിദ്യാഭ്യാസ പുരോഗതിക്കായി നേരിട്ട് ഇടപെട്ടുതുടങ്ങി.

രാജ്യത്തെ എല്ലാ ജില്ലകളിലും 20 സ്കൂളുകളിൽ വീതം ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകളിൽ ഗവേഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ എം.എൽ.എൽ. പരിപാടി, വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പാക്കാൻ നടത്തിയ ശ്രമങ്ങളുടെ പാതയിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു. ഈ പദ്ധതിയിൽ സമഗ്രമായ സമീപനം ഇല്ലാതിരുന്നതും വളരെ യാന്ത്രികമായി നിലവാരസങ്കല്പം അവതരിപ്പിച്ചതും വ്യവഹാരമനഃശാസ്ത്രപാത പിന്തുടർന്നതും നിർവഹണഘട്ടത്തിൽത്തന്നെ ദേശീയതലത്തിൽ വിമർശിക്കപ്പെട്ടു. അതേത്തുടർന്ന് പദ്ധതി പുനരാലോചനയ്ക്ക് വിധേയമാക്കാനും പുനരാസൂത്രണം ചെയ്യാനും എൻ.സി.ഇ.ആർ.ടി. തയാറായി.

ഇതോടൊപ്പം വിവിധ സന്നദ്ധസംഘടനകളുടെ പ്രവർത്തനവും പൊതുവിദ്യാഭ്യാസരംഗത്ത് നൂതനമായ അന്വേഷണങ്ങൾക്കു വേദിയൊരുക്കി.

അതിവേഗം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന സാമൂഹികക്രമം, വിദ്യാഭ്യാസകാഴ്ചപ്പാടിനും ഗുണനിലവാര സങ്കല്പനങ്ങൾക്കും കൂടുതൽ ശാസ്ത്രീയതയും നവീനതയും അനിവാര്യമാക്കി. ഈ ആവശ്യങ്ങളായിരുന്നു 1996-'97 ൽ ആരംഭിച്ച പാഠ്യപദ്ധതി പരിഷ്കരണത്തിലേക്കു നയിച്ചത്. 1994-95 മുതൽ കേരളത്തിലെ തിരഞ്ഞെടുത്ത 6 ജില്ലകളിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ നടപ്പാക്കിയ ഡി.പി.ഇ.പിയുടെ അനുഭവങ്ങളും പാഠ്യപദ്ധതി പരിഷ്കരണത്തിൽ പ്രതിഫലിച്ചു.

നിർദിഷ്ട പാഠ്യപദ്ധതി പരിഷ്കരണസമീപനത്തെ ചിലർ ചോദ്യംചെയ്തു. അതേത്തുടർന്ന് വിദ്യാഭ്യാസഗുണനിലവാരം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ മന്ദീഭവിച്ചു. എങ്കിലും ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള സാമൂഹികചോദനയ്ക്കു വഴങ്ങി പാഠ്യപദ്ധതി പരിഷ്കരണം മുന്നോട്ടു പോവുകതന്നെ ചെയ്തു. പരിഷ്കരിച്ച പാഠ്യപദ്ധതിയുടെ ഭാഗമായ മൂല്യനിർണയരീതിയും ഗ്രേഡിങ് സമ്പ്രദായവും 10-ാം ക്ലാസ് വരെ 2004-05ൽ നടപ്പാക്കി.

വിദ്യാഭ്യാസം ഒരു സാമൂഹികപ്രക്രിയയാണ് എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ടായിരുന്നു പാഠ്യപദ്ധതി പരിഷ്കരിച്ചത്. പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പഠനതന്ത്രങ്ങൾ, അന്വേഷണാത്മകപഠനം, സമഗ്രവികസനം ലക്ഷ്യമിടുന്ന പാഠ്യപദ്ധതി, സ്വതന്ത്രവും ജനാധിപത്യപരവും ശിശുസൗഹൃദപരവുമായ സമീപനം എന്നിവ പാഠ്യപദ്ധതിയുടെ പ്രായോഗിക രീതിശാസ്ത്രമായി സ്വീകരിച്ചു.

ഇതിന്റെ ഫലമായി:

- അറിവു നിർമിക്കുന്ന പ്രക്രിയയ്ക്ക് ഊന്നൽ കൊടുത്തു. അന്വേഷണാത്മക പഠനരീതി പിന്തുടരുന്നതിന് അധ്യാപകർ തയാറായി.
- പഠനം ക്ലാസ് മുറിക്കുള്ളിൽ മാത്രമല്ല നടക്കേണ്ടതെന്ന തിരിച്ചറിവ് പാഠ്യപദ്ധതി വിനിമയത്തിൽ പ്രയോഗിക്കാൻ തുടങ്ങി.
- കൃത്യമായ ആസൂത്രണവും അധ്യാപകരുടെ കൂട്ടായ്മയും അനിവാര്യമാണെന്ന അവബോധം സ്കൂൾസംസ്കാരത്തിന്റെ ഭാഗമായി.
- നിരന്തരവും സമഗ്രവുമായ മൂല്യനിർണയരീതി നടപ്പാക്കാനാരംഭിച്ചു.
- വിദ്യാലയപ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ കൂട്ടായ്മയും ഇടപെടലും അനിവാര്യമാണെന്ന ബോധം ഊട്ടിയുറപ്പിച്ചു.

പുതിയ പാഠ്യപദ്ധതി ഉദ്ഗ്രഥിതവും പ്രക്രിയാധിഷ്ഠിതവും പ്രയോഗത്തിലൂന്നിയതുമാണ്. ക്ലാസ്മുറിയിലെ യാന്ത്രികമായ ബോധനത്തിനും കാണാപ്പാഠ പഠനത്തിനും പകരം വിവരങ്ങൾ അന്വേഷിച്ചു കണ്ടെത്തുകയും ചർച്ചചെയ്യുകയും തിരിച്ചറിവുകൾ നേടുകയും ചെയ്യുന്നവരായി പഠിതാക്കൾ മാറി. ഇതിന്റെ ഫലമായി അതുവരെ ഉറങ്ങിക്കിടന്നിരുന്ന ക്ലാസ്മുറികൾ പെട്ടെന്ന് ഉണർന്നു. അധ്യാപകർക്ക് ശിക്ഷാമുറകളൊന്നുമില്ലാതെ പഠിതാക്കളെ നിയന്ത്രിക്കാനും ശരിയായ ദിശയിലേക്കു നയിക്കാനും കഴിയുമെന്ന് ബോധ്യപ്പെട്ടു. കൂട്ടായ്മയുടെയും സമത്വത്തിന്റെയും സ്ത്രീ-പുരുഷ സമത്വത്തിന്റെയും പരിസ്ഥിതിബോധത്തിന്റെയും ദേശീയതയുടെയും ആശയങ്ങൾ പഠിതാക്കളിലേക്ക് ഒരളവുവരെ എത്തിക്കാൻ നമുക്കു സാധിച്ചു. നിരന്തരമൂല്യനിർണയം, അഭിരുചിനിർണയം തുടങ്ങിയവയിൽ ഏറെ മുന്നേറാനും കഴിഞ്ഞു.

## 1.5 തിരിച്ചറിവുകൾ

ഹയർ സെക്കൻഡറി വരെ സമഗ്രമായി കണ്ടുകൊണ്ടുള്ള പാഠ്യപദ്ധതി പരിഷ്കരണം ഇതുവരെ നടപ്പാക്കിയില്ല. പഠനപ്രക്രിയയ്ക്ക് എല്ലാത്തലങ്ങളിലും എല്ലാവിഷയങ്ങളിലും പ്രാധാന്യം ലഭിച്ചില്ല. പാഠ്യപദ്ധതി മാറ്റത്തിനനുസരിച്ച് അധ്യാപകരെ സജ്ജരാക്കുന്നതിന് വേണ്ടത്ര കഴിഞ്ഞില്ല. എന്നാൽ, പാഠ്യപദ്ധതിയുടെ ദർശനം ഉൾക്കൊണ്ട അധ്യാപകർ തങ്ങളുടെ വിദ്യാലയങ്ങളിൽ പ്രവർത്തനാധിഷ്ഠിത രീതിയുടെ സാധ്യതകൾ കണ്ടെത്തുകയും ചെയ്തു. ഇതു സൂചിപ്പിക്കുന്നത് പുതിയ പാഠ്യപദ്ധതി ഫലപ്രദമായി നടപ്പാക്കിയാൽ ലക്ഷ്യം കൈവരിക്കാൻ കഴിയും എന്നാണ്.

പൊതുസമൂഹത്തിൽ ഒരു വിഭാഗത്തിന്റെ അഭിലാഷങ്ങളിൽ വന്ന മാറ്റങ്ങൾ പാഠ്യപദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. മധ്യവർഗത്തൊഴിലുകളിൽ എത്തിപ്പെടാനും കഴിയുമെങ്കിൽ വിദേശത്ത് ചേക്കേറാനുമുള്ള ആഗ്രഹം, എൻട്രൻസ് പരീക്ഷകൾ തുടങ്ങിയവ സാമ്പ്രദായിക യാന്ത്രിക ബോധനരീതികൾക്കു പിന്തുണ നേടിക്കൊടുത്തു. പാഠ്യപദ്ധതിക്കെതിരായി കമ്പോളശക്തികൾ ഉയർത്തിയ വിമർശനവും പദ്ധതിയുടെ നടത്തിപ്പിനെ ബാധിച്ചു. കൂടാതെ സി.ബി.എസ്.ഇ/ അൺഎയ്ഡഡ് സ്കൂളുകളെ പ്രോത്സാഹിപ്പിക്കാൻ മധ്യവർഗം തയാറാവുകയും ചെയ്തു. ധനികമധ്യവർഗത്തെ കൂടാതെ കമ്പോളതാത്പര്യങ്ങൾക്കടിമപ്പെട്ട ചില ജാതിമതശക്തികളും ഒരു പരിധിവരെ അൺഎയ്ഡഡ് ശൃംഖലയുടെ പ്രായോജകരായി മാറി. ഇതേസമയം പുതിയ പാഠ്യപദ്ധതി ഫലപ്രദമായി നടപ്പാക്കാൻ ശ്രമിച്ച സ്കൂളുകൾക്കാകട്ടെ, പിന്തുണാസംവിധാനം കാര്യമായി ലഭിച്ചതുമില്ല. ഒരു ദശാബ്ദക്കാലത്തെ അനുഭവങ്ങൾ മറ്റു ചില തിരിച്ചറിവുകൾക്കും വഴിതെളിച്ചു:

- പാഠ്യപദ്ധതിയിൽ വരുന്ന മാറ്റത്തിനനുസരിച്ച് സംവിധാനങ്ങളിൽ മാറ്റമുണ്ടാകേണ്ടതുണ്ട്.
- വിദ്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങൾ ശിശു സൗഹൃദപരമായ അന്തരീക്ഷസൃഷ്ടിക്കു പര്യാപ്തമാകണം.
- ഒരു മാറ്റം പ്രയോഗതലത്തിലേക്കു വരുമ്പോൾ സമൂഹത്തിന് മാറ്റത്തിന്റെ പ്രസക്തി ബോധ്യപ്പെട്ടിരിക്കണം.
- കുട്ടിയുടെ സമഗ്രവികസനം സാധ്യമാക്കാൻ പര്യാപ്തമായ തന്ത്രങ്ങൾക്ക് രൂപംകൊടുക്കേണ്ടതുണ്ട്.
- ഭാവിസമൂഹത്തിന്റെ ആവശ്യങ്ങൾ മുന്നിൽക്കണ്ടുകൊണ്ട് പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ രൂപപ്പെടുത്തണം.
- പാഠപുസ്തകമുൾപ്പെടെയുള്ള സാമഗ്രികൾ വഴക്കമുള്ളതാകണം.
- പാഠ്യപദ്ധതി നവീകരണപ്രക്രിയ ഇച്ഛാശക്തിയോടെ നടപ്പാക്കണം.

ദേശീയതലത്തിൽ കേരളീയാനുഭവങ്ങളുടെ അന്തസ്സത്ത പ്രതിഫലിപ്പിക്കുന്ന നിർദേശങ്ങളും ഈ സമയത്ത് ഉണ്ടായി. കേരളസമൂഹം പൊതുവിൽ പുതിയ പാഠ്യപദ്ധതിക്ക് അനുകൂലമായ നിലപാടിലെത്തുകയും ചെയ്തു. ഇതു മുന്നോട്ടുള്ള പോക്കിന് സഹായകമായി.

# 2

# പുതിയ സമീപനത്തിലേക്ക്

## 2.1 ആമുഖം

വിദ്യാഭ്യാസചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ മുന്നേറ്റത്തിന് കേരളം ഒരുങ്ങുകയാണ്. 2005 ലെ ദേശീയ കരിക്കുലം ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതി പുനരാവിഷ്കരിക്കാനുള്ള ശ്രമത്തിലൂടെയാണിത്.

പാഠ്യപദ്ധതി പുനരാവിഷ്കാരങ്ങൾ നമുക്ക് പുതിയതല്ല. 1964 ൽ എൻ.സി.ഇ.ആർ.ടി. രൂപം കൊണ്ടശേഷം അവരുടെ നിർദേശങ്ങൾ അനുസരിച്ചുള്ള സിലബസ് നാം നടപ്പാക്കിയതാണ്. 1975ലെ ദേശീയ കരിക്കുലവും നാം പാഠ്യപദ്ധതി പരിഷ്കാരങ്ങൾക്ക് ഉപയോഗിച്ചു. 1986 ലെ വിദ്യാഭ്യാസനയവും അതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് രൂപം നൽകിയ പ്രവർത്തനപരിപാടിയും (പ്രോഗ്രാം ഓഫ് ആക്ഷൻ) നാം ഏറെക്കുറെ നടപ്പാക്കി. എങ്കിലും, കേരളത്തിലെ പഠന-ബോധന താത്പര്യങ്ങളെയും സാധ്യതകളെയും കണക്കിലെടുത്ത് സമഗ്രമായ ഒരു പാഠ്യപദ്ധതിക്ക് രൂപംനൽകാനുള്ള ശ്രമം ആരംഭിച്ചത് 1997 ലാണ്. ആധുനികമായ വിദ്യാഭ്യാസസങ്കേതങ്ങളും രീതികളും അനുസരിച്ച് ഉദ്ഗ്രഥിത രീതി, പ്രക്രിയാധിഷ്ഠിത സമീപനം, പ്രയോഗാധിഷ്ഠിത ക്ലാസ്മുറികൾ, കുട്ടി അറിവിന്റെ നിർമാതാവാണ് എന്ന കാഴ്ചപ്പാട്, സാമൂഹിക ചുറ്റുപാട് ജ്ഞാനനിർമിതിയിൽ പ്രധാനമാണെന്ന തിരിച്ചറിവ്, സമഗ്രവും നിരന്തരവുമായ മൂല്യനിർണയം തുടങ്ങിയ ആശയങ്ങൾ അടങ്ങുന്ന പാഠ്യപദ്ധതി നിലവിൽ വന്നു. ഇവയനുസരിച്ച് പഠിച്ചുവന്ന വിദ്യാർഥികൾ ഇപ്പോൾ ഹയർസെക്കൻഡറിതലം പൂർത്തിയാക്കിയിരിക്കുകയാണ്.

2005 ലെ ദേശീയ കരിക്കുലം ചട്ടക്കൂടും അതിന് ആധാരമായ നിലപാടുരേഖകളും സ്വയം വിമർശനപരമായ വിലയിരുത്തലിനുള്ള അവസരം നൽകിയിരിക്കുകയാണ്.

## 2.2 ദേശീയപാഠ്യപദ്ധതി ചട്ടക്കൂടും കേരളവും

പുതിയ പാഠ്യപദ്ധതി നല്ലൊരു ആശയമാണെന്ന് ഇപ്പോൾ പൊതുസമൂഹം സമ്മതിക്കുന്നുണ്ട്. ദേശീയ കരിക്കുലം ചട്ടക്കൂടിന്റെ സമീപനം നമ്മുടെ പാഠ്യപദ്ധതി ഇന്നു നേരിടുന്ന പ്രശ്നങ്ങളെ മുറിച്ചുകടക്കാനുള്ള ഉൾക്കാഴ്ച തരുന്നുണ്ട്.

നാം സ്വീകരിച്ച സൈദ്ധാന്തികവും ദാർശനികവും ചരിത്രപരവുമായ സമീപനങ്ങൾ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും (2005) ഏതാണ്ട് സ്വീകരിച്ചിരിക്കുന്നുവെന്നത് കേരളത്തിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾക്കുള്ള അംഗീകാരമായി കണക്കാക്കാവുന്നതാണ്.

ജനാധിപത്യവിരുദ്ധമായ അധികാരഘടനയുടെ എല്ലാ സവിശേഷതകളും ചിട്ടകളും മുമ്പത്തെ ക്ലാസ്മുറിയിൽ പ്രതിഫലിച്ചിരുന്നു. നിശ്ശബ്ദതയുടെ സംസ്കാരമാണ് അന്നു ക്ലാസ്മുറിയിൽ വളർത്താൻ ശ്രമിച്ചത്. അതിനു പകരം സംഘപഠനത്തിനും സഹവർത്തിത പഠനത്തിനും പ്രാമുഖ്യം നൽകി. കുട്ടികളുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടുകയും അറിവ് നേടുന്നതിനുള്ള അവരുടെ നിർണായക പങ്ക് സ്ഥാപിച്ചുകൊടുക്കുകയും ചെയ്തു. ഇതുവഴി ക്ലാസ്മുറിയെ ജനാധിപത്യവത്കരിക്കാൻ ശ്രമിച്ചു. അറിവിന്റെ നിർമിതിയും സാമൂഹികനിർമിതിയും പരസ്പരപൂരകങ്ങളായി മാറി. ജനങ്ങൾ ഉത്പാദകരാകുന്നതിന് സമാനമായി, ക്ലാസ്മുറികളിലെ ജ്ഞാനോത്പാദകരായി വിദ്യാർഥികൾ മാറി.

ആഗോളവത്കരണ നയത്തിന്റെ ഫലമായി വിദ്യാഭ്യാസരംഗത്ത് സംഭവിച്ച സ്വകാര്യവത്കരണം, സ്വാശ്രയവിദ്യാലയങ്ങളുടെ കടന്നുകയറ്റം, പൊതുപാഠ്യപദ്ധതിയിൽ നിന്നു വ്യതിചലിച്ചുകൊണ്ടുള്ള ബോധനരീതികൾ, വിപണിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പുതിയ കോഴ്സുകൾ, അവയോട് രക്ഷാകർത്താക്കൾക്കും വിദ്യാർഥികൾക്കുമുള്ള ആഭിമുഖ്യം, ഇവയുടെ ഫലമായി പൊതുവിദ്യാഭ്യാസരംഗം നേരിടുന്ന വെല്ലുവിളികൾ, കേരളീയർക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന അപമാനവീകരണം (dehumanisation), ചില ജാതിമതസംഘടനകളുടെ വിദ്യാഭ്യാസരംഗത്തുള്ള മൗലികവാദപരമായ ഇടപെടലുകൾ, അതിന്റെ ഫലമായി വിദ്യാർഥികളിൽ രൂപപ്പെട്ടുവരുന്ന ജാതീയവും മതപരവുമായ അസഹിഷ്ണുത, ജനാധിപത്യപ്രക്രിയയോടുള്ള അരാജകസ്വഭാവമുള്ള വിമുഖത, വർധിച്ചുവരുന്ന അസമത്വം, ആക്രമണോത്സുകത, വിപണികേന്ദ്രിതമായ പുത്തൻ ആത്മീയത, ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ, സ്ത്രീപുരുഷ ബന്ധങ്ങളിൽ സംഭവിക്കുന്ന മൂല്യച്യുതി, അന്ധമായ ധനതൃഷ്ണ, വളർന്നുവരുന്ന അക്രമവാസന, ലഹരിപദാർഥങ്ങളോട് യുവത്വം പ്രകടിപ്പിക്കുന്ന അമിതാസക്തി, സംസ്കാരത്തെയും വിദ്യാഭ്യാസത്തെയും വർഗീയവത്ക്കരിക്കാനുള്ള പ്രവണത തുടങ്ങി കേരളം അഭിമുഖീകരിക്കുന്ന സാമൂഹികപ്രശ്നങ്ങൾ അഭിസംബോധന ചെയ്യാത്ത ഒരു പാഠ്യപദ്ധതിക്കും കേരളത്തെ മുന്നോട്ട് നയിക്കാൻ കഴിയില്ല. ഈ സാമൂഹിക പ്രശ്നങ്ങളെ വിശകലനം ചെയ്യാൻ ശ്രമിച്ചാൽ അവ ഇങ്ങനെ ക്രോഡീകരിക്കാം:

- വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ
- അധ്വാനശേഷിവികാസത്തിന്റെ അഭാവം
- സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രവികാസത്തെക്കുറിച്ചുമുള്ള ധാരണക്കുറവ്
- കൃഷി ഒരു സംസ്കാരമായി കാണാത്ത അവസ്ഥ
- ശാസ്ത്രീയമായ ആരോഗ്യ-പൊതുജനാരോഗ്യ കാഴ്ചപ്പാടിന്റെ അഭാവം
- പാർശ്വവത്ക്കരിക്കപ്പെട്ടവരോടുള്ള പരിഗണനയില്ലായ്മ
- ശാസ്ത്രീയമായ സ്ഥല-ജല മാനേജ്മെന്റിന്റെ അഭാവം
- പരിസ്ഥിതി സൗഹൃദപരമായ വ്യവസായവത്ക്കരണത്തിന്റെയും നഗരവത്ക്കരണത്തിന്റെയും അഭാവം - ഇവയൊക്കെ മുഖ്യ സാമൂഹിക പ്രശ്നങ്ങളാണ്.

ഇതോടൊപ്പം ദേശീയവും അന്തർദേശീയവുമായ വികസനപ്രശ്നങ്ങളും പാഠ്യപദ്ധതി രൂപീകരണ പ്രക്രിയയിൽ പ്രസക്തമാണ്.

## 2.3 ഭാവിസമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

ഭാവിസമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വികസിപ്പിച്ചുകൊണ്ടു മാത്രമേ വിദ്യാഭ്യാസരംഗത്തെ പരിവർത്തനങ്ങൾക്കു തുടക്കം കുറിക്കാൻ കഴിയൂ. പുരോഗമനപരമായ ദർശനങ്ങളുടെയും പഠനങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ സമൂഹത്തിലെ മുഴുവൻ വ്യക്തികളുടെയും ക്രിയാത്മക പങ്കാളിത്തമുള്ള ഒരു ഭാവിസമൂഹത്തെ സൃഷ്ടിക്കേണ്ടതുണ്ട്. അപ്രകാരം ലക്ഷ്യമിടുന്ന ഒരു ജനാധിപത്യസമൂഹത്തിന്റെ ആശയതലം ഉൾക്കൊള്ളുന്ന പഠനരീതിയാണ് സ്വീകരിക്കേണ്ടത്. മതം, ജാതി, സാമ്പത്തികസ്ഥിതി, സ്ത്രീ-പുരുഷ വ്യത്യാസം, പ്രാദേശികത എന്നിവയുടെ അടിസ്ഥാനത്തിലുള്ള യാതൊരു വിവേചനവും ഇല്ലാത്തതും മാനവികതയിൽ ഊന്നിയതുമായ ഒരു ഭാവിസമൂഹമാണ് നാം സ്വപ്നം കാണേണ്ടത്.

- ദേശീയബോധം, സ്വാശ്രയത്വം, തനതു സംസ്കാരപോഷണം, ജനാധിപത്യാവകാശങ്ങൾ എന്നിവയ്ക്കു മുഖ്യപരിഗണന നൽകുന്നതാകും ഈ സമൂഹം.
- ദരിദ്രജനവിഭാഗങ്ങളുടെ ക്ഷേമത്തിനു മുഖ്യപരിഗണന നൽകുന്നതും ഉത്പാദനാധിഷ്ഠിതമായ ഒരു വികസനസങ്കല്പം മുൻനിർത്തി വിഭവങ്ങളെ പ്രയോജനപ്പെടുത്തുന്നതുമായ സമൂഹമാണ് സൃഷ്ടിക്കപ്പെടേണ്ടത്. നമ്മുടെ മാനവശക്തിയെ സുസ്ഥിരമായ ഒരു വികസനത്തിനു വേണ്ടി പ്രയോജനപ്പെടുത്തുന്ന ഒരു സമൂഹക്രമം നാം വിഭാവന ചെയ്യുന്നു.
- മനുഷ്യന്റെ കൂട്ടായ്മയിലും സഹകരണത്തിലും അടിയുറച്ച് മുന്നോട്ടുപോകുന്നതാകും ഈ സമൂഹം. സമ്പത്തിന്റെ ഉത്പാദനവും വിതരണവും നീതിപൂർവകവും കാര്യക്ഷമവുമാകുന്ന വികസനമാതൃകകൾ സൃഷ്ടിക്കുകയും അവ പരിപാലിക്കുകയും ചെയ്യും.
- അറിവ് പൊതുസമ്പത്താണെന്ന ധാരണയുടെയും, അന്വേഷണവും വിമർശനാത്മക ചിന്തയും അറിവു നിർമാണപ്രക്രിയയുടെ അടിസ്ഥാനശിലയാണെന്ന തിരിച്ചറിവിന്റെയും അടിസ്ഥാനത്തിൽ സമൂഹം നവീകരിക്കപ്പെടും.
- ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ പുറന്തള്ളപ്പെട്ട വിഭാഗങ്ങളോടുള്ള വിവേചനങ്ങൾക്കെതിരെ നിരന്തരം പോരാടുന്ന ഈ സമൂഹം സ്ത്രീക്കും പുരുഷനും സമൂഹത്തിന്റെ പുരോഗതിയിൽ തുല്യസ്ഥാനം നൽകും.
- സാംസ്കാരികവൈവിധ്യം മാനിച്ചുകൊണ്ട് സ്വന്തം സാംസ്കാരികപാരമ്പര്യത്തെ സംരക്ഷിക്കുകയും ഉപഭോഗസംസ്കാരത്തിന്റെ ദുഷ്പ്രവണതകൾക്കെതിരെ ശക്തമായ നിലപാടെടുക്കുകയും ചെയ്യുന്ന സമൂഹമായിരിക്കും ഇത്. സാംസ്കാരികരംഗത്ത് മാധ്യമങ്ങൾ ഉയർത്തുന്ന അനഭിലഷണീയമായ പ്രവണതകൾ തിരിച്ചറിയുന്നതിനും അതിനെതിരെ പ്രതികരിക്കുന്നതിനും കഴിയുന്നതായിരിക്കും ഇത്.
- സാമൂഹികതിന്മകൾക്കെതിരെ അണിചേരാനും സാമൂഹികപുരോഗതിക്കായുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനുമുള്ള സന്നദ്ധത, വിഭാഗീയശക്തികൾക്കെതിരെ ശക്തമായി പ്രതികരിക്കുന്നതിനുള്ള മനോഭാവം - ഇവ പ്രതീക്ഷിത സമൂഹത്തിന്റെ മുഖമുദ്രയായിരിക്കും.

## 2.4 വിദ്യാഭ്യാസലക്ഷ്യങ്ങൾ

കേരളത്തിന്റെ വിദ്യാഭ്യാസലക്ഷ്യങ്ങൾ നിർണയിക്കുമ്പോൾ ഇന്ത്യയുടെ സ്വാതന്ത്ര്യവും പരമാധികാരവും മതേതരത്വവും ജനാധിപത്യവും അരക്കിട്ടുറപ്പിക്കാൻ കരുത്തുള്ള ഒരു സമൂഹത്തെ മുന്നിൽ കാണേണ്ടതുണ്ട്. ഉയർന്ന സൗന്ദര്യബോധവും പ്രവൃത്യുന്മുഖമായ മാനുഷികമൂല്യങ്ങളും ഇതിലൂടെ ഫലവത്താക്കാൻ കഴിയണം. സുരക്ഷിതത്വബോധവും ചുമതലാബോധവും സാമൂഹികജീവിതത്തിന്റെ സമസ്ത രംഗങ്ങളിലും തെളിയണം. തന്റെ വളർച്ച കുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയുടെ ഭാഗമാണെന്ന തിരിച്ചറിവ് ഓരോ വ്യക്തിയിലും ഉണ്ടാകേണ്ടതാണ്.

### 2.4.1 സാമൂഹികനീതിക്കു വേണ്ടിയുള്ള വിദ്യാഭ്യാസം

സമത്വത്തിലും നീതിയിലും അടിയുറച്ച ഒരു സാമൂഹികക്രമം രൂപപ്പെടുത്താൻ കുട്ടികളെ സജ്ജരാക്കുന്ന വിദ്യാഭ്യാസമാണ് ലക്ഷ്യമിടേണ്ടത്. ഇതു ജനാധിപത്യത്തിലും മതനിരപേക്ഷതയിലും സ്ത്രീ പുരുഷ സമത്വത്തിലും അധിഷ്ഠിതമായിരിക്കണം. ഭരണഘടന മതനിരപേക്ഷത വിഭാവന ചെയ്യുന്നു. ഇതു ജാതിമതാദികളുടെ പേരിലുള്ള സ്പർധയെയും അക്രമങ്ങളെയും പ്രതിരോധിക്കുംവിധം ശക്തമാക്കി പരിപാലിക്കേണ്ടതുണ്ട്. സങ്കുചിതമായ

താത്പര്യങ്ങളെ തടയാനും കൂട്ടായ്മ വളർത്താനും കഴിയുന്ന പഠനക്രമമാണ് ലക്ഷ്യമിടേണ്ടത്. വിമോചനത്തിനും സാമൂഹികമാറ്റത്തിനും വേണ്ടിയുള്ള ഉപാധിയായി വിദ്യാഭ്യാസം മാറണം. ആത്മപ്രകാശനത്തിനും സ്വത്വാവബോധത്തിനും വഴിതുറക്കുന്നതാവണം വിദ്യാഭ്യാസം.

### 2.4.2 വിദ്യാഭ്യാസം സന്തുലിതവും വിവേകപൂർണവുമായ വികസനത്തിന്

പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ചുള്ള സമഗ്രമായ അവബോധം വളർത്തിയെടുക്കേണ്ടതുണ്ട്. സുസ്ഥിരവികസനം എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് എല്ലാ വികസന പ്രവർത്തനങ്ങളെയും പരിസ്ഥിതിക്ക് അനുഗുണമാകും വിധം രൂപപ്പെടുത്താനുള്ള മനോഭാവമാണ് വികസിപ്പിക്കേണ്ടത്. വിഭവസംരക്ഷണത്തിലും വിനിയോഗത്തിലും സന്തുലിതവും വിവേചനപൂർണവുമായ സമീപനം സ്വീകരിക്കാൻ വിദ്യാർഥികൾ പ്രാപ്തി കൈവരിക്കേണ്ടതുണ്ട്.

### 2.4.3 മികച്ച പൗരത്വം വികസിപ്പിക്കുന്നതിനുള്ള വിദ്യാഭ്യാസം

സമൂഹത്തിൽ ഉത്തരവാദിത്തമുള്ള പൗരന്മാരായി പ്രവർത്തിക്കാൻ കഴിവു നൽകുന്നതായിരിക്കണം വിദ്യാഭ്യാസം. യുക്തിചിന്തയും ചരിത്രബോധവും രാഷ്ട്രീയവീക്ഷണവും ഉൾക്കൊള്ളുന്നതായിരിക്കണം പൗരബോധം. ശാസ്ത്രീയസമീപനവും നീതിബോധവും ജീവിതത്തിന്റെ സമസ്തമേഖലകളിലും പ്രകടിപ്പിക്കാൻ ഭാവിതലമുറയ്ക്കു കഴിയണം.

### 2.4.4 ഉയർന്ന ദേശീയബോധം വളർത്തുന്ന വിദ്യാഭ്യാസം

സാർവദേശീയ വീക്ഷണത്തിൽ അധിഷ്ഠിതമായ ദേശീയബോധമാണ് നാം ലക്ഷ്യമിടേണ്ടത്. മാനവപുരോഗതിയും വിശ്വസ്നേഹവും ഉയർത്തിപ്പിടിക്കുന്നതാകണം അത്. ഭാരതത്തിന്റെ വൈവിധ്യങ്ങളെ അംഗീകരിക്കുന്നതും കൂട്ടിയിണക്കുന്നതുമായി ഈ ദേശീയ ബോധം വളരേണ്ടതുണ്ട്.

### 2.4.5 അവകാശബോധത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നതും ഐക്യരാഷ്ട്ര പ്രമാണങ്ങളിൽ അടങ്ങിയിരിക്കുന്നതുമായ അവകാശങ്ങൾ സമൂഹത്തിൽ പ്രാവർത്തികമാക്കാൻ ഉതകുന്ന വിദ്യാഭ്യാസമാണ് ലക്ഷ്യമിടുന്നത്. ഇതു മനുഷ്യാവകാശങ്ങളും കുട്ടികളുടെയും സ്ത്രീകളുടെയും പ്രത്യേക അവകാശങ്ങളും സംരക്ഷിക്കാൻ പശ്ചാത്തലമൊരുക്കുന്നതാവണം. വിദ്യാഭ്യാസ അനുഭവങ്ങൾക്ക് അവകാശബോധവികാസവുമായി നേർബന്ധം ഉണ്ടാകണം.

### 2.4.6 ശാസ്ത്ര–സാങ്കേതിക അവബോധം വളർത്തുന്ന വിദ്യാഭ്യാസം

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര-സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിനും ജീവിതസാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുമുള്ള കഴിവ് വളർത്തിയെടുക്കേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതിക വികാസങ്ങൾക്കനുസരിച്ച് അറിവും ശേഷികളും മെച്ചപ്പെടുത്താനുള്ള മികവ് വിദ്യാർഥികൾ കൈവരിക്കേണ്ടതുണ്ട്. പൊതുസമൂഹത്തിന്റെ താത്പര്യങ്ങൾ കണക്കിലെടുത്ത് ശാസ്ത്ര-സാങ്കേതികരംഗത്തെ മാറ്റങ്ങളോട് നിലപാടുകൾ സ്വീകരിക്കാനും കഴിയണം.

### 2.4.7 ശാസ്ത്രീയ മനോഭാവം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസം

കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ സമീപിക്കണം; പരിഹാരങ്ങൾ നിർദേശിക്കണം. ഇതിന് യുക്തിചിന്ത വളർത്താൻ ഉതകുന്ന വിദ്യാഭ്യാസമാണ് ലഭ്യമാക്കേണ്ടത്. ശാസ്ത്രവും കപടശാസ്ത്രവും തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ വിദ്യാർഥികളെ സജ്ജരാക്കേണ്ടതുണ്ട്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വിഭാഗീയതകളുടെയും മുൻവിധികളുടെയും സ്വാധീനത്തിൽ നിന്ന് സമൂഹത്തെ മോചിപ്പിക്കാൻ അവർക്കു

കഴിയണം. ശാസ്ത്രീയമായ ജീവിതവീക്ഷണത്തിന്റെ അർഥതലങ്ങൾ വിദ്യാഭ്യാസത്തിലൂടെ സ്വാംശീകരിക്കാൻ കഴിയണം. അശാസ്ത്രീയതകൾക്കെതിരായ നിലപാടുകൾ സ്വീകരിക്കാനുള്ള മനോഭാവം ലഭിക്കുകയും വേണം.

### 2.4.8 സാംസ്കാരികത്തനിമ പരിപാലിക്കുന്ന വിദ്യാഭ്യാസം

പ്രാദേശികവും പരമ്പരാഗതവുമായ ജ്ഞാനരൂപങ്ങളും നാട്ടറിവുകളും (കൃഷി, ജലം, ഭൂവിനിയോഗം, കല, കരവിരുത്...) കണ്ടെത്തുന്നതിനും പ്രസക്തമായവ പരിരക്ഷിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള കഴിവ് വളർത്തിയെടുക്കുന്നതായിരിക്കണം വിദ്യാഭ്യാസം. ആരോഗ്യം, കായികശേഷീവികസനം, കല-സംസ്കാരം, തൊഴിൽസംസ്കാരം എന്നിവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം.

### 2.4.9 തൊഴിൽനൈപുണി വളർത്തുന്ന വിദ്യാഭ്യാസം

അധ്വാനം സമൂഹത്തെ പരിവർത്തിപ്പിക്കുന്നു. അധ്വാനത്തിന്റെ മഹത്ത്വം തിരിച്ചറിയണം. അറിവും അധ്വാനവും പരസ്പരപൂരക സ്വഭാവത്തോടെ വിലയിരുത്തപ്പെടുന്ന വിദ്യാഭ്യാസമാണ് വേണ്ടത്. പ്രവൃത്തിയിലുള്ള അനുഭവങ്ങൾ തൊഴിൽപരമായ ജ്ഞാനവും നൈപുണിയും മനോഭാവവും വികസിപ്പിക്കും. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും വിഭിന്ന രൂപങ്ങളിൽ അധ്വാനശക്തിവികസനം ലക്ഷ്യമിടണം. കൃഷിയുടെ മഹത്ത്വം തിരിച്ചറിയുന്നതിനും മണ്ണിനും ജീവനും അനുകൂലമായ കൃഷിയും കൃഷിരീതികളും വികസിപ്പിച്ചെടുക്കുന്നതിനുമുള്ള കഴിവ് വളർത്തിയെടുക്കണം.

### 2.4.10 സാമൂഹികവും ജനാധിപത്യപരവുമായ മൂല്യങ്ങൾ നേടാനുള്ള വിദ്യാഭ്യാസം

വ്യക്തി, കുടുംബം, സമൂഹം എന്നിവയുടെ കൂട്ടായ്മയിലൂടെ അനുതാപം, സ്നേഹം, ആർദ്രത, സാഹോദര്യം തുടങ്ങിയ ജീവിതമൂല്യങ്ങൾ നേടിയെടുക്കാൻ വിദ്യാഭ്യാസം സഹായകമാവണം. ആരോഗ്യകരമായ സ്ത്രീ-പുരുഷാവബോധം വളർത്താൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം. ജനാധിപത്യം ഒരു ആശയം എന്ന നിലയിലും ഒരു മൂല്യബോധം എന്ന നിലയിലും ഉൾക്കൊള്ളാൻ വിദ്യാഭ്യാസം സഹായകമാകണം.

### 2.4.11 സ്വാശ്രയത്വം ഊട്ടിവളർത്തുന്ന വിദ്യാഭ്യാസം

സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക മണ്ഡലങ്ങളിൽ സ്വാശ്രയസങ്കല്പം വളർത്തിയെടുക്കാൻ ഉതകുന്ന വിദ്യാഭ്യാസമാണ് നടപ്പാക്കേണ്ടത്.

### 2.4.12 ചെറുത്തുനിൽപ്പിനു കരുത്തു പകരുന്ന വിദ്യാഭ്യാസം

ആഗോളവത്കരണം മുന്നോട്ടുവയ്ക്കുന്ന അനഭിലഷണീയ പ്രവണതകളെയും എല്ലാത്തരം അധിനിവേശങ്ങളെയും ചെറുത്തുനിൽക്കാനുള്ള മനോഭാവവും കരുത്തും പകരാൻ വിദ്യാഭ്യാസത്തിനു കഴിയണം. ആവശ്യവും ധൂർത്തും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനും ഉപഭോഗഭ്രാന്തിന് അടിമപ്പെടാതെ സ്വയം നിയന്ത്രിക്കാനും വിദ്യാർഥികളെ പ്രാപ്തരാക്കേണ്ടതുണ്ട്. സ്വാതന്ത്ര്യനിരാസത്തിന്റെയും സാംസ്കാരികാധിനിവേശത്തിന്റെയും വിപത്തുകൾ തിരിച്ചറിയാൻ അവർക്കു കഴിയണം.

### 2.4.13 അറിവിന്റെ നിർമാണത്തിലും വിനിമയത്തിലും ഊന്നുന്ന വിദ്യാഭ്യാസം

അറിവ് നിർമിച്ചെടുക്കുന്നതിനും സമൂഹത്തിൽ വിനിമയം ചെയ്യുന്നതിനും വിദ്യാഭ്യാസത്തിലൂടെ കഴിവ് ആർജിക്കേണ്ടതുണ്ട്. അറിവുനിർമാണത്തിന്റെ കാര്യത്തിൽ വംശം, വർഗം, സ്ത്രീ-പുരുഷ ഭേദം തുടങ്ങിയവയുടെ പേരിലുള്ള വിവേചനങ്ങളെ പ്രതിരോധിക്കാനും അതിജീവിക്കാനും അവർക്കു കഴിയണം. തങ്ങളുടെ ആവശ്യങ്ങളും അറിവും ആശയങ്ങളും

പ്രാദേശിക, ദേശീയ, അന്തർദേശീയ തലങ്ങളിൽ പങ്കുവയ്ക്കുന്നതിനും പ്രതികരിക്കുന്നതിനും ആവശ്യമായ ഭാഷാനൈപുണികൾ നേടാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം.

### 2.4.14 വിമർശനാത്മക സമീപനം പോഷിപ്പിക്കുന്ന വിദ്യാഭ്യാസം

മാനവരാശിയുടെ നേട്ടങ്ങളെ സമഗ്രമായി വിലയിരുത്താനുള്ള കഴിവ് വിദ്യാർഥികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. എല്ലാത്തരം ചൂഷണങ്ങൾക്കുമെതിരെ നിലപാടു സ്വീകരിക്കാൻ അവർക്കു കഴിയണം. ജീവിതാനുഭവങ്ങളെയും ജിവിതസന്ദർഭങ്ങളെയും വിമർശനാത്മകമായി നോക്കിക്കാണാനും വിവേചനബുദ്ധിയോടെ തീരുമാനമെടുക്കാനും അവർക്കു കഴിയണം. സ്വയംവിമർശനത്തിനുള്ള സന്നദ്ധതയും ആവശ്യമാണ്. സാമൂഹികതിന്മകളെ തിരിച്ചറിയാനും ചോദ്യംചെയ്യാനും യുക്തിഭദ്രമായി പ്രതിരോധിക്കാനും കഴിയണം. മുൻവിധികളെയും പിടിവാശികളെയും പ്രലോഭനങ്ങളെയും ചെറുക്കാനുള്ള കഴിവ് നിരന്തരം വളർത്തേണ്ടതുണ്ട്. വ്യത്യസ്ത ആശയങ്ങളെ സമചിത്തതയോടെ സ്വീകരിക്കാനും സമന്വയിപ്പിക്കാനും കഴിയണം. പ്രചരിപ്പിക്കപ്പെടുന്ന ആശയങ്ങൾ വിശകലനം ചെയ്യുന്നതിനും തെറ്റുകൾ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനും അവർക്കു കഴിയണം. അവയെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക തലങ്ങളിൽ വിശകലനം ചെയ്ത് നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്.

## 2.5 സാമൂഹികനീതിയും വിദ്യാഭ്യാസവും

പന്ത്രണ്ടാം ക്ലാസ്വരെയുള്ള വിദ്യാഭ്യാസം സാർവത്രികമാക്കുകയെന്ന ലക്ഷ്യത്തിലാണ് നാം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഓരോ കുട്ടിയുടെയും സമ്പൂർണവികാസം അവരവരുടെ ജന്മാവകാശമെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ.

നമ്മുടേതുപോലുള്ള ഒരു ബഹുമുഖ സമൂഹത്തിൽ വൈവിധ്യം അനിവാര്യമാണ്. ഈ വൈവിധ്യത്തിന്റെ തനിമ അംഗീകരിച്ചും പോഷിപ്പിച്ചും കൊണ്ടുള്ള ഒരു സമതുലിത വിദ്യാഭ്യാസപ്രക്രിയ നമുക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. അപ്പോൾ സവിശേഷമായി പരിഗണിക്കപ്പെടേണ്ട വിഭാഗമാണ് സാമൂഹികമായി വെല്ലുവിളിയനുഭവപ്പെടുന്ന കുട്ടികളും പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളും. ഇവരാരൊക്കെയെന്നു നോക്കാം:

- പെൺകുട്ടികൾ
- പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ട കുട്ടികൾ
- കേൾവിക്കുറവുള്ളവർ
- കാഴ്ചക്കുറവുള്ളവർ
- ചലനശേഷി കുറഞ്ഞവർ
- മാനസികമായും ബുദ്ധിപരമായും വെല്ലുവിളികൾ നേരിടുന്നവർ
- ബഹുവിധ ശാരീരികവെല്ലുവിളി അനുഭവിക്കുന്നവർ
- HIV ബാധിതർ
- HIV ബാധിതരായ രക്ഷിതാക്കളുടെ കുട്ടികൾ
- ഭാഷാന്യൂനപക്ഷങ്ങൾ
- തകർന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ
- ലഹരിമരുന്നുകൾക്ക് അടിമപ്പെട്ടവർ

- ലഹരിപദാർഥങ്ങൾക്ക് അടിമപ്പെട്ടവരുടെ മക്കൾ
- സാമൂഹികവും സാമ്പത്തികവുമായി ദുരിതം അനുഭവിക്കുന്നവർ
- നാടോടികൾ
- പല കാരണങ്ങളാൽ തടവിൽ കഴിയുന്ന കുട്ടികൾ
- പ്രകൃതിക്ഷോഭങ്ങളാലും മനുഷ്യനിർമിത ദുരന്തങ്ങളാലും അവശത അനുഭവിക്കുന്ന കുട്ടികൾ

ഈ പട്ടിക ഇനിയും നീളാം.

ഈ വിഭാഗം കുട്ടികൾ അഭിമുഖീകരിക്കുന്ന ശാരീരികവും മാനസികവും വൈകാരികവുമായ വെല്ലുവിളികൾ ബഹുവിധമാണ്. ഓരോ കുട്ടിയുടെ പ്രശ്നവും സവിശേഷമായേക്കാം. എന്നിരുന്നാലും അവ കണ്ടറിഞ്ഞ് പരിഹരിക്കുന്നതിനും എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

### 2.5.1 വിദ്യാഭ്യാസത്തിലെ സ്ത്രീ-പുരുഷ വിവേചനപരമായ പ്രശ്നങ്ങൾ

സ്ത്രീ-പുരുഷസമത്വം ഭരണഘടനാപരമായ അവകാശമാണ്. 1957-ലെ വിദ്യാഭ്യാസ ബില്ലിനുശേഷം കേരളത്തിലെ വിദ്യാഭ്യാസമേഖലയിലെ മാറ്റം സ്ത്രീവിദ്യാഭ്യാസത്തിലും പ്രതിഫലിച്ചു. 1966-ലെ വിദ്യാഭ്യാസ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകളാണ് വാസ്തവത്തിൽ സ്ത്രീവിദ്യാഭ്യാസത്തിനും അതിലൂടെയുള്ള ശാക്തീകരണത്തിനും അനുകൂലമായ നിലപാടുകൾ സ്വീകരിക്കാൻ ഇടയാക്കിയത്. എന്നിട്ടും ഏതു വികസന മാനദണ്ഡങ്ങൾ വച്ചു നോക്കിയാലും കേരളത്തിലെ സ്ത്രീകൾ അഖിലേന്ത്യാ ശരാശരിയെക്കാൾ മുന്നിലാണ്. കേരളത്തിലെ സ്ത്രീകളും പെൺകുട്ടികളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സവിശേഷശ്രദ്ധ അർഹിക്കുന്നവയാണ്.

സ്കൂളുകളിൽ എത്തുകയും പഠനം തുടരുകയും ചെയ്യുന്ന കാര്യത്തിൽ കേരളത്തിലെ പെൺകുട്ടികളുടെ എണ്ണം ആശാവഹമാണ്. ധാരാളം പേർ ഉയർന്ന ബിരുദങ്ങൾ സമ്പാദിക്കുന്നുമുണ്ട്. ഉയർന്ന തൊഴിൽമേഖലകളിലും എത്തുന്നുണ്ട്. എന്നാൽ ഇവരുടെ സാമൂഹിക പ്രശ്നങ്ങളിലെ ഇടപെടലും പൊതുരംഗങ്ങളിലെ മുന്നേറ്റവും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആനുപാതികമായി വളരെ കുറവാണ്. സ്ത്രീയെ രണ്ടാംതരക്കാരിയാക്കുന്ന വിവേചനം നിലനിൽക്കുന്നുവെങ്കിൽ കേരളത്തിലെ കുട്ടികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ സ്ത്രീ-പുരുഷ സമത്വത്തിന്റെ കാഴ്ചപ്പാടിൽ നിന്നു പരിശോധിക്കപ്പെടേണ്ടതുണ്ട്. തികച്ചും സ്ത്രീ-പുരുഷ സമത്വത്തിലധിഷ്ഠിതമായ ഒരു സാമൂഹികവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് അതിനു യോജിച്ച തരത്തിൽ വിദ്യാഭ്യാസം നൽകിയേ മതിയാകൂ.

**എ. നേരിടേണ്ട പ്രശ്നങ്ങൾ**

- പെൺകുട്ടിയായതുകൊണ്ടു മാത്രം സമൂഹം കൽപ്പിക്കുന്ന വേർതിരിവുകൾ, ജോലികൾ എന്നിവ.
- ആദിവാസിമേഖലകൾ, ചേരികൾ, തീരപ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പെൺകുട്ടികൾക്ക് കുറഞ്ഞ തോതിലെങ്കിലും പഠനം നിഷേധിക്കപ്പെടുന്ന അവസ്ഥ.
- ക്ലാസ്മുറിയിലെ സ്ത്രീ-പുരുഷ വിവേചനപരമായ പെരുമാറ്റം.
- ഗാർഹികജോലികൾ സ്ത്രീകൾക്കായി നീക്കിവയ്ക്കപ്പെട്ടിരിക്കുന്ന അവസ്ഥ.
- തൊഴിൽമേഖലയിലെ പീഡനങ്ങൾ, വേതനവ്യത്യാസം

- നേരത്തേയുള്ള വിവാഹം
- സ്ത്രീധന സമ്പ്രദായവും കുടുംബവഴക്കുകളും
- പെൺകുട്ടികൾക്ക് തങ്ങളുടെ ഇഷ്ടമനുസരിച്ച് പഠനം തുടരുന്നതിനുള്ള അവസരമില്ലായ്മ
- തീരുമാനമെടുക്കേണ്ട മേഖലകളിൽ സ്ത്രീകളുടെ പ്രാതിനിധ്യക്കുറവ്
- ആത്മാഭിമാനത്തോടെ വളരാനും വികസിക്കാനുമുള്ള അവസരമില്ലായ്മ
- പെൺകുട്ടി വിവേചനം അനുഭവിക്കുന്നു എന്നു തിരിച്ചറിയാത്ത അവസ്ഥ
- അടിച്ചേല്പിക്കപ്പെടുന്ന സാമൂഹികവ്യവഹാരങ്ങൾ

**ബി. പാഠ്യപദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ**

- പാഠപുസ്തകത്തിൽ സ്ത്രീ-പുരുഷ സമത്വം എന്ന ആശയം പ്രതിഫലിക്കത്തക്ക വിധത്തിൽ ഉള്ളടക്കം, ഭാഷ, അവതരണം തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ വേണം. ഇത് എല്ലാ വിഷയങ്ങൾക്കും പ്രവർത്തനങ്ങൾക്കും ബാധകമാവണം.
- എല്ലാ ജോലികളും ആൺപെൺ വ്യത്യാസമില്ലാതെ ചെയ്യാവുന്നതാണ് എന്ന ധാരണയുണ്ടാക്കണം.
- സ്ത്രീധനം, സ്ത്രീവിവേചനം, പെൺകുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കുന്നത് തുടങ്ങിയ സാമൂഹികപ്രശ്നങ്ങൾ അതിനു സാധ്യത കൂടുതലുള്ള വിഷയങ്ങളിൽ, പ്രത്യേകിച്ചും സാമൂഹ്യശാസ്ത്രം, ശാസ്ത്രം എന്നിവയിൽ ഉൾക്കൊള്ളിക്കണം.
- സ്ത്രീകളുടെ ഭരണഘടനാപരമായ അവകാശങ്ങൾ, നിയമപരിരക്ഷ തുടങ്ങിയവ പാഠ്യപദ്ധതിയുടെ ഭാഗമാവണം.
- വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ള വനിതകൾ, സാധാരണ സ്ത്രീകൾ എന്നിവരുടെ പ്രവർത്തനമേഖല പരിചയപ്പെടാൻ അവസരമൊരുക്കണം.
- കൗമാരവിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമായിരിക്കണം. അതിന് ഓരോ ഘട്ടത്തിലും ആർജിക്കേണ്ട അറിവുകൾ നിശ്ചയിച്ച് പാഠ്യപദ്ധതിയിൽ വിന്യസിക്കണം.
- സ്കൂൾതലത്തിൽ കൗൺസിലിങ്ങിന് അവസരം വേണം. ഓരോ കുട്ടിയുടെയും സഞ്ചിതാലേഖം ടീച്ചർ കൗൺസിലർ സൂക്ഷിക്കണം.
- സ്ത്രീ-പുരുഷ വിവേചനം എന്ന പ്രശ്നവും അതിന്റെ പരിഹാരരീതികളും ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരുപോലെ ബോധ്യപ്പെടുത്താനുള്ള സമീപനം വേണം.
- സ്ത്രീ-പുരുഷ അസമത്വം നിലനിൽക്കുന്ന മേഖലകൾ കണ്ടുപിടിക്കുന്നതിനുള്ള പ്രോജക്ടുകൾ കുട്ടികൾക്കു നൽകണം.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തൊഴിൽപരിശീലനം നിർബന്ധമാക്കണം. അതിൽ പരമ്പരാഗത തൊഴിൽവിഭജനം മറികടക്കണം. എല്ലാ തൊഴിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ചെയ്യാൻ അവസരമൊരുക്കണം.
- പെൺകുട്ടികൾക്ക് നേതൃഗുണത്തിനുള്ള അവസരങ്ങൾ ലഭിക്കുന്നതിനും വിമർശനപരമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള ചർച്ചകൾ, പ്രോജക്ട്, ക്ലബ്ബുകൾ പോലുള്ള പ്രവർത്തനങ്ങൾ ധാരാളമായുണ്ടാവണം.
- സ്കൂളിൽ എല്ലാ തലങ്ങളിലും സഹവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണം. വിദ്യാലയാന്തരീക്ഷം സ്ത്രീ-പുരുഷ സമത്വസമീപനം ഉറപ്പുവരുത്തണം. അതിനനുയോജ്യമായ തരത്തിൽ കൂട്ടായ പ്രവർത്തനങ്ങൾ, ചുമതലകൾ എന്നിവ ഉണ്ടാകണം.

- സ്കൂൾതലത്തിൽ വ്യായാമങ്ങൾ നിർബന്ധമാക്കുന്നത് ശാരീരിക, മാനസിക, വൈകാരിക അവസ്ഥ മെച്ചപ്പെടുന്നതിനും ആരോഗ്യത്തിനും സഹായകമായിരിക്കും.
- പെൺകുട്ടികൾക്ക് അവരുടെ സവിശേഷ വ്യക്തിത്വം രൂപപ്പെടാനുള്ള അവസരമാണ് സ്കൂളിലുടനീളം ഉണ്ടാവേണ്ടത്.
- പെൺകുട്ടികൾക്ക് ആവശ്യത്തിന് അനുസരിച്ചുള്ള ടോയ്‌ലറ്റ് സൗകര്യങ്ങൾ നിശ്ചയമായും ഉണ്ടാവണം. ആരോഗ്യ സംരക്ഷണം ഉറപ്പാക്കാൻ റിഫ്രഷ്മെന്റ് സൗകര്യം നൽകണം.
- കൗമാരപ്രായത്തിലുള്ള കുട്ടികളുടെ പ്രശ്നങ്ങൾക്ക് സത്വര ശ്രദ്ധയുണ്ടാവണം.
- സാമൂഹികവും പ്രാദേശികവുമായ കീഴ്‌വഴക്കങ്ങൾ മൂലമുള്ള ആൺ-പെൺ വ്യത്യാസങ്ങളെ അതിജീവിക്കാൻ ഓരോ കുട്ടിക്കും പ്രാപ്തി നല്കുന്നതിന് പാഠ്യപദ്ധതി വിനിമയസന്ദർഭങ്ങൾ ശ്രദ്ധാപൂർവം പ്രയോജനപ്പെടുത്തണം.
- സ്ത്രീ-പുരുഷ സമത്വ അന്തരീക്ഷത്തിന് യോജിച്ച വിധത്തിൽ ഗാർഹികാന്തരീക്ഷം മാറുന്നതിനുതകുംവിധം രക്ഷാകർത്തൃ വിദ്യാഭ്യാസം പാഠ്യപദ്ധതി വിനിമയത്തിന്റെ ഭാഗമാക്കണം.
- അധ്യാപകവിദ്യാർഥികൾക്ക് സ്ത്രീ-പുരുഷ സമത്വം എന്ന ആശയം ആഴത്തിൽ പഠിക്കാൻ പാകത്തിൽ കരിക്കുലം രൂപപ്പെടണം. ടി.ടി.സി, ബി.എഡ്. കോഴ്സുകൾ ഇത്തരത്തിൽ പരിഷ്കരിക്കണം.
- അധ്യാപകപരിശീലനം സ്ത്രീ-പുരുഷ പദവിയിൽ സമത്വാവബോധം നൽകുന്ന തരത്തിലായിരിക്കണം.

### 2.5.2 സാമൂഹികവും സാംസ്കാരികവുമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള പരിഗണന

നമ്മുടേത് ബഹുത്വമുള്ള സമൂഹമാണ് (Plural society). പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിൽ എത്തിച്ചാൽ മാത്രമേ സാമൂഹികനീതി നടപ്പിൽവരുത്താൻ കഴിയൂ. സാമൂഹികവും സാംസ്കാരികവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ കുട്ടികളുടെ സമഗ്രവികാസം സാധ്യമാവുന്ന തരത്തിൽ ഇനിയും കേരളത്തിലെ വിദ്യാഭ്യാസരംഗം മാറിയിട്ടില്ല. ദാരിദ്ര്യത്തിന്റെ തുരുത്തുകളിൽ കഴിയുന്നവർ, തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾ തുടങ്ങി സാമൂഹികവും സാംസ്കാരികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കായി പൊതുവിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ ഇടം കണ്ടെത്തേണ്ടതുണ്ട്.

**എ. നേരിടേണ്ട പ്രശ്നങ്ങൾ**

- പല ആദിവാസിമേഖലകളിലും കുട്ടികൾക്ക് പോയിവരാൻ പാകത്തിൽ എൽ.പി, യു.പി. വിദ്യാലയങ്ങളില്ല.
- ദാരിദ്ര്യം കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സമാണ്.
- ആദിവാസി-ദലിത് വിഭാഗത്തിലുള്ള രക്ഷിതാക്കളിൽ എല്ലാവർക്കും വിദ്യാഭ്യാസത്തിന്റെ ഗുണവശങ്ങളെക്കുറിച്ച് ശരിയായ അവബോധമില്ല.
- ബാലവേല പഠനത്തിന് തടസ്സമാവുന്നു.
- വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാകാലം ലഭിക്കുന്നില്ല.
- വീട്ടിലിരുന്ന് പഠിക്കുന്നതിനുള്ള അന്തരീക്ഷത്തിന്റെ അഭാവം.
- പിന്നാക്കവിഭാഗങ്ങൾക്കായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ സൗകര്യക്കുറവ്.
- പല ആദിവാസിസമൂഹങ്ങളുടെയും ഭാഷയ്ക്കനുസരിച്ചുള്ള പഠനസാമഗ്രികളുടെ അഭാവം.

- പ്രാദേശിക സവിശേഷതകൾ, ജീവിതരീതി, തൊഴിൽസംസ്കാരം, കല, സാഹിത്യം എന്നിവ പോഷിപ്പിക്കപ്പെടാത്ത അവസ്ഥ.
- ചില വിഭാഗങ്ങളുടെയിടയിൽ ഇന്നും നിലനിൽക്കുന്ന ഉച്ചനീചത്വങ്ങൾ, അന്ധവിശ്വാസം തുടങ്ങിയവ.
- പരമ്പരാഗതമായി ആർജിച്ചും പാലിച്ചും പോന്ന ജീവിതവ്യവസ്ഥയുടെ മേൽ പുതിയ മൂല്യവ്യവസ്ഥയുടെയും മറ്റും കടന്നുകയറ്റം മൂലം വന്നുചേർന്ന സന്ദിഗ്ധാവസ്ഥ.
- ഈ വിഭാഗങ്ങളിലെ കുട്ടികൾ അവരുടെ ജീവിതചുറ്റുപാടിൽ നിന്നാർജിച്ച കഴിവുകൾ (പ്രകൃതിയോടിടപഴകൽ, ജീവിതസന്ധികളെ മറികടക്കാനുള്ള ശേഷി, കൈവേലകൾ) ക്ലാസ്മുറിയിൽ പരിഗണിക്കപ്പെടാത്ത അവസ്ഥ.
- വിവേചനാനുഭവങ്ങളാൽ സ്വയം അപകർഷബോധത്തിൽ എത്തുന്ന സ്ഥിതി.
- തൊഴിലിനു പോകുന്നവർ അവരുടെ മക്കളുടെ വിദ്യാഭ്യാസം നിലവിലുള്ള സ്കൂൾസമയത്തിനനുസരിച്ച് ക്രമീകരിക്കുമ്പോൾ വീട്ടിൽ ഏറെ സമയം കുട്ടികൾക്ക് ഒറ്റപ്പെട്ടു കഴിയേണ്ട സ്ഥിതി.
- കുട്ടിക്ക് പഠനസംബന്ധമായി നൽകേണ്ട വൈകാരികമായ സഹായത്തെക്കുറിച്ചുള്ള അറിവില്ലായ്മ.

ഇതൊക്കെ ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസനേട്ടത്തിനു വിഘാതമായ ഘടകങ്ങളാണ്. ക്ലാസ് മുറിയിൽ ഈ ഘടകങ്ങൾ പരിഹരിക്കാനുള്ള ഇടപെടലുകളുണ്ടാകണം. ആദിവാസി-ദലിത് വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സഹജപാരമ്പര്യങ്ങളെ വിലമതിക്കുകയും ഉദാത്തീകരിക്കുകയും വേണം. ഭാഷ, വേഷം, ആചാരങ്ങൾ, തൊഴിലുകൾ, വിശ്വാസങ്ങൾ, ആരോഗ്യപരിപാലനം, കല, സാഹിത്യം എന്നിങ്ങനെ വിവിധ ഇനങ്ങളായി പാരമ്പര്യത്തെ വർഗീകരിക്കാം. ഇവയാണ് ദലിത് വിഭാഗത്തെ സ്വത്വപരമായി ഒന്നിപ്പിക്കുന്നത്.

- ആദിവാസിവിഭാഗങ്ങൾ ഉപയോഗിക്കുന്ന ഭാഷയിൽ വംശീയസ്വഭാവം അന്തർലീനമാണ്. അതിലൂടെ ആശയവിനിമയം നടത്തുന്നതിനും പഠനത്തിനുമവസരം വേണം. അതിനു പറ്റിയ പഠനസാമഗ്രികളുണ്ടാവണം.
- വേഷവിധാനം സംസ്കാരത്തിന്റെ സവിശേഷതയാണ്. ഇതിനെ സാംസ്കാരികമായി ഏവരും ഉൾക്കൊള്ളണം.
- പരമ്പരാഗത തൊഴിലുകളെ മാനിക്കൽ (കുട്ടമെടയൽ, പായനെയ്ത്ത്, വനവിഭവശേഖരണം, കരകൗശലങ്ങൾ, ചിത്രവേലകൾ). ഇതിനുള്ള സന്ദർഭങ്ങൾ പഠനത്തിന്റെ ഭാഗമാക്കണം. ഇതു പ്രാദേശിക വൈവിധ്യം പരിഗണിച്ചുകൊണ്ട് എല്ലാ കുട്ടികൾക്കുമുള്ള അനുഭവമാകണം. ഈ തൊഴിലുകളുടെ ആധുനികവത്ക്കരണത്തിനുള്ള സാധ്യതകൾ ഒരുക്കണം.
- സാഹിത്യം - നാടൻപാട്ടുകൾ, കഥകൾ, മിത്തുകൾ, ഐതിഹ്യങ്ങൾ, നാടൻകലകൾ തുടങ്ങിയവ ഓരോ വിഭാഗത്തിന്റെയും നാടോടി സാഹിത്യത്തിന്റെ തനതായ ഈടുവയ്പുകളാണ്. ഇവ ഭാഷാ സാഹിത്യപഠനങ്ങൾക്ക് പരമാവധി ഉപയോഗിക്കണം.

**ബി. അധ്യാപകരുടെ സമീപനം**

ഓരോ ജനവിഭാഗത്തിന്റെയും സ്വത്വപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞ് അതിനെ ആദരിക്കുന്ന മനോഭാവം അധ്യാപകരിൽ ഉണ്ടാവണം. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഉയർന്നുവരാനുള്ള ആത്മവിശ്വാസം അധ്യാപകരുടെ സമീപനത്തിൽ നിന്ന് ലഭ്യമാവണം. തുല്യ

നീതിയെ സംബന്ധിച്ച ശാസ്ത്രീയമായ കാഴ്ചപ്പാട് അധ്യാപകന് ഒഴിച്ചുകൂടാത്തതാണ്.

കുട്ടികളിലെ സ്വാഭിമാനത്തിനും സ്വാശ്രയത്വത്തിനും ഊന്നൽ നൽകണം. സ്വന്തം സംസ്കാരത്തെ തിരിച്ചറിയുകയും ബഹുമാനിക്കുകയും അവയുടെ സംരക്ഷണത്തിൽ താത്പര്യം ജനിപ്പിക്കുകയും വേണം. പിന്നാക്കവിഭാഗങ്ങളുടെ സാമൂഹീകരണ പ്രക്രിയയെ ത്വരിതപ്പെടുത്തുകയെന്നതും വിദ്യാഭ്യാസത്തിന്റെ ആവശ്യമാണ്. വിദ്യാഭ്യാസം നേടുന്ന വ്യക്തികൾ നേതൃത്വനിരയിലേക്കും അധികാരഘടനയിലേക്കും കടന്നുവരണം.

നിരന്തരമായ ശാക്തീകരണത്തിന് സ്കൂൾ പാഠ്യപദ്ധതിയിൽ വ്യവസ്ഥ വേണം. വിദ്യാഭ്യാസലക്ഷ്യം നേടുന്നതുവരെ ഓരോ കുട്ടിയെയും നയിച്ചുകൊണ്ടുപോകാൻ കഴിയണം.

വിദ്യാലയത്തെ മറ്റൊരു ഗൃഹമായി അനുഭവപ്പെടാൻ തക്ക അന്തരീക്ഷം സൃഷ്ടിക്കപ്പെടണം. സ്വാഭാവികമായി ഇടപഴകാനുള്ള, തുല്യതയിൽ പ്രവർത്തിക്കുന്നതിനുതകുന്ന സംസ്കാരം സ്കൂളിൽ സൃഷ്ടിക്കപ്പെടണം.

### 2.5.3 പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം

ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസ പരിപാടിയിലെ മുഖ്യ ഊന്നലുകളിൽ ഒന്ന് മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കുക എന്നതാണ്. ഈ ലക്ഷ്യം പൂർണമായും സാക്ഷാത്കരിക്കാൻ ശാരീരികമോ മാനസികമോ ആയ പ്രശ്നങ്ങളോ പരിമിതികളോ അനുഭവിക്കുന്ന എല്ലാ വിഭാഗം കുട്ടികളെയും സ്കൂളിലെത്തിക്കണം. ഇതിന്റെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പൊതുധാരയിൽ എത്തിക്കാൻ "ഉൾപ്പെടുത്തിയുള്ള" വിദ്യാഭ്യാസം (Inclusive Education) കേരളത്തിലും നടപ്പാക്കേണ്ടതുണ്ട്.

**ഉൾക്കൊള്ളൽ നയം**

*എല്ലാ സ്കൂളുകളിലും വിദ്യാഭ്യാസവ്യവസ്ഥയിൽ ആകെത്തന്നെ എല്ലാവരെയും ഉൾക്കൊള്ളുന്ന, ആരെയും പുറന്തള്ളാത്ത ഒരു നയം നടപ്പാക്കണം. സ്കൂളിലും പുറത്തുമുള്ള എല്ലാ ജീവിതമണ്ഡലങ്ങളിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. സ്കൂളുകൾ കുട്ടികളെ ഭാവിജീവിതത്തിനായി തയാറാക്കുന്ന ഇടങ്ങളാണ്. വ്യത്യസ്ത ശേഷികളോടുകൂടിയ കുട്ടികളുണ്ട്. പ്രാന്തവൽക്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നു വരുന്ന കുട്ടികളുണ്ട്, ദുരിതം നിറഞ്ഞ സാഹചര്യങ്ങളിൽ നിന്നു വരുന്ന കുട്ടികളുണ്ട്. അവർക്കെല്ലാം പരമാവധി നേട്ടമുണ്ടാക്കുന്ന ഒരു ഇരിപ്പിടമായിരിക്കണം സ്കൂൾ. തങ്ങളുടെ സവിശേഷമായ കഴിവുകൾ പ്രകടിപ്പിക്കാനും സമവയസ്കരുമായി അവ പങ്കിടാനുമുള്ള സന്ദർഭങ്ങൾ കുട്ടികൾക്ക് ഏറെ ഉത്സാഹവും പങ്കാളിത്തവും നൽകുന്നു. നമ്മുടെ സ്കൂളുകളിൽ ഒരേ കുട്ടികളെത്തന്നെ വീണ്ടും വീണ്ടും തിരഞ്ഞെടുക്കുന്ന പ്രവണത കാണാം. ഈ അവസരങ്ങളിൽനിന്ന് ആ ചെറിയ ഗ്രൂപ്പിന് നേട്ടമുണ്ടാകുന്നുണ്ട്. അവരുടെ ആത്മവിശ്വാസം കൂടുന്നു. അവരുടെ ദൃഢത വർധിക്കുന്നു. എന്നാൽ മറ്റു കുട്ടികൾ ആവർത്തിച്ചാവർത്തിച്ച് നിരാശപ്പെടുന്നു. സ്കൂളിലുള്ള കാലമത്രയും പൊതു അംഗീകാരത്തിനും കൂട്ടുകാരുടെ അംഗീകാരത്തിനുമായി ദാഹിക്കുന്നു. മേന്മയും കഴിവുകളും എടുത്തുകാട്ടി അവരെ പ്രോത്സാഹിപ്പിക്കാം. അതേസമയം എല്ലാ കുട്ടികൾക്കും അവസരങ്ങൾ നൽകുകതന്നെ വേണം. ഓരോരുത്തരുടെയും സവിശേഷമായ കഴിവുകൾ അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും വേണം.*

*ശാരീരികവും മാനസികവുമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന കുട്ടികളും ഇതിൽപ്പെടുന്നു. നിർദിഷ്ട പ്രവർത്തനങ്ങൾ ചെയ്തുതീർക്കാൻ അവർക്ക് കൂടുതൽ സമയം വേണ്ടിവന്നേക്കും. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ക്ലാസിലെ എല്ലാ കുട്ടികളുമായി അവ ചർച്ചചെയ്യുകയും ഓരോ കുട്ടിക്കും അതിലേക്ക് സംഭാവന നൽകാൻ അവസരം സൃഷ്ടിക്കുകയും ചെയ്യുന്നതു നന്നായിരിക്കും. എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് അധ്യാപകർ പ്രത്യേകം ശ്രദ്ധ നൽകണം. അധ്യാപകർ എന്ന നിലയ്ക്കുള്ള അവരുടെ മേന്മയുടെ ഒരു അളവുകോൽ ആയിരിക്കും ഇത്.*

***NCF - 2005***

# 3

# പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

ഏതൊരു പാഠ്യപദ്ധതി പരിഷ്കരണ പ്രക്രിയയിലും പഠനത്തെ സംബന്ധിച്ച ചില സുപ്രധാന കാര്യങ്ങളിൽ വ്യക്തമായ നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്. ഈ നിലപാടുകൾ സ്വീകരിക്കുന്നത് എന്തുകൊണ്ടാണെന്നും അവ പ്രയോഗത്തിൽ വരുത്താൻ എന്തെന്ത് പുതിയ നടപടികളാണ് കൈക്കൊള്ളുക എന്നും വ്യക്തമാക്കേണ്ടതുമുണ്ട്. ഇപ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ട ചില ചോദ്യങ്ങളാണ്,

1. കുട്ടികൾ എന്തിനാണ് പഠിക്കുന്നത്?
2. കുട്ടികൾ എന്താണ് പഠിക്കേണ്ടത്?
3. കുട്ടികൾ എങ്ങനെയാണ് പഠിക്കേണ്ടത്?

ഇതിൽ ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരം മുൻ അധ്യായങ്ങളിൽ കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ട്. നിശ്ചിതമായ ഗുണവിശേഷങ്ങളുള്ള ഒരു ഭാവിസമൂഹത്തെ നിർമിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും അതുവഴി വ്യക്തിയുടെയും സമൂഹത്തിന്റെയും വിമോചനമെന്ന വിശാലമായ കാഴ്ചപ്പാട് സാധ്യമാക്കാമെന്നും സൂചിപ്പിക്കുകയുണ്ടായി.

## 3.1 പഠനത്തിന്റെ ഉള്ളടക്കം

കുട്ടികൾ എന്താണ് പഠിക്കേണ്ടത് എന്നത് മേൽ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കണം. നിലവിലുള്ള സാമൂഹികസാഹചര്യത്തെ വിശകലനം ചെയ്തും അതിനകത്ത് വ്യക്തിയുടെ സ്ഥാനം അടയാളപ്പെടുത്തിയുമാണ് ഇക്കാര്യം നിർവഹിക്കേണ്ടത്.

നിലവിലുള്ള സമൂഹത്തിൽ ഒട്ടേറെ വൈരുധ്യങ്ങൾ നിലനിൽക്കുന്നു. സാമ്പത്തികമായ വിവിധ തട്ടുകളും അധികാരത്തിന്റെ അനവധി രൂപങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. സാംസ്കാരികവും സാമൂഹികവും സ്ത്രീ-പുരുഷ ഭേദപരവും മറ്റുമായ വേർതിരിവുകൾ ഉച്ചനീചപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും വളർച്ചയിലൂടെ മനുഷ്യസമൂഹം ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം എല്ലാവരിലും ഒരുപോലെ എത്തിയിട്ടില്ല. മാത്രമല്ല, നിലനിൽക്കുന്ന വേർതിരിവുകളെ അവ ഒന്നുകൂടി രൂക്ഷമാക്കുകയും ചെയ്തിരിക്കുന്നു. ആഗോളവത്ക്കരണവും കച്ചവടവത്ക്കരണവും മുമ്പു നേടിയ പല നേട്ടങ്ങളും ഇല്ലാതാക്കുന്നു.

സമ്പത്തിന്റെ കേന്ദ്രീകരണം, വിപണികളുടെ വ്യാപനം, ആഗ്രഹങ്ങളുടെ നിർമാണം എന്നിവ തകൃതിയായി നടക്കുന്നു. ഇതിനിടയിൽ കൃഷി, പരമ്പരാഗത വ്യവസായം തുടങ്ങിയവ തകരുന്നു. അഴിമതി, അക്രമം, ആത്മഹത്യ, വർഗീയത, അന്ധവിശ്വാസം എന്നിവ പെരുകുന്നു.

ഈ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം എന്താവണം എന്ന ചോദ്യം പ്രധാനമാണ്. ഒരു കാര്യം ഉറപ്പാണ്, ഇന്നലെയുടെ വസ്തുനിഷ്ഠമായ വിലയിരുത്തലും ഇന്നിന്റെ ശരിയായ വ്യാഖ്യാനവും വഴി മാത്രമേ മെച്ചപ്പെട്ട ഒരു നാളെയെ കെട്ടിപ്പടുക്കാനാവൂ.

അതുകൊണ്ടുതന്നെ വർത്തമാനകാല യാഥാർഥ്യത്തെ ക്ലാസ് മുറിക്കു പുറത്തുനിർത്താനാവില്ല. കുട്ടിയുടെ ജീവിതത്തെത്തന്നെ ഇത്തരം പല യാഥാർഥ്യങ്ങളും ശക്തമായി നിർണയിച്ചുകൊണ്ടിരിക്കുകയാണ്. സമൂഹത്തോട് പ്രതിബദ്ധതയും വിമർശനാവബോധവുമുള്ള ഒരു തലമുറ രൂപപ്പെടണമെങ്കിൽ വിദ്യാഭ്യാസത്തിലൂടെ അതിനു തുടക്കമിടണം. ഇന്നത്തെ ജീവിതത്തെ അറിഞ്ഞുകൊണ്ടാണ് നാളത്തെ ജീവിതത്തിന് തയാറെടുക്കേണ്ടത്.

എങ്കിൽ ഉള്ളടക്കം വികസിച്ചുവരേണ്ടത് കുട്ടിയുടെ അനുഭവപരിസരത്തുനിന്ന് ആവണം. സമൂഹം പൊതുവിൽ നേരിട്ടുകൊണ്ടിരിക്കുന്ന വലിയ പ്രശ്നങ്ങളുമായി ഇത്തരം അനുഭവങ്ങൾക്കു ബന്ധമുണ്ട്. വ്യക്തിയെ പല രീതിയിൽ നമുക്ക് അടയാളപ്പെടുത്താം. അതിനു ചെറുതും വലുതുമായ പല പരിധികളും കല്പിക്കാം. എങ്കിലും സാംസ്കാരികമായ ഒരു തലം വച്ചു നോക്കിയാൽ കേരളം എന്നതു പലതിന്റെയും അടിത്തറയായി വർത്തിക്കും. അതുകൊണ്ട് കേരളം എന്ന അടിസ്ഥാന ജീവിതയാഥാർഥ്യത്തിനകത്തു നിന്നുകൊണ്ട്, തന്നെ നിർമിക്കുന്ന പ്രാദേശികവും ദേശീയവും ആഗോളവുമായ യാഥാർഥ്യങ്ങളെ കുട്ടി വിശകലനം ചെയ്യുന്നത് പഠനത്തെ അർഥവത്താക്കുമെന്നു നാം കരുതുന്നു. കേരളസമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന മുഖ്യപ്രശ്നങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് പാഠ്യപദ്ധതിയെ പൊതുവിൽ രൂപകല്പന ചെയ്യുന്നത് പഠനത്തെ യാഥാർഥ്യത്തിൽ അധിഷ്ഠിതമാക്കുമെന്നു പ്രതീക്ഷിക്കുന്നു.

കേരളസമൂഹം നേരിടുന്ന പ്രശ്നങ്ങൾ എന്നത്, നമ്മുടെ മാത്രം പ്രശ്നങ്ങളല്ല. അതിന് പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ കാരണങ്ങളും വിതാനങ്ങളുമുണ്ട്. കേരളത്തിലെ പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ നിശ്ചയമായും ആഗോളതലത്തിൽ അനുഭവപ്പെടുന്ന വ്യാപകമായ പരിസ്ഥിതിനാശവും അതിന്റെ ഭാഗമായി ഉണ്ടായിവന്നിട്ടുള്ള തിരിച്ചറിവുകളും കടന്നുവരും. ചുരുക്കത്തിൽ, മൂർത്തമായ ഒരനുഭവയാഥാർഥ്യം എന്ന നിലയിൽ കേരളം പാഠ്യപദ്ധതിയിൽ നിലനിൽക്കും. ഒപ്പം മറ്റെല്ലാ തലങ്ങളിലും വിതാനങ്ങളിലുമുള്ള പഠനം വഴക്കവുമുള്ള ഒരു നിമിത്തമായി അത് വർത്തിക്കുകയും ചെയ്യും.

ഭരണഘടന വിഭാവന ചെയ്യുന്നതും ദേശീയമായി നിർണയിക്കപ്പെട്ടതുമായ മൂല്യങ്ങളും കാഴ്ചപ്പാടുകളും ഈ പാഠ്യപദ്ധതി രൂപീകരണത്തിൽ നിർണായകമായി വർത്തിക്കും. ദേശീയ ബോധം, ജനാധിപത്യവീക്ഷണം, മതേതര കാഴ്ചപ്പാട്, സ്ഥിതിസമത്വചിന്ത, സാംസ്കാരിക ത്തനിമയിലുള്ള അഭിമാനം, പരിസ്ഥിതി അവബോധം, പാർശ്വവത്കരിക്കപ്പെടുന്നവരോടുള്ള പ്രത്യേക പരിഗണന തുടങ്ങിയവയെല്ലാം പുതിയ തലമുറയിൽ നിർമിച്ചെടുക്കാൻ ഈ പാഠ്യപദ്ധതി പ്രതിജ്ഞാബദ്ധമായിരിക്കും.

ഏതു മൂല്യവും രൂപപ്പെടേണ്ടത് അനുഭവങ്ങളുടെ ഭാഗമായാണ്. നിലനിൽക്കുന്ന പ്രശ്നങ്ങളുടെ വിചിന്തനത്തിലേക്കും അതിലൂടെയുണ്ടാക്കുന്ന തിരിച്ചറിവിലേക്കും നയിക്കുന്ന അനുഭവങ്ങൾ ലഭിക്കേണ്ടതുണ്ട്. ഉദാഹരണമായി, പരിസ്ഥിതിത്തകർച്ചയുടേതായ സമകാലിക യാഥാർഥ്യത്തെ തിരിച്ചറിയുക, അതിൽ എങ്ങനെ ഇടപെടണമെന്ന് പര്യാലോചിക്കുക, കുട്ടികളുടെ ഇടപെടൽ തലങ്ങളിൽ അതിന് അവസരമുണ്ടാക്കുക എന്നിവ പാരിസ്ഥിതിക അവബോധം ശരിയായി രൂപപ്പെടുന്നതിന് അത്യാവശ്യമാണ്. അല്ലാത്തപക്ഷം മൂല്യവിദ്യാഭ്യാസം കുട്ടിയിൽ യാതൊരു മാറ്റവും ഉണ്ടാക്കില്ല.

സാമൂഹികപ്രശ്നങ്ങളെ കേന്ദ്രീകരിച്ചാണ് പാഠ്യപദ്ധതി രൂപപ്പെടുത്തുക എന്നു സൂചിപ്പിച്ചു. ഇതിനർഥം ചെറിയ ക്ലാസ് തൊട്ടേ സാമൂഹികപ്രശ്നങ്ങൾ ബൃഹദ് രൂപത്തിൽ കുട്ടിയുടെ മുന്നിൽ വരുക എന്നല്ല. പ്രായത്തിനും അനുഭവപരിചയത്തിനും യോജിക്കുന്ന, അഥവാ ഉൾക്കൊള്ളാൻ കഴിയുന്ന ചെറിയ ഒരു പ്രശ്നമായാവും അതു കുട്ടിയുടെ അനുഭവസീമയിൽ വരുക.

ക്രമേണ അതിന്റെ വ്യാപ്തി വർധിക്കും. ചിലപ്പോൾ അതു സാമൂഹികപ്രശ്നവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടുകിടക്കുന്ന ഒരു അക്കാദമികപ്രശ്നമായും വരാം. ഏതായാലും സാമൂഹികപ്രശ്നങ്ങളെ കേന്ദ്രീകരിച്ചോ ബന്ധപ്പെട്ടോ ഉള്ള പ്രശ്നോന്നീതവിദ്യാഭ്യാസമാണ് പാഠ്യപദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

ഇത്തരം പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും വിശകലനം ചെയ്യുന്നതിനും ശാസ്ത്രത്തിന്റെ ആശയങ്ങളും പഠനരീതിയും ആവശ്യമായി വരും. പ്രസ്തുത പ്രശ്നത്തെ അളവുപരമായും യുക്തിയുക്തമായും സമീപിക്കാൻ ഗണിതം ഉപയോഗിക്കേണ്ടി വരും. അതിന്റെ സാമൂഹിക വിശകലനം സാമൂഹികശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് നിർവഹിക്കാൻ സാധിക്കും. ഭാഷകളാവട്ടെ, പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ബന്ധപ്പെട്ട കാര്യങ്ങൾ വിനിമയം ചെയ്യുന്നതിനും പ്രതികരിക്കുന്നതിനുമുള്ള ശക്തമായ ഉപകരണങ്ങളായി വർത്തിക്കും. അനുഭവം, ആവിഷ്കരണം, പരിഹാരം തുടങ്ങിയ തലങ്ങളിൽ കലാ-കായിക-പ്രവൃത്തിപരിചയ മേഖലകളും കടന്നുവരും. ചെറിയ ക്ലാസുകളിൽ ഇവ ഉദ്ഗ്രഥിതമായിത്തന്നെ കൈകാര്യം ചെയ്യാനാവും. മുകളിലോട്ടു വരുന്തോറും വേർതിരിവും വിശേഷവത്കരണവും സംഭവിക്കും.

നിശ്ചിതമായ ലക്ഷ്യത്തിന്റെയും സമീപനത്തിന്റെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന അറിവുകളും വിരുതുകളും ആണ് ഓരോ വിഷയത്തിലും ഉണ്ടാവുക. കുട്ടികളുടെ പ്രായത്തിന്റെയും മുന്നറിവുകളുടെയും പഠനരീതികളുടെയും ഇടപെടൽതലത്തിന്റെയും അടിസ്ഥാനത്തിൽ അവ ചാക്രികമായി വിന്യസിക്കും. ജഡമായ കുറേ വിജ്ഞാനശകലങ്ങൾ, അവ പണ്ടേ പഠിച്ചുവരാറുണ്ട് എന്ന ഒറ്റ ന്യായത്തിൽ, പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തില്ല. മുൻപാഠ്യപദ്ധതികളിൽ പരിഗണിക്കപ്പെടാത്ത പല വിജ്ഞാനഘടകങ്ങളും വിശകലനരീതികളും പ്രക്രിയകളും പ്രതികരണപ്രവർത്തനങ്ങളും പുതുതായി കടന്നുവരാനും സാധ്യതയുണ്ട്. അറിവ് എന്നതു സാമൂഹികമായി സൃഷ്ടിക്കപ്പെടുന്നതും സാംസ്കാരികമായി നിർണയിക്കപ്പെടുന്നതും ചരിത്രപരമായി അടയാളപ്പെടുത്തുന്നതുമായ ഒരു യാഥാർഥ്യമാണ് എന്നു തിരിച്ചറിയണം. അതു വിഷയത്തിന്റെ കേവലമായ ഉള്ളടക്കമെന്ന നിലയിൽ പരിമിതപ്പെട്ടതാവരുത്. മറിച്ച് വിശാലമായ സാമൂഹിക യാഥാർഥ്യത്തിനകത്തുകൂടി അതു പ്രസക്തമാവണം.

ഇങ്ങനെ പറയുമ്പോൾത്തന്നെ, ദേശീയ പാഠ്യപദ്ധതിയുടെ ഉള്ളടക്കതലങ്ങൾ നാം പരിഗണിക്കും. ഒപ്പം സാമൂഹികപ്രസക്തമായ അറിവിന്റെ കാര്യത്തിൽ നാം ഏറെ മുന്നോട്ടുപോവുകയും ചെയ്യും. കുട്ടിയുടെ ഗ്രഹണശേഷിയും ആശയപരമായ മേൽ-കീഴ് ബന്ധവും പരിഗണിച്ചുകൊണ്ടുള്ള പ്രസക്തമായ ചില അഴിച്ചുപണികളും ഈ പാഠ്യപദ്ധതിയിൽ ഉണ്ടാവും.

ദേശീയ പാഠ്യപദ്ധതി നിർദേശിച്ച വിമർശനാത്മക ബോധനശാസ്ത്രം ഉള്ളടക്കനിർണയത്തിലും സ്വാധീനം ചെലുത്തും. സമൂഹത്തിലുള്ള വൈരുധ്യം ക്ലാസ് മുറിയിലും പ്രകടമാകുമെന്ന് നേരത്തേ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം വൈരുധ്യങ്ങളെ പുനർനിർമിക്കുന്ന ഇടമായും ക്ലാസ് മുറികൾ മാറാനിടയുണ്ട്. ചില അറിവുകളെ ശ്രേഷ്ഠമായും മറ്റു ചിലതിനെ മ്ലേച്ഛമായും പാഠപുസ്തകങ്ങളിൽ ചിത്രീകരിക്കുന്ന സ്ഥിതി ഉണ്ടാവാറുണ്ട്. സംസ്കാരം, ഭാഷ, ജീവിതാവസ്ഥകൾ എന്നിവയെല്ലാം മേലാള പക്ഷപാതിത്വത്തോടെ ചിത്രീകരിക്കാറുണ്ട്. കീഴാള വിഭാഗങ്ങളിൽ നിന്നു വരുന്ന കുട്ടികൾക്ക് ഇവയൊക്കെ ഉണ്ടാക്കുന്ന ആഘാതം ചെറുതല്ല. ആകയാൽ, വിമർശനാത്മകമായ ഒരു തലത്തിൽ നിന്നു വേണം പാഠപുസ്തകങ്ങളിലെ ഉള്ളടക്കം, ഭാഷ, ചിത്രീകരണം തുടങ്ങിയവ ചിട്ടപ്പെടുത്തുന്നത്.

പഠിക്കുക എന്നതിനർഥം അറിയുക എന്നതിനൊപ്പം മാറുക എന്നുകൂടിയാണ്. കേവലമായ വിവരങ്ങൾ ശേഖരിച്ചതു കൊണ്ടായില്ല. അവ ജ്ഞാനനിർമാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ മാത്രമാണ്. വിവരങ്ങളെ അപഗ്രഥിച്ച് ചില നിഗമനങ്ങളിൽ എത്തിയതുകൊണ്ടുമാകുന്നില്ല. ആ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന അവസ്ഥയിൽ മാറ്റം വരുത്താൻ പര്യാപ്തമായ നിർദേശങ്ങളും പ്രതികരണങ്ങളും ഉണ്ടാവണം. എന്തുകൊണ്ട് പുഴകൾ മലിനീകരിക്കപ്പെടുന്നു, ദരിദ്രർ അപമാനിക്കപ്പെടുന്നു, എല്ലാം വില്പനച്ചരക്കായി മാറുന്നു, നാട്ടുഭാഷാപദങ്ങൾ അന്യം നിൽക്കുന്നു, പ്രാദേശിക തൊഴിൽക്കൂട്ടങ്ങൾ തകർന്നടിയുന്നു, പെൺകുട്ടികൾ രണ്ടാം തരം പൗരാവസ്ഥയിൽ കഴിയുന്നു, മാധ്യമങ്ങളിൽ ചുറ്റുമുള്ള ജീവിതം കാണാതെപോവുന്നു, മഹത്തായ മതമൂല്യങ്ങളെ വർഗീയത കൈയേറുന്നു, ലാളിത്യം ഒരു മൂല്യമല്ലാതായിത്തീരുന്നു, യുദ്ധം അടിച്ചേൽപ്പിക്കപ്പെടുന്നു എന്നൊക്കെ ഓരോ പഠിതാവിനും ചിന്തിക്കാനാവണം. നേടിയ അറിവുകൾ പ്രകാശിപ്പിക്കാനും നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാനും പ്രതികരണങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കാനും നിലപാടുകൾ ആവിഷ്കരിക്കാനും നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാനും ബദലുകൾ കണ്ടെത്താനും അവസരമുണ്ടാവണം. ചുരുക്കത്തിൽ, സാമൂഹികമായി നിർമിച്ച അറിവിനെ വിമർശനാത്മകമായ പ്രതികരണത്തിന്റെ തലത്തിലേക്ക് ഉയർത്തുന്ന ഉള്ളടക്കവിതാനം പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കണം.

## 3.2 പഠനത്തിന്റെ രീതി

മനഃശാസ്ത്രം കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ ലോകത്തിനു നൽകിയ തിരിച്ചറിവുകളെ വിവേകപൂർവം പരിശോധിച്ചുകൊണ്ടേ ഇക്കാര്യത്തിൽ ചില ഉറച്ച നിലപാടുകളിൽ എത്താനാവൂ. തള്ളേണ്ടവ തള്ളാനും കൊള്ളേണ്ടവ കൊള്ളാനുമുള്ള ആർജവം നാം കൈക്കൊണ്ടേ പറ്റൂ.

വിദ്യാഭ്യാസ മനഃശാസ്ത്രത്തിൽ ഒരേ കാലഘട്ടത്തിൽ ഒട്ടേറെ ശാഖകൾ രൂപപ്പെടുകയുണ്ടായി. എന്നാൽ വ്യാപകമായി സ്വീകരിക്കപ്പെട്ടതും വളരെക്കാലം സ്വാധീനം ചെലുത്തിയതും വ്യവഹാരവാദമാണ്. ചോദക-പ്രതികരണബന്ധത്തിന്റെ നിർമാണമാണ് അടിസ്ഥാനപരമായി പഠനപ്രക്രിയയായി ഇവർ മുന്നോട്ടുവച്ചത്. നടപ്പാക്കാൻ എളുപ്പമുള്ള ഒരു പദ്ധതിയായിരുന്നു ഇതെന്നതിൽ സംശയമില്ല. പരമ്പരാഗതമായി നിലനിന്ന ഉരുവിട്ടു പഠിക്കൽ, ശിക്ഷിച്ചു മെച്ചപ്പെടുത്തൽ, അറിവിന്റെ കൈമാറ്റം, അധ്യാപകന്റെ ചോദ്യം ചെയ്യപ്പെടാത്ത സ്ഥാനം എന്നിവയ്ക്ക് ഈ കാഴ്ചപ്പാട് നല്ല ന്യായീകരണമായി മാറി.

നൈസർഗികവാസനകളാൽ മാത്രം നയിക്കപ്പെടുന്ന ഏതാനും ജീവികളിൽ നടത്തിയ പരീക്ഷണങ്ങളായിരുന്നു വ്യവഹാരവാദത്തിന് ആധാരം. ഇവർ കണ്ടെത്തിയ ചില മാതൃകകളാണ് മനുഷ്യശിശുക്കളുടെ പഠനത്തിനും ശുപാർശ ചെയ്തത്. മനുഷ്യനൊഴികെയുള്ള ജീവികളുടെ കാര്യത്തിൽ മുതിർന്ന അംഗങ്ങൾ ചെയ്യുന്നത് കണ്ടും അനുകരിച്ചും ആവർത്തിച്ചും ആണ് കുഞ്ഞുങ്ങൾക്ക് വളരുന്നത്. ഏതാനും കാര്യങ്ങൾ അവയ്ക്കു ജന്മസിദ്ധമായും ലഭിക്കും. അനുഭവങ്ങളെ വിശകലനം ചെയ്യാനും സഹപാഠികളുമായും മുതിർന്നവരുമായും ചർച്ചയിലും സംവാദങ്ങളിലും ഏർപ്പെടാനും സഹായിക്കുന്ന ആശയവിനിമയ ഉപാധികളും ഉയർന്ന മാനസികശേഷികളും ഈ ജീവികൾക്കില്ല. എന്നാൽ ഇത്തരം കഴിവുകളുള്ള മനുഷ്യശിശുവിന്റെ കാര്യത്തിലും ജന്മവാസനയുടെയും അനുകരണത്തിന്റെയും ചോദക-പ്രതികരണ ബന്ധരൂപീകരണത്തിന്റെയും പരിമിത വഴികളേ നിർദേശിക്കാനുള്ളൂ എന്നത് ഈ വിചാരമാതൃകയെ നിരാകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

രണ്ടാമതായി പരിഗണനയിൽ വരുന്നത് മനുഷ്യവ്യക്തിത്വത്തിൽ അചഞ്ചലമായ വിശ്വാസം പ്രകടിപ്പിച്ച മാനവികതാവാദമാണ്. പഠിതാവിന്റെ പ്രകൃതം മാനിക്കണമെന്നും വ്യക്തിത്വത്തെ അംഗീകരിക്കണമെന്നും പഠനത്തെ കുട്ടിയുടെ യഥാർഥ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തണ മെന്നും അധ്യാപകൻ പഠനത്തെ സുഗമമാക്കുന്ന രീതിയിൽ ഇടപെടണമെന്നും ഈ സമീപനം വ്യക്തമാക്കുന്നു. പഠിതാവ് പഠനപ്രശ്നത്തെ സ്വയം ഏറ്റെടുത്തും അതിൽ പൂർണപങ്കാളി യായും സ്വയം വിലയിരുത്തിയും മുന്നോട്ടുപോകുമ്പോഴാണ് പഠനം താത്പര്യജനകവും പ്രയോ ജനപ്രദവുമാവുക. പഠനത്തിന്റെ സാമൂഹികവശങ്ങളിൽ കാര്യമായി ശ്രദ്ധിച്ചില്ല എന്ന പരി മിതി നിലനിൽക്കുമ്പോൾത്തന്നെ കുട്ടികളോടുള്ള സമീപനത്തെ സംബന്ധിച്ച് മാനവികതാ വാദം മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾ ശിശുകേന്ദ്രിതവും ജനാധിപത്യത്തിൽ അധിഷ്ഠിതവുമായ ഒരു പാഠ്യപദ്ധതിക്ക് പൊതുവിൽ സ്വീകാര്യമാണ്.

പഠനത്തെ സജീവമായ മാനസികപ്രക്രിയയായും അറിവിന്റെ നിർമാണമായും വീക്ഷി ക്കുന്ന ജ്ഞാനനിർമ്മിതിവാദമാണ് അടുത്തത്. ഇതിനു രണ്ടു ധാരകളുണ്ട്. അതിലൊന്ന് കുട്ടിയെ ഏകാകിയായ അന്വേഷകയായി അവതരിപ്പിക്കുന്നു. കുട്ടിക്ക് ഉണ്ട് എന്നു കരുതപ്പെടുന്ന സവി ശേഷമായ കഴിവുകളിലാണ് അതിന്റെ ഊന്നൽ. അധ്യാപകരുടെ ഇടപെടലിനെ പരിമിതപ്പെടു ത്തുന്ന ഒരു സമീപനമാണിത്. സമൂഹത്തിന് ഇവിടെ കാര്യമായ പങ്കാളിത്തമില്ല. ഇതിലൂടെ കുട്ടികൾ എത്തിച്ചേരുന്ന അറിവുകൾ അപൂർണമായിരിക്കുമെന്നും അതു പരമാവധിയിലേക്ക് ഉയരില്ലെന്നും ഉള്ള വിമർശനങ്ങൾ ഈ വീക്ഷണത്തിന് എതിരെയുണ്ട്.

ദേശീയ പാഠ്യപദ്ധതി ശക്തമായി ശുപാർശ ചെയ്തിട്ടുള്ള സാമൂഹികജ്ഞാനനിർമ്മിതിവാദ മാണ് രണ്ടാമത്തെ കൈവഴി. ജനനം മുതൽ ചുറ്റുമുള്ളവരുമായി ഇടപെട്ടുകൊണ്ടിരിക്കുന്ന, കൂടുതൽ അറിവുള്ളവരുടെ സഹായത്തോടെ നിലവിലുള്ള കഴിവുകൾക്ക് അപ്പുറത്തേക്ക് ഉയർന്നു പോവുന്ന ഒരു സാമൂഹികപഠിതാവായി കുട്ടിയെ ഈ സമീപനം വീക്ഷിക്കുന്നു. ഈ പഠിതാവ് ജീവശാസ്ത്രപരമായ തലത്തിനൊപ്പം സാംസ്കാരികമായും വികസിക്കുന്നു. ഭാഷാപരവും ഗണി തപരവുമൊക്കെയായ ചിഹ്നങ്ങൾ, ഉയർന്ന മാനസികപ്രക്രിയകൾ, മുമ്പു നേടിയ അറിവിന്റെ വിപുലസഞ്ചയം എന്നീ മാനസിക ഉപകരണങ്ങൾ മറ്റു ജന്തുക്കളെ അപേക്ഷിച്ച് മനുഷ്യശിശു വിന്റെ മികവാണ്. ഇതൊക്കെയും ജനനശേഷം കുട്ടി സമൂഹവുമായി ഇടപെട്ടു നേടിയതാണ്. മനുഷ്യർ ഒരു സമൂഹമെന്ന നിലയിൽ ഇതഃപര്യന്തം വികസിപ്പിച്ചെടുത്ത സാമഗ്രികൾ, ഉപകര ണങ്ങൾ, പുസ്തകങ്ങൾ, യന്ത്രങ്ങൾ, സ്ഥാപനങ്ങൾ, സംവിധാനങ്ങൾ തുടങ്ങിയ ഭൗതിക ഉപ കരണങ്ങളും ഈ പഠിതാവിന് പ്രയോജനപ്പെടുത്താനാവും. ചുരുക്കത്തിൽ, മാനസികവും ഭൗതി കവുമായ നിരവധി സാംസ്കാരിക ഉപകരണങ്ങൾ ഉപയോഗിച്ച്, സമൂഹത്തിലെ മറ്റ് അംഗങ്ങ ളുമായി ഇടപെട്ട് വികാസത്തിന്റെ ഉയർന്ന നിലയിലേക്കു പോകാൻ കഴിയുന്ന മനുഷ്യസാധ്യ തയെ പ്രയോജനപ്പെടുത്താൻ സാമൂഹികജ്ഞാന നിർമ്മിതിവാദം നമ്മോട് ആഹ്വാനം ചെയ്യു ന്നു. മനുഷ്യനിലെ കേവലജന്തുവിനെ മാത്രം കണ്ട വ്യവഹാരവാദത്തിനും ഏകാകിയായ അന്വേ ഷകനെ മാത്രം കണ്ട കേവല ജ്ഞാനനിർമ്മിതിവാദത്തിനും അപ്പുറമുള്ള ഒരു സാധ്യതയാണ് മനുഷ്യനിലെ സാമൂഹികവശത്തിൽ ഊന്നിയ സാമൂഹികജ്ഞാനനിർമ്മിതിവാദം മുന്നോട്ടുവച്ച ത്.

നമ്മുടെ സ്വാഭാവികമായ വികാസഗതിക്കു നിരക്കുന്നതും വ്യക്തിയെയും സമൂഹത്തെയും പരസ്പരം ബന്ധപ്പെടുത്തുന്നതും രണ്ടിന്റെയും മെച്ചപ്പെട്ട വികാസം ഉറപ്പുവരുത്തുന്നതുമായ ഈ സമീപനം ജനാധിപത്യത്തിലും സാമൂഹികമൂല്യങ്ങളിലും അധിഷ്ഠിതമായ ഒരു ഭാവിസ മൂഹത്തിന്റെ നിർമിതിക്ക് അനുഗുണമാണ്.

തന്നെയും തന്റെ ചുറ്റുപാടുകളെയും വിമർശനാത്മകമായി സമീപിക്കുമ്പോഴാണ് സമൂഹ നിർമിതിക്കടിത്തറയാകുന്ന ജ്ഞാനനിർമിതി നടക്കുക. സാമൂഹികവും സാംസ്കാരികവുമായ വൈരുധ്യങ്ങൾ പഠിതാക്കൾ ആർജിക്കുന്ന കഴിവിനെ ബാധിക്കും. ഇത്തരം വൈരുധ്യവും വൈവിധ്യവുമായി നിരന്തരം ഇടപെടുകയും ചോദ്യംചെയ്യുകയും ചെയ്തുകൊണ്ടേ വളർച്ച സാധ്യമാവൂ. സാമാന്യബോധത്തിൽ നിന്ന് ശാസ്ത്രീയവീക്ഷണത്തിലേക്കുള്ള പരിവർത്തനം അറിവിന്റെ നിർമാണത്തിന്റെ ഭാഗമായി സംഭവിക്കണം. തന്നെയും തന്റെ ജീവിതപരിസര ത്തെയും പഠിതാവ് വീണ്ടും വീണ്ടും പരിശോധിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസം നിർമാണത്തിന്റെയും പരിവർത്തനത്തിന്റെയും തുടർച്ചയായ പ്രക്രിയയാണ്. സാമൂ ഹികജ്ഞാനനിർമിതിവാദത്തിലധിഷ്ഠിതവും വിമർശനാത്മകബോധനശാസ്ത്രത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളുന്നതുമാവണം പഠനസമീപനം.

പഠനം നടക്കുമ്പോൾ തലച്ചോറിനകത്തു നടക്കുന്ന മാറ്റങ്ങളെ നാഡീമനഃശാസ്ത്രം വിശ ദീകരിക്കുന്നു. നാഡീകോശങ്ങളുടെ സങ്കീർണമായ വലക്കണ്ണികളുടെ രൂപത്തിലാണ് പഠനം തലച്ചോറിൽ രേഖപ്പെടുത്തുന്നത്. പഠനം നടക്കുമ്പോൾ തലച്ചോറിലുണ്ടാകുന്ന മാറ്റങ്ങൾ കാണിച്ചുതരാൻ കഴിയുന്ന യന്ത്രസംവിധാനങ്ങൾ ഇന്നുണ്ട്. മസ്തിഷ്കവികാസം ഏറിയകൂറും നടക്കുന്നത് ചെറുപ്രായത്തിലാണ്. ഓരോ കഴിവുമായി ബന്ധപ്പെട്ടും ചില നിർണായക വികാ സവേളകളുണ്ട്. ആ പ്രായത്തിൽ അതുമായി ബന്ധപ്പെട്ട നിശ്ചിത അനുഭവങ്ങൾ ലഭിച്ചില്ലെ ങ്കിൽ അപരിഹാര്യമായ നഷ്ടമാവും സംഭവിക്കുക. പ്രീ-പ്രൈമറി ഘട്ടത്തിൽ അനൗപചാരി കവും വൈവിധ്യപൂർണവുമായ കളിയനുഭവങ്ങൾ നൽകണം എന്ന പൊതുനിരീക്ഷണത്തെ ഇത്തരം കണ്ടെത്തലുകൾ ഒന്നുകൂടി ഉറപ്പിക്കുന്നു. വ്യത്യസ്ത ബുദ്ധിമേഖലകളിലുള്ള പഠനം തലച്ചോറിന്റെ വ്യത്യസ്തഭാഗങ്ങളെയാണ് പ്രവർത്തിപ്പിക്കുന്നത്. ഒരു പ്രശ്നത്തെ നാം പരി ഹരിക്കാൻ ശ്രമിക്കുമ്പോൾ ഈ വിധം വികസിച്ച വ്യത്യസ്ത ഭാഗങ്ങളുടെ ഏകോപിച്ച പ്രവർത്ത നമാണ് തലച്ചോറിൽ നടക്കുന്നത്. ഇതിനർഥം ബുദ്ധിയുടെ ബഹുതലങ്ങളെ പരിഗണിച്ചു കൊണ്ടുള്ള വൈവിധ്യപൂർണ്ണമായ അനുഭവങ്ങൾ സ്കൂൾഘട്ടത്തിൽ ലഭിക്കണമെന്നാണ്. അതോ ടൊപ്പം തന്നെ ചില പ്രത്യേക ബുദ്ധിമേഖലകളോട് കുട്ടികൾക്കു സവിശേഷമായ ചായ്‌വ് ഉണ്ടാവും. അവരുടെ പഠനശൈലി ഇതുമായി ബന്ധപ്പെട്ടതാവും. അവരുടെ ഭാവി വികസന സാധ്യതയും ഏറ്റവും കൂടുതൽ ഈ മേഖലകളിലാവും. അതുകൊണ്ട് കുട്ടികളുടെ വ്യത്യസ്തത അംഗീകരിക്കുന്ന പാഠ്യപദ്ധതിയിൽ, ഓരോ കുട്ടിക്കും തന്റെ മേഖല കണ്ടെത്താനും അതി ലൂടെ മുന്നേറി തന്റെയും ഒപ്പം സമൂഹത്തിന്റെയും പൊതുവികാസം ഉറപ്പുവരുത്താനുമുള്ള അവസരങ്ങൾ ഉണ്ടാവണം. അനുഭവങ്ങളുടെയും പോഷക സമൃദ്ധമായ ഭക്ഷണത്തിന്റെയും കുറവ് പഠനത്തെ ബാധിക്കുമെന്ന സൂചനയും നാഡീമനഃശാസ്ത്രം നൽകുന്നു.

## 3.3 പഠനപ്രക്രിയയുടെ നിർവഹണം

പഠനപ്രവർത്തനത്തിന്റെ മാനസികതലം പൂർത്തീകരിക്കപ്പെടേണ്ടത് കുട്ടിയുടെ മസ്തി ഷ്കത്തിലാണ്. എന്നാൽ ഇതിന്റെ ഭൗതികവും സാമൂഹികവുമായ തലങ്ങൾ ആവിഷ്കരിക്ക പ്പെടുന്നത് സ്കൂളിലും വീട്ടിലും മറ്റ് സാമൂഹികസന്ദർഭങ്ങളിലുമായാണ്. പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമായാണ് അതു കുട്ടിക്ക് അനുഭവപ്പെടുക. ഔപചാരിക വിദ്യാഭ്യാസത്തിൽ ഇത്തരം സന്ദർഭങ്ങൾ എപ്പോഴും സ്വയമേവ ഉയർന്നുവരണമെന്നില്ല. അതുകൊണ്ടുതന്നെ സന്ദർഭങ്ങൾ സൃഷ്ടിക്കുന്നതിൽ അധ്യാപകർക്കും പഠനസാമഗ്രികൾക്കും സവിശേഷമായ പങ്കുണ്ട്.

ഓരോ പഠനപ്രശ്നവും ഒന്നുകിൽ സാമൂഹികപ്രശ്നങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടതാവാം.

അല്ലെങ്കിൽ സാമൂഹികപ്രശ്നങ്ങളുടെ പരിഹരണത്തിൽ പ്രസക്തമായിത്തീരുന്ന അക്കാദമിക പ്രശ്നവുമാകാം. രണ്ടുതരത്തിലായാലും ചിന്തിക്കുന്ന ഒരു വ്യക്തി എന്ന നിലയിലും സമൂഹത്തിലെ വളർന്നുവരുന്ന ഒരംഗം എന്ന നിലയിലും കുട്ടിയിൽ ആന്തരികമായ പ്രചോദനം ഉണ്ടാക്കുന്നതാവും ഈ പ്രശ്നം. ഇതോടെ പ്രശ്നപരിഹാരത്തിന്റെ വഴിയിലൂടെ ഉത്തരവാദിത്തപൂർണമായ യാത്ര പഠിതാവ് ആരംഭിക്കുന്നു. ഇവിടെ പഠിതാവ് ഒറ്റയ്ക്കല്ല; സഹപഠിതാക്കളും അധ്യാപകനും ഒപ്പമുണ്ട്; രക്ഷിതാവും സമൂഹവും സഹായത്തിനുണ്ട്. അതുകൊണ്ടുതന്നെ ചർച്ച ചെയ്തും പങ്കുവച്ചും പ്രശ്നപരിഹരണരീതി നിർണയിക്കാനാവുന്നു. സ്വന്തം ചിന്തകൾക്കും നിർദേശങ്ങൾക്കും അർഹമായ പരിഗണന ലഭിക്കുന്നു. മുന്നറിവുകൾ, നേരത്തേ നേടിയ കഴിവുകൾ, പ്രത്യേകം തയാറാക്കപ്പെട്ട പഠനസാമഗ്രികൾ, ഉചിതമായ അധ്യാപക ഇടപെടൽ എന്നിവ ഉപയോഗിച്ച് വിവരശേഖരണവും അപഗ്രഥനവും നിർവഹിക്കുന്നു. എത്തിച്ചേർന്ന ധാരണകളുടെ വെളിച്ചത്തിൽ വ്യക്തിപരമോ സാമൂഹികമോ ആയ പ്രതികരണങ്ങളിൽ ഏർപ്പെടുന്നു. ഈ പ്രക്രിയയിൽ ഉടനീളം പങ്കുവയ്ക്കലും സംവാദവും വിലയിരുത്തലും മെച്ചപ്പെടുത്തലും നടക്കുന്നു. ഇതു വ്യക്തിയിലും കുട്ടി ഇടപെടുന്ന സമൂഹത്തിലും നിരന്തര മാറ്റങ്ങൾ സൃഷ്ടിക്കുന്നു.

ഏതൊരു പഠനപ്രശ്നവും കുട്ടിയുടെ നിലവിലുള്ള അറിവുകൾക്കു മുകളിൽ നില്ക്കുന്നതു കൊണ്ടാണ് അതു വെല്ലുവിളിയായി മാറുന്നത്. അതേസമയം അതു കുട്ടിക്കു ലഭ്യമാവുന്ന സാഹചര്യങ്ങൾക്കും സഹായങ്ങൾക്കും അകത്ത് പരിഹരിക്കപ്പെടാൻ കഴിയുന്നതുമാവണം.

ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവും സാമൂഹികവുമായ സാധ്യതകളെയും പരിമിതികളെയും കുറിച്ച് അധ്യാപകർക്ക് അറിവുണ്ടാകണം. കുട്ടിയുടെ പരിമിതികൾക്കുള്ളിലേക്ക് പഠനലക്ഷ്യത്തെ ചുരുക്കുക എന്ന എളുപ്പമാർഗമല്ല നാം സ്വീകരിക്കുക. പകരം കുട്ടിയുടെ പരിമിതികളെ മറ്റു രീതികളിൽ എങ്ങനെ മറികടക്കാമെന്ന് കൂട്ടായി ആലോചിക്കുകയും അതിനുള്ള പരിഹാരങ്ങൾ ഏർപ്പെടുത്തുകയും അതുവഴി പരമാവധി പഠനനേട്ടം ഉറപ്പുവരുത്തുകയുമാവും ചെയ്യുക.

പാഠപുസ്തകങ്ങൾ പ്രശ്നോന്നീത പഠനത്തിന് അനുസൃതമായി രൂപകൽപ്പന ചെയ്യപ്പെടണം. വിജ്ഞാനത്തെ പണിതീർന്ന ഒരുത്പന്നമായി കാണരുത്. പ്രശ്നസന്ദർഭങ്ങൾക്കൊപ്പം അതു പരിഹരിക്കാനാവശ്യമായ ചില പൊതുവിവരങ്ങളും പാഠപുസ്തകത്തിൽ ഉണ്ടാവണം. അഥവാ മറ്റ് ഉപാധികൾ വഴി അത് ഉറപ്പുവരുത്തണം. ജ്ഞാനനിർമിതിക്കായി ഒരുങ്ങിയ കുട്ടികൾ അതിന്റെ മുന്നുപാധിയായ ചില കേവലവിവരങ്ങൾക്കായി തേടിനടന്ന് നിരാശപ്പെടുന്ന സ്ഥിതി ഉണ്ടാവരുത്. ഇതു ദരിദ്രപക്ഷത്തിൽപ്പെട്ട കുട്ടികളെ പിന്നാക്കക്കാരാക്കി മാറ്റും. അതേസമയം അന്വേഷണം എന്ന ശീലത്തെ ഇല്ലായ്മചെയ്യാനും പാടില്ല. പ്രാദേശികമായി ലഭിക്കേണ്ട വിവരങ്ങൾ അവിടെ വച്ചു തന്നെ ശേഖരിക്കണം. ഇക്കാര്യത്തിൽ അധ്യാപകരും രക്ഷിതാക്കളും പ്രാദേശികസമൂഹവും കുട്ടിക്കു തുണയാവണം.

നിലവിലുള്ള സാഹചര്യത്തിൽ പാഠപുസ്തകം മറ്റുചില ദൗത്യങ്ങൾ കൂടി ഏറ്റെടുക്കണം. കുട്ടി എത്തിച്ചേരുന്ന പ്രധാന ധാരണകളും ചില പ്രതികരണരൂപങ്ങളും പാഠപുസ്തകത്തിൽ രേഖപ്പെടുത്താൻ ഇടം നൽകാം. മറ്റുകാര്യങ്ങൾ കുട്ടിയുടെ എഴുത്തുപുസ്തകത്തിൽ ഉണ്ടാവും. ഇതുവഴി എല്ലാ വിദ്യാലയങ്ങളിലും നിശ്ചിത നിലവാരത്തിലുള്ള ചില മിനിമം കാര്യങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സംവിധാനത്തിന് സാധിക്കണം. ഒപ്പം, സ്കൂളിൽ നടക്കുന്ന പ്രധാന പഠനപ്രവർത്തനങ്ങൾ സംബന്ധിച്ച ഏതാണ്ടൊരു ചിത്രം രക്ഷിതാവിനു നൽകാനും

പാഠപുസ്തകം പര്യാപ്തമാവണം. പ്രതിമാസ രക്ഷാകർത്തൃയോഗത്തിലൂടെ ഇതിനു കൂടുതൽ വ്യക്തത വരുത്താം. രക്ഷാകർത്തൃ പങ്കാളിത്തമില്ലാതെ ഇത്തരമൊരു പാഠ്യപദ്ധതിക്കു ഫലപ്രദമായി മുന്നോട്ടുപോവാനാവില്ല.

അധ്യാപികയുടെ കൈവശമുള്ള സഹായകഗ്രന്ഥത്തിൽ പാഠ്യപദ്ധതി ലക്ഷ്യങ്ങൾ, പരിഗണിക്കപ്പെടേണ്ട സാമൂഹികപ്രശ്നങ്ങൾ, പഠനത്തിന്റെ പൊതുസമീപനം, വിഷയസമീപനം, മൂല്യനിർണയം സംബന്ധിച്ച സൂചനകൾ എന്നിവ നൽകണം. നടക്കേണ്ട പ്രക്രിയകൾ, എത്തിച്ചേരേണ്ട ധാരണകൾ, രൂപപ്പെടേണ്ട മനോഭാവങ്ങൾ, പ്രതീക്ഷിക്കുന്ന പ്രതികരണങ്ങൾ, ഉണ്ടാവേണ്ട ഉത്പന്നങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തത ഉണ്ടാവണം. ക്ലാസിൽ ഉയർന്നുവരാനിടയുള്ള ഉള്ളടക്കസംബന്ധമായ സംശയങ്ങൾക്കു മതിയായ വിശദീകരണങ്ങൾ അതിൽ ഉണ്ടാവണം. കേരളത്തിലെ ഏതു ക്ലാസ്മുറിയിലും നടക്കേണ്ട ചില മിനിമം പ്രവർത്തനങ്ങളുടെ ക്രമീകൃത ചിത്രം പാഠപുസ്തകവുമായി ബന്ധപ്പെടുത്തി അധ്യാപകസഹായിയിൽ നൽകണം. എന്നാൽ ക്ലാസ് മുറിയിലെ ആവശ്യങ്ങൾക്ക് അനുസൃതമായി മെച്ചപ്പെട്ട മറ്റു പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിന് ഇതൊന്നും അധ്യാപകർക്കു തടസ്സമാവാനും പാടില്ല. സർഗാത്മകമായ അധ്യാപനം, പാഠ്യപദ്ധതി സമീപനത്തിനകത്തുനിന്നുകൊണ്ട് നാം പരമാവധി പ്രതീക്ഷിക്കുന്നു. മാതൃകകളും ഉദാഹരണങ്ങളും സാധ്യതകളും ക്ലസ്റ്ററുകളിൽ പങ്കുവയ്ക്കാനും പരസ്പരം മെച്ചപ്പെടുത്താനും അധ്യാപകർക്കു കഴിയണം. പ്രവർത്തനങ്ങളിൽ വരുത്തേണ്ട പ്രാദേശികമായ മാറ്റങ്ങളും ഇത്തരം വേദികളിൽ ചർച്ചചെയ്യപ്പെടണം.

പ്രശ്നോന്നീത പാഠ്യപദ്ധതിയിൽ പ്രാദേശികമായ അനുഭവങ്ങൾ പ്രധാനമാണ്. പ്രാദേശികമായ പ്രശ്നങ്ങളും അതുമായി ബന്ധപ്പെട്ട രേഖകളും സാമഗ്രികളും പാഠങ്ങളും മറ്റും ചേരുമ്പോൾ പാഠ്യപദ്ധതി കൂടുതൽ മിഴിവുറ്റതാവും. സ്കൂൾ, ക്ലസ്റ്റർ, പഞ്ചായത്ത് തലങ്ങളിൽ ഇതിനുള്ള കൂട്ടായ്മകൾ പ്രവർത്തിക്കണം. പ്രാദേശികമായി തയാറാക്കപ്പെടുന്ന വായനസാമഗ്രികൾ, ശേഖരങ്ങൾ, പുസ്തകങ്ങൾ, റഫറൻസ് സാമഗ്രികൾ, ഐ.ടിഅധിഷ്ഠിത ഉപാധികൾ എന്നിവ ലഭ്യമാക്കുന്നതിനും മുഖ്യപരിഗണന നൽകണം.

പഠനത്തിന് സഹായകമായ ബാലസാഹിത്യഗ്രന്ഥങ്ങൾ ഇനിയുമേറെ ഉണ്ടാവണം. ഉചിത രൂപത്തിലുള്ള മാധ്യമസഹായവും അഭിലഷണീയമാണ്. എന്നാൽ പഠനപ്രക്രിയയിലൂടെ കുട്ടി എത്തിച്ചേരേണ്ട ധാരണകൾ നേരത്തെ തയാറാക്കി നൽകുന്ന ബാഹ്യഇടപെടലുകൾ ഇന്ന് വിപണിയിലൂടെ നടക്കുന്നുണ്ട്. ഇതു കുട്ടികളുടെ യഥാർഥവികാസത്തെ തടയുന്ന സാമൂഹിക വിരുദ്ധ പ്രവർത്തനമാണെന്നു പറയാതെ വയ്യ. ഇതിനെതിരെ അധ്യാപകർ നിലപാടെടുക്കണം; രക്ഷിതാക്കളെ ബോധവത്കരിക്കണം.

ഏതൊരു പാഠ്യപദ്ധതിയും വിജയകരമായി നിർവഹിക്കപ്പെടുക, അതിന്റെ അന്തസ്സത്ത തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്ന അധ്യാപകരിലൂടെയാണ്. അറിവ് പകരുകയോ കുട്ടിയെ അറിവ് നിർമിക്കാൻ വിട്ട് പൂർണമായും മാറിനിൽക്കുകയോ ചെയ്യുന്ന അധ്യാപകരെയല്ല, മറിച്ച്, പഠന പ്രശ്നങ്ങളെ ശരിയായ വിതാനത്തിൽ ഉയർത്തിക്കൊണ്ടുവരുന്ന, കുട്ടികളെ നിരന്തരമായി പ്രചോദിപ്പിക്കുന്ന, ചോദ്യങ്ങളും സൂചനകളും വിശദീകരണങ്ങളും മറ്റും വഴി അവർക്കു കൈത്താങ്ങ് നൽകുന്ന, തിരിച്ചറിവുള്ള ഒരു സമൂഹനിർമാതാവിനെയാണ് നാം അധ്യാപകരിൽ പ്രതീക്ഷിക്കുന്നത്.

## 3.4 പഠിക്കാനുള്ള അവകാശം

മെച്ചപ്പെട്ട രീതിയിൽ പഠിക്കാൻ അവസരം കിട്ടുക എന്നത് ഓരോ കുട്ടിയുടെയും അവകാ

ശമാണ്. സാമ്പത്തികമോ സാമൂഹികമോ സാംസ്കാരികമോ ഭാഷാപരമോ ശാരീരികമോ സ്ത്രീ-പുരുഷ ഭേദപരമോ ആയ വേർതിരിവുകൾ ഈ അവകാശത്തെ നിഷേധിക്കുന്നതിനു കാരണമാവരുത്. പല കാരണങ്ങളാലും വീട്ടിൽ സൗകര്യം കുറഞ്ഞ കുട്ടികൾക്ക്, അത്തരം പരിമിതികൾ അവരുടെ പഠനനേട്ടം കുറയുന്നതിന് ഇടയാക്കരുത്. അതുകൊണ്ട് പഠനത്തിനുള്ള സൗകര്യങ്ങളും അവസരങ്ങളും സമൂഹത്തിന്റെ മുൻകൈയിൽ പരമാവധി സ്കൂളിൽ തന്നെ ഏർപ്പെടുത്തണമെന്ന വാദത്തിന് പ്രസക്തിയുണ്ട്. സ്കൂളിൽ കുട്ടിക്ക് കൂടുതൽ പഠനസൗകര്യങ്ങളും പഠനസമയവും ഒരുക്കുന്നത് ദരിദ്രപക്ഷത്തോടും പിന്നാക്കവിഭാഗത്തോടും ചെയ്യുന്ന നീതിയായി കാണണം.

അതുപോലെ ശാരീരികപ്രശ്നങ്ങൾ, സ്കൂൾ നൽകുന്ന മെച്ചപ്പെട്ട സാമൂഹികാനുഭവം പ്രയോജനപ്പെടുത്തുന്നതിൽ കുട്ടികൾക്ക് തടസ്സമാവാതെ നോക്കണം. ശാരീരികപ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുള്ള ഉപകരണങ്ങൾ നൽകണം. സ്കൂളിനെ അവരുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുത്തണം. അതുവഴി ഉൾച്ചേർന്ന വിദ്യാഭ്യാസത്തിനുള്ള സാധ്യത പരമാവധി പരിഗണിക്കണം.

വീട്ടിലും നാട്ടിലും എന്നതുപോലെ സ്കൂളിലും പെൺകുട്ടികൾക്ക് ആൺകുട്ടികളെപ്പോലെതന്നെ അവസരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശമുണ്ട്.

അതുപോലെ പാർശ്വവത്കരിക്കപ്പെടുന്നവരെ സംബന്ധിച്ച് സാംസ്കാരികമായ സവിശേഷതകളും ഭാഷാപരമായ തനിമയും നിലനിർത്തിക്കൊണ്ടു തന്നെ പഠനം രൂപകൽപ്പന ചെയ്യാൻ പാഠ്യപദ്ധതിവഴി അങ്ങേയറ്റം ശ്രമിക്കണം.

# 4

# വിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ

കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ഘടന പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെ ഉൾക്കൊള്ളുന്നു. ഈ വിദ്യാഭ്യാസപ്രക്രിയ ഭാവിസമൂഹത്തെ കേരളത്തിന്റെ സാമൂഹിക വികസനപ്രക്രിയയ്ക്ക് അനുഗുണമാക്കുക എന്ന ലക്ഷ്യത്തോടെ വിഭാവന ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ഇന്ന് പ്രീ-സ്കൂൾ, പ്രൈമറി, സെക്കൻഡറി, ഹയർ സെക്കൻഡറി എന്നിങ്ങനെ വേറിട്ടു നിൽക്കുന്ന വിദ്യാഭ്യാസഘട്ടങ്ങളെല്ലാം പരസ്പരപൂരകമായി വർത്തിക്കേണ്ടതും അതിന്റെ നൈരന്തര്യം ഉറപ്പാക്കേണ്ടതുമാണ്.

നിലവിൽ പ്രീ-സ്കൂൾ വിദ്യാഭ്യാസം ഔപചാരിക വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമല്ല. പ്രധാനമായും പോഷകാഹാരം, ശിശുപരിചരണം, സാമൂഹികക്ഷേമം എന്നീ മേഖലകൾ മുൻനിർത്തി ഗ്രാമീണതലത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളാണ് പ്രീ-സ്കൂൾ വിദ്യാഭ്യാസം വ്യാപകമായി നിർവഹിക്കുന്ന സ്ഥാപനങ്ങൾ. ലോവർ പ്രൈമറിയിൽ തുടങ്ങുന്ന പൊതുവിദ്യാഭ്യാസ ഘട്ടം ഹയർ സെക്കൻഡറി ഘട്ടത്തോടെ അവസാനിക്കുകയും ചെയ്യുന്നു. 1 മുതൽ 12 വരെ ക്ലാസുകളിലെ പഠനത്തിലൂടെ ഭാവിസമൂഹത്തിന്റെ ആവശ്യങ്ങളിൽ ഇടപെടാൻ കഴിയും വിധമുള്ള അടിസ്ഥാനശേഷികളും ജീവിതനൈപുണികളും തൊഴിൽപരിചയവും നേടാൻ കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്. ഇതിനുതകുന്ന രീതിയിൽ നിലവിലുള്ള പ്രൈമറി, സെക്കൻഡറി, ഹയർ സെക്കൻഡറി ഘട്ടങ്ങളെ ക്രമീകരിക്കുകയും വേണം. ഔപചാരിക വിദ്യാഭ്യാസത്തിന് കുട്ടികളെ സജ്ജമാക്കുന്ന പൊതുസംവിധാനം എന്ന നിലയിൽ നിലവിലുള്ള പ്രീ-സ്കൂൾ വിദ്യാഭ്യാസത്തെ ഏകീകരിക്കുകയും സാർവത്രികമാക്കുകയും വേണം.

## 4.1 പ്രീ-സ്കൂൾ വിദ്യാഭ്യാസം

### 4.1.1 ശിശുവിദ്യാഭ്യാസത്തിന്റെ ആവശ്യകത

ഒരു വ്യക്തിയുടെ വികാസത്തിൽ 5 വയസ്സുവരെയുള്ള കാലഘട്ടം വളരെ നിർണായകമാണ്. ഈ പ്രായത്തിനിടയിൽ അവൾക്ക്/അവന് ലഭ്യമാകുന്ന ഓരോ അനുഭവവും അവന്റെ/ അവളുടെ തലച്ചോറിലെ ദശലക്ഷക്കണക്കിനുള്ള നാഡീകോശങ്ങളുടെ വികാസത്തിനും, സങ്കീർണമായ ബന്ധങ്ങളുടെ രൂപീകരണത്തിനും ഇടയാക്കുന്നു. കുട്ടിയുടെ ശാരീരികവും വൈകാരികവും വൈജ്ഞാനികവും സാമൂഹികവുമായ വളർച്ചയുടെ കാലഘട്ടമാണ് ഇത്. ഈ ഘട്ടത്തിൽ നൽകുന്ന വിദ്യാഭ്യാസ അനുഭവങ്ങൾ അവളുടെ/ അവന്റെ ജീവിതത്തിന്റെ സമസ്ത മേഖലകളുടെയും വികാസത്തിന്റെ അടിത്തറയായി മാറുന്നു.

കുട്ടിയുടെ ജന്മസിദ്ധമായ കഴിവുകളുടെയും ലഭിക്കുന്ന അനുഭവങ്ങളുടെയും സമഗ്രമായ സംയോജനത്തിലൂടെയാണ് ഇതു സാധ്യമാകുന്നത്. ജനനം മുതൽ ആരംഭിക്കുന്ന ഈ പ്രക്രിയയിൽ ഏറ്റവും പ്രധാനമായ പങ്കുവഹിക്കുന്നത് കുഞ്ഞിന്റെ ജീവിതസാഹചര്യം തന്നെയാണ്. ആരോഗ്യകരവും സൗഹൃദപരവുമായ ഒരു കുടുംബപശ്ചാത്തലം തന്നെയാണ് ഏറ്റവും അനുയോജ്യമായ ഘടകം. കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയും ത്വരിതഗതിയിലുള്ള മധ്യവർഗ

വത്ക്കരണവും ശിശുസൗഹൃദപരമായ ഒരു കുടുംബപശ്ചാത്തലത്തിലൂടെയുള്ള സ്വാഭാവിക വികസനത്തിന്റെ സാധ്യത കുറച്ചിട്ടുണ്ട്. മൂന്നു വയസ്സാവുന്നതിനു മുമ്പുതന്നെ കുഞ്ഞുങ്ങളെ ശിശുപരിചരണ കേന്ദ്രങ്ങളിൽ ഏൽപ്പിച്ചിട്ട് തൊഴിൽ തേടുന്ന അച്ഛനമ്മമാരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, അണുകുടുംബത്തിലേക്കുള്ള വർദ്ധമാനമായ മാറ്റവും നേരത്തേതന്നെ കുട്ടികളെ ഔപചാരികവിദ്യാഭ്യാസത്തിൽ പ്രവേശിപ്പിക്കുന്നതിനുള്ള സാധ്യത വർധിപ്പിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ശാസ്ത്രീയമായ ശിശുപരിചരണ സംവിധാനങ്ങളായും പൊതുവിദ്യാഭ്യാസത്തിന് കുട്ടികളെ ഒരുക്കാനുള്ള കേന്ദ്രങ്ങളായും പ്രീ-സ്കൂൾ വിദ്യാഭ്യാസ കേന്ദ്രങ്ങൾ മാറണം.

## ശിശുവിദ്യാഭ്യാസം സംബന്ധിച്ച് നിലവിലുള്ള കാഴ്ചപ്പാടുകൾ

ആധുനിക വിദ്യാഭ്യാസചിന്തകരിൽ പ്രമുഖരായ കൊമേനിയസും റൂസോയും ശിശുവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിരുന്നു. ഫ്രോബലും മോണ്ടിസോറിയും യഥാക്രമം 'കിന്റർഗാർട്ടൻ', 'കുഞ്ഞുങ്ങളുടെ വീട്' എന്നീ മാതൃകാവിദ്യാലയങ്ങൾ പടുത്തുയർത്തി. പിന്നീടുവന്ന ജീൻ പിയാഷെ, ജെറോം എസ്. ബ്രൂണർ, എൽ.എസ്. വൈഗോട്സ്കി എന്നീ ജ്ഞാതൃവാദികളായ മനഃശാസ്ത്രജ്ഞരും ശിശുവിദ്യാഭ്യാസം സംബന്ധിച്ച നിരവധി ആശയങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്.

- കുഞ്ഞുങ്ങൾ ജന്മനാ പ്രവർത്തനനിരതരും പഠനോന്മുഖരുമാണ്.
- കളികളിൽ ഏർപ്പെടുമ്പോഴാണ് കുഞ്ഞുങ്ങൾ സ്വാഭാവികമായ രീതിയിലും ഫലപ്രദമായ തോതിലും പഠിക്കുക.
- മുതിർന്നവരുടെ നിയന്ത്രണങ്ങൾ കുഞ്ഞുങ്ങളുടെ സ്വാഭാവികപഠനത്തെ തടസ്സപ്പെടുത്തും.
- സ്കൂളിലായാലും വീട്ടിലായാലും കൂട്ടുചേർന്നുള്ള അനുഭവങ്ങളാണ് ധാരാളമായി ലഭിക്കേണ്ടത്.
- പ്രീ-സ്കൂൾ രൂപകൽപ്പന ചെയ്യേണ്ടത് കുഞ്ഞുങ്ങളുടെ ആവശ്യങ്ങൾക്കും താത്പര്യങ്ങൾക്കും അനുസൃതമായാണ്.
- കുഞ്ഞിന്റെ തനതു സംസ്കാരത്തിൽ നിന്നും ഭാഷയിൽ നിന്നും ജീവിതാനുഭവങ്ങൾ ധാരാളമായി ഉൾക്കൊള്ളാൻ അവസരം നൽകണം.
- കുഞ്ഞുങ്ങൾക്ക് ഉൾക്കൊള്ളാനാവാത്ത കാര്യങ്ങൾ യാന്ത്രികമായി പഠിപ്പിക്കാനുള്ള ശ്രമങ്ങൾ നിരുത്സാഹപ്പെടുത്തണം.

കേരളത്തിൽ ഇന്നു നിലവിലുള്ള പ്രീ-സ്കൂൾ വിദ്യാഭ്യാസം ഏറിയും കുറഞ്ഞും ഈ ആശയങ്ങളെ ഉൾക്കൊള്ളുന്നുണ്ട്. എന്നാൽ വ്യത്യസ്ത രീതിയിലുള്ളതും വിവിധ താത്പര്യങ്ങൾ പരിഗണിക്കുന്നതുമായ നിരവധി സംവിധാനങ്ങൾ ഈ രംഗത്തു നിലനിൽക്കുന്നു. ഇവയെ ഏകോപിപ്പിക്കാനും ഏകീകൃതമായ ഒരു പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന് തുടക്കമിടാനും അതിനെ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി പരിഗണിക്കാനും കഴിയണം. എന്നാൽ ഇത് പ്രൈമറിഘട്ടത്തെ താഴേക്കു വലിച്ചുനീട്ടുന്ന ഒരു പ്രക്രിയയുമാവരുത്.

കേരള പാഠ്യപദ്ധതി ചട്ടക്കൂട് ഇക്കാര്യത്തിൽ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ പ്രസക്തമാണ്. കുട്ടികൾക്ക് കാര്യങ്ങൾ അറിയാനും അവർക്കു ചുറ്റുമുള്ള ലോകത്തെ മനസ്സിലാക്കാനുമുള്ള നൈസർഗികമായ വാസനയുണ്ടെന്നതു സുവിദിതമാണ്. അതുകൊണ്ടുതന്നെ ശിശുവിദ്യാഭ്യാസത്തിന്റെ ആദ്യപാഠങ്ങൾ കുട്ടികളുടെ താത്പര്യങ്ങളും മുൻഗണനകളും അനുസരിച്ചും അവരുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിലുമായിരിക്കണം. അല്ലാതെ പൂർവനിശ്ചിതമായ ഘടന

യിലൂടെയാകരുത്. ചോദനകളാലും അനുഭവങ്ങളാലും സമൃദ്ധവും അന്വേഷണത്തിനും പരീക്ഷണത്തിനും സ്വയംപ്രകാശനത്തിനും ഇഷ്ടംപോലെ ഇടയുള്ളതും അവർക്കു സ്നേഹവും വിശ്വാസവും സുരക്ഷിതത്വവും നൽകുന്നതും സാമൂഹികബന്ധത്തിലുറച്ചതുമായ ഒരന്തരീക്ഷമാണ് അവരെ കഴിവുറ്റവരാക്കുക. കുഞ്ഞുങ്ങളെ നിർബന്ധിച്ച് എഴുതാനും വായിക്കാനും പാഠം പഠിക്കാനും ഇംഗ്ലീഷോ മറ്റു രണ്ടാം ഭാഷകളോ കൃത്രിമമായി അടിച്ചേൽപ്പിക്കാനും ശ്രമിക്കരുത്. പഠനമാധ്യമം മാതൃഭാഷയാകണം. അതായത് പ്രീ-സ്കൂളുകളെ പ്രൈമറി സ്കൂളുകളിലേക്കു കുട്ടികളെ തയാറാക്കുന്ന കേവല പരിശീലനകേന്ദ്രങ്ങളാക്കരുത്.

**ശിശുവിദ്യാഭ്യാസത്തെക്കുറിച്ച് ഗാന്ധിജി**

*"കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം വാസ്തവത്തിൽ അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുമ്പോഴേ തുടങ്ങണം. അമ്മയെ പഠിപ്പിച്ചു കൊണ്ടാണിത് ആരംഭിക്കേണ്ടത്."*

*"കുഞ്ഞുങ്ങളെ സംബന്ധിച്ച് പ്രവൃത്തിയും കളിയും തമ്മിൽ വ്യത്യാസമില്ല. കുഞ്ഞിനെ സംബന്ധിച്ച് എന്തും കളിയാണ്."*

*"ശിശുവിദ്യാഭ്യാസത്തിന്റെ ആദ്യപാഠം ശുചിത്വത്തെക്കുറിച്ചാവണം. ഉച്ചാരണം മെച്ചപ്പെടുത്താനും ശ്രദ്ധവയ്ക്കണം. ചരിത്രവും ഭൂമിശാസ്ത്രവുമെല്ലാം കഥാരൂപത്തിൽ സംയോജിപ്പിച്ചു നൽകാം. അക്ഷരമെഴുതിക്കരുത്. എന്നാൽ ജ്യാമിതീയ രൂപങ്ങൾ വരച്ചു തുടങ്ങാം. ഓട്ടം, ചാട്ടം എന്നിവയിലൂടെ ശാരീരികവികാസം ഉറപ്പാക്കണം."*

*"അധ്യാപിക അമ്മയെപ്പോലെയാവണം. അമ്മമാർ തന്നെ ഈ ജോലി ഏറ്റെടുക്കുമെങ്കിൽ നല്ലത്."*

## 4.2 പ്രൈമറിവിദ്യാഭ്യാസം

ഇതര സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായ സാമൂഹിക-സാംസ്കാരിക സാഹചര്യത്തിലാണ് കേരളത്തിലെ കുട്ടികൾ വളരുന്നത്. പ്രൈമറി വിദ്യാലയങ്ങളിലേക്ക് എത്തുന്ന കുട്ടികളിൽ ബഹുഭൂരിപക്ഷവും പ്രീ-സ്കൂൾ വിദ്യാഭ്യാസം ലഭിച്ചവരാണ്. കൂട്ടായി ആടിയും പാടിയും പ്രവർത്തിച്ചും സാമൂഹികവത്കരണത്തിനു വിധേയരായവരാണവർ. അനൗപചാരികപഠനരീതിയിലൂടെ കടന്നുവന്നവരാണ് ഭൂരിപക്ഷവും. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഏതെങ്കിലും ഒരു ഘട്ടം പൂർത്തീകരിച്ച രക്ഷിതാക്കളുടെ മക്കളാണിന്ന് വിദ്യാലയത്തിൽ പ്രവേശിപ്പിക്കപ്പെടുന്നവരിൽ വലിയപങ്കും. തന്നെയുമല്ല, വിദ്യാഭ്യാസം നല്കുക എന്നതിൽ അതീവ ജാഗ്രത പുലർത്തുന്ന രക്ഷാകർത്തൃ സമൂഹമാണ് ഇവിടെയുള്ളത്. കുട്ടികളിൽ ഏറെപ്പേർക്കും വീട്ടിലും സമൂഹത്തിലും അർഹമായ പരിഗണനയും ഇന്നു ലഭിക്കുന്നുണ്ട്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ വൈവിധ്യം, സസ്യസമൃദ്ധി, കാലാവസ്ഥാവൈവിധ്യം, ജലസമൃദ്ധി, മതനിരപേക്ഷ കൂട്ടായ്മകൾ തുടങ്ങി കുട്ടിയുടെ അനുഭവതലത്തെ സമ്പുഷ്ടമാക്കുന്ന അനുകൂലഘടകങ്ങൾ ഏറെയാണ്. ആരോഗ്യസുരക്ഷയ്ക്കും ശുചിത്വത്തിനും നൽകുന്ന പ്രാധാന്യവും സംവിധാനങ്ങളും കുട്ടിയുടെ വികസനാവശ്യങ്ങളുമായി പൊരുത്തപ്പെടുന്നതാണ്. സമൂഹത്തിന്റെ ശ്രദ്ധയും താത്പര്യവും പ്രാഥമിക വിദ്യാഭ്യാസത്തിൽ ശാസ്ത്രീയമായ സമീപനം സ്വീകരിക്കാൻ നമുക്കു പ്രേരകമാകണം. അതായത്,

- പാഠ്യപദ്ധതി അയവുള്ളതായിരിക്കണം.
- ചുറ്റുമുള്ള പ്രകൃതിയുമായി ചങ്ങാത്തംകൂടി വളർന്ന കുട്ടിക്ക് ആ ബന്ധം ഊട്ടി ഉറപ്പിക്കാൻ തുടർന്നുള്ള പഠനകാലയളവും സഹായകമാവണം.
- പഠനത്തിന് അനുകൂലമായ സാമൂഹിക പരിസരത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയണം.
- കുട്ടിയുടെ അറിവിനെ പാഠപുസ്തകത്തിലേക്ക് പരിമിതപ്പെടുത്തി സമഗ്രവികാസത്തിനുള്ള വഴിയടയ്ക്കാതിരിക്കാൻ ശ്രദ്ധിക്കണം.

### 4.2.1 കുട്ടികളുടെ അവകാശങ്ങളും പ്രൈമറിവിദ്യാഭ്യാസവും

- ശാരീരികവും മാനസികവും മൂല്യാധിഷ്ഠിതവും സാമൂഹികവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം ഒരുക്കണം.

പഠനമെന്നാൽ വിവരങ്ങൾ സംഭരിച്ചുവയ്ക്കാനുള്ള കഴിവു വളർത്തലല്ല. സാമൂഹിക സമ്പർക്ക പ്രവർത്തനങ്ങൾക്കും അർഹമായ സ്ഥാനം പ്രാഥമിക വിദ്യാഭ്യാസത്തിൽ നൽകേണ്ടതുണ്ട്.

- കുട്ടികളുടെ മാനസികവും ശാരീരികവുമായ കഴിവുകളുടെയും സർഗശേഷികളുടെയും പൂർണതോതിലുള്ള വികാസം ഉറപ്പുവരുത്തണം.

  പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ആദ്യനാൾ മുതൽ തന്നെ കുട്ടിയെ ഒരു വ്യക്തിയെന്ന രീതിയിൽ അംഗീകരിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടുത്തേണ്ടതുണ്ട്. എല്ലാ വിധത്തിലുമുള്ള ശിക്ഷാരീതികൾ അവസാനിപ്പിക്കണം. സർഗാത്മകതയ്ക്ക് എല്ലാ വിഷയങ്ങളിലും ഇടമുണ്ടാവണം. ആത്മപ്രകാശനത്തിന് അവസരങ്ങൾ നൽകണം. കഴിവുകളിലെ വൈവിധ്യം മാനിക്കപ്പെടണം.

- വിശ്രമവേളകൾ ആസ്വദിക്കാനും പ്രായത്തിനു ചേർന്ന വിനോദപരിപാടികളിൽ ഏർപ്പെടാനും സ്വതന്ത്രമായി കലാസാംസ്കാരിക പരിപാടികളിൽ പങ്കെടുക്കാനുമുള്ള കുട്ടികളുടെ അവകാശം അംഗീകരിക്കപ്പെടണം. വിനോദങ്ങളിൽ ഏർപ്പെടുന്നതു പഠനം തന്നെയാണ്. മാനസികമായ കഴിവിന്റെ വികാസം ഇതിൽ അന്തർലീനമായിട്ടുണ്ട്. മാനസികാരോഗ്യവും കലാസാംസ്കാരിക വിനോദപരിപാടികളും തമ്മിൽ ബന്ധമുണ്ട്. സാംസ്കാരികപഠനത്തിന്റെ അനുഭവതലവുമായി ഇവയെ ബന്ധിപ്പിക്കുകയും വേണം. വിദ്യാലയത്തിനകത്തും പുറത്തും വിശ്രമവേളകളും ഒഴിവുവേളകളും നിർബന്ധമായും ലഭിക്കണം.
- സ്നേഹിക്കപ്പെടാനുള്ള അവകാശം ഓരോ കുട്ടിക്കുമുണ്ട്. പ്രാഥമിക വിദ്യാഭ്യാസം അനൗപചാരിക സ്വഭാവത്തിലാവണം. അതോടൊപ്പം കുട്ടിക്ക് സന്തോഷവും സ്നേഹവും പ്രദാനം ചെയ്യുന്ന ശിശുസൗഹൃദ വിദ്യാലയസങ്കല്പത്തിനും പ്രാധാന്യം നൽകണം.

കുട്ടിയുടെ പ്രകൃതത്തെ അംഗീകരിക്കുന്ന പാഠ്യപദ്ധതിയാണ് ആവശ്യം. പലപ്പോഴും പ്രയോഗതലത്തിൽ ഇതിൽ വെള്ളം ചേർക്കപ്പെടുന്നതായിക്കാണാം. ചിത്രവേലകളും പരീക്ഷണോപകരണങ്ങളും കളിക്കോപ്പുകളും വാദ്യോപകരണങ്ങളും പാട്ടുപെട്ടികളുമൊക്കെ കുട്ടിക്കു പ്രാപ്യമായ രീതിയിൽ ക്രമീകരിക്കപ്പെടുമ്പോൾ ജിജ്ഞാസയും സൃഷ്ടിപരതയും ഉണർത്തുന്ന അന്തരീക്ഷത്തിലേക്ക് വിദ്യാലയം സ്വയം മാറും. ജനാധിപത്യ അവബോധമുള്ള അധ്യാപകരിൽ നിന്നു പ്രതീക്ഷിക്കാവുന്ന മികച്ച പഠനസമീപനമാണ് പ്രകൃതത്തെ പരിഗണിച്ചുള്ള വിദ്യാഭ്യാസം. പ്രൈമറിതലം കരുതിവയ്ക്കേണ്ട വിഭവവും ഈ സമീപനം തന്നെയാവണം.

- ലോകത്തെപ്പറ്റിയുള്ള കുട്ടിയുടെ നൈസർഗികമായ അറിവിനെ സ്കൂളിൽ നിന്നു ലഭിക്കുന്ന അറിവുമായി സമർഥമായി കൂട്ടിയിണക്കാൻ സഹായിക്കുന്ന ഉദ്ഗ്രഥിതരീതി പിന്തുടരണം. ഇതു വഴക്കമുള്ള രീതിയിലാകണം. ഒരു പ്രമേയത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കാനുള്ള അവസരം എന്ന നിലയിലാണ് ഉദ്ഗ്രഥനത്തെ കാണേണ്ടത്. എല്ലാ വിഷയങ്ങളും എപ്പോഴും നിർദിഷ്ടപ്രമേയങ്ങൾക്കു വഴങ്ങിക്കൊള്ളണമെന്നില്ല. ഉദ്ഗ്രഥിതമായ ഉള്ളടക്കം കാഴ്ചപ്പാടുകൾ വികസിപ്പിക്കും, അറിവിനെ സമഗ്രമാക്കും. ജ്ഞാനനിർമിതിയിൽ ജ്ഞാനാംശങ്ങളുടെ പരസ്പരബന്ധം ബലപ്പെടുത്തും. തന്നെയും തന്റെ ചുറ്റുപാടിനെയും കുറിച്ചാണ് കുട്ടി അറിയുന്നത്. ഈ നിലയ്ക്ക് മുൻകൂട്ടി തീരുമാനിച്ച പ്രമേയങ്ങളുടെ വളർച്ച ഉടനീളം വിഭാവന ചെയ്യാൻ കഴിയണം. ഉദാഹരണത്തിന്, ആഹാരം, ഭക്ഷ്യവസ്തുക്കളുടെ ശേഖരണം, ഭക്ഷണശീലങ്ങൾ, ഭക്ഷ്യപദാർഥങ്ങൾ, ഭക്ഷണനിർമാണം, ഭക്ഷണവൈവിധ്യം, പോഷകാഹാരം, ഭക്ഷണവിതരണ സമ്പ്രദായം, ഭക്ഷണദൗർലഭ്യം, കുടുംബാംഗങ്ങളുടെ ഭക്ഷണം, സ്കൂൾ ഉച്ചഭക്ഷണപരിപാടി, ആഘോഷങ്ങൾ, പിറന്നാളുകൾ, കല്യാണങ്ങൾ, സമൂഹസദ്യകൾ, ഭക്ഷണച്ചെലവുകൾ, ആഹാരപദാർഥങ്ങളുമായി ബന്ധപ്പെട്ട കടങ്കഥകൾ, കഥകൾ, വിവരണങ്ങൾ, നാട്ടറിവുകൾ, അളവുകൾ, രൂപങ്ങൾ,

വാങ്ങലും വിൽക്കലും, സൂക്ഷിക്കൽ... വിവിധ വിഷയങ്ങളിലായി വിന്യസിക്കപ്പെടാനിടയുള്ളതും എന്നാൽ ഒരു പ്രമേയത്തിന്റെ പൊതുഘടനയിൽ നിലനിൽക്കുന്നതുമായ ഇത്തരം കാര്യങ്ങൾ പഠിക്കുകയാണ് കുട്ടി ചെയ്യേണ്ടത്. വിഷയങ്ങളെ അതിനുള്ള ഉപാധികളാക്കുക എന്ന സമീപനം സ്വീകരിക്കണം. പ്രമേയങ്ങൾ (തീം) അടിസ്ഥാനമാക്കി പഠനം നടക്കുന്നതാണ് അഭികാമ്യം.

- അപ്പർ പ്രൈമറിഘട്ടം കഴിയുമ്പോഴേക്കും താൻ ജീവിക്കുന്ന പ്രാദേശികസമൂഹത്തെ വിശകലനം ചെയ്യുന്നതിനും മനസ്സിലാക്കുന്നതിനും കുട്ടിക്കു കഴിയണം. ഭരണവ്യവസ്ഥ, ജനാധിപത്യ രീതികൾ, വിവിധതരം ബന്ധങ്ങൾ, നാട്ടറിവുകൾ, കൂട്ടായ്മകൾ, സാംസ്കാരിക പ്രവർത്തനങ്ങൾ, സേവന സംവിധാനങ്ങൾ, ഭൗതികപരിസരം, ഭൂപരമായ പ്രത്യേകതകൾ, മണ്ണിനങ്ങൾ, കൃഷിരീതികൾ, തൊഴിൽപങ്കാളിത്തം, തൊഴിലുകൾ, സാമ്പത്തികമേഖല, വിഭവങ്ങൾ, ചരിത്രപരമായ വളർച്ച, വികസനപ്രശ്നങ്ങൾ, ജൈവവൈവിധ്യം, സാമൂഹികസുരക്ഷാനടപടികൾ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതം, സമത്വത്തിനുവേണ്ടിയുള്ള ഇടപെടലുകൾ, വെല്ലുവിളികൾ തുടങ്ങിയവയൊക്കെ വിമർശനാത്മകതയോടെ സമീപിക്കാനുള്ള പ്രാഥമിക അനുഭവങ്ങൾ കുട്ടിക്കു ലഭ്യമാക്കണം. കേരളത്തിന്റെയും ഇന്ത്യയുടെയും അവസ്ഥകളുമായി തട്ടിച്ചുനോക്കാനും ഇടം ഉണ്ടാകണം. ജ്ഞാനനിർമിതിയും സമൂഹനിർമിതിയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് പാഠ്യപദ്ധതി രൂപപ്പെടുത്തേണ്ടത്.

  തന്റെ ചിന്തയും കണ്ടെത്തലും താൻ പരിചയപ്പെട്ട ഏതു ഭാഷയിലൂടെയും പങ്കുവയ്ക്കാൻ കഴിയുന്ന തരത്തിലേക്ക് ഭാഷാവൈദഗ്ധ്യം വികസിക്കണം. അപ്പർപ്രൈമറി തലത്തിൽ ആത്മവിശ്വാസവും സ്വത്വബോധവും നിർണായകമാണ്.

  പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഒരു ഘട്ടത്തിലും പഠനഭാരം ഉണ്ടാവാൻ പാടില്ല. ഉള്ളടക്കം വിവേചനപൂർവം തിരഞ്ഞെടുക്കണം. സമൂഹത്തിലെ സമ്മർദങ്ങളും കുട്ടിയുടെ പ്രായവും പ്രകൃതവും കഴിവും അനുഭവവും പരിഗണിച്ചാണ് ഉള്ളടക്കം തീരുമാനിക്കേണ്ടത്. ഈ ഘട്ടത്തിൽ പ്രസക്തമല്ലാത്തവ നിർബന്ധമായും ഉയർന്ന ഘട്ടങ്ങളിലേക്കു മാറ്റിവയ്ക്കണം.

### 4.2.3 പഠനരീതി

ജ്ഞാനനിർമിതിക്കു പര്യാപ്തമായ പഠനരീതിയാണ് സ്വീകരിക്കേണ്ടത്. നേരിട്ടുള്ള അനുഭവങ്ങൾക്കാണ് ലോവർ പ്രൈമറി തലത്തിൽ പ്രാമുഖ്യം ഉണ്ടാവേണ്ടത്. നേരനുഭവങ്ങൾ വിശകലനം ചെയ്ത് കണ്ടെത്തലുകളിലേക്ക് എത്തിച്ചേരണം. യഥാർഥമായ അനുഭവങ്ങൾക്കു സാധ്യത ഉള്ളപ്പോൾ അവ ഉപേക്ഷിച്ച് വിവരണാധിഷ്ഠിതമായ രീതിയിലേക്കോ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ദൃശ്യാവിഷ്കരണത്തിലേക്കോ നീങ്ങരുത്. പഞ്ചേന്ദ്രിയാനുഭവങ്ങൾക്കു പ്രാധാന്യം നൽകുന്നതും കൂട്ടായ പ്രവർത്തനത്തിലൂടെ അറിയുന്നതിന്റെ ആനന്ദം അനുഭവിപ്പിക്കുന്നതുമായ പഠനരീതിയാവണം. അധ്യാപകരും പഠനക്കൂട്ടാളികളായി മാറണം. കളികളും നിർമാണ പ്രവർത്തനങ്ങളും പഠനരീതി എന്നതിനൊപ്പം പഠനഫലവുമാവണം. മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിന് ഇടയാക്കുന്നതാവണം ഓരോ പ്രവർത്തനസന്ദർഭവും. അതുകൊണ്ടുതന്നെ ജനാധിപത്യപരവും വിവേചനരഹിതവുമായ രീതിയിൽ എല്ലാവരുമായും ഇടപഴകാനും അംഗീകരിക്കപ്പെടാനും ഉതകുന്നതാവണം ചെറിയ ക്ലാസുകൾ മുതലുള്ള ഏതാണ്ടെല്ലാ പഠനപ്രവർത്തനങ്ങളും. അന്വേഷണാത്മകപഠനത്തിൽ സ്വയം ഏർപ്പെടുന്ന കുട്ടിയുടെ കണ്ടെത്തലുകളുമായി മുതിർന്നവരുടെ അനുഭവങ്ങളും നിരീക്ഷണങ്ങളും അനുയോജ്യമായി കൂട്ടിച്ചേർക്കണം.

അപ്പർ പ്രൈമറി ഘട്ടത്തിലെത്തുമ്പോൾ ദ്വിതീയ വിവരസ്രോതസ്സുകൾ കൂടുതലായി പ്രയോജനപ്പെടുത്തണം. ജനാധിപത്യബോധം വിദ്യാലയത്തിലെ സമസ്ത പ്രവർത്തനങ്ങളിലും പ്രതിഫലിക്കണം. കൂട്ടായ്മയിലധിഷ്ഠിതമായ പഠനരീതി പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾക്ക് ആത്മവിശ്വാസം നൽകും. സാമൂഹികപ്രശ്നങ്ങളുമായി പൊരുത്തപ്പെടുത്തിയും സംവദിച്ചും ജ്ഞാനചക്രവാളവും സാമൂഹികനൈപുണികളും വളരുന്നതിന് വഴിയൊരുക്കണം. തിന്മകളും അസമത്വങ്ങളും എന്തുകൊണ്ടുണ്ടാകുന്നു എന്നു ചോദിക്കുന്നതിനുള്ള അവകാശം അംഗീകരിക്കപ്പെടണം. വിമർശനാത്മകബോധനത്തിൽ അധിഷ്ഠിതമായ രീതികളിലൂടെ പഠിതാവ് കടന്നുപോകണം. ഒരേ പഠനാംശത്തെ പല രീതികളിൽ അവതരിപ്പിക്കുന്ന തരത്തിലുള്ള വൈവിധ്യവത്ക്കരണം അഭികാമ്യമാണ്. ഇതു വ്യത്യസ്ത തരത്തിലുള്ള കുട്ടികൾക്കു സഹായകമാകും.

പഠനത്തെ സംബന്ധിച്ച ഇത്തരം സമീപനങ്ങൾ മുന്നോട്ടു വയ്ക്കുമ്പോൾ അതു പ്രാദേശിക സമൂഹവുമായി ചർച്ചചെയ്യാൻ നാം തയാറാവണം. എന്തുകൊണ്ട് ഈ പഠനസമീപനം സ്വീകരിക്കുന്നു, ഇത്തരം അറിവുകൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തുന്നു, മറ്റു ചിലത് ഒഴിവാക്കുന്നു എന്നതിനെപ്പറ്റി അധ്യാപകർക്ക് അറിവുണ്ടാകണം. മാത്രമല്ല, ഇത്തരം തീരുമാനങ്ങളുടെ സാധുതകൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്താൻ അധ്യാപകർ തയാറാകുകയും വേണം. വിദ്യാഭ്യാസപ്രക്രിയയിൽ എല്ലാ വിഭാഗങ്ങളിലുംപെട്ട കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള നടപടികളുടെ വിദ്യാഭ്യാസമൂല്യം സമൂഹത്തിൽ ചർച്ചചെയ്യപ്പെടണം.

## 4.3 സെക്കൻഡറി

8 മുതൽ 12 വരെ ക്ലാസുകളെയാണ് വിശാലാർഥത്തിൽ സെക്കന്ററി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ നിലവിൽ സെക്കൻഡറി എന്നതുകൊണ്ട് വിവക്ഷിക്കുന്നത് 8 മുതൽ 10 വരെയുള്ള ക്ലാസുകളാണ്. പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന മുഴുവൻ വിദ്യാർഥികളെയും സെക്കൻഡറി സ്കൂളുകളിൽ പ്രവേശിപ്പിക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. ആഗ്രഹിക്കുന്ന എല്ലാവർക്കും ഹയർ സെക്കൻഡറിപഠനം നടത്താനുള്ള സാധ്യതയും ഇവിടെയുണ്ട്.

കൗമാരപ്രായത്തിലുള്ള വിദ്യാർഥികളാണ് സെക്കൻഡറി-ഹയർ സെക്കൻഡറി ക്ലാസുകളിലുള്ളത്. അവരുടെ മാനസികവും വൈകാരികവും ശാരീരികവുമായ സവിശേഷതകൾ പാഠ്യപദ്ധതി രൂപീകരണത്തിൽ പരിഗണിക്കേണ്ടതുണ്ട്.

- ശാരീരികാവബോധം
- ഉയർന്ന ഭാവന
- നേതൃത്വപരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള സന്നദ്ധത
- സംഘംചേരുന്നതിനും സഹകരിച്ചു പ്രവർത്തിക്കുന്നതിനുമുള്ള താത്പര്യം
- ആദർശപരത
- വ്യക്തിത്വം സ്ഥാപിക്കുന്നതിനുള്ള പ്രവണത
- സ്ത്രീ-പുരുഷ അവബോധം
- പ്രതികൂല പ്രതികരണങ്ങളിൽ ഉൾവലിയുകയും നിരാശപ്പെടുകയും ചെയ്യുന്ന പ്രവണത
- അമൂർത്താശയങ്ങൾ ഉൾക്കൊള്ളാനും അമൂർത്തചിന്തകളിൽ ഏർപ്പെടാനുമുള്ള ശേഷി
- സാഹസികത

ഇത്തരം സവിശേഷതകൾ പരിഗണിക്കുന്നതും വിവിധ വിജ്ഞാനശാഖകളെക്കുറിച്ചുള്ള

അവബോധം കുട്ടികളിൽ ഉണ്ടാക്കുന്നതും ഓരോന്നിലും ലഭ്യമായിട്ടുള്ള സാധ്യതകൾ പരിചയപ്പെടുത്തുന്നതിന് അവസരം നൽകുന്നതുമാകണം ഈ ഘട്ടത്തിലെ പാഠ്യപദ്ധതി.

കേരളത്തിലെ സെക്കൻഡറിസ്കൂൾ വിദ്യാഭ്യാസത്തിന്റെ ആദ്യ ഘട്ടം 8 മുതൽ 10 വരെ ക്ലാസുകൾ അടങ്ങിയതാണ്. നിലവിൽ 8-ാം ക്ലാസ്, വിഷയങ്ങളുടെ ആഴത്തിലുള്ള പഠനത്തിന് പീഠികയായി നിൽക്കുന്നു. ഈ ഘട്ടത്തിൽ പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതി കുറേക്കൂടി ആശയതലത്തിലേക്കു മാറുന്നു. സമൂഹത്തിലെ വൈരുധ്യങ്ങൾ തിരിച്ചറിയാനും അന്വേഷിക്കാനും കുട്ടി ബോധപൂർവം ശ്രമിക്കുന്ന ഒരു ഘട്ടം കൂടിയാണിത്. വ്യത്യസ്ത ആശയങ്ങളും സിദ്ധാന്തങ്ങളും കുട്ടികൾ ഉൾക്കൊള്ളാൻ ശ്രമിക്കുന്നതും ഈ ഘട്ടത്തിലാണ്.

മാതൃഭാഷയും ഇതരഭാഷകളും സ്വതന്ത്രഭാഷാ ഘടകങ്ങളുടെ വികാസത്തിനും, വ്യക്തിഗത ഭാഷ പോഷിപ്പിക്കാനും ഈ ഘട്ടത്തിൽ ഊന്നൽ നൽകുന്നു. ആശയാവിഷ്കാരത്തിനും അറിവിന്റെ നിർമിതിക്കും ഭാഷ ശക്തമായി പ്രയോഗിക്കുന്നതിനുള്ള കഴിവ് നേടുന്ന ഘട്ടം കൂടിയാണിത്. ഭാഷാപഠനപദ്ധതിയുടെ ലക്ഷ്യവും കാലവും കുറേക്കൂടി ശാസ്ത്രീയമായി നിർവചിക്കേണ്ടതുണ്ട്.

കോർ വിഷയങ്ങളുടെ പഠനം ഒരു കുട്ടിയുടെ മുന്നോട്ടുള്ള ഗതിക്കു പ്രയാസമുണ്ടാക്കുന്ന രീതിയിൽ ആഴവും പരപ്പും ആർജിക്കുന്ന ഘട്ടം കൂടിയാണ്. നിലവിൽ ഉന്നതപഠനത്തിന് ആവശ്യമായ ധാരണകൾ കൈവരിക്കുന്നതിന് ഊന്നൽ നൽകുന്ന പാഠ്യപദ്ധതിയാണ് ഗണിതവും ശാസ്ത്രവിഷയങ്ങളും പിന്തുടരുന്നത്. ശാസ്ത്രം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, രസതന്ത്രം എന്നിങ്ങനെ 9-ാം ക്ലാസുമുതൽ വേർതിരിച്ചു പഠിക്കുകയും ചെയ്യുന്നു.

ഇന്ത്യയിലെ പൊതുസ്ഥിതിയിൽ നിന്ന് ഭിന്നമായി സെക്കൻഡറി വിദ്യാഭ്യാസം വ്യാപകമായ സംസ്ഥാനമാണ് കേരളം. ഈ ഘട്ടത്തിന്റെ പഠനം എല്ലാവിഭാഗം വിദ്യാർഥികളെയും പരിഗണിക്കുന്നതാവണം. വിവിധ വിജ്ഞാനശാഖകളെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കാനും ഓരോന്നിലും ലഭ്യമായിട്ടുള്ള സാധ്യതകൾ പരിചയപ്പെടാനും ഈ ഘട്ടത്തിനു പൊതുവായി കഴിയണം. പ്രവർത്തനങ്ങളിലൂടെ കുട്ടികൾ സ്വന്തം താത്പര്യങ്ങളെയും കഴിവുകളെയും തിരിച്ചറിയുകയും ഭാവിയിൽ സ്വീകരിക്കേണ്ട തൊഴിലും അതു സംബന്ധമായ പഠനം നടത്താനാവശ്യമായ കോഴ്സും കണ്ടെത്തുകയും വേണം. വലിയൊരു വിഭാഗം കുട്ടികളെ സംബന്ധിച്ചിടത്തോളം സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളാൽ പഠിത്തം നിർത്തി തൊഴിൽ ചെയ്യാനുള്ള വൈദഗ്ധ്യം വർധിപ്പിക്കാൻ തുടങ്ങുന്ന ഘട്ടം കൂടിയാണിത്.

ഇതെല്ലാം മുന്നിൽക്കണ്ടു വേണം സെക്കൻഡറി ഘട്ടത്തിലെ കോർ വിഷയങ്ങളുടെ പഠനരീതിയും ഉള്ളടക്കവും നിർണയിക്കുന്നത്. 9-ാം ക്ലാസുമുതൽ കോർ വിഷയങ്ങളുടെ പഠനത്തെ സാമാന്യതലം, സവിശേഷതലം എന്നിങ്ങനെ വേർതിരിക്കാമോ എന്നാലോചിക്കണം. എല്ലാ വിഭാഗം കുട്ടികളുടെയും മുന്നിൽ വിവിധ വിജ്ഞാനശാഖകളുടെ സാധ്യതകൾ തുറന്നുവയ്ക്കുകയും തന്റേതായ വിഷയമേഖലയും തൊഴിൽമേഖലയും തിരഞ്ഞെടുക്കാൻ ധാരണ നൽകുന്നതുമാകണം സാമാന്യതലം. എന്നാൽ ഗണിതമോ ശാസ്ത്രമോ സാമൂഹികശാസ്ത്രമോ ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുകയും തന്റെ മേഖല ഇതാണെന്നു തിരിച്ചറിഞ്ഞ് മുന്നോട്ടു പോകുവാൻ സന്നദ്ധരാവുകയും ചെയ്യുന്നവർക്ക് ആ മേഖലയിൽ ആഴത്തിലുള്ള പഠനം സാധ്യമാക്കുന്നതാവണം അതതു വിഷയങ്ങളുടെ സവിശേഷതലം. കോർവിഷയങ്ങളുടെ സാമാന്യതലം എല്ലാവർക്കും ലഭ്യമാകുമ്പോൾ തിരഞ്ഞെടുത്ത വിഷയത്തിന്റെ സവിശേഷതലം കൂടി ഓരോ കുട്ടിക്കും ലഭ്യമാവും. ഇതോടൊപ്പം കല, തൊഴിൽ, പ്രവൃത്തി-പരിചയം, കായിക ഇനങ്ങൾ എന്നിവയും സവിശേഷതലമായി കുട്ടികൾക്കു താത്പര്യംപോലെ തിരഞ്ഞെടുക്കാം.

എന്നാൽ ഒരു വിഷയത്തിന്റെ സവിശേഷപഠനം സെക്കൻഡറിക്കുശേഷമുള്ള തുടർപഠനത്തിന് ഒരു തടസ്സമായി മാറരുത്. ഇതു തന്റെ മേഖലയല്ലെന്നു സ്വയം തിരിച്ചറിഞ്ഞ കുട്ടിക്കു മറ്റൊരു മേഖലയുടെ പഠനവും മറ്റൊരു തൊഴിലും തിരഞ്ഞെടുക്കാനും പൊതുധാരയിലേക്കു തിരിച്ചു വരാനും അവസരം നൽകുന്ന തരത്തിൽകൂടിയായിരിക്കും ഈ വിഭജനം. കുട്ടിയുടെ സ്വാതന്ത്ര്യവും, സ്വയം നിർണയാവകാശവും ഉറപ്പുനൽകുന്ന രീതിയിൽ ഈ സാധ്യത എങ്ങനെ പ്രയോജനപ്പെടുത്താമെന്നു വിശദമായി ചർച്ചചെയ്യണം. എന്നാൽ പൊതുവിദ്യാഭ്യാസത്തിന്റെ നിർണായകഘട്ടമായ സെക്കൻഡറിയിൽ യാതൊരു വിധത്തിലുള്ള വിവേചനത്തിനും ഈ രീതി ഇടയാക്കരുത്. നിലവിലുള്ള ജനറൽ, ടെക്നിക്കൽ എന്നീ രീതികളിലുള്ള സ്കൂൾ വിഭജനം പോലും ഒഴിവാക്കാൻ കഴിയുന്ന രീതിയിലാകണം ഇതിന്റെ സംഘാടനം.

## 4.4 ഹയർ സെക്കൻഡറി

പൊതുവിദ്യാഭ്യാസം പൂർത്തിയാക്കുന്ന തലം എന്ന നിലയിലാണ് ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തെ കാണേണ്ടത്. ഉപരിപഠനത്തിന് താത്പര്യമുള്ളവർക്ക് അതിനും തൊഴിൽ സ്വീകരിക്കാനാഗ്രഹിക്കുന്നവർക്ക് അതിനും പശ്ചാത്തലം ഒരുക്കുംവിധം ഈ ഘട്ടത്തിലെ വിദ്യാഭ്യാസം വൈവിധ്യവത്കരിക്കണം. 10-ാം ക്ലാസ് പഠനത്തോടെ വിവിധകാരണങ്ങളാൽ സ്കൂൾ വിടാൻ നിർബന്ധിതരാകുന്ന ഒരു വലിയ വിഭാഗം വിദ്യാർഥികളെ പൊതുവിദ്യാഭ്യാസ ധാരയിൽ ഉറപ്പിച്ചുനിർത്തി ഹയർ സെക്കൻഡറി ഘട്ടത്തിലൂടെ തൊഴിൽവൈദഗ്ധ്യം ഉറപ്പാക്കി സാമൂഹിക വികസനപ്രക്രിയയിൽ പങ്കാളികളാക്കുകയും വേണം. ഹയർ സെക്കൻഡറിയിൽ സാമ്പ്രദായികമായ പഠനം കഴിഞ്ഞ് അവിദഗ്ധ തൊഴിലാളികളായും തൊഴിൽരഹിതരായും ഒരു വിഭാഗം മാറ്റിനിർത്തപ്പെടുന്ന അവസ്ഥ ഗുണകരമല്ല. സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളാൽ ഉപരിപഠനം നിഷേധിക്കപ്പെടുന്ന അവസ്ഥയും അഭികാമ്യമല്ല. പൊതുവിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർഥികൾ നേരിട്ട് തൊഴിൽമേഖലയിൽ കടന്നുവരാൻ കഴിവുള്ളവരാവണം. ഉപരിപഠനത്തിനു താത്പര്യമുള്ള കുട്ടികൾക്ക് അതിനുള്ള അവസരം നിഷേധിക്കുകയും അരുത്. തൊഴിൽ ചെയ്തുകൊണ്ട് ഉപരിപഠനം നടത്താനും ഒരു ഘട്ടം വരെ തൊഴിൽ ചെയ്ത ശേഷം ഉപരിപഠനത്തിനു പോകാനും കുട്ടികൾക്കു കഴിയണം. ഇതിന് ഇന്നുള്ള ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭജനം അവസാനിപ്പിക്കണം. പകരം തൊഴിലധിഷ്ഠിതവും എന്നാൽ അക്കാദമിക പിൻബലമുള്ളതുമായ വിഷയസമുച്ചയങ്ങൾ (കോമ്പിനേഷൻസ്) തിരഞ്ഞെടുക്കാനുള്ള അവസരവും സ്വാതന്ത്ര്യവും ലഭ്യമാക്കുന്നതാകണം പൊതുവിദ്യാഭ്യാസത്തിലെ ഹയർ സെക്കൻഡറി ഘട്ടം.

ഇക്കാര്യത്തിൽ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് ഇങ്ങനെ അഭിപ്രായപ്പെടുന്നു: "*തങ്ങളുടെ താത്പര്യങ്ങളെയും ഭാവിജീവിതത്തെയും ബന്ധപ്പെടുത്തി വൈവിധ്യമാർന്ന വിജ്ഞാനശാഖകളിലേക്ക് ആഴ്ന്നിറങ്ങാനും കാര്യങ്ങൾ ഗ്രഹിക്കാനും കഴിയുന്ന ഐച്ഛികവിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള സാധ്യത നിലനിൽക്കുന്നതാണ് ഈ ഘട്ടം. പുതിയ വിജ്ഞാനശാഖകൾ തേടിപ്പിടിക്കാനും വിവിധ വിജ്ഞാനശാഖകളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വിവിധ പ്രശ്നങ്ങളെയും വസ്തുതകളെയും സമീപിക്കാനും ഉള്ള സാധ്യതകൾ കൂടുതലാണ്. പഠനത്തിനുവേണ്ടി തിരഞ്ഞെടുക്കുന്ന വിഷയങ്ങൾ തമ്മിലും അവയ്ക്കുപുറമെയും അത്തരം അന്വേഷണങ്ങൾ നടത്തേണ്ടതാണ്.*

*പല വിദ്യാഭ്യാസ ബോർഡുകളും നിർബന്ധിത ഭാഷാപഠന കോഴ്സുകൾക്ക് പുറമെ വൈവിധ്യമാർന്ന പഠനവിഷയങ്ങൾ മുന്നോട്ടു വയ്ക്കുന്നുണ്ട്. വിദ്യാർഥികൾക്ക് വിശാലമായ തിരഞ്ഞെടുപ്പുനടത്താൻ കഴിയാത്ത തരത്തിലുള്ള ഔപചാരികങ്ങളും അനൗപചാരികങ്ങളുമായ നിബന്ധനകളെക്കു*

*റിച്ച് പരക്കെ ഉത്ക്കണ്ഠ ഉയർന്നിട്ടുണ്ട്. സയൻസ് സ്ട്രീം, ആർട്സ് സ്ട്രീം, കൊമേഴ്സ് സ്ട്രീം എന്ന തരത്തിൽ പല ബോർഡുകളും അതിർത്തികൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർഥികൾക്കു തിരഞ്ഞെടുപ്പുനടത്താൻ കഴിയുന്ന ചേരുവകളിൽ സി.ബി.എസ്.ഇ. ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ചില പഠനവിഷയങ്ങളുടെ ചേരുവയ്ക്കുള്ള ജനസമ്മതി പരിഗണിച്ചുകൊണ്ടും വിവിധ വിഷയങ്ങളുടെ വ്യത്യസ്ത പദവിയെക്കുറിച്ചുള്ള ധാരണയിലെ വ്യത്യാസം കൊണ്ടും മുമ്പുണ്ടായിരുന്ന പല ഐച്ഛികങ്ങളും ഇന്നും വിദ്യാർഥികൾക്കു നിഷേധിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ പ്ലസ്ടു തലത്തിൽ വിദ്യാർഥി പഠിച്ച വിഷയഗ്രൂപ്പുകളുടെയും തരങ്ങളുടെയും ഒക്കെ അടിസ്ഥാനത്തിൽ സർവകലാശാലാ പ്രവേശനം പലതരത്തിൽ നിയന്ത്രിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ സർവകലാശാലകൾ ഇന്നു പ്രവേശനത്തിന് ഏർപ്പെടുത്തിയിരിക്കുന്ന മാനദണ്ഡങ്ങളും പുന:പരിശോധിക്കേണ്ടതുണ്ട്. ഇന്ന് ഈ നിയന്ത്രണത്തിന്റെ പേരിൽ ഭൗതികം, ഗണിതം, ഫിലോസഫി എന്നോ ലിറ്ററേച്ചർ, ബയോളജി, ഹിസ്റ്ററി എന്നോ ഉള്ള വിഷയചേരുവകൾ പലതും വിദ്യാർഥികൾക്കു ലഭ്യമല്ല.*

*എഞ്ചിനീയറിങ്, മെഡിസിൻ എന്നീ കോഴ്സുകളെ ലക്ഷ്യമാക്കി സ്കൂളിൽ ക്ലാസുകൾ നിശ്ചയിക്കുമ്പോൾ ജനപ്രീതിയുടെയും ടൈംടേബിളിന്റെയും അടിസ്ഥാനത്തിലാണെന്ന വാദത്തിന്മേലാണെന്നു തോന്നുന്നു, കൃത്രിമമായി ചില നിയന്ത്രണങ്ങളിലേക്കെത്തുന്നു എന്നത് വർത്തമാനകാല പ്രവണതയായി കാണുന്നു. രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ ആർട്സോ സ്വതന്ത്ര വിഷയങ്ങളോ പഠിക്കണമെന്നാഗ്രഹിക്കുന്ന കുട്ടികൾക്ക് അതിനുള്ള സന്ദർഭം വളരെ പരിമിതമായിരിക്കുന്നു. ടൈംടേബിളുമായുള്ള പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ട് പലപ്പോഴും സ്കൂൾ സാധാരണയിൽ നിന്നു വ്യത്യസ്തമായ വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിൽ നിന്നു കുട്ടികളെ നിരുത്സാഹപ്പെടുത്തുന്നു. എല്ലാത്തരം വിഷയങ്ങളും തിരഞ്ഞെടുക്കാനുള്ള തുറന്ന സന്ദർഭം വിദ്യാർഥികൾക്കു നൽകേണ്ടതാണെന്നാണ് ഞങ്ങളുടെ വിശ്വാസം. ഒരു പ്രത്യേക വിഷയഗ്രൂപ്പ് പഠിക്കാൻ ഒരു സ്കൂളിൽ ആവശ്യമുള്ളത്ര വിദ്യാർഥികൾ ഇല്ലെങ്കിൽ അയൽപക്കത്തുള്ള മറ്റു സ്കൂളുകളുമായി കൂട്ടുചേർന്ന് ഒരധ്യാപകന്റെ സേവനം വിനിയോഗിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അത്തരത്തിൽ ഉപയോഗിക്കപ്പെടുന്ന അധ്യാപകരുടെ സേവനം ആ പ്രത്യേക വിഷയങ്ങൾ പഠിപ്പിക്കാൻ ബ്ലോക്കുതലത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ഇങ്ങനെ വിവിധ വിഷയങ്ങളുടെയും പുതിയ പഠനധാരകളുടെയും പ്രോത്സാഹനം സ്കൂൾ ബോർഡുകൾ പരിഗണിച്ചുകൊണ്ട് കുറെക്കൂടി ഫലപ്രദമായി പ്രവർത്തിക്കേണ്ടതാണ്.*

എന്നാൽ ഇക്കാര്യത്തിൽ കേരളത്തിലെ ഹയർ സെക്കൻഡറി ഘട്ടം ചില വ്യത്യസ്തതകൾ പുലർത്തുന്നു. പൊതുവിദ്യാഭ്യാസ ഘട്ടത്തിന്റെ അവസാന ഘട്ടമായാണ് ഹയർ സെക്കൻഡറിയെ കേരളം പരിഗണിക്കുന്നത്. ഇത് എല്ലാവർക്കും ലഭ്യമാക്കുക എന്നത് നമ്മുടെ പൊതുലക്ഷ്യവുമാണ്. അതുകൊണ്ടു തന്നെ കേവലമായ ഉന്നതപഠനത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി പാഠ്യപദ്ധതിയും പഠനവിഷയങ്ങളും തിരഞ്ഞെടുക്കാൻ കഴിയില്ല. മാത്രമല്ല കേരളം ഇന്നു നേരിടുന്ന രൂക്ഷമായ തൊഴിലില്ലായ്മ 18 മുതൽ 25 വരെ വയസ്സുകളിലുള്ളവരുടെതാണ്. പ്ലസ്ടു വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തുവരുന്ന ഒരു കുട്ടി നേരിട്ട് സമൂഹത്തിലെ തൊഴിൽമേഖലയിൽ ഇടപെടാനുള്ള വൈദഗ്ധ്യം നേടിയെങ്കിൽ മാത്രമേ ഒരു വശത്ത് വിദഗ്ധ തൊഴിലാളികളുടെ ക്ഷാമവും മറുവശത്ത് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയും എന്ന വൈരുധ്യത്തെ പരിഹരിക്കാനാവൂ. ഈ ആവശ്യത്തിനനുസൃതമായി ഹയർ സെക്കൻഡറി പഠനപദ്ധതിയെ പരിഷ്കരിക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഏകീകൃതമായ ഒരൊറ്റ ഹയർ സെക്കൻഡറി പാഠ്യപദ്ധതി മാത്രമാവും ഇനി അഭികാമ്യം. ഇതിൽ എത്ര ഭാഷകൾ പഠിക്കണം എന്നത് ഭാഷാപഠനത്തിന്റെ ലക്ഷ്യം മുൻനിർത്തിയാണ് തീരുമാനിക്കേണ്ടത്. ലഭ്യമായ സ്കൂൾ ദിനങ്ങളെയും

പ്രവർത്തന മണിക്കൂറുകളെയും പരിഗണിച്ചു കൂടിയാവണം ഈ തീരുമാനം. നിലവിൽ നവോദയ ഉൾപ്പെടെയുള്ള കേന്ദ്ര സിലബസ് വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മാത്രമാണ് നിർബന്ധിത ഭാഷ. കേരളത്തിന്റെ സവിശേഷസാഹചര്യത്തിൽ മാതൃഭാഷ ഉൾപ്പെടെയുള്ള മറ്റു ഭാഷകളിൽ നിന്ന് ഒരെണ്ണം ഒരു വിഷയമായി തിരഞ്ഞെടുത്തു പഠിക്കുന്നതിനുള്ള അവസരമുണ്ടാക്കണം.

ഇതിനായി ഇന്ന് ഉന്നതപഠനത്തിന്റെ സൗകര്യം പരിഗണിച്ച് നിലനിർത്തിയിട്ടുള്ള സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് എന്ന അതിർത്തികളിൽ മാറ്റം വരുത്തണം. ഹയർ സെക്കൻഡറി പൊതുവായി 5 വിഷയസമുച്ചയങ്ങളായി തരംതിരിക്കാം. ശാസ്ത്രം, സാമൂഹ്യശാസ്ത്രം, വാണിജ്യശാസ്ത്രം, സംസ്കാരം, തൊഴിൽവൈദഗ്ധ്യം എന്നിങ്ങനെ. ഓരോ വിഷയസമുച്ചയത്തിലും മൂന്നു വിഷയങ്ങളുടെ ആഴത്തിലുള്ള അനുഭവമാകും കുട്ടികൾക്കു നൽകുക. നാലാമത്തെ വിഷയമായി തന്റെ സ്വതന്ത്രവിഷയവും കുട്ടിക്കു പഠിക്കാം. ഉദാഹരണമായി, സയൻസ് സ്ട്രീം പഠിക്കുന്ന കുട്ടിക്ക് ഹിസ്റ്ററിയോ നൃത്തമോ ഹിന്ദിയോ സംഗീതമോ നാലാമത്തെ വിഷയമാകാം. ഇതിന്റെ വിശദാംശങ്ങൾ കൂടുതൽ ചർച്ചയുടെ അടിസ്ഥാനത്തിൽ തയാറാക്കണം.

എന്നാൽ ഹയർ സെക്കൻഡറി ഘട്ടത്തിൽ ചേരുന്ന മുഴുവൻ കുട്ടികളും ഏതെങ്കിലും ഒരു തൊഴിലിൽ പ്രായോഗിക അനുഭവമുൾപ്പെടെയുള്ള പരിശീലനം നേടിയാണ് പഠനം പൂർത്തിയാക്കി പുറത്തുവരുക. ഉദാഹരണമായി, സയൻസ് സ്ട്രീം തിരഞ്ഞെടുത്ത കുട്ടിക്ക് അതുമായി ബന്ധപ്പെട്ട തൊഴിലുകൾ (കമ്മ്യൂണിറ്റി മെഡിക്കൽ സർവീസ്, ലാബ്ടെക്നീഷ്യൻ, ആർക്കിടെക്റ്റ്, ഡ്രാഫ്റ്റ്സ്മാൻ, കൃഷി, ഡയറി, ഫിഷറീസ് - ഉൾപ്പെടെയുള്ള തൊഴിലുകൾ) പഠിക്കുകയും അതിൽ പ്രായോഗികപരിചയം നേടുകയുമാവാം. തൊഴിൽ പഠനം അതുമായി ബന്ധപ്പെട്ട പ്രാദേശിക തൊഴിൽകേന്ദ്രങ്ങളിൽ ചേർന്നാണ് നടത്തേണ്ടത്.

എല്ലാ വിദ്യാർഥികളും ഈ പഠനകാലയളവിൽ അപ്രന്റീസ് രീതിയിൽ തൊഴിൽപരിചയം നേടുക എന്നതാണ് ലക്ഷ്യം. ഇതിന് ബ്ലോക്ക് തലത്തിൽ വ്യത്യസ്ത തൊഴിലുകൾ ക്ലസ്റ്ററുകൾ ഉണ്ടാക്കി മികച്ച, പരിശീലനകേന്ദ്രങ്ങൾ/ സെന്ററുകൾ എന്നിവയെ അംഗീകൃത തൊഴിൽ പരിശീലനകേന്ദ്രങ്ങളായി പരിഗണിക്കും. ഡ്രാഫ്റ്റ്സ്മാൻ, കൃഷി (ടിഷ്യൂ കൾച്ചർ ഉൾപ്പെടെ), ഡയറി, ഹോർട്ടികൾച്ചർ, പ്ലംബിങ്, ഫിഷറിസ്, ആർക്കിടെക്ച്ചർ, ഇലക്ട്രിഷ്യൻ, ആട്ടോമൊബൈൽ, മെക്കാനിക്കൽ, കമ്പ്യൂട്ടർ ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് ആന്റ് മൊബൈൽ റിപ്പയറിങ്, ലാബറട്ടറി ടെക്നീഷ്യൻ, കമ്മ്യൂണിറ്റി വർക്ക്, കാർപെന്ററി, ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിങ്, കുക്കിങ്, മേസൺ, സ്കൾപ്ചർ തുടങ്ങി സമൂഹനിർമിതിക്കനിവാര്യമായ എല്ലാവിധ തൊഴിലുകളും, തൊഴിൽ കേന്ദ്രങ്ങളിൽ ജോലിചെയ്തു വൈദഗ്ധ്യം നേടുന്നതിനു കഴിയുന്നതരത്തിൽ ക്രമീകരിക്കണം.

ഹയർ സെക്കൻഡറിയിലെ പഠനം പൂർത്തിയാകുമ്പോൾ നൽകുന്ന സർട്ടിഫിക്കറ്റിൽ ഏതെങ്കിലും മേഖലയിലെ തൊഴിൽവൈദഗ്ധ്യം തെളിയിക്കുന്ന ഒരു സർട്ടിഫിക്കേഷനും ഉണ്ടാകും. തുടർന്ന് അക്കാദമികമേഖലയിൽ പഠനം ആഗ്രഹിക്കുന്നവർക്ക് അതതു വിഷയങ്ങൾ ഉന്നത പഠനത്തിനായി തിരഞ്ഞെടുക്കാം. തൊഴിൽമേഖലയിൽ തൊഴിൽ തേടുന്നവർക്ക് ഈ വൈദഗ്ധ്യം പ്രത്യേകമായി പരിഗണിക്കപ്പെടുകയും ചെയ്യും.

# 5

# വിഷയസമീപനം

പാഠ്യപദ്ധതി സമീപനത്തിനും വിദ്യാഭ്യാസകാഴ്ചപ്പാടിനും അനുസരിച്ച് വിവിധ വിഷയങ്ങളുടെ പഠനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഉള്ളടക്കത്തിന്റെ സ്വഭാവം, പഠനരീതി, സഹായകസംവിധാനങ്ങൾ, അധ്യാപകന്റെ റോൾ തുടങ്ങിയ അംശങ്ങളിൽ ഇതു പ്രതിഫലിക്കണം. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ധാരണകൾ പരിശോധിക്കാം.

## 5.1 ഭാഷാപഠനം

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിൽ ഭാഷകൾക്കുള്ള പ്രാധാന്യം ഏതു പാഠ്യപദ്ധതി രൂപീകരണത്തിലും ഗൗരവമായി പരിഗണിക്കപ്പെടേണ്ടതാണ്. ആധുനിക ഭാഷാശാസ്ത്രവും മന:ശാസ്ത്രവും ബഹുഭാഷാപഠനത്തിന്റെ സാധ്യതകൾക്ക് അടിവരയിടുന്നു. ഭാഷാപഠനം ബൗദ്ധികവികാസത്തിനും യുക്തിചിന്ത വളർത്താനും സഹായിക്കുന്നുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ വിദ്യാഭ്യാസനയം ത്രിഭാഷാ പദ്ധതിയിൽ അധിഷ്ഠിതമാണ്. ഹിന്ദി പ്രദേശങ്ങളിൽ ഇംഗ്ലീഷും ദക്ഷിണേന്ത്യൻ ഭാഷകളിൽ ഒന്നും പാഠ്യവിഷയമാക്കണമെന്ന നിർദേശം ഉണ്ടായിട്ടുണ്ട്. അഹിന്ദി പ്രദേശങ്ങളിൽ ഇംഗ്ലീഷും ഹിന്ദിയുമാണ് നിർദേശിച്ചിട്ടുള്ളത്. ത്രിഭാഷാനയം വളരെ മുമ്പുതന്നെ ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നിവയ്ക്കുപുറമേ അറബി, സംസ്കൃതം, ഉറുദു തുടങ്ങിയ ഭാഷകളും പ്രൈമറിതലം മുതൽ പഠിക്കാൻ കേരളത്തിൽ അവസരമുണ്ട്. ഇതുമൂലം കേരളീയവിദ്യാർഥികൾക്കു കൈവന്ന ഉത്കർഷം വലുതാണ്.

സാക്ഷരതയ്ക്കു കേരളം നൽകിയ പ്രാധാന്യം ലോകത്തിനുതന്നെ മാതൃകയായിട്ടുണ്ട്. ജനമുന്നേറ്റം എന്ന നിലയിൽ ഗ്രന്ഥശാലാപ്രസ്ഥാനവും സാക്ഷരതാപ്രസ്ഥാനവും കേരളത്തിന്റെ സാമൂഹികരംഗത്തു വൻചലനങ്ങൾ ഉണ്ടാക്കി. അടിച്ചമർത്തപ്പെട്ടവരുടെ ഉയിർത്തെഴുന്നേൽപ്പിനും ശാക്തീകരണത്തിനും വഴിതെളിച്ചത് ഈ മുന്നേറ്റങ്ങൾ തന്നെ. ദിനപത്രങ്ങൾ, മറ്റു മാധ്യമങ്ങൾ എന്നിവ കേരളത്തിലെ പോലെ പ്രചാരം നേടിയ സംസ്ഥാനങ്ങൾ ഇല്ല. ഇതു ഭാഷാപഠനത്തിന്റെ നേട്ടങ്ങളിൽ ഒന്നായി ചൂണ്ടിക്കാട്ടാവുന്നതാണ്.

1997-98 മുതൽ സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കിയതിന്റെ ഭാഗമായി ഭാഷാപാഠപുസ്തകങ്ങൾ, പഠനരീതി, മൂല്യനിർണയം എന്നിവയിൽ സമഗ്രമായ മാറ്റം വരുത്തുകയുണ്ടായി. ഇതു ഭാഷാപഠനം മെച്ചപ്പെടുത്താൻ സഹായകമായിട്ടുണ്ട്. ഭാഷ ഉത്പാദിപ്പിക്കാൻ സഹായകമായ അന്തരീക്ഷമൊരുക്കിക്കൊണ്ട് പഠനം ആസൂത്രണം ചെയ്യുന്ന രീതി പ്രക്രിയാധിഷ്ഠിത പാഠ്യപദ്ധതി പ്രദാനം ചെയ്യുന്നു. വിദ്യാർഥികളിലെ സർഗാത്മകത ഉണർത്തുന്നതിന് ഈ പഠനരീതി സഹായിച്ചിട്ടുണ്ട്. ഓർമ പരിശോധിക്കുന്ന ചോദ്യരീതിയിൽനിന്ന് ഭാഷാശേഷികളും ചിന്താപ്രക്രിയയും പരിഗണിക്കുന്ന ചോദ്യങ്ങൾക്കു പ്രാധാന്യം നൽകുന്ന പരീക്ഷാരീതി നിലവിൽ വന്നു. പാഠപുസ്തകം വിവിധ ഭാഗങ്ങളായി ക്രമീകരിച്ച് പഠന

പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള ശ്രമവും ഉണ്ടായിട്ടുണ്ട്. സ്കൂൾലൈബ്രറികൾ സജീവമാകാൻ പുതിയ പാഠ്യപദ്ധതി വഴിതെളിച്ചു. കുട്ടികൾക്കുവേണ്ടി ധാരാളം പ്രസിദ്ധീകരണങ്ങൾ ഇന്നു പ്രചാരം നേടിവരുന്നതു ഭാഷാപാഠ്യപദ്ധതിയുടെ സ്വാധീനം കൊണ്ടാണ്. സാങ്കേതികവിദ്യയുടെ സഹായം ഭാഷാപഠനത്തിൽ പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങളും ഉണ്ടായിട്ടുണ്ട്.

### 5.1.1 പ്രശ്നങ്ങൾ

കേരളത്തിലെ സെക്കൻഡറി, ഹയർ സെക്കൻഡറി വിദ്യാലയങ്ങളുടെ ഭൗതികസൗകര്യങ്ങൾ താരതമ്യേന മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും വിദ്യാലയത്തിന്റെ പൊതുവായ അന്തരീക്ഷം ഇന്നും അനാകർഷകമായിത്തന്നെ നിലകൊള്ളുന്നു. ഭാഷാപഠനത്തിനു നിറം പകരുന്ന വിധത്തിൽ പ്രക്രിയാധിഷ്ഠിതവും ആകർഷകവുമായ വിധത്തിൽ വിദ്യാലയപ്രവർത്തനങ്ങൾ ഒട്ടേറെ മാറേണ്ടതുണ്ട്.

ആധുനിക ഭാഷാശാസ്ത്രത്തിന്റെയും നാഡീമനഃശാസ്ത്രത്തിന്റെയും ബോധനശാസ്ത്രത്തിന്റെയും ഉത്പന്നമായ, സാമൂഹ്യ ജ്ഞാനനിർമിതിവാദത്തിലധിഷ്ഠിതമായ ഭാഷാപാഠ്യപദ്ധതി സൈദ്ധാന്തികമായി സ്വീകരിക്കപ്പെട്ടെങ്കിലും പ്രയോഗതലത്തിൽ ഇനിയും മുന്നോട്ടു പോകേണ്ടതുണ്ട്. പരിശീലനങ്ങളുടെ അപര്യാപ്തത, മോണിറ്ററിങിന്റെ അഭാവം, ബോധവത്ക്കരണശ്രമത്തിന്റെ പരിമിതി, പിന്തുണാസംവിധാനത്തിന്റെ അപര്യാപ്തത തുടങ്ങിയ ഘടകങ്ങൾ ഇതിനു കാരണമായിട്ടുണ്ട്.

സൈദ്ധാന്തികതലത്തിൽ ഏറ്റവും ശക്തവും നവീനവുമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നുണ്ടെങ്കിലും പുതിയ ഭാഷാസമീപനം പ്രയോഗതലത്തിൽ ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്നു പഠനങ്ങൾ തെളിയിക്കുന്നു.

നിലനിൽക്കുന്ന ഭാഷാപാഠപുസ്തകങ്ങളിൽ അടങ്ങിയിട്ടുള്ള പ്രശ്നങ്ങൾ വിവിധ പഠനങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്:

- ഉദ്ഗ്രഥിത സമീപനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയാതെപോയി.
- ഉള്ളടക്കഭാരം കുറയ്ക്കാൻ കഴിഞ്ഞില്ല.
- സ്വയംപഠനത്തിനു പ്രേരിപ്പിക്കാത്ത പാഠഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.
- പാഠഭാഗങ്ങളുടെ തിരഞ്ഞെടുപ്പ് കുട്ടിയുടെ പക്ഷത്തുനിന്നല്ല.

പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലും സംഘടിപ്പിക്കുന്നതിലും ഇടപെടേണ്ടുന്ന ഘട്ടങ്ങളിൽ കൈത്താങ്ങ് നൽകുന്നതിലും പ്രവർത്തനങ്ങൾ മൂല്യനിർണയം ചെയ്യുന്നതിലും മറികടക്കേണ്ട നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. സമയപരിമിതി, നിർദേശിച്ച പ്രവർത്തനങ്ങളുടെ ആധിക്യം, അയവില്ലാത്ത പീരിയഡ് ഘടന, ഉത്പന്നങ്ങളുടെ പുനരുപയോഗ സാധ്യതകൾ പ്രയോജനപ്പെടുത്താതെ പോകുന്നത്, വിവിധ വിഷയങ്ങളുടെ പ്രവർത്തനങ്ങൾ ഒരേസമയം വരുന്നത് തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. വ്യത്യസ്ത നിലവാരമുള്ള കുട്ടികൾക്കു വിഭിന്നങ്ങളായ പഠനാനുഭവങ്ങൾ നൽകുന്നതു സംബന്ധിച്ച ധാരണക്കുറവ് അധ്യാപകർക്കുണ്ട്.

ഭാഷാക്ലാസ്മുറികളിൽ പലപ്പോഴും നടക്കാതിരുന്നതു ഭാഷാപരമായ ശുദ്ധീകരണം (Refinement) ആണ്. കുട്ടികളുടെ വിവിധങ്ങളായ രചനകൾ അവർക്കു സ്വയം പരിശോധിക്കാനും ഗ്രൂപ്പുകളിലും ഗ്രൂപ്പുകൾക്ക് ഇടയിലും പരിശോധിക്കാനും അവസരം ലഭിക്കേണ്ടതുണ്ട്. വാക്യഘടനയിലെ പ്രശ്നങ്ങൾ, പദങ്ങൾ തിരഞ്ഞെടുത്തതിലെ ഔചിത്യം, ഭാവവും ഭാഷയും

തമ്മിലുള്ള ബന്ധം, രചനയിൽ വരുന്ന തെറ്റുകൾ എന്നിവ ബോധ്യപ്പെടുംവിധം വിലയിരുത്തലുകൾ നടക്കണം.

ലൈബ്രറി പ്രവർത്തനം ഭാഷാപഠന ക്ലാസുകളുടെ അവിഭാജ്യ ഘടകമാണ്. ലൈബ്രറി ഉള്ളയിടങ്ങളിൽത്തന്നെ അവയുടെ ഉപയോഗം, പുസ്തകങ്ങളുടെ വിതരണം എന്നിവ തൃപ്തികരമല്ല. ബുദ്ധിയുടെ ബഹുമുഖ സിദ്ധാന്തം, വൈകാരികബുദ്ധി തുടങ്ങിയവയുടെ പ്രയോഗ സാധ്യത ഫലപ്രദമായി ഉപയോഗിക്കാനാവണം.

### 5.1.2 ഭാഷാപഠനം - പൊതുസമീപനം

ഭാഷാപഠനത്തെക്കുറിച്ച് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് മുന്നോട്ടുവയ്ക്കുന്ന ആശയം ഇതാണ്: "ജന്മസിദ്ധമായ ഭാഷാശേഷിയും കുടുംബത്തിലെ അംഗങ്ങളോടും ചുറ്റുമുള്ളവരോടും ഉള്ള സംസർഗവും വഴി സ്വന്തം ഭാഷയിലും പൂർണ വികസിതമായ വിനിമയ ശേഷിയോടു കൂടിയാണ് കുട്ടികൾ വിദ്യാലയത്തിൽ എത്തുന്നത്. അപ്പോഴേക്കും അനേകായിരം വാക്കുകൾ. മാത്രമല്ല ശബ്ദം, വാക്കുകൾ, വാചകങ്ങൾ, സംഭാഷണം എന്നീ തലങ്ങളിലെല്ലാം ഭാഷയുടെ പ്രയോഗത്തെ നിയന്ത്രിക്കുന്ന സങ്കീർണവും സമ്പന്നവുമായ ഘടനകളും അവർക്കു വശമായിരിക്കും. കുട്ടികൾക്കു സ്വന്തം ഭാഷ(കൾ) ശരിയായും സന്ദർഭത്തിനൊത്തും മനസ്സിലാക്കാനും പറയാനും കഴിയുന്നു. ആളും സ്ഥലവും സന്ദർഭവും നോക്കി സംസാരത്തിലും പെരുമാറ്റത്തിലും വേണ്ട ഭാവാന്തരങ്ങൾ വരുത്താനും അവർക്കു കഴിയും. ശബ്ദങ്ങളുടെ കോലാഹലത്തിൽ നിന്ന് ഭാഷയുടെ അത്യന്തം സങ്കീർണമായ ക്രമങ്ങൾ വേർതിരിച്ചെടുക്കാനുള്ള കഴിവും അവർ ആർജിച്ചിരിക്കും. ക്ലാസ് മുറിയിൽ വച്ച് ഈ ശേഷികളെ പടിപടിയായി മെച്ചപ്പെടുത്തിക്കൊണ്ട് ഗ്രഹണശേഷിയും വിനിമയശേഷിയും കൂടുതൽ കൂടുതൽ ഉയർന്ന തലത്തിലേക്ക് എത്തിക്കുക എന്നതാണ് പ്രാഥമിക ഭാഷാവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മൂന്നാം ക്ലാസ് മുതൽ കൂടുതൽ ഉയർന്ന തലത്തിലുള്ള വിനിമയ ശേഷിയും വിമർശനാത്മക വിചിന്തനവും വികസിപ്പിക്കുന്നതിനു വാമൊഴിയും വരമൊഴിയും ഉപകരിക്കുന്നു. പ്രൈമറി ഘട്ടത്തിൽ കുട്ടികളുടെ ഭാഷയെ അതേപടി അംഗീകരിക്കണം. സമ്പന്നവും രസകരവുമായ സന്ദർഭങ്ങൾ സൃഷ്ടിക്കുകയാണെങ്കിൽ നാലാം ക്ലാസെത്തുമ്പോഴേക്കും അക്ഷരത്തെറ്റു കൂടാതെ മാനകഭാഷ പ്രയോഗിക്കാനുള്ള കഴിവ് കുട്ടി സ്വയമേവ സ്വായത്തമാക്കിയിരിക്കും. അതേസമയം കുട്ടി വീട്ടിൽ ഉപയോഗിക്കുന്ന /മാതൃഭാഷയോട് അനാദരം കാണിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. തെറ്റുകൾ വരുത്തുക എന്നതു പഠനപ്രക്രിയയുടെ ഒരു അവിഭാജ്യ ഘടകമാണെന്ന് അംഗീകരിക്കേണ്ടതുണ്ട്. കാലമാകുമ്പോൾ കുട്ടികൾ തനിയേ വേണ്ട തിരുത്തലുകൾ വരുത്തുന്നതാണ്. കുട്ടികൾ വരുത്തുന്ന തെറ്റുകളിലും അവരുടെ ദൗർബല്യങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കാതെ മനസ്സിലാക്കാൻ പറ്റുന്ന രസാവഹമായ വെല്ലുവിളി ഉയർത്തുന്ന സന്ദർഭങ്ങൾ അവർക്കു ലഭ്യമാക്കാനാണ് സമയം ചെലവാക്കേണ്ടത്.

ഗൃഹഭാഷകൾ സ്കൂളുകളിൽ പഠിപ്പിക്കേണ്ടതിന്റെ പ്രാധാന്യം എത്ര പറഞ്ഞാലും അധികമാവില്ല. അന്യോന്യം കാര്യങ്ങൾ മനസ്സിലാക്കാനുള്ള അടിസ്ഥാനപരമായ കഴിവുകളോടെയാണ് കുട്ടികൾ സ്കൂളിലെത്തുന്നത്. എങ്കിലും അവിടെ വച്ച് അവർ കൂടുതൽ ഉയർന്ന, ഗ്രഹണപരമായ ഭാഷാശേഷി കൈവരിക്കേണ്ടതുണ്ട്. സുപരിചിത സാഹചര്യങ്ങളിൽ -ഉദാഹരണത്തിന്, സതീർഥ്യരുമായുള്ള സംവാദങ്ങൾ- അടിസ്ഥാന ഭാഷാശേഷികൾ മതിയാകും. എന്നാൽ അമൂർത്തമായ വിഷയത്തെക്കുറിച്ച് ഒരു പ്രബന്ധം രചിക്കേണ്ടിവരുന്ന സന്ദർഭത്തിലെന്നപോലെ അപരിചിതമായ സാഹചര്യത്തിലും തീവ്രമായ ഗ്രഹണശേഷി വേണ്ടിടത്തും ഉയർന്ന തലത്തിലുള്ള ശേഷികൾ ആവശ്യമാണ്. ഉയർന്ന തലത്തിലുള്ള ശേഷികൾ ഒരു

ഭാഷയിൽ നിന്ന് മറ്റൊന്നിലേക്കു പകർത്താൻ എളുപ്പമാണെന്നു തെളിയിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ സ്കൂളുകളിൽ ഭാഷകളുടെ പഠനം ശക്തിപ്പെടുത്താൻ വേണ്ടതെല്ലാം ചെയ്യേണ്ടിയിരിക്കുന്നു.

കേവലമായ ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിന്റെ പ്രതിഫലനം തന്നെയാണ്. മനുഷ്യൻ സ്വന്തം വികാരവിചാരങ്ങൾ പ്രകടിപ്പിക്കുന്നതും സർഗാത്മകാവിഷ്കാരങ്ങൾ നടത്തുന്നതും കലാസൃഷ്ടികൾ ആസ്വദിക്കുന്നതും ഭാഷ ഉപയോഗപ്പെടുത്തിയാണ്. സാമൂഹിക ജീവിതത്തിന്റെ ഇഴകൾ നെയ്യുന്നതിനും ലോകത്തെ അറിയുന്നതിനും വ്യാഖ്യാനിക്കുന്നതിനും ഭാഷ വേണം. ഇപ്രകാരം മനുഷ്യന്റെ നാളിതുവരെയുള്ള വളർച്ചയിലും വികാസത്തിലും ഭാഷ നിർണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്.

വ്യവഹാര മന:ശാസ്ത്രത്തിൽ അധിഷ്ഠിതമായ ഭാഷാപഠനരീതിയുടെ സ്ഥാനത്ത് കുട്ടിയുടെ നൈസർഗികമായ ഭാഷാശേഷി ഉപയോഗപ്പെടുത്തുന്ന സമീപനമായാണ് പുതിയ പാഠ്യപദ്ധതി അവതരിപ്പിച്ചത്. ഭാഷ ഉത്പാദിപ്പിക്കുന്നതിനുള്ള കുട്ടിയുടെ കഴിവുകളും സിദ്ധികളും ഉപയോഗപ്പെടുത്തുകയും ഭാഷ ഉപയോഗിച്ച് ദൈനംദിന വ്യവഹാരങ്ങളും സർഗാത്മകപ്രകടനങ്ങളും നടത്തുന്നതിന് അവസരം നൽകുകയും ചെയ്യുകയാണ് ഈ രീതി. വൈഗോട്സ്കി, ബ്രൂണർ തുടങ്ങിയ സാമൂഹികജ്ഞാനനിർമിതിവാദികളുടെ ആശയങ്ങളും

***പഠനരീതി***

*ഒരു വ്യക്തിയുടെ പഠനത്തെ സ്വാധീനിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന ഘടകമാണ് അയാളുടെ പഠനരീതി. സ്വാഭാവികതയോടെയുള്ള ആശയസ്വാംശീകരണത്തിന് സഹായിക്കുന്നതും പഠനരീതി തന്നെയാണ്.*

*വിവരത്തെ അല്ലെങ്കിൽ വസ്തുക്കളെ സമീപിക്കാനും ശേഖരിക്കാനും അപഗ്രഥിക്കാനുമുള്ള ഓരോരുത്തരുടെയും കഴിവിനെ സഹായിക്കുന്ന മുൻഗണനാ ക്രമത്തിലുള്ള നൈപുണികളുടെ ശേഖരമാണ് പഠനരീതി.*

- *സംഘപ്രവർത്തനങ്ങളിലെ ഇടപെടൽ*
- *പ്രവർത്തനങ്ങളിലെ പങ്കാളിത്തം*
- *മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കൽ*
- *പ്രശ്നങ്ങൾ പരിഹരിക്കൽ*

*എന്നിവയെല്ലാം ഓരോരുത്തരുടെയും പഠനരീതിയെ സ്വാധീനിക്കുന്നുണ്ട്.*

*പഠനരീതി തിരിച്ചറിയുന്നത് അധ്യാപകരെ പഠനച്ചുമതലകൾ തിരഞ്ഞെടുക്കുന്നതിന് സഹായിക്കും. കൂടാതെ ആവശ്യമായ പഠനസങ്കേതങ്ങൾ ഏതെന്ന് തിരഞ്ഞെടുക്കാനും ഉപയോഗിക്കാനും അധ്യാപകരെ സഹായിക്കും. കുട്ടികൾക്ക് വ്യത്യസ്തതരത്തിലുള്ള പഠനരീതികളുണ്ടെന്നും അതിനനുസരിച്ചാണ് പഠനാനുഭവങ്ങൾ തയാറാക്കി നൽകേണ്ടതെന്നും ഉള്ള ധാരണ അധ്യാപകർക്കു വേണം.*

## *{]hÀ¯ \§Ä*

*സഹകരണാത്മകവും സഹവർത്തിതവുമായ പഠനമാണ് ഭാഷാസമീപനത്തിന്റെ കാതൽ. ഇതിൽ നാം ഇനിയും പുരോഗമിക്കേണ്ടതുണ്ട്. ഗ്രൂപ്പ്പ്രവർത്തനങ്ങളിലൂടെ പുതിയ അറിവുകൾ നേടാൻ കുട്ടികൾക്ക് ആവശ്യമായ പിന്തുണ (Scaffolding) കൊടുക്കാൻ അധ്യാപകർക്കു കഴിയുന്നില്ല. സഹവർത്തിത പഠനത്തിന് അനുയോജ്യമായ സന്ദർഭങ്ങൾ സൃഷ്ടിക്കാനും അതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്താനും അധ്യാപകർക്കു കഴിയണം. ഇതിനാവശ്യമായ പ്രവർത്തനമാതൃകകൾ വികസിപ്പിക്കുകയും പരിശീലനങ്ങളിലൂടെ അവ അധ്യാപകരിലെത്തിക്കുകയും വേണം.*

*എല്ലാ വിഷയങ്ങളിലൂടെയും ഭാഷ (Language across the Curriculum) എന്നതുപോലെ എല്ലാ വിഷയങ്ങളെയും പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുള്ള പഠനാനുഭവങ്ങളുടെ ആസൂത്രണത്തിന് ബുദ്ധിയുടെ ബഹുതല (Multiple Intelligence) ഘടകങ്ങളെ ഉപയോഗപ്പെടുത്തുന്നതിലൂടെ സാധിക്കും. ഇപ്രകാരം മറ്റു വിഷയങ്ങളുടെ ഉള്ളടക്കമേഖലയുമായി ബന്ധപ്പെടുത്തി ഭാഷാ അനുഭവങ്ങൾ അവതരിപ്പിക്കുന്നതിനുള്ള പരിശീലനപരിപാടികൾ സംഘടിപ്പിക്കപ്പെടണം. കുട്ടികളുടെ പഠനരീതി പരിഗണിക്കുന്നതിനുള്ള ഒരു മാർഗം കൂടിയാണിത്.*

ഭാഷാശാസ്ത്ര രംഗത്ത് നോം ചോംസ്കി നടത്തിയ കണ്ടെത്തലുകളുമാണ് ഈ സമീപനത്തിന്റെ പ്രധാന അടിത്തറകളിൽ ഒന്ന്. ഇതോടൊപ്പം കുട്ടിയെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസപ്രക്രിയ യെക്കുറിച്ച് വിദേശത്തും കേരളത്തിലും നടത്തിയ പരീക്ഷണങ്ങളുടെ അനുഭവങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. പൊതുവിൽ സാമൂഹികജ്ഞാനനിർമിതിവാദം, ചോംസ്കി ആവിഷ്കരിച്ച സർവഭാഷാ വ്യാകരണസിദ്ധാന്തം, ഗസ്റ്റാൾട്ട് മന:ശാസ്ത്രം, ശിശുകേന്ദ്രീകൃത വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ, മാനവികതാദർശനം എന്നിവയുടെ സമന്വയത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന സമഗ്രതാദർശനമാണ് ഇപ്പോൾ ഭാഷാപഠനത്തിന്റെ അടിത്തറയായി വർത്തിക്കുന്നത് എന്നു കാണാം.

### 5.3.3 ഭാഷാസമഗ്രതാദർശനം

ഭാഷാസമഗ്രതാദർശനത്തിന്റെ പ്രധാനപ്പെട്ട ആശയങ്ങൾ ചുവടെ ചേർക്കുന്നു:

- സ്വന്തം രീതിയിലുള്ള പഠനത്തിൽ സജീവമായി ഏർപ്പെടുമ്പോഴാണ് കുട്ടികൾ ഏറ്റവുമധികം പഠിക്കുന്നതും വളരുന്നതും. സജീവമായ പഠനപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുമ്പോൾ അച്ചടക്കരാഹിത്യം ഉണ്ടാവില്ല. സ്വയം നിയന്ത്രണത്തിനു വിധേയരായി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന കുട്ടികളെയാണ് ഇവിടെ വിഭാവനം ചെയ്യുന്നത്.
- കുട്ടികളെ കഴിവുള്ളവരായും വികാസം പ്രാപിക്കുന്നവരായും ഭാഷാസമഗ്രതാദർശനം വിലയിരുത്തുന്നു. കുട്ടികളുടെ സിദ്ധികളെയും ശേഷികളെയും കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം.
- സാമൂഹിക ഇടപെടലുകളിലൂടെയാണ് പഠനം പോഷിപ്പിക്കപ്പെടുന്നത്. കുട്ടികൾ തമ്മിൽ ചർച്ചനടത്തുകയും ആശയങ്ങൾ കൈമാറുകയും പ്രശ്നപരിഹരണത്തിനുവേണ്ടി കൂട്ടായ്മ യോടെ പ്രവർത്തിക്കുകയും പ്രോജക്ടുകളിൽ ഏർപ്പെടുകയും ചെയ്യുന്നത് അഭിലഷണീ യമാണ്. മത്സരമൊഴിവാക്കി സഹകരണത്തിന് ഊന്നൽ നൽകുമ്പോഴാണ് കുട്ടിയുടെ നൈസർഗികമായ കഴിവുകൾ വികസിക്കുന്നത്.
- കുട്ടികൾ പഠിക്കുന്നതിന്റെ ഭൂരിഭാഗവും നേരിട്ടുള്ള ബോധനത്തിന്റെ ഫലമല്ല. കുട്ടികളുടെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിച്ചുകൊണ്ട് രക്ഷിതാക്കളും മുതിർന്നവരും അവരോടു സംസാരിക്കുകയും ഇടപെടുകയും ചെയ്യുമ്പോൾ അബോധപൂർവമായി കുട്ടി ഭാഷ പഠിക്കുന്നുണ്ട്.
- വളരെ സങ്കീർണമായ പ്രക്രിയകൾ പോലും അവിശ്വസനീയമായ വിധത്തിൽ സ്വായത്ത മാക്കുന്നതിനുള്ള കഴിവ് കുട്ടിക്കുണ്ട്. അതിന് അത്തരം സങ്കീർണമായ പ്രക്രിയകളിൽ അവരെ വ്യാപൃതരാക്കണമെന്നേയുള്ളൂ.
- നിത്യജീവിതത്തിൽ ഭാഷ നിറവേറ്റുന്ന ഒട്ടേറെ ധർമങ്ങളുണ്ട്. അവയുമായി ബന്ധപ്പെ ടുത്തി ഭാഷ ഉപയോഗിക്കുമ്പോഴാണ് ഭാഷയും സാക്ഷരതയും വികസ്വരമാകുന്നത്. ഇത്തരം ധർമങ്ങൾ സ്വാഭാവികമായി നിറവേറ്റുന്നതിനുള്ള അവസരങ്ങൾ കുട്ടിക്കു ലഭിക്കണം.
- സമഗ്രതയിൽ നിന്ന് ഭാഗങ്ങളിലേക്ക് എന്ന നിലയിലാണ് ഭാഷാപഠനം പുരോഗമിക്കു ന്നത്. ആശയങ്ങൾ എന്ന സമഗ്രതയിലൂന്നി അക്ഷരങ്ങളെന്ന ഘടകങ്ങളിലേക്കെത്തുന്ന താണ് സ്വാഭാവികവും മന:ശാസ്ത്രപരവുമായ രീതി.

ഭാഷാസമഗ്രതാദർശനത്തെപ്പോലെ കേരളത്തിൽ നടന്ന പാഠ്യപദ്ധതി പരിഷ്കരണത്തെ

ശക്തമായി സ്വാധീനിച്ച മറ്റൊരാശയമാണ് ബുദ്ധിയുടെ ബഹുതലസിദ്ധാന്തം (Multiple intelligence theory). മസ്തിഷ്കത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്തകഴിവുകളുമായി ബന്ധപ്പെട്ടതാണെന്ന തിരിച്ചറിവ് ഈ സിദ്ധാന്തത്തിനു കാരണമായിത്തീർന്നു. ഏററവും ചെറിയ പ്രായത്തിലാണ് മസ്തിഷ്കവളർച്ച ഏറ്റവും ദ്രുതഗതിയിൽ നടക്കുന്നതെന്നതിനാൽ കുട്ടിക്ക് ഈ ഘട്ടത്തിൽ വൈവിധ്യമാർന്ന അനുഭവങ്ങൾ നൽകേണ്ടതുണ്ട്. ബഹുമുഖബുദ്ധിയുടെ പ്രയോഗസാധ്യതകളെക്കുറിച്ച് ഫലപ്രദമായ അന്വേഷണങ്ങൾ നടത്തേണ്ടതുണ്ട്.

പഠനത്തിൽ സാമൂഹികതലത്തിലുള്ള പ്രാധാന്യം അംഗീകരിക്കുന്നതാണ് പുതിയ സമീപനം. സാമൂഹികമായ ഇടപെടലുകളിലൂടെയും കൊടുക്കൽ വാങ്ങലിലൂടെയുമാണ് അറിവിന്റെ നിർമാണം നടക്കുന്നത്. കുട്ടിക്കു താൻ ജീവിക്കുന്ന ലോകത്തെ തിരിച്ചറിയാനും പ്രശ്നങ്ങളോട് ശക്തമായും സർഗാത്മകമായും പ്രതികരിക്കാനും ഉള്ള നൈപുണി വളർത്തുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. പൊതുവിൽ സംവാദാത്മകവും സഹകരണാത്മകവും സഹവർത്തിതവുമായ അന്തരീക്ഷത്തിലാണ് ഇപ്രകാരമുള്ള പഠനം നടക്കുക.

## ഭാഷാ പഠനസാമഗ്രികൾ

ഭാഷാ പഠനത്തിന് കേവലം ഒരു പാഠപുസ്തകം എന്നതിന്റെ സ്ഥാനത്ത് അനേകം പഠനസാമഗ്രികൾ എന്ന കാഴ്ചപ്പാട് പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇതു പ്രായോഗികതലത്തിൽ ഇനിയും യാഥാർഥ്യമായിട്ടില്ല. ഇതിനായി ആസൂത്രിതമായ ശ്രമങ്ങൾ ഉണ്ടാകണം. സ്കൂൾ ലൈബ്രറികൾ, ക്ലാസ് ലൈബ്രറികൾ എന്നിവ മെച്ചപ്പെടുത്തണം. ആവശ്യമാണെങ്കിൽ ജില്ലാതലത്തിലോ പ്രാദേശികതലത്തിലോ വായനസാമഗ്രികൾ, മറ്റു പഠനസാമഗ്രികൾ എന്നിവ തയാറാക്കണം.

പൊതുകരിക്കുലവും പാഠപുസ്തക രൂപരേഖയും അധ്യാപകസഹായിയും മാത്രം സംസ്ഥാനതലത്തിൽ രൂപപ്പെടുത്തിയ ശേഷം പാഠപുസ്തകങ്ങൾ പ്രാദേശികപരിഗണനകളോടെ ജില്ലാതലത്തിൽ രൂപപ്പെടുത്തുന്നതിനു ശ്രമിക്കണം. ഇതിന്റെ ആദ്യപടിയെന്നനിലയിൽ 4-ാം തരം വരെയെങ്കിലും ഇപ്രകാരം ചെയ്യുന്നത് ഉചിതമായിരിക്കും.

കുട്ടികളുമായി സംവദിക്കുന്ന ചിത്രങ്ങൾ, പൊതുപ്രശ്നങ്ങളടങ്ങിയ പത്രക്കട്ടിങ്ങുകൾ, പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയുന്ന സി.ഡി.കൾ (Interactive CD's) മുതലായവ ഭാഷാപഠനത്തിന് ഉപയോഗിക്കണം. ഇത് ഓരോ കുട്ടിയുടെയും പഠനരീതി പരിഗണിക്കുന്നതിനു സഹായിക്കും. പഠനരീതി പരിഗണിക്കപ്പെട്ടാൽ, പഠനം ഭാരമില്ലാത്തതായിത്തീരുകയും ആഹ്ലാദകരമായിത്തീരുകയും ചെയ്യും.

> *തങ്ങളുടേതല്ലാത്ത ഒരു ഭാഷയിൽ ബോധനം സ്വീകരിക്കുന്ന ഒരു രാജ്യത്തിലെ കുട്ടികൾ ആത്മഹത്യയാണ് ചെയ്യുന്നതെന്ന് എനിക്കുറപ്പുണ്ട്. അതവരുടെ ജന്മാവകാശത്തെ അപഹരിക്കലാണ്.*
>
> **- ഗാന്ധിജി**

### ഭാഷാക്ലാസ് - അധ്യാപിക

ഭാഷാധ്യാപകരെക്കുറിച്ചുള്ള ഒരു സങ്കല്പം രൂപപ്പെടുത്താൻ നമുക്കു കഴിയണം. ഈ അധ്യാപകർ.

- നല്ല വായനക്കാരായിരിക്കണം. പുതിയ പുസ്തകങ്ങളും ആനുകാലികങ്ങളും താല്പര്യപൂർവം വായിക്കുന്നവരും കുട്ടികളുമായി പങ്കുവയ്ക്കുന്നവരും അവയിൽനിന്നു പല ഭാഗങ്ങളും പകർത്തി സൂക്ഷിക്കുന്ന മനോഭാവം ഉള്ളവരും ആയിരിക്കണം.

- കുട്ടികളുമായി ഇടപഴകാൻ ഇഷ്ടമുള്ളവരും നന്നായി പ്രസംഗങ്ങൾ, ഭാഷണങ്ങൾ മുതലായവ നടത്തുന്നതിന് പ്രാപ്തിയുള്ളവരും ആയിരിക്കണം.
- കുട്ടികളുടെ സംശയങ്ങൾ തീർത്തുകൊടുക്കാനും അവരെ അന്വേഷണാത്മകമായ വഴിയിലൂടെ നയിക്കാനും കഴിവുള്ള ആളായിരിക്കണം.
- അഭിനയം, ചിത്രംവര, കവിതാലാപനം എന്നിവയ്ക്കു കഴിവുണ്ടായിരിക്കണം.

  ചോദ്യങ്ങൾ ചോദിക്കാൻ ആവശ്യമായ കഴിവും മനോഭാവവും ഉണ്ടായിരിക്കണം.
- കുട്ടികൾ എഴുതിത്തയാറാക്കിയവ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗനിർദേശം നൽകുകയും സ്വന്തമായി ലേഖനങ്ങൾ, സർഗാത്മകസൃഷ്ടികൾ എന്നിവ തയാറാക്കുകയും ചെയ്യുന്ന ആൾ ആയിരിക്കണം.
- ചുറ്റുപാടും ലോകത്തും നടക്കുന്ന സംഭവങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്ന ആളും അപ്രകാരം ലോകത്തെ നോക്കിക്കാണുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്ന ആളും ആയിരിക്കണം.

ഇങ്ങനെയുള്ള അധ്യാപകരെ വളർത്തിയെടുക്കുവാൻ കഴിഞ്ഞാൽ മാത്രമേ സർഗാത്മകമായും വിമർശനാത്മകമായും ഭാഷ ഉപയോഗിക്കുന്ന കുട്ടികൾ ഉണ്ടാകുകയുള്ളു. ഇതിനു വേണ്ട പരിശീലനങ്ങൾ സ്ഥിരമായി നൽകുന്നതിനുള്ള സംവിധാനങ്ങൾ സംസ്ഥാനത്തു രൂപപ്പെടേണ്ടതുണ്ട്. ഇന്ന് സംസ്ഥാനത്ത് ഭാഷാധ്യാപകരായി ജോലി ചെയ്യുന്നവരിൽ ഒരു വിഭാഗം യാതൊരുവിധ അധ്യാപകപരിശീലനങ്ങളും നേടിയിട്ടില്ലാത്തവരാണ്. ഇവർക്ക് ഭാഷാധ്യാപകരായി ഫലപ്രദമായി ജോലിചെയ്യുന്നതിനാവശ്യമായ നിശ്ചിതകാലത്തെ സേവനകാലപരിശീലനം നിർബന്ധമായും നൽകേണ്ടതാണ്. പാഠ്യപദ്ധതി വിനിമയത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് തുടർച്ചയായ മോണിറ്ററിങ് കൂടി വേണം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റ്, ബി.ആർ.സി തുടങ്ങിയ സംവിധാനങ്ങൾ സ്ഥിരമായി മോണിറ്ററിങ് നടത്തുകയും വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യുന്നത് അധ്യാപനത്തിന്റെ മേന്മ വർധിപ്പിക്കുന്നതിനു സഹായിക്കും.

**മൂല്യനിർണയം**

നിരന്തരമൂല്യനിർണയത്തെ സമഗ്രമാക്കുന്നതിനുള്ള ശ്രമങ്ങൾ എത്രയും വേഗത്തിൽ നടന്നെങ്കിലേ കുട്ടിയുടെ യഥാർഥ പഠനനിലവാരം തിരിച്ചറിയുന്നതിനും ആവശ്യമായ തുടർപ്രവർത്തനങ്ങൾ ഒരുക്കുന്നതിനും കഴിയുകയുള്ളു. എല്ലാ പഠനപ്രവർത്തനങ്ങളെയും മേഖലകളാക്കിത്തിരിച്ചു വിലയിരുത്തുന്ന പ്രായോഗികരീതികൾ വികസിപ്പിക്കണം. ടെർമിനൽ എഴുത്തുപരീക്ഷയുടെ പ്രാധാന്യം കുറച്ചുകൊണ്ടുവരുകയും നിരന്തര മൂല്യനിർണയം നിർണായകമായി പരിഗണിക്കപ്പെടുകയും ചെയ്യുന്ന തലത്തിലേക്കു മൂല്യനിർണയരീതി ഉയരണം.

**മാതൃഭാഷാപഠനം**

ഭാഷാർജനത്തിന്റെ ആദ്യഘട്ടത്തിൽ കുട്ടിയിൽ പ്രബലമായി രൂപപ്പെടുന്ന ഭാഷയാണ് മാതൃഭാഷ. കുട്ടിയുടെ വിചാരവികാരങ്ങളെയും പ്രതികരണങ്ങളെയും പ്രതിഫലിപ്പിക്കാൻ കഴിയുന്ന ഉചിതമായ മാധ്യമമാണ് ഇത്. അതിനാൽ സ്കൂൾ വിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ സ്ഥാനം വളരെ വലുതാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധഘട്ടങ്ങളിൽ മാതൃഭാഷയ്ക്ക് വ്യത്യസ്ത ധർമങ്ങൾ അനുഷ്ഠിക്കാൻ കഴിയും. ജ്ഞാനനിർമിതിക്കു മാതൃഭാഷയാണ് ഏറ്റവും യോജിച്ചത്.

വിവിധ ഇന്ത്യൻ ഭാഷകളും വിദേശഭാഷകളും സ്കൂൾ വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്താൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഇത് അഭിമാനകരമായ നേട്ടം തന്നെ. വ്യത്യസ്തഭാഷകൾ പഠിക്കുന്നതിലൂടെ വൈവിധ്യമാർന്ന സംസ്കാരങ്ങളുമായി സമന്വയിക്കാൻ നമ്മുടെ വിദ്യാർഥികൾക്കു കഴിയുന്നു. ജീവിതത്തിന്റെ വിവിധ തുറകളിൽ മികവു പുലർത്താനും ഇതു സഹായകം തന്നെ. എന്നാൽ മാതൃഭാഷാപഠനത്തിൽ സമഗ്രതയും സാർവത്രികതയും ഉറപ്പുവരുത്താൻ ഇനിയും നമുക്കു കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിലെ അലസമനോഭാവം പഠനനിലവാരത്തെ തന്നെ ബാധിച്ചിട്ടുണ്ട്. മലയാളമറിയാത്ത മലയാളി എന്ന അഭിമാനംകൊള്ളൽ കേരളീയരുടെ സാമൂഹികബോധത്തിന് ഏൽപിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിയാൻ തുടങ്ങുന്നതേയുള്ളു. ഇന്ത്യയിൽ എവിടെയും സ്കൂൾ തലത്തിൽ മാതൃഭാഷ നിർബന്ധിതമാകുമ്പോൾ മാതൃഭാഷ ഒഴിവാക്കിക്കൊണ്ട് സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കാൻ കേരളത്തിൽ അവസരമുണ്ട്. പ്രാഥമികമായി ഏതു വിഷയത്തിന്റെ പഠനവും ഭാഷാപഠനമാണെന്നു വരുമ്പോൾ അതു നിർവഹിക്കാനുള്ള ഉചിതമായ മാധ്യമം മാതൃഭാഷയാണ്. സ്കൂൾവിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും മാതൃഭാഷ തുല്യ അളവിൽ പഠിക്കാൻ എല്ലാ വിദ്യാർഥികൾക്കും അവസരം നൽകണം. ഇതു വിദ്യാർഥിയുടെ അവകാശമായി കാണേണ്ടതുണ്ട്.

ഒന്നു മുതൽ നാലു വരെ ക്ലാസുകളിൽ ആഴ്ചയിൽ പരമാവധി രണ്ടുമണിക്കൂർ ഒഴികെ മുഴുവൻ അധ്യയന സമയവും ഭാഷാപഠനത്തിനായി വിനിയോഗിക്കേണ്ടതാണ്. വഴക്കമുള്ള ഉദ്ഗ്രഥിത സമീപനരീതിയിൽ ഇതു സാധ്യമാകും. ഗണിതപഠനവും പരിസരപഠനവുമൊക്കെ ഇതിന്റെ ഭാഗമായി മാത്രം തുടർന്നാൽ മതിയാകും.

പ്രൈമറിയിലെ ഭാഷാപഠനം കുട്ടിക്ക് അനുഭവങ്ങളിലൂന്നിക്കൊണ്ടായിരിക്കും. ചുറ്റുപാടുകളോട് പ്രതികരിച്ചും അവയെ ഭാവനാപൂർണമായി വ്യാഖ്യാനിച്ചും കുട്ടി ഭാഷ ഉത്പാദിപ്പിക്കുന്നു. പരിചിതമായ വ്യവഹാര സന്ദർഭങ്ങളിൽ ഏർപ്പെടാനുള്ള അവസരമാണ് ഭാഷാപഠനത്തിന്റെ ഭാഗമായി ഇവിടെ ഒരുക്കുന്നത്. ഭാഷയോടുള്ള മമതയും സ്നേഹവും വർധിപ്പിക്കാൻ ഉതകുന്ന പഠനാന്തരീക്ഷം തന്നെയാണ് പ്രാഥമികഘട്ടം മുതൽ ഒരുക്കേണ്ടത്.

അഞ്ചു മുതൽ പത്തു വരെ ക്ലാസുകളിൽ ത്രിഭാഷാപഠനമാണ് പൊതുവെ നിർദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ കേരളത്തിന്റെ സവിശേഷസാഹചര്യത്തിൽ നാലുഭാഷകൾ പഠിക്കാൻ അവസരം ലഭിക്കുന്നുണ്ട്. മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നിവയ്ക്കു പുറമേ അറബിക്, സംസ്കൃതം, ഉർദു എന്നിവയിൽ ഒന്നും പഠിക്കാൻ അവസരമുണ്ട്. ഇതര ഭാഷകൾ പഠിക്കുന്നവർക്ക് മാതൃഭാഷയിൽ പ്രാവീണ്യം നേടാനുള്ള അവസരങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

ഹയർസെക്കൻഡറി തലത്തിൽ ഭാഷകൾക്കു കൂടുതൽ ഓപ്ഷണൽ കോമ്പിനേഷനുകൾ രൂപകല്പനചെയ്യേണ്ടതാണ്. കല, സംസ്കാരം, സാങ്കേതികവിദ്യ, വാണിജ്യശാസ്ത്രം എന്നിവയുമായി ബന്ധിപ്പിച്ച് വിവിധഭാഷകൾ പഠിക്കാൻ ഇവിടെ അവസരം നൽകാം. തൊഴിൽരംഗത്തു മികവു പുലർത്താൻ കഴിയുന്ന വിധത്തിൽ ഈ പഠനക്രമം ചിട്ടപ്പെടുത്താവുന്നതാണ്. അതതു മേഖലകളിൽ നേരിട്ട് ഇടപെട്ടുകൊണ്ട് ഭാഷയുടെ സാധ്യതകൾ അന്വേഷിക്കാൻ പ്രേരിപ്പിക്കും വിധമാണ് ഇതു ക്രമീകരിക്കേണ്ടത്. ഭാഷാശാസ്ത്രത്തിന്റെ സാധ്യതകൾ, വിശേഷിച്ച് പ്രായോഗിക ഭാഷാശാസ്ത്രത്തിന്റെ സാധ്യതകൾ ഇവിടെ പ്രയോജനപ്പെടുത്തണം. ആയുർവേദം തുടങ്ങിയ പ്രായോഗികവിഷയങ്ങൾ ഭാഷാപഠനവുമായി ഉദ്ഗ്രഥിച്ചു പഠിപ്പിക്കുന്നതു ഗുണകരമായിരിക്കും.

**ബോധനമാധ്യമം**

ബഹുഭാഷാസമൂഹങ്ങൾ അധിവസിക്കുന്ന രാജ്യങ്ങളിൽ ബോധനമാധ്യമം ഏതു ഭാഷ യായിരിക്കണമെന്നതു പ്രധാനപ്പെട്ട ഒരു ചർച്ചാവിഷയമാണ്. ഉന്നതവിദ്യാഭ്യാസത്തിന്റെ മാധ്യമം ഇംഗ്ലീഷ് ആയതിനാൽ സ്കൂൾവിദ്യാഭ്യാസത്തിന്റെ മാധ്യമവും ഇംഗ്ലീഷ് ആയിരി ക്കണം എന്നു കരുതുന്ന ഒരു പ്രബലവിഭാഗം കേരളത്തിലുണ്ട്. എന്നാൽ മാതൃഭാഷയായിരി ക്കണം ബോധന മാധ്യമം എന്നത് ആധുനികകാലത്ത് എല്ലാ സ്വതന്ത്രസമൂഹവും അംഗീക രിച്ചിരിക്കുന്ന ഒരു തത്ത്വമാണ്. കേവലം ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു സമൂഹത്തിന്റെ പാരമ്പര്യവും സംസ്കാരവും കൂടിയാണ്. ഭാഷ ചിന്തയുടെ മാധ്യമം കൂടി യാണ്. ഇക്കാര്യങ്ങളെയും അംഗീകരിച്ചുകൊണ്ടുമാത്രമേ ഒരു ബഹുഭാഷാ സമൂഹത്തിൽ സഹവർത്തിത്വത്തോടെ ജീവിക്കാൻ കഴിയുകയുള്ളു. ഈ തിരിച്ചറിവാണ് മാതൃഭാഷ ബോധന മാധ്യമമായി സ്വീകരിക്കണം എന്നതിന്റെ രാഷ്ട്രീയം.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം വ്യക്തികൾക്കു നേട്ടമുണ്ടാക്കുമെന്നും അന്യ ഭാഷയിലൂടെയുള്ള പഠനം പഠിതാവിന് ദോഷമുണ്ടാക്കുമെന്നും മനശ്ശാസ്ത്രഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ആശയ സ്വീകരണവും (സ്വാംശീകരണവും) (concept attainment) അറിവിന്റെ നിർമാണവും അനായാസം നടക്കുന്നത് മാതൃഭാഷയിലൂടെയാണെന്ന് ഇത്തരം പഠനങ്ങളും നമ്മുടെ അനുഭവങ്ങളും കാണിക്കുന്നു. അറിവിന്റെ നിർമാണമെന്നത് കുറെ വിവരങ്ങൾ ഓർത്തുവെയ്ക്കുന്നതല്ല. ഇതൊരു ജീവശാസ്ത്രപരമായ പ്രക്രിയയാണ്. ന്യൂറോണുകളുടെ വളർച്ചയും ബന്ധം സ്ഥാപിക്കലുമാണ് പഠനം. പന്ത്രണ്ടു വയസ്സാകുമ്പോഴേക്കും മസ്തിഷ്കവളർച്ച പൂർണതയിലെത്തുന്നു. ഇതിനിടയിൽ ലഭിക്കുന്ന അനുഭവങ്ങൾ ഏറ്റവും സമ്പന്നമായിരിക്കണം. ഓരോ അനുഭവവും ന്യൂറോണുകളുടെ വലക്കണ്ണികൾ സൃഷ്ടിക്കുന്നു. ഇവയ്ക്കു മേലെയാണ് പുതിയ അനുഭവങ്ങൾക്കു വലക്കണ്ണികൾ തീർക്കാൻ,. ഇങ്ങനെയാണ് മസ്തിഷ്കം വികസിക്കുന്നത്. കുട്ടിക്കാലം മുതൽ ലഭിക്കുന്ന മാതൃഭാഷയിലുള്ള വിദ്യാഭ്യാ സത്തിനു മാത്രമേ ഇപ്രകാരം മസ്തിഷ്കവികാസത്തെ സഹായിക്കാനാകൂ. ഇംഗ്ലീഷ് മാധ്യ മത്തിലാവുമ്പോൾ ആശയ സ്വാംശീകരണത്തിന്റെ വേഗത കുറയുകയും ഇതു കുട്ടിയെ മാന സികസമ്മർദങ്ങളിലാഴ്ത്തുകയും ചെയ്യുന്നു. വേണ്ടത്ര മുന്നറിവുകൾ (Pre requisites) ഇല്ലാത്ത കുട്ടിയുടെ പഠനശേഷി മന്ദീഭവിക്കും. ജീവിതകാലം മുഴുവൻ കാണാപ്പാഠം പഠിക്കലിലേക്കാ യിരിക്കും ഇതു നയിക്കുക.

ചിന്തയും ഭാഷയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പിയാഷെ, വൈഗോട്സ്കി, ചോംസ്കി മുതലായ ചിന്തകർ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ചിന്തയുടെ സംഘാടനത്തിനുള്ള ഉപ കരണമാണ് ഭാഷയെന്ന് വൈഗോട്സ്കി അഭിപ്രായപ്പെടുന്നു. ചിന്തയും ഭാഷയും സമന്വയിക്കുന്നതോടെ ഭാഷാവികാസത്തിന്റെ വിസ്ഫോടനമാണ് സംഭവിക്കുന്നത്. പദങ്ങളുടെ അർഥമന്വേഷിച്ചു കൊണ്ടാണ് കുട്ടിയുടെ ഭാഷാപഠനം മുന്നേറുന്നത്. താൻ കേൾക്കുന്ന ഓരോ വാക്കിന്റെയും അർഥമെന്താണെന്നും അനുഭവത്തിന്റെയും ഓരോ വസ്തുവിന്റെയും പേരെ ന്താണെന്നും കുട്ടി അന്വേഷിക്കുന്നു. ഇങ്ങനെ സ്വാംശീകരിക്കപ്പെടുന്ന ഓരോ ഇഴയും മറ്റൊ രറിവിന്റെ സ്വാംശീകരണത്തിനു കളമൊരുക്കുന്നു.

വിദ്യാഭ്യാസം വ്യക്തിയുടെ സ്വത്വസാക്ഷാത്കാരമാണെന്ന് (Identity Learning Process) ബ്രൂണർ തുടങ്ങിയ മനശ്ശാസ്ത്രകാരന്മാർ അഭിപ്രായപ്പെടുന്നു. അന്യഭാഷയിലുള്ള പഠനം കുട്ടിയുടെ സ്വത്വസാക്ഷാത്കാരത്തെ തടസ്സപ്പെടുത്തുകയും വ്യക്തിത്വമില്ലാത്തവനാക്കി തീർക്കുകയും ചെയ്യും. വ്യക്തിത്വം നഷ്ടപ്പെട്ട ഒരു ജനത വസിക്കുന്ന രാജ്യത്തിന്റെ നില നില്പു തന്നെ അപകടത്തിലാണ് എന്ന് വിദ്യാഭ്യാസചിന്തകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഒരു ഭാഷ വിദ്യാഭ്യാസത്തിന് ഉപയോഗിക്കാതിരിക്കുക എന്നതു ഭാഷയുടെ നാശത്തിലേക്കു നയിക്കുമെന്ന് യുനെസ്കോ "Education in Multilingual World" എന്ന നിലപാടുരേഖയിൽ വിശദീകരിക്കുന്നുണ്ട്. ഭാഷാപരമായ അവകാശങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്രക്കരാറിലാവട്ടെ,

- ഓരോരുത്തർക്കും സ്വന്തം ഭാഷയിൽ വിദ്യാഭ്യാസം നടത്താനുള്ള അവകാശം
- ദേശീയവിദ്യാഭ്യാസത്തിൽ ഭൂരിപക്ഷ സമൂഹത്തിന്റെ ഭാഷയ്ക്കു പ്രവേശനമുണ്ടായിരിക്കുക
- ന്യൂനപക്ഷങ്ങളോടും പ്രാദേശികഭാഷകളോടും സംസ്കാരത്തോടും അനുകൂല മനോഭാവം വളർത്തുംമട്ടിൽ വ്യത്യസ്ത സംസ്കാരങ്ങളെക്കുറിച്ച് പഠിക്കാനുള്ള അവസരമുണ്ടാക്കുക
- സാർവദേശീയമായ ഭാഷകൾ പഠിക്കുന്നതിനുള്ള സാധ്യതകൾ ഉണ്ടാക്കുക.

എന്നിവ ഓരോ വ്യക്തിയുടെയും സമൂഹത്തിന്റെയും ഭാഷാപരമായ അവകാശമായി പറയുന്നുണ്ട്.

ബോധനമാധ്യമം മാതൃഭാഷയായിട്ടുള്ള സ്കൂളുകളും ഇംഗ്ലീഷ്മീഡിയം സ്കൂളുകളും കേരളത്തിലുണ്ട്. വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണവും മത്സരവും ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള ഭ്രമം ഇടത്തരക്കാരിലും വരേണ്യവിഭാഗങ്ങളിലും വർധിച്ചുവരുന്നുണ്ട്. ഇത്തരം വരേണ്യവിദ്യാലയങ്ങളിലെ വിദ്യാർഥികൾ മൂല്യപരമായി പിന്നാക്കം നിൽക്കുന്നവരാണെന്ന് ദേശീയപാഠ്യപദ്ധതി രൂപരേഖ 2005 ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ പിന്നാക്കാവസ്ഥയുടെ മുഖ്യഹേതു ഇത്തരം വിദ്യാലയങ്ങളിലെ ബോധനമാധ്യമമാണ്. താൻ ജീവിക്കുന്ന സാമൂഹികവും മാനസികവുമായ അന്തരീക്ഷത്തിന്റെ ഭാഗമല്ലാത്ത കൃത്രിമമായ അന്തരീക്ഷത്തിൽ സാമൂഹികമായ ഇടപെടലുകൾക്ക് അവസരം നഷ്ടപ്പെടുന്നു. പ്രാദേശികസമൂഹത്തിന്റെ വികാരവിചാരങ്ങൾ ആവിഷ്കരിക്കപ്പെടാത്ത അന്യഭാഷ കുട്ടിയുടെ മനസ്സിനെ വൈകാരികമായി സ്പർശിക്കാതെപോകുന്നു.

കുട്ടിയുടെ ഹൃദയത്തെ സ്പർശിക്കാത്ത പണ്ഡിതഭാഷയും ധർമോപദേശങ്ങളും പാഠപുസ്തകങ്ങളിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. എല്ലാ വിഷയങ്ങളുടെയും പാഠപുസ്തകങ്ങൾ ഭാഷാപരമായ മികവു പുലർത്തണം. കുട്ടിയുമായി സംവദിക്കുന്ന ഭാഷയായിരിക്കണം അവയിൽ ഉപയോഗിക്കുന്നത്. ഇത് ഉറപ്പുവരുത്തുന്നതിനായി എല്ലാ പുസ്തകങ്ങളും ഭാഷാപരമായ പരിശോധനയ്ക്കു വിധേയമാക്കണം.

മാനകഭാഷയ്ക്കുള്ള അമിതപ്രാധാന്യം മാതൃഭാഷാപഠനത്തിന്റെ ഒരു മുഖ്യദോഷമാണ്. കുട്ടിയുടെ ഗൃഹഭാഷയ്ക്കും പ്രാദേശികഭാഷയ്ക്കും നമ്മുടെ ക്ലാസ്മുറികളിൽ അംഗീകാരം ലഭിക്കണം. കുട്ടിക്കു സ്വാധീനമുള്ള പ്രാദേശിക പ്രയോഗങ്ങൾ ആശയവിനിമയത്തിനുപയോഗിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. അറിവിന്റെ നിർമാണത്തിനും ആശയാവിഷ്കാരത്തിനും ഭാഷ തടസ്സമാകരുത് എന്നതാണ് പ്രധാനം. ഇതോടൊപ്പം തന്നെ ആവശ്യമായ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തിയും സ്കൂൾവിദ്യാഭ്യാസകാലത്തു തന്നെ ഉണ്ടാകണം.

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്രധാരണയനുസരിച്ച് പതിനെട്ടു വയസ്സുവരെയുള്ളവർ കുട്ടികളാണ്. പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറിവരെയുള്ള സ്കൂൾ വിദ്യാഭ്യാസകാലം ഈ പ്രായത്തിലുള്ളവരെയാണ് പരിഗണിക്കുന്നത്. അതുകൊണ്ടുതന്നെ

കുട്ടിയുടെ സംസ്കാരം, ഭാഷ എന്നിവയെ അംഗീകരിച്ചുകൊണ്ടുള്ള ഒരു സമീപനമാണ് ഈ ഘട്ടത്തിൽ പിന്തുടരേണ്ടത്.

### 5.1.7 ഇംഗ്ലീഷ്

വ്യക്തിശാക്തീകരണത്തിൽ ഭാഷാജ്ഞാനത്തിനു വലിയ പങ്കുണ്ട്. സാർവത്രിക പ്രചാരമുള്ള ഭാഷയെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷയ്ക്കു പാഠ്യപദ്ധതിയിൽ സവിശേഷ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. കേരളത്തിൽ ഇന്ന് മൂന്നാം ക്ലാസ് മുതലാണ് ഇംഗ്ലീഷ് പഠനം ആരംഭിക്കുന്നത്. ഹയർ സെക്കൻഡറി ക്ലാസുകളിൽ ഇംഗ്ലീഷ് ഒന്നാം ഭാഷ (പാർട്ട് - 1) എന്ന നിലയിലാണ് പഠിപ്പിച്ചുവരുന്നത്.

കുട്ടിയുടെ ജന്മസിദ്ധമായ ഭാഷാഘടകത്തെയും ചിന്തയെയും കണക്കിലെടുക്കാതെയുള്ള പഠനസാമഗ്രികളും ബോധനരീതികളും ആണ് നിലവിലുള്ളത്. ചേഷ്ടാവാദത്തിൽ (Behaviourism) അധിഷ്ഠിതമായ ഇത്തരം ഭാഷാപഠന പാക്കേജുകളുടെ ആന്തരികമായ പരിമിതികൾ സമകാലിക വൈജ്ഞാനിക ലോകത്തിനു ബോധ്യപ്പെട്ടിട്ടുണ്ട്. എങ്കിലും ഭാഷാപഠനത്തിന്റെ നിലവാരത്തകർച്ചയെക്കുറിച്ചുള്ള ചർച്ചകളിൽ ഈ വസ്തുത പലപ്പോഴും പരിഗണിക്കപ്പെടാറില്ല. പഠനനിലവാരത്തകർച്ചയുടെ മുഖ്യകാരണങ്ങളെ മാറ്റിനിർത്തി ബാഹ്യമായ വശങ്ങൾക്കാണ് ചർച്ചകളിൽ ഊന്നൽ നൽകിവരുന്നത്.

ഈ സാഹചര്യത്തിലാണ് ഇംഗ്ലീഷ് മാധ്യമത്തിലേക്ക് മാറ്റുന്നതിനു പകരം ഈ പഠനമേഖല അനുഭവിക്കുന്ന യഥാർഥ പ്രശ്നങ്ങൾ എന്താണെന്നു പരിശോധിക്കേണ്ടിവരുന്നത്. ഗുണനിലവാരമുള്ള ഇംഗ്ലീഷ് പഠനം ഉറപ്പുവരുത്തുക എന്നത് അടിസ്ഥാന പ്രമാണമായി നാം സ്വീകരിക്കുന്നു.

ആധുനിക മനഃശാസ്ത്രത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും അനുഭവാധിഷ്ഠിത ബോധനരീതിയുടെയും ഉൾക്കാഴ്ചകൾ സ്വീകരിച്ചുകൊണ്ട് 1997 ൽ പ്രൈമറി പാഠ്യപദ്ധതി പരിഷ്കരിച്ചപ്പോഴും ഇംഗ്ലീഷ് ഭാഷാ പഠനബോധനരീതികളിൽ അനുകരണത്തിലും ആവർത്തനത്തിലും അധിഷ്ഠിതമായ ചേഷ്ടാവാദസങ്കല്പനങ്ങൾ നിലനിർത്തിപ്പോന്നിരുന്നു. അതിന്റെ ഫലമായി ഒറ്റപ്പെട്ട അക്ഷരങ്ങൾ, പദങ്ങൾ, വാക്യഘടനകൾ എന്നിവ രേഖീയമായ രീതിയിൽ അവതരിപ്പിച്ചുകൊണ്ടുള്ള പാഠപുസ്തകങ്ങളും ബോധനരീതികളുമാണ് സ്വീകരിച്ചുപോന്നത്. ജന്മസിദ്ധമായ ഭാഷ എന്ന ആശയം അംഗീകരിക്കുന്ന സമീപനമാണ് വേണ്ടത്. ഈ പരിഷ്കാരത്തിൽ അടിസ്ഥാനമാക്കേണ്ട സൈദ്ധാന്തിക നിലപാടുകൾ ഇവയാണ്:

1 കുട്ടിക്ക് ജന്മസിദ്ധമായ ഭാഷാവ്യവസ്ഥയുണ്ട്. ഇതിന്റെ സ്വാഭാവിക വളർച്ചയാണ് ഭാഷാപഠനം.

2 ഭാഷാപഠനം ഒരു അബോധ (Non conscious) പ്രക്രിയയാണ്. ഭാഷാവസ്തുതകളെ ബോധപൂർവം പഠിപ്പിച്ചെടുക്കുന്ന രീതിയിൽ നിന്ന് വ്യത്യസ്തമാണിത്.

3 അനുകരണം വഴിയോ ആവർത്തനം വഴിയോ അല്ല ഭാഷാപഠനം നടക്കുന്നത്. മറിച്ച്, ഉൾക്കാഴ്ചയോടുകൂടിയ സിദ്ധാന്തരൂപീകരണം വഴിയാണ്.

4 ഭാഷാനൈപുണികളുടെ ആകത്തുകയല്ല ഭാഷ, ഇവയുടെ പ്രകടനത്തിന് ആവശ്യമായ ആന്തരികഭാഷാശേഷിയാണ്.

5 രേഖീയമായ വികാസമല്ല ഭാഷാപഠനം. അതൊരു ചാക്രിക പ്രക്രിയയാണ്.

6 ഭാഗങ്ങളിൽ നിന്ന് സമഗ്രതയിലേക്ക് എന്ന രീതിയിലേക്കല്ലാതെ സമഗ്രതയിൽ നിന്ന് ഭാഗങ്ങളിലേക്ക് എന്ന രീതിയിലാണ് ഭാഷാപഠനം മുന്നേറുന്നത്.

7 ഭാഷ സ്വായത്തമാക്കുന്നതിൽ ഭാഷാവസ്തുതകൾ കുത്തിനിറച്ച, കുട്ടിയോട് സംവദിക്കാത്ത ജഡപാഠപുസ്തകങ്ങൾക്കു (Static text) വിശേഷിച്ചൊരു പങ്കുമില്ല. വൈവിധ്യമാർന്ന ഭാഷാ വ്യവഹാരങ്ങളിലൂടെയുള്ള (Discourses) ജൈവ അനുഭവമാണ് ഭാഷാപഠനത്തിലേക്കു നയിക്കുന്നത്.

8 അർഥപൂർണവും ആവശ്യാധിഷ്ഠിതവും ആയ വൈകാരികതലങ്ങളെ സ്വാധീനിക്കുന്ന ഭാഷാനുഭവങ്ങളാണ് കുട്ടിക്കു ലഭിക്കേണ്ടത്.

9 ലഭിക്കുന്ന ഭാഷാനുഭവത്തിന്റെ അളവല്ല പ്രധാനം; അതിന്റെ ഗുണമേന്മയാണ്.

10 ഭാഷ നിലനിൽക്കുന്നത് ഒറ്റപ്പെട്ട വാക്യങ്ങളായോ പദങ്ങളായോ അല്ല, അർഥപൂർണമായ വ്യവഹാരരൂപങ്ങളിലാണ്. അതിനാൽ വ്യവഹാരതലത്തിലുള്ള അനുഭവമാണ് കുട്ടിക്കു ലഭിക്കുന്നത് എന്നും കുട്ടിയുടെ ഭാഷാപ്രകടനം വ്യവഹാരതലത്തിൽ ആകണം എന്നും ഉറപ്പുവരുത്തേണ്ടതുണ്ട്.

11 ഓരോ ക്ലാസിലും ഊന്നൽ നൽകേണ്ട വ്യവഹാരമാതൃകകൾ ഏതെല്ലാമാണെന്നു നിർണ യിക്കേണ്ടതുണ്ട്. ഉയർന്ന ക്ലാസുകളിലേക്കു പോകുംതോറും വ്യവഹാരരൂപങ്ങളുടെ വൈവി ധ്യവും ഭാഷാപരവും ശൈലീപരവുമായ വളർച്ചയും ഉറപ്പുവരുത്തേണ്ടതുണ്ട്.

12 കുട്ടിയുടെ ഭാഷാപ്രയോഗത്തിലുണ്ടാകുന്ന തെറ്റുകൾ അപ്പപ്പോൾ തിരുത്തുന്നത് അഭികാ മ്യമല്ല. ശൈലീപരവും ഘടനാപരവും (Syntactic) രൂപിമപരവും (Morphological) ലേഖന പരവുമായ തെറ്റുകളെ പരിഹരിക്കുന്നതിന് അനുയോജ്യമായ എഡിറ്റിങ് പ്രക്രിയകൾ ആവ ശ്യമാണ്.

13 കുട്ടികളുടെ സ്വതന്ത്രചിന്തയെ പ്രകടിപ്പിക്കുന്നതിനും ഇതു മറ്റുള്ളവരുമായി പങ്കുവയ്ക്കു ന്നതിനുമുള്ള അവസരങ്ങൾ ഒരുക്കേണ്ടതുണ്ട്.

**പ്രൈമറിതലം**

1 ഉദ്ഗ്രഥിത സമീപനമാണ് വേണ്ടത്.

2 സംഭാഷണം, കവിത (Rhymes), വിവരണം, കഥകൾ തുടങ്ങിയ ലഘുവ്യവഹാരരൂപങ്ങ ളാണ് നിർമിക്കപ്പെടുന്നത്.

3 ലിഖിതരൂപങ്ങൾ ഉൾപ്പെടുത്തിയുള്ള ഔപചാരിക പഠനം മൂന്നാം ക്ലാസിലും നാലാം ക്ലാസിലും മാത്രം.

4. കുട്ടിക്കു പഠനം ഭാരമാവാത്ത തരത്തിൽ ഒന്നാം ക്ലാസിൽ തന്നെ ഇംഗ്ലീഷ് ഭാഷാപഠനം തുടങ്ങാവുന്നതാണ്. ഇംഗ്ലീഷ് അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളുമൊക്കെ ബോധപൂർവം പഠിപ്പിക്കുന്ന രീതി ഒഴിവാക്കണം.

5. ഭാഷാ വ്യവഹാരരൂപങ്ങളുടെ അനുഭവം കുട്ടികൾക്കു ലഭിക്കുന്നതിനായി കോഡ് സ്റ്റിച്ചിങ് (Code swithching) രീതി ഉപയോഗിക്കാവുന്നതാണ്.

6. ലോവർ പ്രൈമറി തലത്തിൽ പരീക്ഷകൾ ഒഴിവാക്കാവുന്നതാണ്.

7. അപ്പർ പ്രൈമറി തലത്തിൽ കഥ, കവിത, വിവരണം, സംഭാഷണം, കടങ്കഥ, ചെറുകഥ, നോട്ടീസ്, കത്ത്, റിപ്പോർട്ട്, പോസ്റ്റർ, ഡയറി എന്നിവയുടെ വാചികവും ലിഖിതവുമായ രൂപങ്ങൾ.

**സെക്കൻഡറി തലം**

1 അപ്പർപ്രൈമറി തലം ലക്ഷ്യമിട്ട വ്യവഹാരരൂപങ്ങൾ കൂടാതെ നാടകം, ആത്മകഥ, യാത്രാവിവരണം, ജീവചരിത്രം, കൊറിയോഗ്രാഫി തുടങ്ങിയവ ഉൾപ്പെടുത്താം. ഇവിടെ വ്യവഹാരരൂപങ്ങൾക്കു ഭാഷാപരവും ശൈലീപരവുമായ വളർച്ചയും വികാസവും ആവശ്യമാണ്.

2 സാമൂഹികപ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടുള്ള വ്യവഹാരരൂപനിർമാണമാണ് നടക്കേണ്ടത്.

**ഹയർ സെക്കൻഡറി തലം**

1 ഹൈസ്കൂൾ തലത്തിൽ ഉൾപ്പെടുത്തിയ വ്യവഹാരരൂപങ്ങൾ കൂടാതെ നോവൽ, ഉപന്യാസം, തിരക്കഥ, സംവാദം, സ്ക്രിപ്റ്റുകൾ, സിംപോസിയം, സെമിനാർ തുടങ്ങിയവയും ഉൾപ്പെടുത്തേണ്ടതാണ്.

2 ദൃശ്യമാധ്യമത്തിലും അച്ചടിമാധ്യമത്തിലും ഈ വ്യവഹാരരൂപങ്ങൾ എത്രത്തോളം ഫലപ്രാപ്തിയുള്ളതാണെന്ന് വിമർശനപരമായി പരിശോധിക്കാനുള്ള കഴിവുണ്ടാകണം.

3 അഭിപ്രായങ്ങൾ നിർമിച്ചെടുക്കുന്നതിൽ (Manufacturing consent) ചിഹ്നവിജ്ഞാനീയത്തിലുള്ള (Semiotics) സാധ്യതകൾ തിരിച്ചറിയുകയും അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും വേണം.

4. ഇന്ന് ഓപ്ഷണൽ വിഷയങ്ങളായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇംഗ്ലീഷ് ലിറ്ററേച്ചർ എന്നീ വിഷയങ്ങൾ ചില ഹയർ സെക്കൻഡറി സ്കൂളുകൾ പഠിപ്പിച്ചുവരുന്നുണ്ട്. ഏതു ഭാഷാപഠനത്തിനും കമ്മ്യൂണിക്കേഷൻതലം പ്രാധാന്യം അർഹിക്കുന്നു. ഇതിനാൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഒറ്റയ്ക്കു നിൽക്കേണ്ടതല്ല.

### 5.1.8 ഹിന്ദി

രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദി പഠനം ശക്തിപ്പെടുത്തേണ്ടതുണ്ട്. വിവിധ ജീവിത സന്ദർഭങ്ങളിൽ അനായാസം ഹിന്ദിയിൽ ആശയവിനിമയം നടത്താൻ കഴിയുന്നവിധം പഠനാനുഭവങ്ങൾ നൽകണം. ഭാഷണം, വായന, ലേഖനം എന്നിവയിൽ പരിചയം നൽകാൻ സഹായകമായ വിപുലമായ പഠനക്രമം ഉറപ്പുവരുത്തേണ്ടതുണ്ട്. അഞ്ചാംക്ലാസുമുതലാണ് ഹിന്ദിപഠനം ആരംഭിക്കേണ്ടത്. പത്താംക്ലാസോടെ ഭാഷ ഉചിതമായി പ്രയോഗിക്കാൻ കഴിയുന്ന തലത്തിലേക്കു പഠനം പുരോഗമിക്കണം.

- വിവിധ ഭാഷാവ്യവഹാരങ്ങളിൽ സ്വതന്ത്രമായും ആത്മവിശ്വാസത്തോടെയും ഏർപ്പെടാനുള്ള കഴിവ്.
- വിവിധ രചനകൾ വായിച്ച് ആശയം ഗ്രഹിക്കാനുള്ള കഴിവ്
- ഭാഷണ സന്ദർഭങ്ങളിൽ ആശയം ഗ്രഹിക്കാനും ഇടപെട്ട് സംസാരിക്കാനുമുള്ള കഴിവ്
- ഉചിതമായി പ്രതികരിക്കാനുള്ള കഴിവ്

എന്നിവ സെക്കന്ററി പഠനം പൂർത്തിയാക്കുന്നതോടെ ഉറപ്പുവരുത്തണം.

**ഹയർ സെക്കന്ററി തലം**

- വിവിധ ഭാഷകളിൽ ഒന്നായി തിരഞ്ഞെടുത്ത് ഹിന്ദി പഠിക്കാൻ അവസരം നൽകണം
- ഭാഷ എന്ന നിലയിൽ പഠിക്കുമ്പോൾ ഉയർന്ന ആശയവിനിമയ ശേഷി കൈവരിക്കാനുള്ള പഠനാനുഭവങ്ങൾ നൽകണം. ഔപചാരികവും അനൗപചാരികവുമായ വ്യവഹാര

ങ്ങൾ അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിലാണ് ഇതു ക്രമീകരിക്കേണ്ടത്.

- ഭാഷ എന്ന നിലയിൽ പഠിക്കുമ്പോഴും ഹിന്ദി സാഹിത്യത്തിൽ പരിചയം നേടാനും സർഗാത്മകമായി പ്രതികരിക്കാനും കഴിയേണ്ടതുണ്ട്.
- ഐച്ഛികമായി ഹിന്ദിഭാഷയും സാഹിത്യവും ആഴത്തിൽ പഠിക്കാൻ അവസരം നൽകാം.

### 5.1.9 അറബിക്

താത്പര്യമുള്ളവർക്ക് ഒന്നാംതരം മുതൽ അറബിക് പഠിക്കാൻ അവസരം നൽകാവുന്നതാണ്. സെക്കൻഡറിതലം പൂർത്തിയാക്കുന്നതോടെ അറബിക് ഭാഷയിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് നേടണം. സാംസ്കാരികമായ അടിത്തറയും ഈ ഘട്ടത്തിൽ ഉറപ്പുവരുത്തണം.

ഹയർ സെക്കൻഡറിയിൽ വിവിധ ഭാഷകളിൽ ഒന്നായി അറബിക് പഠിക്കാൻ അവസരം നൽകാം. ഐച്ഛികപഠനത്തിനുള്ള അവസരവും നൽകാവുന്നതാണ്.

### 5.1.10 സംസ്കൃതം

അഞ്ചാംക്ലാസു മുതൽ താത്പര്യമുള്ളവർക്ക് സംസ്കൃത പഠനത്തിന് അവസരം നൽകാവുന്നതാണ്. ഭാഷാ, സംസ്കാരം എന്നിവയിൽ ഊന്നിക്കൊണ്ടുള്ള പഠനമാണ് സെക്കൻഡറിതലം വരെ നടത്തേണ്ടത്.

ഹയർ സെക്കൻഡറിയിൽ വിവിധഭാഷകളിൽ ഒന്നായും ഐച്ഛിക വിഷയമായും സംസ്കൃതം പഠിക്കാൻ അവസരം നൽകാം. ഇവിടെ സാഹിത്യത്തിനും സംസ്കാരത്തിനുമാണ് ഊന്നൽ നൽകേണ്ടത്.

### 5.1.11 ഉർദു

അഞ്ചാം ക്ലാസു മുതൽ താത്പര്യമുള്ളവർക്ക് ഉർദുപഠനത്തിന് അവസരം നൽകാവുന്നതാണ്. ഭാഷ, സംസ്കാരം എന്നിവയിൽ ഊന്നിക്കൊണ്ടുള്ള പഠനമാണ് സെക്കൻഡറിതലം വരെ നിർവഹിക്കേണ്ടത്.

ഹയർ സെക്കൻഡറിയിൽ വിവിധ ഭാഷകളിൽ ഒന്നായും ഐച്ഛികമായും ഉർദു പഠിക്കാൻ അവസരം നൽകാം. ഇവിടെ സാഹിത്യത്തിനും സംസ്കാരത്തിനുമാണ് ഊന്നൽ നൽകേണ്ടത്.

### 5.1.12 വിദേശഭാഷകൾ

ഹയർ സെക്കൻഡറിതലത്തിൽ താത്പര്യമുള്ളവർക്ക് ഭാഷകളിൽ ഒന്നായി ഏതെങ്കിലുമൊരു വിദേശഭാഷ പഠിക്കാൻ അവസരം നൽകാം. അധ്യാപകരുടെ ലഭ്യതയനുസരിച്ച് ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്. അധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ വിദ്യാർഥികൾ സ്വന്തംനിലയിൽ പഠിക്കുന്നത് അഭികാമ്യമല്ല. ഭാഷാവ്യവഹാരങ്ങളിൽ ഊന്നിക്കൊണ്ടായിരിക്കണം പഠനം. സാഹിത്യപരിചയത്തിനുള്ള അവസരങ്ങളും ഉണ്ടാകേണ്ടതാണ്.

## 5.2 ശാസ്ത്രപഠനം

നിഗൂഢതകൾ നിറഞ്ഞ ഒരു പ്രപഞ്ചത്തിൽ തീർത്തും നിസ്സഹായനായിരുന്നു ആദിമമനുഷ്യൻ. തന്നെക്കാൾ കരുത്തരായ ഇതരജീവികൾ, തനിക്ക് അജ്ഞാതമായ പ്രകൃതിപ്രതിഭാസങ്ങൾ, ഇവയെ കീഴടക്കാൻ അവനു തുണയായത് വികസിച്ച ഇന്ദ്രിയങ്ങളും തലച്ചോറും സവിശേഷരീതിയിൽ പ്രവർത്തിപ്പിക്കാൻ പറ്റുന്ന കൈകാലുകളുമാണ്. പഞ്ചേന്ദ്രിയങ്ങളുപയോഗിച്ച് അവൻ ചുറ്റുപാടുമുള്ള ഓരോന്നിനെയും നിരീക്ഷിച്ചു. തലച്ചോറുപയോഗിച്ച് വിശകലനം

ചെയ്തു. ഊഹങ്ങളും നിഗമനങ്ങളും രൂപീകരിച്ച് പ്രകൃതിയിൽ ബൗദ്ധികമായും കായികമായും സാമൂഹികമായും ഇടപെട്ടു. അതിനെ മാറ്റിമറിച്ചു. ഇപ്രകാരം നിർമിച്ച അറിവിനെ ശാസ്ത്ര മെന്നും അതിന്റെ പ്രയോഗരൂപത്തെ സാങ്കേതികവിദ്യയെന്നും പിന്നീട് വിളിച്ചു. സാമൂഹിക മായി വികസിപ്പിച്ചെടുത്ത അനവധി ഭൗതിക ഉപകരണങ്ങളും ഈ അതിജീവനപ്രക്രിയയിൽ മനുഷ്യനു തുണയായി.

ഇങ്ങനെ പ്രകൃതിയെ തന്റെ വരുതിയിൽ നിർത്താനും ദുർബലതയെ അജയ്യതയാക്കി മാറ്റാനും മനുഷ്യവർഗത്തെ സഹായിച്ച ശാസ്ത്രം എന്ന ഉപകരണത്തെ പുതിയ തലമുറയ്ക്കു കൈമാറേണ്ടതു പൊതുസമൂഹത്തിന്റെ ആവശ്യവും ഉത്തരവാദിത്തവുമാണ്. ശാസ്ത്രം എന്ന തുകൊണ്ട് നാം ഉദ്ദേശിക്കുന്നത് ഇതഃപര്യന്തം നേടിയ അറിവും ആ അറിവ് ഉത്പാദിപ്പിക്കുന്ന രീതിയുമാണ്. ആർജിച്ച അറിവും, രീതി ശാസ്ത്രവും പ്രയോജനപ്പെടുത്തി പുതിയ അറിവു കൾ കണ്ടെത്താനുള്ള അന്വേഷണം കൂടിയാണ് ശാസ്ത്രപഠനം.

അതിജീവനത്തിന്റെ ഉപാധിയെന്ന നിലയിൽ ശാസ്ത്രത്തെ പുതുതലമുറയുടെ സമ്പത്താക്കി മാറ്റുമ്പോൾ പരിഗണിക്കേണ്ട മുഖ്യവിഷയങ്ങൾ താഴെ ചേർക്കുന്നു:

- ശാസ്ത്രത്തെ പണിതീർന്ന ഒരു ഉല്പന്നമെന്ന നിലയിൽ കൈമാറിയാൽ മാത്രം പോരാ. അനുഭവങ്ങളിലൂടെ പഠിതാവ് സ്വയം നിർമിച്ച അറിവായി അതിനെ ഉൾക്കൊള്ളാനാവ ണം. എങ്കിൽ മാത്രമേ അറിവ് പഠിതാവിന്റെ ജ്ഞാനഘടനയുടെ ഭാഗമാവൂ. പുതിയ വിജ്ഞാനം നിർമിക്കുന്നതിനുള്ള ശേഷികൂടി പഠിതാവിനു പ്രദാനം ചെയ്യാൻ പ്രക്രിയാ ധിഷ്ഠിത പഠനം സഹായിക്കും.
- പഠിതാവിന്റെ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിച്ചുമാത്രമേ കഴിവതും ഏതൊരു ശാസ്ത്രാ ശയവും അവതരിപ്പിക്കാവൂ. നേടിയ ജ്ഞാനവും നൈപുണികളും വീണ്ടും ജീവിതത്തിലെ പ്രസക്ത സന്ദർഭങ്ങളിൽ പ്രയോഗിച്ചുറപ്പിക്കാനുള്ള സാധ്യതയും പരിഗണിക്കണം.
- ശാസ്ത്രജ്ഞാനത്തെ സ്വഭാവമനുസരിച്ചും പഠനസൗകര്യാർഥവും ജീവശാസ്ത്രം, രസത ന്ത്രം, ഭൗതികശാസ്ത്രം എന്നിങ്ങനെ താഴ്ന്ന തലം തൊട്ടേ വേർപെടുത്തുന്ന രീതിയുണ്ട്. അറിവിന്റെ ഈ വ്യത്യസ്ത അടരുകൾ ജീവിതത്തിന്റെ ഓരോ മേഖലയിലും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു തിരിച്ചറിയാൻ അവസരം കിട്ടാതെ പോകുന്നു എന്നതാണി തിന്റെ ആത്യന്തികഫലം. ശാസ്ത്രജ്ഞാനത്തെ സംബന്ധിച്ച ഉദ്ഗ്രഥിതബോധം ആദ്യം ഉറപ്പിക്കണം. ആഴത്തിലുള്ള പഠനത്തിനായി ഒരു മേഖല തിരഞ്ഞെടുക്കുമ്പോൾ ഇവ വേർപെടുത്തുന്നതാണ് യുക്തി.
- തത്ത്വവും പ്രയോഗവും രണ്ടായി നിൽക്കുന്ന സാമ്പ്രദായികരീതി നിരാകരിക്കണം. പകരം പ്രയോഗസന്ദർഭങ്ങളിൽ നിന്ന് തത്ത്വരൂപീകരണം നടത്താനും തത്ത്വത്തെ പ്രയോഗത്തിൽ വിലയിപ്പിക്കാനും ശ്രദ്ധയുണ്ടാവണം.
- ഓരോ സമൂഹത്തിലും പരമ്പരാഗതമായി നിലനിന്നുപോരുന്ന അറിവുകളുണ്ട്. അവയെ ശാസ്ത്രത്തിന്റെ രീതിയുപയോഗിച്ച് പരിശോധിക്കാനും സ്വീകാര്യമായവയെ ആധുനിക ശാസ്ത്രജ്ഞാനത്തിൽ ഉൾക്കൊള്ളിച്ച് മുന്നോട്ടുകൊണ്ടുപോവാനും പഠിതാക്കൾക്ക് അവ സരം നൽകണം.
- തന്റെ ഇതഃപര്യന്തമുള്ള ജീവിതാനുഭവങ്ങളുടെ ഭാഗമായി കുട്ടി സ്വരൂപിച്ചെടുത്ത ദൈനം ദിനാശയങ്ങളുടെ ഒരു തലമുണ്ട്. ഇതിൽ നിന്നാവണം ശാസ്ത്രാന്വേഷണത്തിന്റെ തുട ക്കം. ഇതിലൂടെ കുട്ടിയുടെ ദൈനംദിനാശയങ്ങളെ ശാസ്ത്രീയാശയങ്ങളാക്കി മാറ്റാൻ സ്കൂൾപഠനം വേദിയാവണം.

- സമ്പത്തിന്റെയും സാംസ്കാരിക അനുഭവങ്ങളുടെയും സ്ത്രീ-പുരുഷഭേദത്തിന്റെയുമൊക്കെ തലങ്ങളിൽ ഒട്ടേറെ വൈരുധ്യങ്ങളും വിവേചനങ്ങളുമുള്ള ഒരു സമൂഹത്തിലാണ് പഠിതാവ് ജീവിക്കുന്നത്. അതുകൊണ്ടുതന്നെ ആധിപത്യം നേടുന്ന വിഭാഗങ്ങളുടെ താത്പര്യത്തിന് ഇണങ്ങുന്ന ശാസ്ത്രമാവും സ്വാഭാവികമായും പാഠ്യപദ്ധതിയിൽ പ്രവേശനം നേടുക. ഈ അപകടത്തെ തിരിച്ചറിഞ്ഞ്, സമൂഹത്തിലെ ഭൂരിപക്ഷം പഠിതാക്കൾക്കും ഗുണപ്രദമായ ജ്ഞാനത്തെ ഉൾക്കൊള്ളാൻ പാഠ്യപദ്ധതിയെ സന്നദ്ധമാക്കണം. വിമോചനത്തിന്റെ ശക്തമായ ഉപാധികളിലൊന്നായ ശാസ്ത്രജ്ഞാനത്തെ സാമാന്യസമൂഹത്തിനെത്തിച്ചുകൊടുക്കുന്ന പ്രക്രിയ കൂടിയായി സ്കൂൾ വിദ്യാഭ്യാസത്തെ കാണണം. സ്വന്തം ജീവിതത്തെ വരിഞ്ഞുനിൽക്കുന്ന അന്ധതകളെ ഇല്ലായ്മചെയ്യാൻ അതവർക്കു കരുത്തു നൽകണം. ഒപ്പം മത്സരാധിഷ്ഠിത സമൂഹത്തിൽ സ്വന്തം സ്വത്വം കണ്ടെത്താനും ശരിയുടെ പക്ഷത്ത് ഉറച്ചുനിൽക്കാനും അതവർക്കു തുണയാവണം.
- ശാസ്ത്രമെന്നതു പുതുക്കപ്പെടുന്ന അറിവുകൂടിയാണ്. അതൊരിക്കലും അവസാനത്തെ ഉത്തരം നൽകുന്നുവെന്നു ഭാവിക്കുന്നില്ല. ശാസ്ത്രചരിത്രവും അറിവിന്റെ വികാസവും അതാണ് സൂചിപ്പിക്കുന്നത്. ശാസ്ത്രത്തിന്റെ ഈയൊരു സവിശേഷത പഠിതാവിനു തിരിച്ചറിയാനാവണം.
- ശാസ്ത്രമെന്നതു പ്രകൃതിയുടെ അടിസ്ഥാന സന്തുലനത്തെ തകർക്കുന്നതിനുള്ള ഉപാധിയാകരുത്. സാമൂഹികവും പാരിസ്ഥിതികവുമായ മൂല്യങ്ങളുടെയും പൊതുധാരണകളുടെയും അടിസ്ഥാനത്തിൽ മാത്രമേ അതിനെ ഉപയോഗിക്കാവൂ. ശാസ്ത്രത്തിന്റെ ദുരുപയോഗത്തിനെതിരെ ഭാവിസമൂഹത്തെ സജ്ജമാക്കാൻ കൂടി ശാസ്ത്രപഠനം ലക്ഷ്യം വയ്ക്കണം.

### 5.2.1. ശാസ്ത്രവിദ്യാഭ്യാസം – നിലവിലുള്ള പശ്ചാത്തലം

കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽത്തന്നെ ശാസ്ത്രവിദ്യാഭ്യാസം പ്രതിസന്ധിയിലാണെന്നു പറയുന്നത് അതിശയോക്തിയല്ല. ഉള്ളടക്കത്തിന്റെയും പഠനബോധന പ്രവർത്തനങ്ങളുടെയും കാര്യത്തിൽ ഏറ്റവുമധികം വിമർശനങ്ങൾ ഏറ്റുവാങ്ങുന്നത് ഒരുപക്ഷേ, ശാസ്ത്രവിദ്യാഭ്യാസമായിരിക്കും. ഈ വിമർശനങ്ങളിലേറെയും പ്രസക്തവുമാണ്. ശാസ്ത്രവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമ്മുടെ നാടിനു യോജിച്ച ഒരു സമീപനം കൈക്കൊള്ളാനോ ഈ രംഗത്ത് ലോകത്തെമ്പാടുമുണ്ടായിട്ടുള്ള ആധുനിക ചിന്താഗതികൾ ഉൾക്കൊള്ളാനോ നമുക്കു കഴിഞ്ഞിട്ടില്ലെന്നതു സമൂഹവികസനത്തോടുള്ള നിഷേധാത്മക നടപടിയായേ കാണാൻ കഴിയൂ. ശാസ്ത്രവിദ്യാഭ്യാസത്തിന്റെ പ്രവർത്തനരീതികളിലും സമീപനത്തിലും മാത്രമല്ല, അറിവിന്റെ ഉത്പാദനത്തിലും പ്രയോഗത്തിലും ലോകത്തെമ്പാടും വന്നുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങൾ കാണാതിരിക്കുന്നതു കുറ്റകരമായ അനാസ്ഥയായി ഭാവിസമൂഹം വിലയിരുത്തും. പാഠപുസ്തകത്തിൽ പേരിനെങ്കിലും ചില പരീക്ഷണങ്ങൾ കൊടുക്കുന്നതു വസ്തുതകളും തത്ത്വങ്ങളുമൊന്നും കണ്ടെത്താനല്ല, വിശദീകരിക്കപ്പെട്ട വസ്തുതകൾ തെളിയിക്കാനാണ്! പരീക്ഷണ-നിരീക്ഷണങ്ങളുടെ മുഴുവൻ നിഗമനങ്ങളും കൊടുക്കുക വഴി പരീക്ഷണങ്ങളുടെ പ്രസക്തി നഷ്ടപ്പെടുന്നുവെന്നുമാത്രമല്ല, കുട്ടിയുടെ കൗതുകവും അന്വേഷണാത്മക പഠനത്തിനുള്ള സാധ്യതയും തീർത്തും ഇല്ലാതാക്കുകയും ചെയ്യുന്നു. ഇതാണ് മുൻകാലങ്ങളിൽ നാം ചെയ്തുപോന്നത്. പ്രായോഗികജീവിതവുമായി പറയത്തക്ക ബന്ധമൊന്നും ഇല്ലാത്തതാണ് ഇന്നത്തെ ശാസ്ത്രവിദ്യാഭ്യാസം. ഇതിന്റെ ഫലമോ? നിത്യജീവിതത്തിലെ ഒരു പ്രശ്നത്തിന്റെയെങ്കിലും പരിഹാരത്തിന് ശാസ്ത്രത്തിന്റെ രീതി ഉപയോഗപ്പെടുത്താൻ നമുക്കാവുന്നില്ല.

**ശാസ്ത്രബോധം**

ശാസ്ത്രബോധം എന്ന പദത്തിന് സാർവലൗകികമായി അംഗീകരിക്കപ്പെട്ട ഒരു നിർവചനം പറയാൻ പ്രയാസമാണ്. ഒരു പ്രശ്നത്തിനോടുള്ള നമ്മുടെ സമീപനം, ചിന്താരീതി, പെരുമാറ്റ രീതി തുടങ്ങിയവയെ ശക്തമായി സ്വാധീനിക്കുന്ന ഒരു പ്രത്യേക മനോഭാവമാണിത്. അന്വേഷണാത്മകത, ചോദ്യം ചെയ്യാനും ചോദ്യം ചെയ്യപ്പെടാനുമുള്ള സന്നദ്ധത ഇവയിലധിഷ്ഠിതമാണ് ശാസ്ത്രബോധം. ഇത് നിർവചിക്കുന്നതിനു പകരം ശാസ്ത്രബോധത്തിന്റെ സാമാന്യമായ സവിശേഷതകൾ പറയുന്നതായിരിക്കും കൂടുതൽ ഉചിതമെന്നു കരുതുന്നു. സ്വയം വിലയിരുത്തുന്നതിനും ഒരു പക്ഷേ ഇതായിരിക്കും കൂടുതൽ സഹായകമാവുക.

- മുൻവിധിയില്ലാതെ, സൂക്ഷ്മവും കൃത്യവുമായ നിരീക്ഷണത്തിനുള്ള ശേഷിയും അവബോധവും.
- അളക്കാനും വിവരം രേഖപ്പെടുത്താനുമുള്ള കഴിവ്.
- വിവരങ്ങൾ വിശകലനം ചെയ്യാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ്.
- വിവരവിശകലനത്തിന്റെ അടിസ്ഥാനത്തിൽ നിഗമനത്തിലെത്താനുള്ള ശേഷി.
- ചോദ്യം ചെയ്യാനും ചോദ്യം ചെയ്യപ്പെടാനുമുള്ള അവകാശം അംഗീകരിക്കൽ.
- തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ തീരുമാനമെടുക്കൂ എന്ന നിർബന്ധം.
- പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ തീരുമാനം പുന:പരിശോധിക്കാനുള്ള സന്നദ്ധത.
- അശാസ്ത്രീയമായ ആശയങ്ങളും അഭിപ്രായങ്ങളും-അതെത്ര ഉന്നത സ്ഥാനങ്ങളിൽ നിന്നുള്ളതായാലും-തിരിച്ചറിഞ്ഞ് പ്രതികരിക്കാനുള്ള കഴിവ്.
- തുറന്ന മനസ്സ്.
- വ്യത്യസ്തമായ നിലപാടെടുക്കാനും അഭിപ്രായം പറയാനും മറ്റുള്ളവർക്കുള്ള അവകാശം അംഗീകരിക്കലും മാനിക്കലും.
- മാനവിക മൂല്യങ്ങളിലുള്ള ഉറച്ച വിശ്വാസം.
- യുക്തിചിന്ത, വസ്തുനിഷ്ഠമായ അന്വേഷണം തുടങ്ങിയ ശാസ്ത്രീയരീതികളോടുള്ള പ്രതിജ്ഞാബദ്ധത.
- ശാസ്ത്രത്തിന്റെ സാധ്യതകളെക്കുറിച്ചും പരിമിതികളെക്കുറിച്ചുമുള്ള അവബോധം.

ഇന്നത്തെ പാഠപുസ്തകത്തിൽ കാണുന്ന വസ്തുതകളിൽ നിന്ന് തികച്ചും വ്യത്യസ്തവും സങ്കീർണവുമാണ് പ്രായോഗികജീവിതം. പാഠപുസ്തകങ്ങളിൽ കാണുന്ന ഒറ്റയുത്തരവുമായി സമൂഹത്തിലേക്കിറങ്ങുന്ന കുട്ടി പകച്ചുപോവുക സ്വാഭാവികമാണ്. വ്യക്തിയുടെയും സമൂഹത്തിന്റെയും ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യത്യസ്ത സാധ്യതകൾ വിശകലനം ചെയ്യാനോ ചർച്ച ചെയ്യാനോ പരീക്ഷിച്ചുനോക്കാനോ ഉള്ള ശേഷിയും പ്രശ്നാപഗ്രഥനത്തിനാവശ്യമായ മനോഭാവവുമൊന്നും നമ്മുടെ ശാസ്ത്രവിദ്യാഭ്യാസത്തിലൂടെ കുട്ടിക്കു നേടാനാവുന്നില്ല. ശാസ്ത്രബോധത്തിന്റെ സ്വാംശീകരണം പരിഗണനയിൽ പോലുമില്ല. നിരീക്ഷണം, ഡേറ്റ ശേഖരിക്കൽ, ഡേറ്റ വിശകലനം, താത്കാലിക നിഗമനം രൂപപ്പെടുത്തൽ, അളക്കൽ, അനുമാനം, നിഗമനത്തിലെത്തൽ തുടങ്ങിയുള്ള ശാസ്ത്രത്തിന്റെ രീതികൾ പരിചയപ്പെടാത്ത കുട്ടിക്ക്, അതായത്, ശാസ്ത്രത്തിന്റെ പ്രക്രിയകളിലൂടെ കടന്നുപോകാത്ത കുട്ടിക്ക്, ശാസ്ത്രവിദ്യാഭ്യാസം കൊണ്ടുണ്ടാകേണ്ട ഒരു നേട്ടവും ഉണ്ടാക്കാനാവില്ല. പ്രശ്നം കണ്ടെത്തൽ, പ്രശ്നം അപഗ്രഥിക്കൽ, പരീക്ഷണ-നിരീക്ഷണങ്ങൾ, ഗവേഷണോന്മുഖമായ പ്രോജക്റ്റുകൾ ഏറ്റെടുക്കൽ, തെറ്റുകൾ തിരിച്ചറിഞ്ഞും തിരുത്തിയും ചർച്ച ചെയ്തും തർക്കിച്ചും താത്കാലികനിഗമനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയുമൊക്കെ കൂടുതൽ ശരിയിലേക്കെത്തുക എന്നിങ്ങനെ ശാസ്ത്രജ്ഞന്മാർ ചെയ്യുന്ന പ്രക്രിയകളൊക്കെ കുട്ടിയും പരിചയിക്കേണ്ടതുണ്ട്. ഇതിനൊന്നിനുമുള്ള ഒരു സാഹചര്യവും ഇന്നത്തെ ശാസ്ത്രവിദ്യാഭ്യാസത്തിലില്ല എന്നതു ഖേദകരമാണ്. ഈ രീതിക്കു മാറ്റം വരണം.

### 5.2.2. ഇന്നത്തെ ശാസ്ത്രവിദ്യാഭ്യാസം – പ്രധാന വിമർശനങ്ങൾ

ഉന്നത വിദ്യാഭ്യാസരംഗത്തായാലും സ്കൂൾ വിദ്യാഭ്യാസരംഗത്തായാലും ഇന്നു നടക്കുന്ന ശാസ്ത്ര വിദ്യാഭ്യാസത്തെക്കുറിച്ച് മുൻപ് സൂചിപ്പിച്ചതുപോലെ പ്രസക്തമായ ഒട്ടേറെ വിമർശ

നങ്ങൾ വിദ്യാഭ്യാസതത്പരരായ ആളുകളിൽ നിന്ന് ഉയർന്നുവരാറുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ഇങ്ങനെ ക്രോഡീകരിക്കാം.

- ക്രോഡീകരിക്കപ്പെട്ട അറിവിന്റെ വിതരണത്തിനാണ് ശാസ്ത്ര വിദ്യാഭ്യാസം നൽകേണ്ടത് എന്ന ധാരണ ഇപ്പോഴും നിലനിൽക്കുന്നു.
- പഠന-ബോധന പ്രക്രിയ പ്രവർത്തനാധിഷ്ഠിതമോ പഠിതാവിനെ കേന്ദ്രീകരിച്ചുള്ളതോ അല്ല. അതുകൊണ്ടുതന്നെ സ്വന്തമായ അനുഭവത്തിലൂടെ പഠനപ്രവർത്തനങ്ങളിൽ മുന്നേറാനും അറിവ് നിർമിക്കാനുമുള്ള അവസരം എല്ലാ ഘട്ടത്തിലും വേണ്ടത്ര ലഭിക്കുന്നില്ല.
- അർഥം ഗ്രഹിക്കാതെ കാണാപാഠം പഠിച്ച് പരീക്ഷയിൽ മികവു പുലർത്തുന്ന രീതിയാണ് പലപ്പോഴും പ്രോത്സാഹിപ്പിക്കപ്പെടുന്നത്.
- കുട്ടികളുടെ സ്വാഭാവികമായ ജിജ്ഞാസയോ ശാസ്ത്രാന്വേഷണ താത്പര്യമോ വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
- പാഠപുസ്തകങ്ങളും പഠനബോധന പ്രവർത്തനങ്ങളുമെല്ലാം പരീക്ഷയെ കേന്ദ്രീകരിച്ചു മാത്രമാണ് നടക്കുന്നത്.
- ഉള്ളടക്കം പലപ്പോഴും അപ്രസക്തവും കുട്ടിയുടെ പ്രകൃതത്തിനു യോജിക്കാത്തതുമാണ്.
- ശാസ്ത്രപഠനത്തിലൂടെ ലഭിക്കേണ്ട ശാസ്ത്രീയ മനോഭാവവും ശാസ്ത്രസാക്ഷരതയും ലഭ്യമാകുന്നില്ല.
- ശാസ്ത്രപഠനം കുട്ടിക്ക് രസകരമായ ഒരു വെല്ലുവിളിയായി തോന്നുന്നില്ല. അതുകൊണ്ടുതന്നെ ശാസ്ത്രപഠന ക്ലാസ്സുകൾ കുട്ടിക്ക് ആകർഷകമായി മാറുന്നില്ല.
- അറിവിന്റെ ഉത്പാദനം വേണ്ടത്ര തോതിൽ പരിഗണിക്കപ്പെടുന്നില്ല.
- ശാസ്ത്ര വിദ്യാഭ്യാസം ജീവിതബന്ധിയാക്കുന്നില്ല.
- പരിചയപ്പെടുന്ന തത്ത്വങ്ങളോ ആശയങ്ങളോ പ്രായോഗികജീവിതവുമായി ബന്ധപ്പെടുത്താനോ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്താനോ കഴിയുന്നില്ല.
- വിദ്യാഭ്യാസ രീതികളിലും പഠന-ബോധന തന്ത്രങ്ങളിലുമുള്ള ആധുനിക കാഴ്ചപ്പാടുകൾ അധ്യാപകരിലെത്തിക്കാനുള്ള സംവിധാനം ഫലപ്രദമാകുന്നില്ല. അധ്യാപന ഫലപ്രാപ്തിയുടെ വിലയിരുത്തൽ പാടേ അവഗണിക്കപ്പെടുന്നു.

### 5.2.3. സമൂഹം എന്താണാവശ്യപ്പെടുന്നത്?

പാഠ്യപദ്ധതി സമീപനവും പഠനബോധനരീതികളും ഉള്ളടക്കവും തീരുമാനിക്കുമ്പോൾ ദീർഘകാലാടിസ്ഥാനത്തിലും ആസന്നഭാവിയിലുമുള്ള സാമൂഹികാവശ്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്. കൃഷി, വ്യവസായം, ആരോഗ്യം, വാർത്താവിനിമയം, വിവരസാങ്കേതികവിദ്യ തുടങ്ങിയ വ്യത്യസ്തമേഖലകളിൽ പുതിയ അറിവ് ഉത്പാദിപ്പിക്കാനും പ്രതിസന്ധികൾ മറികടക്കാനും നേതൃത്വം നൽകാനും കഴിയുന്ന തലമുറകളെ സൃഷ്ടിക്കേണ്ടതുണ്ട്. കേരളത്തിൽ സുസ്ഥിരവികസനം ഉറപ്പാക്കാൻ കഴിയുന്ന രീതിയിൽ ഇവിടെ ലഭ്യമായ വിഭവങ്ങളെയും മനുഷ്യശേഷിയെയും ബന്ധപ്പെടുത്തി ഉത്പാദനമേഖലകളിൽ പുതിയ മുന്നേറ്റം ഉണ്ടാക്കേണ്ടതുണ്ട്. മറ്റു ചില പ്രധാന ആവശ്യങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം:

- തൊഴിൽമേഖലകളിലെ നവീനസാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയണം.
- നാടിനു ചേർന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കണം.

- ശാസ്ത്രീയ പ്രപഞ്ചവീക്ഷണം, ശാസ്ത്രാന്വേഷണരീതി, പരിസ്ഥിതിബോധം, സുസ്ഥിര വികസന സങ്കല്പം, മൂല്യബോധം ഇവ സമൂഹത്തിന്റെ അവിഭാജ്യഘടകമായി മാറണം.
- ആധുനികയുഗത്തിൽ ഉള്ളടക്കത്തിനെക്കാൾ പ്രക്രിയാശേഷികൾക്കു പ്രാമുഖ്യം കിട്ടി വരുന്നു. പ്രായോഗികമായി തൊഴിൽദാതാവിന്റെ ഭാഗത്തുനിന്നു നോക്കിയാലും സംഘബോധം, സംഘപ്രവർത്തനത്തിൽ അംഗങ്ങളുടെ പെരുമാറ്റരീതിയും ചിട്ടകളും ഉൾപ്പെടുന്ന ഗ്രൂപ്പ് ഡൈനാമിക്സ് ഇവയ്ക്കു പ്രാധാന്യം ഏറിവരുന്നുവെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ശാസ്ത്രവിദ്യാഭ്യാസം ഈ യാഥാർഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതാകണം.
- ഗവേഷണമുൾപ്പെടെയുള്ള ശാസ്ത്രപ്രവർത്തനമേഖലകളിൽ ഉദ്ഗ്രഥിത സമീപനത്തിന്റെ പ്രസക്തി കൂടുതൽ അംഗീകരിക്കപ്പെടുന്നുവെന്ന യാഥാർത്ഥ്യം ശാസ്ത്രവിദ്യാഭ്യാസം ഉൾക്കൊള്ളണം.

### 5.2.4. ശാസ്ത്രവിദ്യാഭ്യാസം – ലക്ഷ്യങ്ങൾ

ഇന്നത്തെ വിദ്യാർഥി മുതിർന്ന ആളായി സമൂഹത്തിലെ ഉത്പാദനപ്രവർത്തനങ്ങളിൽ ഇടപെടാൻ തുടങ്ങുമ്പോഴേക്കും പ്രസ്തുത സമൂഹത്തിലെ സാഹചര്യങ്ങളും ആവശ്യങ്ങളും തികച്ചും മാറിയിരിക്കും. എന്നു മാത്രമല്ല, ഈ മാറ്റങ്ങൾക്കു വേഗം കൂടിക്കൊണ്ടുമിരിക്കും. മാറ്റങ്ങൾക്കു കാരണമായും അതിനെ രൂപപ്പെടുത്തിക്കൊണ്ടും അവയോടു പ്രതികരിച്ചുകൊണ്ടും കേന്ദ്രസ്ഥാനത്തുതന്നെ ശാസ്ത്രവും സാങ്കേതികവിദ്യയും ഉണ്ടാകും. അത്തരമൊരു സമൂഹത്തിൽ ഫലപ്രദമായി ഇടപഴകാനും ആത്മവിശ്വാസത്തോടെ സമൂഹവികസനത്തിനു തന്റേതായ സംഭാവന നൽകാനും കഴിയത്തക്കവിധത്തിൽ ശാസ്ത്രത്തിന്റെ ആശയങ്ങളെക്കുറിച്ചും ശാസ്ത്രരീതികളെക്കുറിച്ചുമൊക്കെയുള്ള ധാരണയുൾപ്പെടുന്ന ഒരു ശാസ്ത്രസാക്ഷരത എല്ലാ കുട്ടികളും ആർജിക്കേണ്ടതുണ്ട്. നിത്യജീവിതത്തിലെ പ്രശ്നങ്ങൾ യുക്തിബോധത്തോടെ കൈകാര്യം ചെയ്യാനും വ്യക്തിപരമായ തീരുമാനങ്ങളെടുക്കാനും ആവശ്യമായ ശാസ്ത്രബോധം പരമപ്രധാനമായ ലക്ഷ്യമാണ്. വ്യക്തിഭേദമെന്യേ കൈവരിക്കേണ്ട ഇത്തരം ലക്ഷ്യങ്ങൾക്കൊപ്പം ഓരോ കുട്ടിയുടെയും വ്യക്തിപരമായ അഭിരുചിയും താത്പര്യവും കൂടി പാഠ്യപദ്ധതി - പാഠപുസ്തക രൂപീകരണത്തിൽ പരിഗണിക്കേണ്ടതുണ്ട്.

ഈ ഒരു പൊതുസമീപനത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രപഠനത്തിന്റെ ലക്ഷ്യങ്ങളെ താഴെ പറയുന്ന രീതിയിൽ സ്പഷ്ടീകരിക്കാം:

- കുട്ടിയിൽ ശാസ്ത്രബോധം വളർന്നുവികസിക്കുകയും അതു നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- നിരീക്ഷണ-പരീക്ഷണങ്ങൾ, ദത്തശേഖരണം, ദത്തവ്യാഖ്യാനം, വിശകലനം, നിഗമനത്തിലെത്തൽ, പരിശോധനകൾ തുടങ്ങിയുള്ള ശാസ്ത്രത്തിന്റെ പ്രവർത്തനരീതി കുട്ടി സ്വായത്തമാക്കുകയും അറിവ് ഉത്പാദിപ്പിക്കാനുള്ള കഴിവു നേടുകയും ചെയ്യുന്നു.
- ദൈനംദിന ജീവിതപ്രശ്നങ്ങളെയും സാമൂഹികപ്രശ്നങ്ങളെയും ശാസ്ത്രീയമായി വിശകലനം ചെയ്യാനും അവയ്ക്കു യുക്തിഭദ്രമായ പരിഹാരം കാണാനും കഴിയുന്നു.
- സാങ്കേതികവും തൊഴിൽപരവുമായ തന്റെ കഴിവും അഭിരുചിയും തിരിച്ചറിയാനും വികസിപ്പിക്കാനും കഴിയുന്നു.
- പരിസ്ഥിതിപ്രശ്നങ്ങളോട് ക്രിയാത്മകമായി ഇടപെടാൻ കഴിയുന്നു.
- കാര്യകാരണബോധത്തിൽ അധിഷ്ഠിതമായ യുക്തിചിന്ത വളർന്നുവികസിക്കുന്നു.

- മാനവികമൂല്യങ്ങൾ സ്വാംശീകരിക്കുകയും അവയിലൂന്നിക്കൊണ്ടുള്ള പ്രപഞ്ചവീക്ഷണം വികസിക്കുകയും ചെയ്യുന്നു.
- ശാസ്ത്രാശയങ്ങൾ ഉചിതമായ രീതിയിൽ വിനിമയം ചെയ്യാൻ കഴിയുന്നു.
- ബുദ്ധിപരമായ സത്യസന്ധത പാലിക്കുന്നു.
- ശാസ്ത്രനേട്ടങ്ങളുടെ ചരിത്രപരമായ വികാസവും പരിണാമവും പ്രസക്തിയും തിരിച്ചറിയുന്നു.
- സമൂഹത്തിലെ അശാസ്ത്രീയതകളെയും ദുരാചാരങ്ങളെയും തിരിച്ചറിഞ്ഞ് പ്രതികരിക്കാൻ കഴിയുന്നതുൾപ്പെടെയുള്ള ശാസ്ത്രസംസ്കാരം വികസിച്ചുവരുന്നു.
- പ്രശ്നങ്ങളെ പുതിയ രീതിയിൽ വീക്ഷിക്കാനും അവയുടെ പരിഹാരത്തിനു പുതിയ മാർഗങ്ങൾ കണ്ടെത്താനുമുള്ള ചിന്താശേഷി (lateral thinking) വികസിക്കുന്നു.
- ശാസ്ത്രസാക്ഷരത വികസിക്കുന്നു.

**ശാസ്ത്രസാക്ഷരത**

മുകളിൽ പറഞ്ഞ പല ശേഷികളും ശാസ്ത്രസാക്ഷരതയുടെ ഘടകങ്ങളാണെങ്കിലും ഇക്കാര്യത്തിൽ കുറച്ചൊരു വിശദീകരണം നൽകുന്നത് ഉചിതമാണെന്നു കരുതുന്നു. സ്വന്തമായി തീരുമാനങ്ങളെടുക്കാനും സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിലും ഉത്പാദന പ്രവർത്തനങ്ങളിലും ക്രിയാത്മകമായി പങ്കെടുക്കാനും ആവശ്യമായ രീതിയിൽ ശാസ്ത്രാശയങ്ങളെക്കുറിച്ചും ശാസ്ത്രപ്രക്രിയകളെക്കുറിച്ചുമുള്ള ധാരണയാണ് ശാസ്ത്രസാക്ഷരത എന്നു പറയാം. സാമാന്യമായി പറഞ്ഞാൽ ശാസ്ത്രസാക്ഷരത നേടിയ ഒരാളിന് താഴെപ്പറയുന്ന കാര്യങ്ങൾ സാധ്യമാണ്:

- ദൈനംദിന ജീവിതാനുഭവങ്ങൾ പ്രദാനം ചെയ്യുന്ന ജിജ്ഞാസയിൽ നിന്ന് ഉദിക്കുന്ന ചോദ്യങ്ങൾ ചോദിക്കാനും ഉത്തരം കണ്ടെത്താൻ ശ്രമിക്കാനും ഉത്തരത്തിന്റെ സാധുത പരിശോധിക്കാനും കഴിയും.
- തന്റെ പരിചയസീമയിൽ വരുന്ന പ്രകൃതി പ്രതിഭാസങ്ങൾ വിവരിക്കാനും വിശദീകരിക്കാനും പ്രവചിക്കാനും (Estimation or prediction) കഴിയും.
- ആനുകാലിക പ്രസിദ്ധീകരണങ്ങളിലും വാർത്താമാധ്യമങ്ങളിലും മറ്റും വരുന്ന ശാസ്ത്രലേഖനങ്ങളും കുറിപ്പുകളും വായിച്ചു മനസ്സിലാക്കാനും ഇവയിലെ നിഗമനങ്ങളെക്കുറിച്ച് സാമൂഹിക സംവാദങ്ങളിലേർപ്പെടാനും കഴിയും.
- ശാസ്ത്ര-സാങ്കേതിക കാര്യങ്ങളിലെ നയതീരുമാനങ്ങളുടെ സാധുതയും പ്രസക്തിയും വിശകലനം ചെയ്യാനും യുക്തമായ തീരുമാനങ്ങളെടുക്കാനും കഴിയും.
- ശാസ്ത്രകാര്യങ്ങളിൽ ഉയർത്തപ്പെടുന്ന വാദമുഖങ്ങളെ മൂല്യനിർണയം ചെയ്യാനും തെളിവുകളുടെ അടിസ്ഥാനത്തിൽ നിഗമനത്തിലെത്താനും കഴിയും.
- ശാസ്ത്രാശയങ്ങളും ശാസ്ത്രപ്രക്രിയകളും നിത്യജീവിതത്തിൽ പ്രയോഗിക്കാനും ആശയവിനിമയത്തിന് ഉചിതമായ സംജ്ഞകൾ ഉപയോഗിക്കാനും കഴിയും.

ശാസ്ത്രത്തിന്റെ എല്ലാ മേഖലകളിലും ഒരേ നിലവാരത്തിലുള്ള ശാസ്ത്രസാക്ഷരത കൈവരിക്കുകയെന്നത് ഒരു വ്യക്തിയെ സംബന്ധിച്ച് സുസാധ്യമല്ല തന്നെ. എങ്കിലും മുകളിൽ പറഞ്ഞ ഓരോന്നിലും സാമാന്യശേഷിയെങ്കിലും ഉണ്ടാവുകയെന്നതു ശാസ്ത്രവിദ്യാഭ്യാസത്തിന്റെ

പ്രധാനലക്ഷ്യങ്ങളിൽ ഉൾപ്പെടേണ്ടതുണ്ട്. ആധുനിക സമൂഹത്തിൽ ക്രിയാത്മകമായി ഇടപ്പെട്ടുകൊണ്ടു ജീവിക്കാൻ ഇത്തരമൊരു ശാസ്ത്രസാക്ഷരത ആവശ്യമാണെന്ന കാര്യത്തിൽ തർക്കമില്ല. പൊതുവേ പറഞ്ഞാൽ അന്വേഷണാത്മകതയിലൂന്നിയ ശാസ്ത്രീയമനോഭാവം, ശാസ്ത്രസാക്ഷരത ഇവ വളർത്തി വികസിപ്പിച്ചെടുക്കുകയെന്നതു ശാസ്ത്ര വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനദർശനമായി മാറേണ്ടതുണ്ട്. ഇത്തരത്തിലൊരു കാഴ്ചപ്പാടിന്റെ അഭാവം വരുത്തിവച്ച ദോഷഫലങ്ങൾ കേരളത്തിലെന്നല്ല, ഇന്ത്യയിൽ പൊതുവെ തന്നെ കാണാവുന്നതാണ്. ഈ കാഴ്ചപ്പാട് നമ്മുടെ കരിക്കുലം നിർമാണത്തിലും പാഠപുസ്തകരചനയിലും മാത്രമല്ല പഠനബോധനപ്രവർത്തനങ്ങളിലും മൂല്യനിർണയത്തിലും പ്രതിഫലിച്ചെങ്കിൽ മാത്രമേ ശാസ്ത്രപഠനം അതിന്റെ യഥാർഥ ലക്ഷ്യത്തിലെത്തുകയുള്ളു.

**ശാസ്ത്രവിദ്യാഭ്യാസം – മാറുന്ന സമീപനം**

മുൻ പറഞ്ഞ ലക്ഷ്യങ്ങൾ നേടണമെങ്കിൽ ശാസ്ത്രവിദ്യാഭ്യാസത്തിൽ നാം സ്വീകരിച്ചു വന്ന സമീപനം മാറിയേ തീരൂ. ശാസ്ത്രപഠനം എന്നതു കുട്ടികൾ തന്നെ ചെയ്യുന്നതാണ്. മറ്റുള്ളവർ അവർക്കുവേണ്ടി ചെയ്യുന്ന സംഗതിയല്ല എന്ന കാഴ്ചപ്പാട് അംഗീകരിക്കേണ്ടതുണ്ട്. പ്രപഞ്ചത്തെക്കുറിച്ച് കാലാകാലങ്ങളായി സ്വരൂപിക്കപ്പെട്ട വിജ്ഞാനം പകർന്നുകൊടുക്കലാണ് ശാസ്ത്രവിദ്യാഭ്യാസം എന്ന പരമ്പരാഗത കാഴ്ചപ്പാട് ഏതാണ്ട് നാല്പതു കൊല്ലങ്ങൾക്കു മുൻപുതന്നെ മാറിക്കഴിഞ്ഞു. അതിനുശേഷമാണ് ഉള്ളടക്കം പോലെത്തന്നെ പ്രധാനമാണ് ശാസ്ത്രത്തിന്റെ പ്രക്രിയയും എന്ന കാഴ്ചപ്പാട് ശാസ്ത്രവിദ്യാഭ്യാസത്തിലേക്കു കടന്നു വന്നത്. എന്നാൽ ഉള്ളടക്കത്തിനും പ്രക്രിയയ്ക്കുമപ്പുറം ചില കാര്യങ്ങൾ കൂടി ശാസ്ത്രവിദ്യാഭ്യാസത്തിൽ പരിഗണിക്കേണ്ടതാണെന്ന സമീപനത്തിനാണ് ഇന്നു പ്രാമുഖ്യം. 1989 ൽ മാക് കോർമാക്കും യാജെറും (Mc Cormack & Yager) ചേർന്ന് ആവിഷ്ക്കരിച്ച ടാക്സോണമി ഫോർ സയൻസ് എഡ്യൂക്കേഷൻ ചർച്ചചെയ്യുന്നത് ഇത്തരുണത്തിൽ പ്രസക്തമാണ്. ഇതനുസരിച്ച് ശാസ്ത്രവിദ്യാഭ്യാസം ഊന്നൽനൽകേണ്ട അഞ്ചു മേഖലകൾ ഉണ്ട്.

**വിജ്ഞാനമേഖല (knowledge domain)**

ശാസ്ത്രതത്ത്വങ്ങളെക്കുറിച്ചും ലഭ്യമായ ശാസ്ത്രവിവരങ്ങളെക്കുറിച്ചും ഏതു ശാസ്ത്രവിദ്യാർത്ഥിയും അറിഞ്ഞിരിക്കേണ്ടതുണ്ട്. പ്രപഞ്ചപ്രതിഭാസങ്ങൾ, അവ തമ്മിലുള്ള ബന്ധം, അവയുടെ വിശദീകരണങ്ങൾ എന്നിവയെക്കുറിച്ചുള്ള വ്യക്തമായ ധാരണ കിട്ടുന്നതു ശാസ്ത്രപഠനത്തിലൂടെയാണ്. ഈ മേഖലയിൽ പ്രധാനമായും ഉൾപ്പെടുന്നത് ഇവയാണ്:

- വസ്തുതകൾ
- ആശയങ്ങൾ
- നിയമങ്ങൾ
- നിലവിൽ ശാസ്ത്രജ്ഞൻമാർ ഉപയോഗിക്കുന്ന താത്കാലിക നിഗമനങ്ങളും സിദ്ധാന്തങ്ങളും
- ശാസ്ത്രവും സാമൂഹികപ്രശ്നങ്ങളും

പരീക്ഷണനിരീക്ഷണങ്ങൾ, ചർച്ച, സംവാദം, പ്രോജക്റ്റ് പ്രവർത്തനം, റഫറൻസ് തുടങ്ങിയവയിലൂടെ ഈ വിഭാഗത്തിലുള്ള ധാരണ വളർത്തിയെടുക്കാം.

**ശാസ്ത്രപ്രക്രിയാമേഖല (Science process domain)**

ശാസ്ത്രജ്ഞന്മാർ എങ്ങനെയാണ് പുതിയ അറിവ് ഉല്പാദിപ്പിക്കുന്നതെന്ന് മനസ്സിലാക്കാനും സ്വന്തമായി അറിവ് ഉത്പാദിപ്പിക്കുന്നതിനും പഠിക്കാൻ പഠിക്കുന്നതിനുമൊക്കെ ഊന്നൽ കൊടുക്കുന്ന മേഖലയാണിത്. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും കൂടുതൽ അന്വേഷിക്കുന്നതിനുള്ള താത്പര്യം വളർന്നുവരികയും ചെയ്യുന്നതിലാണ് ഈ മേഖല പ്രധാന്യം നൽകുന്നത്.

ഒരു പ്രത്യേക ഫലം പ്രതീക്ഷിച്ചുകൊണ്ട് അഥവാ പ്രത്യേക ലക്ഷ്യം നേടുന്നതിനുവേണ്ടി ചെയ്യുന്ന നടപടിക്രമങ്ങളുടെ ഒരു ശ്രേണിയാണ് പ്രക്രിയ (process). ആശയങ്ങളും തെളിവുകളും കണ്ടെത്തുകയും അവ ശേഖരിച്ച്, വിശകലനം ചെയ്തു നിഗമനത്തിലെത്തുകയും ചെയ്യുന്ന പ്രക്രിയയുടെ ഭാഗമായ ശേഷികളാണ് പ്രക്രിയാശേഷികൾ (process skills).

ആശയരൂപീകരണമെന്നത് (concept formation) ശാസ്ത്രത്തിൽ മാത്രമല്ല എല്ലാ വിഷയത്തിന്റെയും പഠനത്തിൽ അവശ്യഘടകമാണ്. മുൻപുകണ്ടിട്ടില്ലാത്ത ഒരു ജീവിയെ ജീവനുള്ളതായി തിരിച്ചറിയുന്നത് 'ജീവൻ' എന്ന ആശയം (concept) സ്വാംശീകരിക്കാൻ കഴിഞ്ഞതുകൊണ്ടാണ്. അതുപോലെ വെള്ളത്തിൽ അപ്രത്യക്ഷമാകുന്ന ഒരു അപരിചിത വസ്തു വെറുതെ മാഞ്ഞുപോയതല്ല, വെള്ളത്തിൽ ലയിക്കുന്നതാണ് എന്നു ബോധ്യപ്പെടുന്നത് 'ലയനം' എന്ന ആശയം മനസ്സിൽ രൂപീകരിക്കപ്പെട്ടുകഴിഞ്ഞതുകൊണ്ടാണ്. ശാസ്ത്രവസ്തുതകളെക്കുറിച്ചുള്ള ആശയരൂപീകരണത്തിന് ഏറെ പ്രാധാന്യമുണ്ട്. എന്നാൽ ശരിയായ ആശയസ്വാംശീകരണം നടക്കുന്നതിനു കുട്ടി പഠനപ്രക്രിയയിലൂടെ കടന്നുപോകേണ്ടതുണ്ട്. പരീക്ഷണനിരീക്ഷണങ്ങൾ നടത്തിയും തെളിവുകൾ ശേഖരിച്ചും വിശകലനം ചെയ്തുമൊക്കെ സൃഷ്ടിക്കപ്പെടുന്ന ആശയം കുട്ടിക്കു സ്വന്തമാണ്. ഇങ്ങനെ സ്വന്തമാക്കിയ ആശയം വികസിപ്പിക്കാനും ആവശ്യമായ സന്ദർഭങ്ങളിൽ പ്രയോഗിക്കാനും കുട്ടിക്കു കഴിയും. പഠനം പ്രക്രിയാധിഷ്ഠിതമായിരിക്കണമെന്നതിന്റെ സാധൂകരണവും കൂടിയാണിത്.

ചില പ്രധാന പ്രക്രിയാശേഷികൾ

- നിരീക്ഷണം
- ഡേറ്റ ശേഖരിക്കലും രേഖപ്പെടുത്തലും
- വർഗീകരണം
- അളക്കലും ചാർട്ടാക്കലും
- ഡേറ്റ വ്യാഖ്യാനിക്കലും വിശകലനംചെയ്യലും
- പരീക്ഷണത്തിലേർപ്പെടൽ
- ചരങ്ങൾ (variables) തിരിച്ചറിയലും നിയന്ത്രിക്കലും
- ചോദ്യം ഉയർത്തൽ
- സാമാന്യവത്ക്കരണം
- പ്രശ്നപരിഹാരം കണ്ടെത്തൽ
- താത്ക്കാലികനിഗമനം (hypothesis) രൂപവത്ക്കരിക്കലും അതു പരിശോധിക്കലും
- നിഗമനത്തിലെത്തൽ
- തീരുമാനമെടുക്കൽ
- ആശയവിനിമയം

- പ്രവചിക്കലും അനുമാനിക്കലും (predicting and inferring)
- ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ

## സർഗാത്മകമേഖല (creativity domain)

ചില ശാസ്ത്രവിവരങ്ങൾ ലഭിക്കുന്നതിനു മാത്രം കുട്ടിയെ സഹായിക്കുന്ന ഒരു പ്രക്രിയ ആയിട്ടാണ് ശാസ്ത്രവിദ്യാഭ്യാസത്തെ ഇന്നു പരിഗണിക്കുന്നത്. കുട്ടിയുടെ സർഗാത്മക ചിന്തയെയും ഭാവനയെയും പാടേ അവഗണിക്കുന്ന ഒരു കാഴ്ചപ്പാടാണിത്. നടന്നുപതിഞ്ഞ വഴിത്താരയിൽ നിന്നു മാറി നടക്കാൻ, വ്യത്യസ്ത രീതിയിൽ ചിന്തിക്കാൻ, കുട്ടിക്കു കഴിയേണ്ടതുണ്ട്.

ഈ മേഖലയിൽ പരിഗണിക്കേണ്ട ചില ശേഷികൾ താഴെക്കൊടുക്കുന്നു.

- മനോചിത്രങ്ങൾ രൂപവത്ക്കരിക്കൽ (visualizing), പരീക്ഷണങ്ങൾ രൂപകല്പന ചെയ്യൽ
- വസ്തുക്കളെയും ആശയങ്ങളെയും പുതിയ രീതിയിൽ ബന്ധിപ്പിക്കൽ
- വസ്തുക്കൾക്ക് സാധാരണമല്ലാത്ത/ ബദൽ ഉപയോഗങ്ങൾ കണ്ടെത്തൽ
- പ്രശ്നങ്ങൾക്കും പ്രഹേണികകൾക്കും (puzzles) ഉത്തരം കണ്ടെത്തൽ
- ഭ്രമകല്പനകൾ രൂപവത്കരിക്കൽ (fantasizing)
- ഉപകരണങ്ങളും യന്ത്രങ്ങളും ഡിസൈൻ ചെയ്യൽ
- സ്വപനം കാണൽ (dreaming)
- വേറിട്ട ചിന്തകൾ

## മനോഭാവമേഖല (attitudinal domain)

ശാസ്ത്രവിദ്യാഭ്യാസത്തിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്ന് മനോഭാവങ്ങളിലും മൂല്യബോധനത്തിലും വരേണ്ട അഭിലഷണീയ മാറ്റമാണ്. ആശയങ്ങളും പ്രക്രിയാശേഷികളുമൊക്കെ സ്വായത്തമാക്കിയാൽ പോലും ജീവിതവീക്ഷണത്തിലും സാമൂഹിക വൈയക്തിക പ്രശ്നങ്ങളോടുള്ള നിലപാടുകളിലും വേണ്ടത്ര മാറ്റം ഉണ്ടാകുന്നില്ലെങ്കിൽ ശാസ്ത്രവിദ്യാഭ്യാസം കൊണ്ട് നിത്യജീവിതത്തിൽ പ്രയോജനമുണ്ടാകുന്നുവെന്നു പറയാനാവുകയില്ല. ശാസ്ത്രത്തിൽ ഉന്നത ബിരുദങ്ങൾ നേടിയിട്ടുള്ളവർപോലും ദൈനംദിന പ്രശ്നങ്ങളിൽ തികച്ചും അശാസ്ത്രീയനിലപാടുകൾ സ്വീകരിക്കുന്നതു നമ്മുടെ നാട്ടിൽ സാധാരണമാണ്. ഇക്കാര്യത്തിൽ ഒന്നാം പ്രതി നാളിതുവരെ തുടർന്നുവന്ന ശാസ്ത്രവിദ്യാഭ്യാസം തന്നെയാണെന്ന കാര്യത്തിൽ തർക്കമുണ്ടാകാനിടയില്ല. അതിനാൽ മനോഭാവങ്ങൾ, മൂല്യങ്ങൾ, തിരുമാനമെടുക്കൽ തുടങ്ങിയ മേഖലകളിലെ ശേഷീവികസനം സംബന്ധിച്ച പ്രശ്നത്തെ ശാസ്ത്രവിദ്യാഭ്യാസം കൂടുതൽ ആഴത്തിൽ പരിശോധിച്ചു നിലപാടെടുക്കേണ്ടതുണ്ട്.

ഈ മേഖലയിൽ ഉൾപ്പെടാവുന്ന ഘടകങ്ങൾ:

- ശാസ്ത്രീയമായ അറിവിനോടും ശാസ്ത്രവിദ്യാഭ്യാസത്തിനോടും കൂടുതൽ മമതാപരമായ ഒരു നിലപാട് ഉണ്ടാകൽ.
- സ്വന്തം കഴിവിലുള്ള വിശ്വാസം
- മാനുഷികവികാരങ്ങളെ മനസ്സിലാക്കാനും വിലമതിക്കാനുമുള്ള കഴിവ്
- മറ്റുള്ളവരുടെ നിലപാടുകളോടും ചിന്തകളോടും കൂടുതൽ സംവേദനക്ഷമതയുണ്ടായിരിക്കൽ

- സ്വന്തം വികാരവിചാരങ്ങൾ സൃഷ്ടിപരമായി പ്രകടിപ്പിക്കൽ
- വൈയക്തികമൂല്യങ്ങളിൽ കാര്യകാരണബോധത്തോടെ ചിന്തിച്ചു തീരുമാനമെടുക്കൽ

ഉദ്ബോധനങ്ങളിലൂടെ വളർത്തിയെടുക്കാവുന്ന ഒന്നല്ല മനോഭാവമേഖലയിലെ ശേഷികൾ. സമൂഹവുമായി, പ്രത്യേകിച്ച് സഹപാഠികളുമായും അധ്യാപകരുമായും ഇടപഴകിക്കൊണ്ട് ഏർപ്പെടുന്ന പ്രവർത്തനങ്ങളിലൂടെയും വ്യക്തമായ ലക്ഷ്യബോധത്തോടെ അധ്യാപകർ ക്രമീകരിച്ചുകൊടുക്കുന്ന പഠന-ബോധന പ്രവർത്തനങ്ങളിലൂടെയും സ്വായത്തമാക്കേണ്ടവയാണ് ഈ മൂല്യങ്ങൾ. പ്രോജക്ട് പ്രവർത്തനങ്ങൾ ഇതിനൊരുദാഹരണമാണ്. ഇന്നുവരെ അവഗണിക്കപ്പെട്ടുപോന്ന ശാസ്ത്രീയ മനോഭാവം തുടർമൂല്യനിർണയ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ടുമാത്രമേ ഈ മേഖലയിലെ പുരോഗതി വിലയിരുത്താനും കൂടുതൽ വികസിപ്പിക്കാനും സാധിക്കുകയുള്ളൂ.

### പ്രായോഗിക മേഖല (Application domain)

നിത്യജീവിതത്തിൽ പ്രയോഗിക്കാൻ കഴിയുന്നില്ലെങ്കിൽ കുട്ടി ആർജിച്ച ആശയങ്ങളും പ്രക്രിയകളും മൂല്യങ്ങളുമെല്ലാം നിരർഥകമാണെന്നുതന്നെ പറയാം. അതുപോലെതന്നെ സാങ്കേതിക വിദ്യയിൽ നിന്ന് അന്യമായ ശുദ്ധശാസ്ത്രതത്ത്വങ്ങൾക്കും ആശയങ്ങൾക്കും നിത്യജീവിതത്തിൽ വലിയ പ്രസക്തി ഉണ്ടായെന്നുവരില്ല. മനോഭാവമേഖലപോലെ തന്നെ ശാസ്ത്രവിദ്യാഭ്യാസത്തിന്റെ പ്രായോഗികതലത്തിൽ നോക്കുമ്പോൾ എത്ര പ്രസക്തി ഉള്ളതാണെങ്കിലും ശാസ്ത്രസംബന്ധമായ വിവരങ്ങൾ ജീവിതഗന്ധിയും ജീവിതബന്ധിയും ആയില്ലെങ്കിൽ കുട്ടിയെ സംബന്ധിച്ച് അവ അപ്രസക്തമായേ അനുഭവപ്പെടുകയുള്ളൂ.

പ്രയോഗമേഖലയുടെ ചില ഘടകങ്ങൾ ഇവയാണ്:

- ശാസ്ത്രാശയങ്ങളുടെ ഉദാഹരണങ്ങൾ ദൈനംദിന ജീവിതത്തിൽ നിരീക്ഷിക്കുക.
- സ്വായത്തമാക്കുന്ന ആശയങ്ങളും ശേഷികളും ജീവിതത്തിൽ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ ഉപയോഗപ്പെടുത്തുക.
- വീട്ടിലെ ഉപകരണങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രാശയങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കൽ.
- ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ശാസ്ത്രത്തിന്റെ പ്രക്രിയകൾ പ്രയോജനപ്പെടുത്തൽ.
- ശാസ്ത്രസംബന്ധമായ സംഭവവികാസങ്ങളെ വിലയിരുത്താനുള്ള കഴിവ്
- ആഹാരം, ആരോഗ്യം, ജീവിതശൈലി തുടങ്ങിയവയിൽ വ്യക്തിപരമായി ശാസ്ത്രീയ തീരുമാനമെടുക്കൽ.
- മറ്റു വിഷയങ്ങളുമായി ശാസ്ത്രത്തെ ബന്ധപ്പെടുത്തൽ

### ശാസ്ത്രീയാന്വേഷണം തന്നെ പ്രധാനം

ശാസ്ത്രപഠനവുമായി ബന്ധപ്പെട്ടു വികസിച്ചുവരേണ്ട മുൻപറഞ്ഞ വ്യത്യസ്ത ശേഷികൾ പരിശോധിച്ചാൽ വ്യക്തമാകുന്ന ഒരു പ്രധാനസംഗതി ഇതാണ്. ശാസ്ത്രവിദ്യാഭ്യാസത്തിനോടുള്ള സമീപനത്തിന്റെ തിരികുറ്റി (Pivot) ശാസ്ത്രീയാന്വേഷണം തന്നെയായിരിക്കണം. കരിക്കുലം രൂപരേഖ തയാറാക്കുന്നതു മുതൽ പഠനബോധനതന്ത്രങ്ങൾ പ്രാവർത്തികമാക്കുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളിലും ഈ അടിസ്ഥാന കാഴ്ചപ്പാട് ഉറപ്പിച്ചു നിർത്തേണ്ടതുണ്ട്. ഈ പ്രപഞ്ചത്തെക്കുറിച്ചു പഠിക്കാനും ആ പഠനത്തെ ആസ്പദമാക്കി വിശദീകരണങ്ങൾ നൽകാനും ശാസ്ത്രകാരൻമാർ ഉപയോഗിക്കുന്ന വ്യത്യസ്ത മാർഗങ്ങളെ സൂചിപ്പിക്കുന്ന

വാക്കാണ് ശാസ്ത്രീയാന്വേഷണം. ശാസ്ത്രജ്ഞൻമാരുടെ പഠനപ്രവർത്തനരീതി മനസ്സിലാക്കുന്നതിനും ശാസ്ത്രാപചയങ്ങളെക്കുറിച്ചു ധാരണയുണ്ടാക്കുന്നതിനും പുതിയ അറിവുകൾ കണ്ടെത്തുന്നതിനും, സൃഷ്ടിക്കുന്നതിനും കുട്ടികൾ ഏർപ്പെടുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനം സ്വാഭാവികമായും അന്വേഷണാത്മകമാവണമല്ലോ. താഴ്ന്ന ക്ലാസുമുതൽ ഉന്നത വിദ്യാഭ്യാസം വരെ ഇക്കാര്യത്തിൽ വ്യത്യാസമുണ്ടാകേണ്ടതില്ല. അന്വേഷണശേഷി ക്രമേണ വികസിച്ചു വരുമെന്നേയുള്ളൂ. ചോദ്യം ചോദിക്കൽ, അന്വേഷണാത്മക പഠനം (Investigation) ആസൂത്രണം ചെയ്യലും നിർവഹണവും, ഡേറ്റ ശേഖരണത്തിന് അനുയോജ്യമായ ഉപകരണങ്ങളും (Tools) തന്ത്രങ്ങളും ഉപയോഗപ്പെടുത്തൽ, തെളിവുകളും വിശദീകരണങ്ങളും തമ്മിലുള്ള ബന്ധം യുക്തിചിന്തയ്ക്കു വിധേയമാക്കൽ, ബദൽ വിശദീകരണങ്ങൾ കണ്ടെത്തലും വിശകലനം ചെയ്യലും, ഉചിതമായ രീതിയിൽ ആശയം വിനിമയം ചെയ്യൽ തുടങ്ങി ശാസ്ത്രീയാന്വേഷണവുമായി ബന്ധപ്പെട്ട ശേഷികൾ സ്വായത്തമാക്കുന്നതിനും അവ വികസിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ എല്ലാ കുട്ടികൾക്കും ശാസ്ത്രവിദ്യാഭ്യാസത്തിലൂടെ ലഭ്യമാക്കേണ്ടതാണ്.

എന്താണ് ശാസ്ത്രമെന്നു മനസ്സിലാക്കുന്നതുപോലെ പ്രധാനമാണ് എന്തല്ല ശാസ്ത്രം എന്നറിയുന്നതും. ശാസ്ത്രവും കപടശാസ്ത്രവും കുട്ടി തിരിച്ചറിയേണ്ടതുണ്ട്. ഇക്കാര്യങ്ങളിലും പ്രാപ്തി നേടാൻ ശാസ്ത്രവിദ്യാഭ്യാസത്തിലൂടെ കഴിയണമെങ്കിൽ അന്വേഷണാത്മക പഠനം അടിസ്ഥാനതത്ത്വമായി സ്വീകരിക്കേണ്ടതുണ്ട്.

ശാസ്ത്രവിദ്യാഭ്യാസത്തിലൂടെ നേടേണ്ട വ്യത്യസ്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു വ്യത്യസ്ത തന്ത്രങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. പക്ഷേ, അവയുടെ അടിസ്ഥാന സ്വഭാവം അന്വേഷണാധിഷ്ഠിതമാകണമെന്നുള്ളതിൽ സംശയമില്ല. പരീക്ഷണ-നിരീക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നതുകൊണ്ട് ശാസ്ത്രീയാന്വേഷണം ഉറപ്പാക്കാമെന്നോ ശാസ്ത്രസംബന്ധമായ ആശയങ്ങളെക്കുറിച്ച് വായിക്കുന്നതോ കേൾക്കുന്നതോ (അതു ചിന്തോദ്ദീപകമാണെങ്കിൽ) അന്വേഷണവുമായി ഒട്ടും പൊരുത്തപ്പെടുന്നതല്ലെന്നോ ഇവിടെ വിവക്ഷയില്ല. ഇക്കാര്യം കൂടുതൽ വ്യക്തമാകുന്നതിനു ശാസ്ത്രവിദ്യാഭ്യാസത്തിൽ സ്വീകരിക്കേണ്ട പഠന-ബോധന തന്ത്രങ്ങളെക്കുറിച്ച് അല്പം ചർച്ചചെയ്യേണ്ടതുണ്ട്.

### പഠന-ബോധനതന്ത്രങ്ങൾ

ശാസ്ത്രവുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ട ശേഷീമേഖലകളെക്കുറിച്ചുള്ള കാഴ്ചപ്പാടു മാറുന്നതനുസരിച്ച് പഠന-ബോധന തന്ത്രങ്ങളിലും മാറ്റം വരുകയെന്നതു സ്വാഭാവികമാണല്ലോ. ശാസ്ത്രപഠനമെന്നതു കുട്ടികൾ തന്നെ ചെയ്യേണ്ടതാണ്, അവർക്കുവേണ്ടി മറ്റുള്ളവർ ചെയ്യുന്ന സംഗതിയല്ല- (Science learning is something that students do, not something that is done to them) എന്നതാണ് ഇന്നത്തെ കാഴ്ചപ്പാട്. ശാസ്ത്രബോധനത്തിന് ശാസ്ത്രബോധനതന്ത്രങ്ങളുടെ കൈയൊപ്പ് (Signature) എന്നോ മറ്റോ ഇതിനെ വിശേഷിപ്പിക്കാം. ശാസ്ത്രപഠനം ഒരു ക്രിയാത്മക പഠനം (Active learning) ആകണമെന്ന് ഇതിൽ നിന്നു വ്യക്തമാണല്ലോ. കൈകൊണ്ടു ചെയ്യുന്ന പ്രവർത്തനങ്ങൾ മാത്രമല്ല മാനസികപ്രവർത്തനങ്ങളും ക്രിയാത്മക പ്രക്രിയയിൽ ഉൾപ്പെടുമെന്ന് ഓർത്തിരിക്കേണ്ടതുണ്ട്.

### പ്രവർത്തനാധിഷ്ഠിതം

പ്രവർത്തനാധിഷ്ഠിതപഠനം മാത്രമേ യഥാർഥപഠനമാകൂ എന്ന കാര്യത്തിൽ ഇന്ന് അഭിപ്രായവ്യത്യാസമുണ്ടാകാനിടയില്ല. കേൾക്കുന്നതു മറക്കുന്നു, കാണുന്നത് ഓർമിച്ചെന്നുവരും, ചെയ്യുന്നതു മനസ്സിലാക്കുന്നു എന്ന പൊതുതത്ത്വം ഇവിടെയും ബാധകമാണ്. എന്നാൽ ഇതു സംബന്ധിച്ച് ചില മുൻകരുതലുകൾ ആവശ്യമാണ്. മുൻപു സൂചിപ്പിച്ചതുപോലെ കുട്ടികളുടെ

ശാരീരികപങ്കാളിത്തമുള്ള പ്രവർത്തനങ്ങൾ-കളികൾ, പാട്ട്, നാടകവത്ക്കരണം, പരീക്ഷണങ്ങൾ തുടങ്ങിയവ മാത്രമാണ് പ്രവർത്തനങ്ങൾ എന്ന ധാരണ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ അവഗണിക്കാനാവില്ല. ഇതുകൊണ്ടുണ്ടാകുന്ന ഒരു ദോഷം പ്രവർത്തനത്തിനു വേണ്ടി പ്രവർത്തനമെന്ന നിലപാടെടുക്കുകയാണ്. ഇതിന്റെ ഫലമായി കുട്ടികൾ രസിച്ചെന്നുവരാമെങ്കിലും യഥാർഥപഠനം നടന്നുകൊള്ളണമെന്നില്ല.

എന്തായിരിക്കണം ഒരു നല്ല പഠനപ്രവർത്തനം?

- ആശയഗ്രഹണത്തിനും ശേഷീവികാസത്തിനും ഉതകുന്നതാവണം
- ഓരോ കുട്ടിക്കും പങ്കാളിത്തമുള്ളതായിരിക്കണം.
- കുട്ടിയുടെ ധിഷണാപരമായ ചിന്തയെ ഉത്തേജിപ്പിക്കുന്നതാവണം
- കുട്ടിക്കു രസകരമായ വെല്ലുവിളിയായി തോന്നത്തക്കവിധം മുൻകൂട്ടി ആസൂത്രണം ചെയ്തതായിരിക്കണം.
- കുട്ടിയുടെ പ്രായത്തിനും പ്രകൃതത്തിനും യോജിച്ചതായിരിക്കണം.

ശാസ്ത്രവിദ്യാഭ്യാസത്തിൽ ഉള്ളടക്കത്തിനും പ്രക്രിയാശേഷി വികസനത്തിനും മാത്രമല്ല മുൻപു പറഞ്ഞ വ്യത്യസ്ത മേഖലകളിലും ഊന്നൽ നൽകുന്നതിനാവശ്യമായ പഠനബോധന തന്ത്രങ്ങളെക്കുറിച്ച് അല്പം വിശദമാക്കേണ്ടതുണ്ട്.

**സൃഷ്ടിക്കപ്പെടുന്ന അറിവ്**

പഠനം സംബന്ധിച്ചുള്ള പുതിയ ചിന്താധാരകളെല്ലാം അറിവ്, പ്രക്രിയാശേഷികൾ, ചിന്താനൈപുണികൾ, മനോഭാവ-സർഗാത്മക-പ്രയോഗമേഖലകൾ ഇവയ്ക്ക് ഒരേ പോലെ ഊന്നൽ കൊടുക്കുന്നവയാണ്. ആധുനിക ജ്ഞാനനിർമിതിവാദക്കാരായ ശാസ്ത്രകാരൻമാരെല്ലാവരും സ്വീകരിച്ചിട്ടുള്ള ഒരു പൊതുതത്ത്വമാണിത്. മനുഷ്യർ അറിവിന്റെ വെറും സ്വീകർത്താക്കളല്ല, മറിച്ച് അതിന്റെ സ്രഷ്ടാക്കളാണ്. സാമൂഹികമായ കൂട്ടായ്മകളിലൂടെയാണ് പഠനം നടക്കുന്നത്. കുട്ടികൾ അവരുടേതായ അറിവ് സൃഷ്ടിച്ചെടുക്കുകയാണ്. വിവരം സ്വായത്തമാക്കിയതുകൊണ്ടു മാത്രം യഥാർഥ പഠനം നടക്കുന്നില്ല. അതിനെ ശരിയായ കാഴ്ചപ്പാടിലൂടെ വ്യാഖ്യാനിക്കാനും വിശകലനം ചെയ്യാനും നിലവിലുള്ള അറിവുമായി ബന്ധപ്പെടുത്താനും കഴിയേണ്ടതുണ്ട്. ഒരു പ്രക്രിയയിൽ വൈദഗ്ധ്യം നേടുന്നതിന് അതു യാന്ത്രികമായി ചെയ്തതുകൊണ്ടു മാത്രം കാര്യമില്ല. എപ്പോൾ, എന്തിന് ഈ പ്രക്രിയ ചെയ്യണമെന്നും ഒരു പ്രത്യേക സാഹചര്യത്തിന് യോജ്യമായ രീതിയിൽ അത് എങ്ങനെയെല്ലാം മാറ്റം വരുത്തി ഉപയോഗിക്കാമെന്നും ധാരണയുണ്ടായാൽ മാത്രമേ അതിനെ സംബന്ധിച്ച പഠനം നടന്നെന്നു പറയാനാവുകയുള്ളൂ. ഇവിടെ ബോധനം എന്നത് അധ്യാപകർ കുട്ടിയോടു ചെയ്യുന്ന ഒരു കാര്യമല്ല. ഇത്തരമൊരു പഠന-ബോധന രീതിയിൽ കുട്ടി പഠിക്കാൻ പഠിക്കുന്നുവെന്നതാണ് പ്രത്യേകത. എന്തു പഠിക്കുന്നുവെന്നതുപോലെ പ്രധാനമാണ് എങ്ങനെ പഠിക്കുന്നുവെന്നതും.

**മുൻധാരണകളുമായി ബന്ധിപ്പിക്കണം**

സാമൂഹിക ജ്ഞാനനിർമിതി രീതിയുടെ ഒരു പ്രധാനലക്ഷ്യം കുട്ടിയുടെ നിലവിലുള്ള അറിവിന്റെ അഥവാ ധാരണയുടെ പുനസ്സംഘാടനമാണ്. ശാസ്ത്രപഠനത്തിൽ ഇതിനു പ്രത്യേക പ്രാധാന്യമുണ്ട്. ശാസ്ത്രജ്ഞാനത്തിന്റെ കാര്യത്തിൽ കുട്ടിയുടെ മനസ്സ് ശൂന്യമല്ല എന്നാണ് ഒട്ടേറെ പഠനങ്ങൾ സൂചിപ്പിക്കുന്നത്. മേഘങ്ങൾ, വാതകങ്ങൾ, ചലനം, ജീവജാലങ്ങൾ, മാറ്റങ്ങൾ തുടങ്ങി വളരെയേറെ കാര്യങ്ങളെക്കുറിച്ച് കുട്ടികൾക്കു ചില പ്രാഥമിക സങ്കല്പങ്ങളും,

ധാരണകളും ഉണ്ട്. പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ച് എല്ലാ മനുഷ്യർക്കുമെന്നതുപോലെ കുഞ്ഞുങ്ങൾക്കും സാമാന്യബുദ്ധിയിൽ അധിഷ്ഠിതമായ ചില ധാരണകൾ ഉണ്ടായിരിക്കുക സ്വാഭാവികമാണ്. ഇതു തികച്ചും വ്യക്തിഗതമാകാം. ഒരു ശാസ്ത്രജ്ഞന്റെ ധാരണകളിൽ നിന്നു വ്യത്യസ്തവുമാകാം. പലപ്പോഴും യാഥാർഥ്യവുമായി പൊരുത്തപ്പെടാത്തവയുമാകാം.

പരമ്പരാഗത ശാസ്ത്രബോധനരീതികളിൽ കുട്ടികളുടെ ഈ മുൻധാരണകൾക്കും ചിന്തകൾക്കും ബദൽ വിശദീകരണങ്ങൾക്കുമൊന്നും വേണ്ടത്ര പരിഗണന ലഭിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ഈ ധാരണകൾക്ക് മാറ്റം വരുത്താൻ അധ്യാപകകേന്ദ്രീകൃത ബോധനരീതികൾക്കും ബദൽ വിശദീകരണങ്ങൾക്കുമൊന്നും കഴിഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ ഈ ധാരണകൾക്കു മാറ്റം വരുത്താൻ അധ്യാപകകേന്ദ്രീകൃത ബോധനരീതികൾക്കു സാധ്യമല്ലെന്നാണ് ഇതു സംബന്ധിച്ചു നടന്നിട്ടുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നത്. എന്നാൽ ജ്ഞാനനിർമിതിയുടെ തത്ത്വങ്ങളെ അടിസ്ഥാനപ്പെടുത്തി നടക്കുന്ന പഠനപ്രവർത്തനങ്ങളിലൂടെ ഈ മുൻധാരണകളെ സൃഷ്ടിപരമായ രീതിയിൽ മാറ്റിയെടുക്കാമെന്ന് കഴിഞ്ഞ ഒരു ദശകത്തിനിടയിൽ നടന്നിട്ടുള്ള പഠനങ്ങൾ തെളിയിക്കുന്നു.

കണ്ണിൽ നിന്ന് എന്തോ ഒരു ശക്തി പുറത്തേക്കു വന്ന് വസ്തുവിൽ പതിക്കുന്നതുകൊണ്ടാണ് നാം ആ വ്സതുവിനെ കാണുന്നതെന്നു ധരിക്കുന്ന കുട്ടികൾ ധാരാളമായുണ്ട്. ചെടികളുടെ ആഹാരമെന്തെന്ന ചോദ്യത്തിന് മണ്ണും, വെള്ളവും എന്നുത്തരം പറയുന്നവരും കുറവല്ല. ഇതവരുടെ സാമാന്യബുദ്ധിക്കു നിരക്കുന്നതുമാണ്. ഇത്തരം വികല ധാരണകൾ ശാസ്ത്ര വിദ്യാഭ്യാസത്തിൽ ധാരാളമുണ്ട്. ധാരണകളെ പരീക്ഷണനിരീക്ഷണാനുഭവങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്തു ശരിയായ ധാരണകളിലേക്ക് എത്താനുള്ള അവസരം (അറിവു സൃഷ്ടിക്കുക എന്ന പ്രയോഗമാണ് കൂടുതൽ ഉചിതം) ഒരുക്കുകയാണ് ശാസ്ത്രവിദ്യാഭ്യാസം ചെയ്യേണ്ടത്. അവയെ അവഗണിക്കുകയോ ശരിയായ ഉത്തരം മാത്രം പറഞ്ഞുകൊടുക്കുകയോ അല്ല വേണ്ടത്. ഈ പ്രക്രിയ നടക്കാതിരുന്നാൽ സ്കൂൾ സാഹചര്യങ്ങളുമായി ബന്ധമില്ലാത്ത അവസരങ്ങളിൽ ഈ വ്യക്തി പ്രപഞ്ച പ്രതിഭാസങ്ങൾക്കു നൽകുന്ന വിശദീകരണങ്ങളും അവയോടുള്ള നിലപാടുകളും പഴയതുതന്നെയായിരിക്കുമെന്ന് നിരവധി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അതിനാൽ പഴയ ധാരണകൾ വികലമാണെങ്കിൽ അവ മായ്ചുകളഞ്ഞ് (Unlearning) ആ സ്ഥാനത്ത് ശരിയായ ധാരണകൾ സ്വയം സൃഷ്ടിച്ചെടുക്കാനുള്ള അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന പഠനപ്രവർത്തനങ്ങൾ ഒരുക്കേണ്ടത് അധ്യാപകരുടെ കടമയാണ്. പൂർവധാരണകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ആശയങ്ങളെയും അനുഭവങ്ങളെയും കൂടുതൽ അറിവുള്ളവരുടെ സഹായത്തോടെ പരിശോധിക്കുകയും ഇങ്ങനെ രൂപീകരിച്ച അറിവ് പുതിയ സാഹചര്യത്തിൽ പ്രയോഗിക്കുകയും ചെയ്ത് അതു തന്റെ വൈജ്ഞാനിക ഘടനയിൽ കൂട്ടിച്ചേർക്കാൻ കുട്ടിക്കു കഴിയണം.

അധ്യാപകർ പറഞ്ഞുകൊടുക്കുകയോ പുസ്തകം വായിക്കുകയോ ചെയ്യുന്നതുകൊണ്ടു മാത്രം കിട്ടുന്ന അറിവ് മിക്കപ്പോഴും നിർജ്ജീവമായിത്തന്നെ ഇരിക്കുമെന്ന് (Inert knowledge) തെളിയിക്കുന്ന ആധുനിക പഠനങ്ങൾ നിരവധിയുണ്ട്. നിത്യജീവിതവുമായി ബന്ധപ്പെട്ട അവസരങ്ങളിൽ പ്രയോഗിക്കുമ്പോഴും അനുയോജ്യമായ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴും മാത്രമാണ് ഈ അറിവ് ശരിയായ ധാരണയായി സ്വാംശീകരിക്കുന്നത്. വെറുതെയിരുന്നു കേൾക്കുകയോ വായിക്കുകയോ ചെയ്യുന്നതിനെക്കാൾ എന്തുകൊണ്ടും കൂടുതൽ ഫലപ്രദമാണ് ചെയ്തു

പഠിക്കുന്നത് (Active learning) എന്ന കാഴ്ചപ്പാടിനെ സാധൂകരിക്കുന്നതാണ് ഇതുമായി ബന്ധപ്പെട്ടു നടന്ന പഠനപ്രവർത്തനങ്ങളിലെ നിഗമനങ്ങൾ.

**സഹകരണാത്മകപഠനം**

കൂടുതൽ ഫലപ്രദമെന്നു പരീക്ഷണ-നിരീക്ഷണങ്ങളിലൂടെ തെളിഞ്ഞിട്ടുള്ള ഒരു പഠന രീതിയാണ് ശാസ്ത്ര വിദ്യാഭ്യാസത്തിലെ സഹകരണാത്മകപഠനം. (Cooperative learning) സഹവർത്തിത പഠനത്തിന്റെ (Collaborative learning) മറ്റൊരു രൂപമാണിതെങ്കിലും സഹകരണാത്മക പഠനം ഫലപ്രദമാകുന്നത് ചെറിയ ഗ്രൂപ്പിലാണെന്ന വ്യത്യാസം ഓർക്കേണ്ടതുണ്ട്.

ശാസ്ത്രപഠനം മൂന്നുതരത്തിലാകാം.

1. **വ്യക്തിപരം:** ഓരോ കുട്ടിയും ഒരു നിശ്ചിത ലക്ഷ്യം നേടുന്നതിനു തികച്ചും സ്വതന്ത്രമായി പ്രവർത്തിക്കുന്നു.
2. **മത്സരാധിഷ്ഠിതം :** കുട്ടികൾ പരസ്പരം മത്സരിച്ചുകൊണ്ട് വൈരാഗ്യബുദ്ധിയോടെ പഠനപ്രവർത്തനങ്ങളിലേർപ്പെടുന്നു.
3. **സഹകരണാത്മകം :** ഒരു പൊതുലക്ഷ്യത്തിനുവേണ്ടി കുട്ടികൾ സഹകരിച്ചു പ്രവർത്തിക്കുന്നു.

പരമ്പരാഗത ക്ലാസുകളിലെ പഠനരീതി ആദ്യത്തെ രണ്ടു വിഭാഗങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നത്. എന്നാൽ മൂന്നാമത്തെ മാർഗമാണ് കൂടുതൽ ഫലപ്രദമെന്ന് ആധുനിക പഠനങ്ങൾ സൂചിപ്പിക്കുന്നു. തന്നോടും മറ്റുള്ളവരോടും ശാസ്ത്രത്തോടുതന്നെയും സൃഷ്ടിപരമായ മനോഭാവം വളരുന്നതിനും ചിന്താശേഷി കൂടുതൽ പുഷ്ടിപ്പെടുന്നതിനും സംഘപ്രവർത്തനമാണ് കൂടുതൽ ഫലപ്രദമെന്നു തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. വ്യത്യസ്ത സാമ്പത്തിക-സാമൂഹിക പശ്ചാത്തലത്തിൽനിന്നു വരുന്ന സഹപാഠികളുമായിച്ചേർന്നുള്ള സംഘപ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ ഇന്നത്തെ സാഹചര്യത്തിൽ പ്രത്യേകിച്ചും എത്ര പ്രസക്തമാണെന്നു പറയേണ്ടതില്ലല്ലോ.

ഇത്തരമൊരു പഠനപ്രവർത്തനത്തിൽ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

- ഭിന്നാത്മക (heterogenous) ഗ്രൂപ്പാവുന്നതാണ് നന്ന്.
- ഓരോ അംഗത്തിനും പ്രത്യേക ചുമതല നിർണയിച്ചിരിക്കണം. അല്ലെങ്കിൽ ചിലർ അധീശത്വം പ്രകടിപ്പിക്കുന്നതിനും ചിലർ നിഷ്ക്രിയരാകുന്നതിനും ഇടയുണ്ട്. ഗ്രൂപ്പിലെ ഓരോ അംഗത്തിനും നിർദിഷ്ട ചുമതല ഏല്പിക്കാത്ത ഗ്രൂപ്പ് പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമാകാനിടയില്ല.
- ഓരോ അംഗത്തിന്റെയും പ്രവർത്തനപങ്കാളിത്തം വിലയിരുത്തപ്പെടണം.
- ഫലപ്രദമായ മോണിറ്ററിങ് ഉണ്ടായിരിക്കണം.

ശാസ്ത്ര പഠനത്തിൽ സഹകരണാത്മകമായ പഠനതന്ത്രം ഉപയോഗപ്പെടുത്തുന്നതുകൊണ്ടുള്ള നേട്ടങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം:

- സഹപാഠികളോട് അഭിലഷണീയമായ മനോഭാവം വളരുന്നു.
- കുട്ടികളുടെ യഥാർഥ പഠനപ്രവർത്തനങ്ങളെ സഹായിക്കുന്നതിന് അധ്യാപകർക്കു കൂടുതൽ സമയം ലഭിക്കുന്നു.
- ഓരോ കുട്ടിയെയും കൂടുതൽ ശ്രദ്ധിക്കാനും താത്പര്യമുണർത്താനും കഴിയുന്നു.
- ഗ്രൂപ്പിലെ ആശയവിനിമയവും പരിസ്പരപ്രവർത്തനവും ശ്രദ്ധിക്കാൻ കഴിയുന്നു.

- പഠനപ്രവർത്തനങ്ങളുടെ കേന്ദ്രം പഠിതാവിലേക്കു മാറുന്നു.
- ചിന്തിക്കാനും വിശകലനം ചെയ്യാനുമുള്ള കുട്ടികളുടെ കഴിവിന് മൂർച്ചയേറുന്നു.
- സംഘബോധത്തിലധിഷ്ഠിതമായ സാമൂഹികമൂല്യങ്ങൾ സ്വായത്തമാക്കുന്നു.
- സ്വയം വിലയിരുത്താനുള്ള കഴിവും കൂടുതൽ മെച്ചപ്പെടുത്താനുള്ള ആഗ്രഹവും പുഷ്ടിപ്പെടുന്നു.
- ചർച്ച ഒഴിവാക്കാനാവാത്തതുകൊണ്ട് ആശയവിനിമയശേഷി വർധിക്കുന്നു.
- പുതിയ ആശയങ്ങൾ കൂടുതലായി ഉത്പാദിക്കപ്പെടുന്നു.
- താരതമ്യേന പിന്നാക്കമായ വിദ്യാർഥികൾക്കു കൂടുതൽ പ്രയോജനമുണ്ടാകുന്നു.
- താരതമ്യേന കൂടുതൽ മെച്ചപ്പെട്ട കുട്ടികളുടെ ചിന്താശേഷിയും പ്രവർത്തനനൈപുണ്യവും വർധിക്കുന്നതായിട്ടാണ് കണ്ടിട്ടുള്ളത്.
- വർഗീകരണശേഷി, യുക്തിചിന്ത, വിശകലനശേഷി, പ്രശ്നപരിഹരണശേഷി തുടങ്ങിയവ മറ്റു പഠനരീതികളെ അപേക്ഷിച്ച് കൂടുതൽ മെച്ചപ്പെടുന്നുവെന്ന് തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്.
- ഭിന്നാത്മകഗ്രൂപ്പിൽ പ്രവർത്തിക്കുന്നതിലൂടെ വ്യത്യസ്ത സാമൂഹിക സാഹചര്യത്തിൽ നിന്നുവരുന്ന സഹപാഠികളോട് കൂടുതൽ ആരോഗ്യകരമായ മനോഭാവം വളർന്നുവരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.
- മറ്റുള്ളവരുടെ വികാരവിചാരങ്ങളും താത്പര്യങ്ങളും മനസ്സിലാക്കാനും അവ പരിഗണിച്ചുകൊണ്ട് അഭിലഷണീയമായ രീതിയിൽ പ്രതികരിക്കാനും പ്രാപ്തരാക്കുന്ന പരസ്പര പ്രവർത്തന ബുദ്ധി (inter personal intelligence) യുടെ വികാസം സാധ്യമാക്കുന്നു. സ്വന്തം കഴിവും കഴിവുകേടും തിരിച്ചറിഞ്ഞു പ്രവർത്തിക്കാനും സ്വയം വിലയിരുത്തിക്കൊണ്ട് ആത്മവിശ്വാസത്തോടെ പ്രവർത്തനം മെച്ചപ്പെടുത്താനും സാധ്യമാക്കുന്ന സ്വത്വപരമായ ബുദ്ധി (intra personal intelligence) വികസിപ്പിക്കുന്നതിനും അതുവഴി പഠനം മെച്ചപ്പെടുത്തുന്നതിനും ഈ മാർഗം സഹായകമാണെന്നു കണ്ടെത്തിയിട്ടുണ്ട്.

**സഹകരണാത്മകപഠനം ഫലപ്രദമാക്കാനുള്ള ഉപാധികൾ**

ശാസ്ത്രവിദ്യാഭ്യാസത്തിന് ഏറ്റവും അനുയോജ്യമായ തന്ത്രം സാമൂഹിക ജ്ഞാനനിർമിതിവാദത്തിൽ (social constructivism) അധിഷ്ഠിതമായ സഹകരണാത്മക പഠനമാണെന്നു തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. എങ്കിലും വെറുതെ ഗ്രൂപ്പാക്കി പ്രവർത്തനമേല്പിച്ചിട്ടുപോയാൽ ഉദ്ദേശിച്ച ഫലമുണ്ടാകില്ല. പ്രത്യേകിച്ചും, വ്യക്ത്യധിഷ്ഠിത-മത്സരാധിഷ്ഠിത പഠനത്തിൽ മാത്രം പരിചയമുള്ള കുട്ടികളെ സംബന്ധിച്ച് ഇതു കൂടുതൽ ശ്രദ്ധിക്കണം. ഇവിടെ അധ്യാപകർ ഒരു ഫെസിലിറ്റേറ്റർ (facilitator) എന്ന സ്ഥാനത്തുനിന്ന് ഒരു വഴികാട്ടി (intervenor) എന്ന സ്ഥിതിയിലേക്ക് ഉയരണം. സഹകരണാത്മകപഠനം ഫലപ്രദമാകണമെങ്കിൽ ചില ഉപാധികൾ ഉറപ്പാക്കേണ്ടതുണ്ട്.

1. പൊതുലക്ഷ്യം നേടുന്നതിൽ തന്റെ വ്യക്തിപരമായ ചുമതല നന്നായി നിറവേറ്റത്തക്കവിധം പരസ്പരാശ്രിതത്വബോധം കുട്ടിയിൽ ഉണ്ടാക്കിയെടുക്കണം.
2. അംഗങ്ങൾക്കിടയിൽ പരസ്പര വിശ്വാസം, തുറന്ന മന:സ്ഥിതി, വിവരങ്ങൾ പങ്കുവയ്ക്കൽ, പരസ്പരസഹായം, മുഖാമുഖം ചർച്ചയ്ക്കുള്ള സന്നദ്ധത തുടങ്ങിയുള്ള മനോഭാവം

വളർത്തിയെടുക്കണം (ഭിന്നതല ഗ്രൂപ്പിലാണ് ഈ ശേഷികൾ കൂടുതൽ പുഷ്ടിപ്പെടുക). നിരന്തരമായ പ്രവർത്തനാനുഭവങ്ങളിലൂടെയും സ്വയം വിലയിരുത്തലുകളിലൂടെയും മാത്രമേ ഇത്തരം സംഘപ്രക്രിയാശേഷികൾ വളർന്നുവരുകയുള്ളൂ.

ഇത്രയും പറഞ്ഞതുകൊണ്ട് വ്യക്ത്യധിഷ്ഠിതപഠനത്തിനോ ആരോഗ്യകരമായ താരതമ്യ ത്തിനോ ഒരു പ്രാധാന്യവുമില്ലെന്നോ അതു പൂർണമായും തള്ളിക്കളയണമെന്നോ അർഥ മില്ല. സ്പോർട്സിലേതു പോലെ ഒരു വിജയി മാത്രമുള്ള സന്ദർഭങ്ങളിലും ഒരാളിന്റെ നേട്ടങ്ങൾക്കു മറ്റൊരാളിന്റെ ലക്ഷ്യങ്ങളിൽ യാതൊരു സ്വാധീനവുമില്ലാത്ത അവസരങ്ങ ളിലും വ്യക്ത്യധിഷ്ഠിത സമീപനം പ്രയോജനപ്രദമാകാം.

**സംഘബോധനം (Team Teaching)**

ശാസ്ത്രവിദ്യാഭ്യാസത്തിൽ പഠന-ബോധന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ മാത്രമല്ല, ക്ലാസ്സ് റൂം ബോധനത്തിലും അധ്യാപകരുടെ കൂട്ടായ്മ വളരെ ഫലപ്രദമാണെന്നു കണ്ടെത്തിയിട്ടുണ്ട്. ഒരേ സമയം നിരവധി കുട്ടികൾ പരീക്ഷണ-നിരീക്ഷണങ്ങളിലേർപ്പെടുന്ന ശാസ്ത്രപഠനത്തിൽ ഒന്നിലേറെ അധ്യാപകർ സഹകരണാടിസ്ഥാനത്തിൽ ക്ലാസ് കൈകാര്യം ചെയ്യുന്നതു വളരെ ഫലപ്രദമാണെന്ന് അനുഭവം തെളിയിക്കുന്നു. അധ്യാപക യോഗ്യത (teacher competence) ഉറപ്പാക്കിയതു കൊണ്ടു മാത്രം അധ്യാപന ഫലപ്രാപ്തി (teacher effectiveness) ഉറ പ്പാകണമെന്നില്ല. ഇതിനു സംഘബോധനം പോലുള്ള വ്യത്യസ്ത തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ അധ്യാപകർ സ്വയം സജ്ജരാകേണ്ടതുണ്ട്.

**ശാസ്ത്രത്തിന്റെ സ്വഭാവവും ശാസ്ത്രവിദ്യാഭ്യാസവും**

സമൂഹവുമായി ഇടപഴകുന്നതിലൂടെ ഒരു കുട്ടിയിൽ ശാസ്ത്രത്തിന്റെ പ്രകൃതത്തെക്കു റിച്ച് അഥവാ സ്വഭാവത്തെക്കുറിച്ച് ഒട്ടേറെ ധാരണകൾ രൂപപ്പെട്ടെന്നുവരാം. ശാസ്ത്രത്തിന്റെ അപ്രമാദിത്വം, ശാസ്ത്രതത്ത്വങ്ങളുടെ പരിപൂർണത, എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം ശാസ്ത്രത്തിൽ ലഭ്യമാണ് തുടങ്ങിയവയിലുള്ള വിശ്വാസം, ശാസ്ത്രതത്ത്വങ്ങൾക്കു മാറ്റമില്ലെന്ന ധാരണ എന്നിവയൊക്കെ ഇതിന്റെ ഭാഗമാണ്. ഉചിതമായ പഠനപ്രവർത്തനങ്ങൾ വഴി കിട്ടുന്ന സ്വാനുഭവങ്ങളിലൂടെ മാത്രമേ ഇക്കാര്യങ്ങളിൽ ശരിയായ ധാരണ ലഭിക്കുകയുള്ളൂ. ശാസ്ത്ര തത്ത്വങ്ങളും ശാസ്ത്രാശയങ്ങളും പഠിച്ചതുകൊണ്ടുമാത്രം ശാസ്ത്രം എങ്ങനെ പ്രവർത്തിക്കു ന്നുവെന്നോ, ശാസ്ത്രത്തിന്റെ സ്വഭാവമെന്തെന്നോ അറിയണമെന്നില്ല. ശാസ്ത്രാശയങ്ങൾ ഉൾക്കൊണ്ടതുകൊണ്ട് ശാസ്ത്രീയമായ ലോകവീക്ഷണമുണ്ടാകണമെന്നുമില്ല. സ്കൂൾ വിദ്യാ ഭ്യാസത്തിന്റെ ആരംഭകാലം മുതൽ ഇതിനാവശ്യമായ അനുഭവങ്ങൾ ഒരുക്കിക്കൊണ്ടു മാത്രമേ ഈ ലക്ഷ്യം നേടാനാവൂ.

പ്രകൃതിയെയും, പ്രകൃതിപ്രതിഭാസങ്ങളെയും, പരിചയപ്പെടാനും, ശാസ്ത്രത്തിൽ താത്പ ര്യമുണ്ടാക്കിക്കൊണ്ട് അതാസ്വദിക്കാനും വേണ്ട മൂർത്തമായ പഠനാനുഭവങ്ങൾ ഒരുക്കലാണ് ആരംഭഘട്ടത്തിൽ പ്രധാനമായി വേണ്ടത്. അമൂർത്തമായ ആശയങ്ങൾ പാടേ ഒഴിവാക്കണ മെന്ന് ഇതിനർഥമില്ല. ഉചിതമായ പഠനാനുഭവങ്ങളിലൂടെ കടന്നുപോകുന്ന കുട്ടിയിൽ പ്രക്രി യാശേഷികളും അമൂർത്താശയങ്ങൾ സ്വാംശീകരിക്കാനുള്ള കഴിവും ക്രമേണ വളർന്നുവരുന്ന താണ്. ലളിതമായ അന്വേഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും അതിലെ കണ്ടെത്തലു കൾ ചർച്ചചെയ്യുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന കുട്ടിയിൽ സഞ്ചയിക്കപ്പെടുന്ന മൂർത്താനു ഭവങ്ങൾക്കൊപ്പം അമൂർത്താശയങ്ങൾ ഉൾക്കൊള്ളാനുള്ള ശേഷിയും വളർന്നുവരുന്നു. അതേ സമയം, ഈ ഘട്ടത്തിലെന്നല്ല ഉയർന്ന ക്ലാസുകളിലും പുസ്തകങ്ങളിലൂടെയോ അധ്യാപകരി ലൂടെയോ കുട്ടിയുടെ മുൻപിൽ അവതരിക്കപ്പെടുന്ന നിഗമനങ്ങൾ, അതിലേക്കെത്തിച്ചേർന്ന

ന്യായങ്ങളുടെ പിൻബലമില്ലാതെ കേവലമായി അവതരിപ്പിക്കുന്നത് ശാസ്ത്രത്തിന്റെ രീതി മനസ്സിലാക്കാൻ തീരെ സഹായകമല്ലെന്ന് ഓർമിക്കേണ്ടതുണ്ട്. 'അതു ശരിയാണെന്ന് എങ്ങനെയറിയാം?' എന്ന ചോദ്യം ഓരോ സന്ദർഭത്തിലും കുട്ടിക്കു ചോദിക്കാൻ തോന്നുന്നുവെങ്കിൽ മാത്രമേ പ്രയോഗതലത്തിലുള്ള പാഠ്യപദ്ധതിക്കും പാഠപുസ്തകത്തിനും പഠനപ്രവർത്തനങ്ങൾക്കും സാധൂകരണമുള്ളൂ.

**ശാസ്ത്രചരിത്രത്തിന്റെ പ്രസക്തി**

എല്ലാ കാര്യങ്ങളും കുട്ടി സ്വയം കണ്ടെത്തിക്കൊള്ളണമെന്നോ എല്ലാ നിഗമനങ്ങൾക്കും വിശദീകരണം തരാൻ കുട്ടിക്കു സ്വയം കഴിയണമെന്നോ ഇപ്പറഞ്ഞതിനർഥമില്ല. കുട്ടിയുടെ പ്രായം, പ്രകൃതം, വിഷയത്തിന്റെ പ്രത്യേകത ഇവയുടെ അടിസ്ഥാനത്തിൽ മറ്റു മാർഗങ്ങളും ബോധനപ്രവർത്തനങ്ങൾക്കു സ്വീകരിക്കേണ്ടിവരാം. ചില സന്ദർഭങ്ങളിൽ ചരിത്രപരമായ സമീപനം വേണ്ടിവന്നേക്കാം. ശാസ്ത്രീയമായ ലോകവീക്ഷണം വികസിക്കുന്നതിനും ഇത് അത്യന്താപേക്ഷിതമാണ്. ഇന്നത്തെ പാഠപുസ്തകങ്ങളിൽ വേണ്ടത്ര പരിഗണിക്കപ്പെടാതിരിക്കുന്ന ഒരു ഘടകമാണിത്. ശാസ്ത്രം എങ്ങനെ പ്രവർത്തിക്കുന്നുവെന്നു മനസ്സിലാക്കുന്നതിനും ഇന്നത്തെ ശാസ്ത്ര-സാങ്കേതിക പുരോഗതിയൊക്കെത്തന്നെ നൂറ്റാണ്ടുകളായുള്ള അനേകം ശാസ്ത്രകാരന്മാരുടെ പ്രവർത്തനങ്ങളുടെ സഞ്ചിതരൂപമാണെന്നു തിരിച്ചറിയുന്നതിനും ഇതാവശ്യമാണ്. ചരിത്രാംശങ്ങൾ ഉൾപ്പെടുത്തുമ്പോൾ ചിലയവസരങ്ങളിൽ നേരിടാവുന്ന ഒരു പ്രശ്നം കൂടി ഈ സന്ദർഭങ്ങളിൽ പരിഗണിക്കേണ്ടതുണ്ട്. ചില അപൂർവ പ്രതിഭാശാലികളുടെ വിപ്ലവകരമായ സംഭാവനകളും (ഇതു ചിലപ്പോൾ പ്രതിഭകൊണ്ടാകാം, അവസരലഭ്യതകൊണ്ടാകാം, യാദൃച്ഛികമാകാം) അതിനോടുനുബന്ധിച്ചുള്ള വിശദാംശങ്ങളും മാത്രമായി ഉൾപ്പെടുത്തുമ്പോൾ അപൂർവമായ പ്രതിഭയുള്ളവർക്കു മാത്രമാണ് ശാസ്ത്രപ്രവർത്തനത്തിൽ ഏർപ്പെടാൻ കഴിയൂ എന്ന ധാരണ ബലപ്പെട്ടുവരാം. ലോകത്തെമ്പാടും എല്ലാ വിഭാഗത്തിലും പെട്ട, തങ്ങളെപ്പോലെയുള്ള നിരവധി ആളുകൾ ശാസ്ത്രപ്രവർത്തനത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന തിരിച്ചറിവ് കുട്ടികൾക്കുണ്ടാവേണ്ടതുണ്ട്. അതായത്, ശാസ്ത്രപ്രവർത്തനങ്ങൾ എല്ലാവർക്കുമാകാമെന്ന ധാരണ കുട്ടികളിൽ ഉണ്ടാകണം. ശാസ്ത്രപുസ്തകങ്ങളിൽ മാത്രമല്ല, ചരിത്രപുസ്തകങ്ങളിലും ഈ ദിശയിലുള്ള ചില മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

**കുട്ടിക്കു ലഭ്യമായ സമയം പരിഗണിക്കണം**

ശാസ്ത്രപഠനവും അതോടൊപ്പം നടക്കുന്ന മൂല്യനിർണയവും പ്രവർത്തനാധിഷ്ഠിതമാകണമെന്നതിൽ തർക്കമുണ്ടാകാനിടയില്ല. എന്നാൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ കുട്ടിയുടെ പ്രകൃതം, പ്രവർത്തനത്തിന്റെ അനുയോജ്യത എന്നിവപോലെത്തന്നെ പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ടതാണ് കുട്ടിക്കു ലഭ്യമാകുന്ന സമയം. ക്ലാസുമുറിക്കകത്തും പുറത്തും കുട്ടിക്കു ലഭ്യമായ സമയം, മറ്റു വിഷയങ്ങളിലേതുൾപ്പെടെ കുട്ടികൾ ഏർപ്പെടുന്ന ആകെ പഠനപ്രവർത്തനങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ടുമാത്രമേ ഓരോ അധ്യാപികയ്ക്കും/അധ്യാപകനും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനാവുകയുള്ളൂ. വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലെ ഉദ്ഗ്രഥിത സമീപനം, ഒരു ക്ലാസിലെ മുഴുവൻ അധ്യാപകരുടെയും കൂട്ടായ്മ ഇവ ഉറപ്പാക്കുന്നതിന്റെ പ്രസക്തി ഇവിടെ വ്യക്തമാണല്ലോ.

**ലബോറട്ടറിയുടെ പ്രസക്തി**

നല്ല ഒരു ലബോറട്ടറി ഇല്ലാത്തതാണ് ശാസ്ത്രപഠനം മോശമാകുന്നതിനു കാരണമെന്നു വിലപിക്കുന്ന ശാസ്ത്രാധ്യാപകർ കുറവല്ല. യഥാർഥത്തിൽ ശാസ്ത്രപഠനം പ്രവർത്തനാധിഷ്ഠിതമാക്കുന്നതിന് സുസജ്ജമായ ഒരു ലബോറട്ടറി താഴ്ന്ന ക്ലാസുകളിലെങ്കിലും അവശ്യഘ

ടകമല്ല. കുറഞ്ഞ വിലയ്ക്കു ലഭിക്കുന്നതും വിലയില്ലാത്തതും ചുറ്റുപാടുനിന്നും കിട്ടുന്നതുമായ വസ്തുക്കളും നമ്മുടെ പരിസരവും ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ ശാസ്ത്രവിദ്യാഭ്യാസം ഫലപ്രദമാക്കാൻ അധ്യാപകർക്കു കഴിയേണ്ടതാണ്. പണച്ചെലവുള്ള ലബോറട്ടറി സംവിധാനത്തിനു പകരം വയ്ക്കാൻ ചെലവു കുറഞ്ഞൊരു ബദൽ സംവിധാനം എന്ന കാഴ്ചപ്പാടല്ല ഇവിടെ വേണ്ടത്. പരിസരബന്ധിതമായ രീതിയിൽ ശാസ്ത്രപഠനം നടത്തുന്നതാണ് കൂടുതൽ ഫലപ്രദമായ രീതി എന്ന നിലപാട് അംഗീകരിക്കണം. എങ്കിലും ലബോറട്ടറി ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലും ലബോറട്ടറി ഉപയോഗപ്പെടുത്തുന്നതിലുമുള്ള ശേഷികൾ ക്രമേണ വികസിച്ചുവരേണ്ടതുണ്ട്. ഉയർന്ന ക്ലാസുകളിലേക്കു പോകുന്തോറും ഈ ശേഷീവികസനം ഉറപ്പാക്കിക്കൊണ്ടുമാത്രമേ ശാസ്ത്രപഠനം ഫലപ്രദമാക്കാനാവുകയുള്ളൂ. എന്നിരുന്നാലും പരീക്ഷണ-നിരീക്ഷണാദി പ്രക്രിയകൾ നിരന്തരമൂല്യനിർണയത്തിനു വിധേയമാക്കാത്തിടത്തോളം കാലം ഇത് ഏട്ടിലെ പശുവായേ അവശേഷിക്കുകയുള്ളു. പരമ്പരാഗത ബോധന രീതി അവലംബിക്കുന്ന ഒരു നല്ല അധ്യാപിക/ അധ്യാപകൻ പരീക്ഷണങ്ങൾ ക്ലാസിൽ കാണിച്ചുകൊടുത്തുവെന്നു വരാം. പക്ഷേ, അപ്പോഴും പരീക്ഷണം ചെയ്യുന്നത് കുട്ടിയല്ല. പരീക്ഷണ -നിരീക്ഷണമുൾപ്പെടെയുള്ള പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതു കുട്ടിയാണ് എന്ന ബോധം അധ്യാപകരിലുറയ്ക്കണം.

ലബോറട്ടറി സൗകര്യങ്ങൾ നന്നായി ഉപയോഗപ്പെടുത്തുന്നതിന് അധ്യാപകർ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

- ലബോറട്ടറി എപ്പോഴും അടുക്കും ചിട്ടയും വൃത്തിയുമുള്ളതായി സൂക്ഷിക്കണം.
- എല്ലാ ലാബ് സാധനങ്ങളും ഉപകരണങ്ങളും വിഷയങ്ങളനുസരിച്ച് തരംതിരിച്ചും ലേബലൊട്ടിച്ചും വയ്ക്കണം.
- എല്ലാ ശാസ്ത്രാധ്യാപകർക്കും ലബോറട്ടറി കൈകാര്യം ചെയ്യാനുള്ള സ്വാതന്ത്ര്യവും അവസരവും ലഭിക്കണം.
- ലാബ് ഉപകരണങ്ങളും വസ്തുക്കളും കൈകാര്യം ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികൾക്കും ഉണ്ടാക്കിയെടുക്കാൻ ശ്രദ്ധിക്കണം.
- കൈകാര്യം ചെയ്യുമ്പോൾ ഉപകരണങ്ങളും മറ്റും കേടുപാടുവരാതെയും പൊട്ടിപ്പോകാതെയും സൂക്ഷിക്കേണ്ടത് ആവശ്യംതന്നെ. പക്ഷേ, ഇക്കാരണത്താൽ ലബോറട്ടറി സാധനങ്ങൾ ഉപയോഗപ്പെടുത്താതെ സൂക്ഷിച്ചുവയ്ക്കുന്നതും ഉപയോഗപ്പെടുത്താനുള്ള സൗകര്യം നിഷേധിക്കുന്നതും കുറ്റകരമായ അനാസ്ഥയാണ്. (ഉപകരണത്തിന് കേടുപാടു സംഭവിച്ചു പോകുന്നതല്ല കുറ്റകരമായ സംഗതി).
- പരീക്ഷണങ്ങൾ അധ്യാപകർ കാണിച്ചുകൊടുക്കുകയല്ല വേണ്ടത്; കുട്ടികൾ സ്വയം അവ ചെയ്തു നോക്കട്ടെ.

### മൂല്യനിർണയം

ശാസ്ത്രവിദ്യാഭ്യാസത്തിൽ മാത്രമല്ല, എല്ലാ വിഷയങ്ങളിലും മൂല്യനിർണയം പഠനത്തോടൊപ്പം നിരന്തരമായി നടക്കേണ്ടതും കുട്ടികളുടെ വ്യത്യസ്തശേഷികൾ വളർത്തിയെടുക്കത്തക്കവിധത്തിൽ സമഗ്രവും ആയിരിക്കണമെന്ന് സാർവലൗകികമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞ കാര്യമാണല്ലോ. മൂല്യനിർണയലക്ഷ്യങ്ങൾ മറ്റേതു വിഷയത്തിനുമെന്നപോലെ ശാസ്ത്രവിദ്യാഭ്യാസത്തിനും ആവശ്യമായതുകൊണ്ട് ഇവിടെ വിസ്തരിക്കുന്നില്ല. പക്ഷേ, ശാസ്ത്രവിദ്യാഭ്യാസത്തിൽ അതിന്റെ പ്രയോഗവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കേണ്ടതുണ്ട്.

- പരമ്പരാഗതമായ എഴുത്തുപരീക്ഷയുടെ മാത്രമായി ശാസ്ത്രപഠനത്തിൽ ലക്ഷ്യമിടുന്ന ശേഷികൾ വിലയിരുത്താനോ പോഷിപ്പിക്കാനോ സാധ്യമല്ല. പരീക്ഷണങ്ങൾ നടത്താനുള്ള കഴിവുകളുൾപ്പെടെ ശാസ്ത്രപഠനത്തിലൂടെ ലക്ഷ്യമിടുന്ന മുഴുവൻ ശേഷികളും മൂല്യനിർണയത്തിനു വിധേയമാകണം.
- ശാസ്ത്രവിദ്യാഭ്യാസത്തിലെ മൂല്യനിർണയത്തിൽ മൾട്ടിപ്പിൾ ചോയ്സ് ടെസ്റ്റിന്റെ പ്രസക്തി വ്യാപകമായി വിമർശിക്കപ്പെട്ടിട്ടുണ്ട്. ചിന്താപ്രക്രിയയുടെ ഉയർന്നതലങ്ങൾ വിലയിരുത്താൻ ഇതു തീരെ അപര്യാപ്തമാണ്.
- കൈയും മനസ്സും ഉപയോഗപ്പെടുത്തേണ്ട പെർഫോർമൻസ് അസെസ്മെന്റിനു ശാസ്ത്ര പഠനത്തിന്റെ മൂല്യനിർണയത്തിൽ പ്രാമുഖ്യം ഉണ്ടാവണം.
- പഠന-ബോധന പ്രവർത്തനങ്ങളിൽ നിന്ന് മൂല്യനിർണയ പ്രവർത്തനത്തെ വേർതിരിച്ചു കാണാൻ പ്രയാസമാണ് - പ്രത്യേകിച്ചും ശാസ്ത്ര വിദ്യാഭ്യാസത്തിൽ.

  ശാസ്ത്ര വിദ്യാഭ്യാസത്തിലെ മൂല്യനിർണയത്തിൽ താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിക്കേണ്ടതാണ്.

  - പരീക്ഷണങ്ങൾ
  - പരീക്ഷണപ്രക്രിയകളും നിരീക്ഷണവും
  - പ്രോജക്ടുകൾ
  - ശാസ്ത്രരീതികളുമായി ബന്ധപ്പെട്ട ശേഷികൾ
  - മൂല്യബോധം/ മനോഭാവം
  - വാതിൽപ്പുറപരീക്ഷണങ്ങൾ (outdoor activities)
  - പത്രമാസികകൾ
  - ലൈബ്രറി ഉപയോഗപ്പെടുത്തൽ / ശാസ്ത്രകുറിപ്പുകൾ
  - കോ-ഓപ്പറേറ്റീവ് ടെസ്റ്റുകൾ
  - സ്വയംപഠന റിപ്പോർട്ടുകൾ
  - കൺസെപ്റ്റ് മാപ്പിങ്
  - ഡ്രോയിങ്സ്
  - പ്രശ്നപരിഹരണം
  - ഗവേഷണപ്രവർത്തനങ്ങൾ
  - ഡിബേറ്റ്/ ഗ്രൂപ്പ്ചർച്ച

## 5.3 സാമൂഹികശാസ്ത്രം

സാമൂഹിക യാഥാർഥ്യങ്ങൾ, ആവശ്യങ്ങൾ ഇവ തിരിച്ചറിയുന്നതിനും സാമൂഹിക പ്രശ്നങ്ങളോടു ക്രിയാത്മകമായി പ്രതികരിക്കുന്നതിനും സാമൂഹികശാസ്ത്രപഠനം കുട്ടികളെ പ്രാപ്തരാക്കണം. ജാതീയത, വർഗീയത, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ തുടങ്ങിയ സാമൂഹിക തിന്മകൾ പ്രബലപ്പെട്ടുവരുന്ന ഇന്നത്തെ സാഹചര്യം കാണാതെ സാമൂഹ്യശാസ്ത്രപഠിതാവിനു മുന്നോട്ടു പോകാനാവില്ല. വർധിച്ചുവരുന്ന തൊഴിലില്ലായ്മ, മദ്യം-മയക്കുമരുന്ന് തുടങ്ങിയവയോടുള്ള ആസക്തി, പെരുകുന്ന ആത്മഹത്യകൾ തുടങ്ങിയ വർത്തമാനകാല

യാഥാർഥ്യങ്ങൾ മനസ്സിലാക്കാനും കാര്യകാരണബന്ധം കണ്ടെത്തി പ്രശ്നപരിഹരണ പ്രവർത്ത നങ്ങളിൽ പങ്കാളിയാകാനും സാമൂഹികശാസ്ത്രപഠനം വിദ്യാർഥികളെ പ്രചോദിപ്പിക്കണം.

തൊഴിൽലഭ്യത പരിഗണിച്ച് ശാസ്ത്രസാങ്കേതിക വിഷയങ്ങൾ പഠിക്കുന്നവരുടെ എണ്ണം വർധിച്ചപ്പോൾ സാമൂഹികശാസ്ത്രവിഷയങ്ങൾ പഠിക്കുന്നവർ കുറഞ്ഞുവന്നു. പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പഠനം എന്ന ആശയം സാമൂഹികശാസ്ത്ര വിഷയങ്ങളിൽ പൂർണമായി പ്രയോഗിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

സാമൂഹികശാസ്ത്രപഠനവും പ്രവർത്തനാധിഷ്ഠിതമാകണമെന്ന തിരിച്ചറിവിലേക്കു നാം എത്തിച്ചേർന്നിട്ടുണ്ട്. 1997-ലെ പാഠ്യപദ്ധതി പരിഷ്കരണത്തിൽ സാമൂഹ്യശാസ്ത്ര വിഷയങ്ങളെ പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമാക്കി മാറ്റാനുള്ള ശ്രമങ്ങൾക്കു തുടക്കമിട്ടു. ഈ ഘട്ടത്തിൽ സാമൂഹികശാസ്ത്ര പഠനത്തിലൂടെ ഉണ്ടാവേണ്ട മൂല്യങ്ങൾക്കും മനോഭാവ ങ്ങൾക്കും നാം വേണ്ടത്ര ഊന്നൽ നൽകുകയുണ്ടായി. സാമൂഹികശാസ്ത്ര വിഷയങ്ങൾ തമ്മിലും ശാസ്ത്രവിഷയങ്ങൾ തമ്മിലുമുള്ള ഉദ്ഗ്രഥിത സാധ്യതയും പരിഗണിക്കപ്പെട്ടു. പ്രാദേശിക വിഭവങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയുംവിധം പാഠ്യപദ്ധതി അയവുള്ളതായിരിക്കണമെന്നു നിഷ്കർഷിച്ചു.

ഒന്ന്, രണ്ട് ക്ലാസുകളിൽ സാമൂഹികശാസ്ത്രത്തെ ഭാഷ, ഗണിതം എന്നിവയുമായി ഉദ്ഗ്രഥിച്ചാണ് പുതിയ പാഠ്യപദ്ധതിയിൽ അവതരിപ്പിച്ചത്. മൂന്ന്, നാല് ക്ലാസുകളിൽ പരിസരപഠനം എന്ന നിലയിലാണ് ശാസ്ത്ര-സാമൂഹികശാസ്ത്ര വിഷയങ്ങളെ സമീപിച്ചത്. 5 മുതൽ 10 വരെ ക്ലാസുകളിൽ ഭൗതികശാസ്ത്രത്തെ വേർപെടുത്തിയും സാമൂഹികശാസ്ത്ര വിഷയങ്ങളെ സംയോജിപ്പിച്ചുകൊണ്ടുമുള്ള സമീപനമാണ് സ്വീകരിച്ചത്. 11, 12 ക്ലാസുകളിൽ പൂർണമായും വിഷയാധിഷ്ഠിത രീതിയാണ് അവലംബിച്ചത്.

സാമൂഹികനീതിക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു പാഠ്യപദ്ധതി അവതരിപ്പിക്കുന്നതിന് സാമൂഹികശാസ്ത്രത്തിൽ നമുക്കു പരിമിതികളുണ്ടായി. ഭൗതികസാഹചര്യങ്ങളിലുണ്ടായ പോരായ്മയും പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയാതെവന്നതും മറ്റുവിഷയങ്ങൾക്കെന്നപോലെ സാമൂഹികശാസ്ത്രത്തിനും പ്രയാസങ്ങൾ സൃഷ്ടിച്ചു.

2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിലെ നിർദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാണ് ഈ വിലയിരുത്തൽ നടത്തിയത്. എന്നാൽ അപ്പോഴും പല കാര്യങ്ങളിലും ദേശീയ ചട്ടക്കൂടിന്റെ അപ്പുറത്തു നിന്ന് നോക്കിക്കാണാൻ കേരളീയാനുഭവങ്ങൾ തന്നെയാണ് നമ്മെ സഹായിച്ചത്.

### 5.3.1 പ്രശ്നങ്ങൾ പരിമിതികൾ

- പാഠ്യപദ്ധതിയെ സമഗ്രമായി സമീപിക്കാനും അതിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് വിനിമയം ചെയ്യാനും അധ്യാപകർക്കു വേണ്ടത്ര ധാരണ കൈവന്നിട്ടില്ല.
- പാഠ്യപദ്ധതി വിനിമയത്തിനുള്ള സാമഗ്രികൾ പാഠപുസ്തകവും അധ്യാപക സഹായിയും മാത്രമാണെന്ന് അധികം പേരും തെറ്റിദ്ധരിച്ചു.
- അധ്യാപക പരിശീലനത്തിൽ പ്രാപ്തരായ പരിശീലകരുടെ അഭാവം.
- പ്രവർത്തനാധിഷ്ഠിത ക്ലാസ്മുറിക്ക് യോജിച്ച പാഠപുസ്തകത്തെക്കുറിച്ചുള്ള അധ്യാപകരുടെ ധാരണക്കുറവ്.
- പരമ്പരാഗത പഠനസാമഗ്രികളെ മാത്രം ആശ്രയിക്കുന്ന ക്ലാസ്മുറി.
- ക്ലാസ്മുറിയിലെ ദൈനംദിന അക്കാദമികപ്രശ്നങ്ങളെ ആസൂത്രണത്തിലൂടെ മറികടക്കു ന്നതിൽ അധ്യാപകർക്കു വിജയിക്കാൻ കഴിയാത്തത്.

- ക്രമമായി ചേരേണ്ട ക്ലസ്റ്റർ യോഗങ്ങളുടെ അഭാവം, തുടർച്ചയും വളർച്ചയുമില്ലാത്ത പരിശീലന പരിപാടികൾ, പുതിയ വിനിമയതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുന്നതിലെ അലംഭാവം, കാര്യക്ഷമമായ പിന്തുണാസംവിധാനത്തിന്റെ അഭാവം.
- വിവരശേഖരണത്തിനാവശ്യമായ പുസ്തകങ്ങളുടെയും ഇതര സാമഗ്രികളുടെയും അഭാവം.
- നിരന്തര മൂല്യനിർണയത്തിൽ നേരിടുന്ന പ്രയാസങ്ങൾ.
- മൂല്യങ്ങളും മനോഭാവങ്ങളും നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്നുറപ്പുവരുത്താൻ വേണ്ട ഉപാധികളുടെ അഭാവം.
- പഠനത്തെക്കുറിച്ചുള്ള രക്ഷിതാക്കളുടെ ധാരണപ്പിശകുകൾ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലിന്റെ കുറവ്.
- ഹയർ സെക്കൻഡറി ഘട്ടത്തിൽ സാമൂഹികശാസ്ത്ര-വാണിജ്യശാസ്ത്ര വിഷയങ്ങളിൽ നിലനിൽക്കുന്ന വിവിധതരം വിഷയസമുച്ചയങ്ങൾ (Combinations).

### 5.3.2 അഭിസംബോധനചെയ്യേണ്ട പ്രശ്നങ്ങൾ

അക്കാദമികവും സാമൂഹികവുമായ ഒട്ടേറെ പ്രശ്നങ്ങൾ ഫലപ്രദമായ സാമൂഹികശാസ്ത്ര പഠനത്തിനു തടസ്സം നിൽക്കുന്നു. ഈ പ്രശ്നങ്ങളെ മറികടന്നാൽ മാത്രമേ അർഥപൂർണമായ സാമൂഹികശാസ്ത്രപഠനത്തിന് അവസരം ലഭിക്കൂ.

ഉള്ളടക്കവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ ഇന്നത്തെ പാഠ്യപദ്ധതിയിൽ നിലനിൽക്കുന്നു. ആശയങ്ങളുടെയും വസ്തുതകളുടെയും ബാഹുല്യം, ചാക്രികാരോഹണ ക്രമത്തിന് വഴങ്ങാത്ത ഉള്ളടക്കക്രമീകരണം, വിമർശനാത്മക വിലയിരുത്തലിനുള്ള സാധ്യതക്കുറവ് തുടങ്ങിയവ പ്രശ്നങ്ങളാണ്. കുട്ടി ശേഖരിച്ച വിവരങ്ങളെ സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അറിവാക്കി മാറ്റുന്നതിനുള്ള അവസരം ലഭിക്കുന്നില്ല എന്നതും മുഖ്യപ്രശ്നമായി അവശേഷിക്കുന്നു.

സാമൂഹികശാസ്ത്രവിഷയങ്ങളുടെ സമീപനരീതി പരിചയപ്പെടുത്താനും പ്രയോഗിക്കാനും അവസരം ലഭിക്കുന്നില്ല. സാമൂഹികശാസ്ത്രത്തിലെ ഓരോ വിഷയത്തിനും തനതായ രീതിശാസ്ത്രമുണ്ടെന്ന വസ്തുത അവഗണിക്കപ്പെടുന്നു. പകരം, ഇവയെ എല്ലാം ഒരു പൊതുരീതിയിൽ സമീപിക്കുന്നു.

വിവരശേഖരണത്തിനാവശ്യമായ വിഭവങ്ങളുടെ അപര്യാപ്തതയാണ് മറ്റൊരു പ്രശ്നം. റഫറൻസ് പുസ്തകങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, പത്രമാധ്യമങ്ങൾ തുടങ്ങിയ പലതും ബഹുഭൂരിപക്ഷം വിദ്യാർഥികൾക്കും ലഭ്യമല്ല. കുടുംബങ്ങളുടെയും വിദ്യാലയങ്ങളുടെയും സാമ്പത്തിക പരാധീനതയാണ് ഈ പ്രശ്നത്തിന്റെ അടിസ്ഥാന കാരണം.

നിലവിലുള്ള പീരിയഡ് സമ്പ്രദായം പഠനപ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനു തടസ്സം സൃഷ്ടിക്കുന്നു.

വ്യത്യസ്ത സാംസ്കാരികവിഭാഗങ്ങളെ പാഠ്യപദ്ധതി ഉൾക്കൊള്ളാത്തതുമൂലം കുട്ടികളിലും അന്യതാബോധം സൃഷ്ടിക്കുന്നതിന് ഇടവരുന്നു. ഉദാഹരണമായി, കേരളത്തിന്റെ സാമൂഹികശാസ്ത്ര പാഠ്യപദ്ധതി ആദിവാസി, ദളിത് വിഭാഗങ്ങളുടെ സംസ്കാരത്തെ വേണ്ടത്ര ഉൾക്കൊള്ളുന്നില്ല. കായികാധ്വാനത്തിന്റെ മഹത്ത്വവും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ അറിവും അവഗണിക്കപ്പെടുന്നു.

തൊഴിൽസാധ്യതകളുടെ പേരിൽ സാമൂഹികശാസ്ത്രപഠനത്തെ അവഗണിക്കുന്ന ഒരു

സമീപനമാണ് ഇന്നു നിലനിൽക്കുന്നത്. സേവനമേഖലയിൽ വർധിച്ചുവരുന്ന തൊഴിലവസരങ്ങൾക്കു സാമൂഹികശാസ്ത്രമേഖലയുമായുള്ള ബന്ധം തിരിച്ചറിയാതെ പോകുന്നു.

ഉയർന്ന ഘട്ടങ്ങളിൽ ഉദ്ഗ്രഥിത സമീപനം നടപ്പാക്കാൻ കഴിയാത്ത അവസ്ഥയും പരിഹരിക്കപ്പെടേണ്ടതുണ്ട്.

### 5.3.3 പഠനലക്ഷ്യങ്ങൾ

- വ്യക്തിയും സമൂഹവും തമ്മിലും സമൂഹവും ഭൗതികപരിസ്ഥിതിയും തമ്മിലുമുള്ള പാരസ്പര്യത്തെക്കുറിച്ചുള്ള ധാരണകൾ വികസിപ്പിക്കാൻ സാമൂഹികശാസ്ത്രപഠനം അവസരമൊരുക്കണം.
- മനുഷ്യസമൂഹത്തിന്റെ ഇന്നത്തെ സ്ഥിതി മനസ്സിലാക്കുന്നതിനും അവയെ ഇന്നലെകളുമായി താരതമ്യം ചെയ്തു നാളെയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വികസിപ്പിക്കുന്നതിനും അവ സാക്ഷാത്കരിക്കാനുള്ള സാമൂഹികഇടപെടലുകൾ നടത്തുന്നതിനും കുട്ടിക്ക് അവസരമുണ്ടാവണം.
- സമ്പത്തിന്റെ ഉത്പാദനം, വിതരണം, സാമ്പത്തികബന്ധങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും പൊതുസമൂഹത്തിനു ഗുണകരമായ വിധത്തിൽ ഈ സാമ്പത്തികബന്ധത്തിൽ ഇടപെടുന്നതിനും കുട്ടിക്കു കഴിയണം.
- സമൂഹഘടന, അതിന്റെ വികാസം, ഭൗതിക പരിതസ്ഥിതിയുമായി ഇതിനുള്ള ബന്ധം, സമൂഹവികാസ പ്രക്രിയയിൽ സാമ്പത്തികബന്ധങ്ങൾക്കുള്ള സ്ഥാനം എന്നിവയെക്കുറിച്ചുള്ള ധാരണകൾ രൂപീകരിക്കുന്നതിനുള്ള അവസരങ്ങൾ ഓരോ ഘട്ടത്തിലും കുട്ടിക്കു ലഭിക്കണം.
- മനുഷ്യസമൂഹവളർച്ചയുടെ ഓരോ ഘട്ടത്തിലും വളർന്നുവന്ന അധികാരരൂപങ്ങൾ, ഭരണക്രമം, ഭരണകൂടങ്ങൾ എന്നിവയെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്താൻ അവസരം ലഭിക്കണം.
- ജനാധിപത്യം, സാമൂഹികനീതി, സ്ഥിതിസമത്വം, മതനിരപേക്ഷത എന്നിവയെക്കുറിച്ച് ധാരണകൾ വിപുലപ്പെടുത്തുന്നതിനും അതിനു തടസ്സമായി നിൽക്കുന്ന ഘടകങ്ങൾക്കെതിരെ നിലപാടുകൾ എടുക്കുന്നതിനുമുള്ള പ്രായോഗിക അവസരം കുട്ടികൾക്ക് ലഭിക്കേണ്ടതാണ്.
- പാർശ്വവത്ക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവർക്കുകൂടി നീതി ലഭിക്കുന്ന സാമൂഹികവ്യവസ്ഥയ്ക്കു വേണ്ടി നിലകൊള്ളുന്നതിനും കുട്ടികൾക്കു കഴിയണം.
- വിവിധ സാമൂഹികശാസ്ത്രവിഷയങ്ങളുടെ രീതിശാസ്ത്രം പരിചയപ്പെടാനും അതുമായി ബന്ധപ്പെട്ട വിവിധ ശേഷികൾ ക്രമമായി വികസിപ്പിക്കാനും വേണ്ട അവസരങ്ങൾ കുട്ടികൾക്ക് ലഭിക്കണം.

### 5.3.4 പ്രൈമറി ഘട്ടം

പ്രൈമറി ഘട്ടത്തിൽ പരമാവധി ഉദ്ഗ്രഥിത സമീപനമാണ് സ്വീകരിക്കേണ്ടത്. കുട്ടികൾക്കു ലഭിക്കുന്ന അനുഭവങ്ങൾ അവരുടെ സമീപസ്ഥ ചുറ്റുപാടുകളുമായി ബന്ധപ്പെട്ടവയാവണം. മൂർത്തമായ അനുഭവങ്ങളിലൂടെ ആശയങ്ങൾ രൂപീകരിക്കാൻ കുട്ടിക്കു അവസരമൊരുക്കണം. ലഭിക്കുന്ന അനുഭവങ്ങളെ പൊതുപഠനശേഷിയുമായി ബന്ധപ്പെടുത്തി മാത്രം ഉപയോഗപ്പെടുത്തിയാൽ മതി. അതായത്, കുട്ടിക്കു പ്രാപ്യമല്ലാത്ത തലത്തിലേക്ക് അനുഭവങ്ങളെ വികസിപ്പി

ക്കാൻ ശ്രമിച്ചുകൂടാ. സ്വായത്തമാക്കിയ ആശയങ്ങളുടെയും വികസിപ്പിച്ചെടുത്ത മനോഭാവങ്ങളുടെയും പ്രയോഗം ഉറപ്പുവരുത്തണം.

അപ്പർ പ്രൈമറി ഘട്ടത്തിലെ സാമൂഹികശാസ്ത്ര പഠനം ലോവർ പ്രൈമറിയുടെ തുടർച്ചയും വളർച്ചയും തന്നെയായിരിക്കണം. സാമൂഹികശാസ്ത്ര വിഷയങ്ങൾ തമ്മിലുള്ള ഉദ്ഗ്രഥന സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതോടൊപ്പം ഇതര വിഷയങ്ങളുമായി സമന്വയിപ്പിക്കാനുള്ള സാധ്യത പരിഗണിക്കുകയും വേണം. ഈ ഘട്ടത്തിൽ കുട്ടിയുടെ അനുഭവ പരിസരം വികസിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ സ്വന്തം പ്രദേശത്തെ ആധാരമാക്കി പഠനാനുഭവങ്ങൾ ഒരുക്കുമ്പോൾ തന്നെ സംസ്ഥാന ദേശീയ പശ്ചാത്തലത്തിൽ അതിനെ വിലയിരുത്താനും കുട്ടിക്കു കഴിയണം. സമീപസ്ഥ ചുറ്റുപാടിൽ നിന്നുകൊണ്ട് ചരിത്രത്തെ വീക്ഷിക്കാനും അതിനെ പൊതു ദേശീയചരിത്രത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്താനും കുട്ടിക്ക് അവസരം ലഭിക്കണം.

സമൂഹം, അതിലെ കൂട്ടായ്മകൾ, സാമൂഹികസ്ഥാപനങ്ങൾ എന്നിവയിൽ സ്വന്തം ചുറ്റുപാടിൽ തനിക്കു ലഭിച്ച അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സർഗാത്മകമായി ഇടപെടാനുള്ള അവസരം ലഭിക്കണം. ലോവർ പ്രൈമറിയിലുള്ളതുപോലെ വൈവിധ്യമാർന്ന ആവിഷ്കരണ സാധ്യത നിലനിർത്തുകയും ചെയ്യാം.

സാമൂഹികശാസ്ത്ര വിഷയങ്ങളുടെ തനതായ പഠനരീതികൾ പരിചയപ്പെടുന്നതിനുള്ള പ്രാഥമികമായ അവസരങ്ങൾ ഈ ഘട്ടത്തിൽ ഉണ്ടാവണം. ഭൂപടവായന, വാമൊഴികളുടെ വിശകലനം തുടങ്ങിയവ സാധ്യമാക്കുന്ന പഠനസന്ദർഭങ്ങൾ ഒരുക്കേണ്ടതുണ്ട് എന്നർഥം.

തന്റെ സമീപപരിസരവുമായി ബന്ധപ്പെട്ട് അധികാരം (വിശേഷിച്ചും ജനാധിപത്യപരമായ അധികാരം), ഭരണസംവിധാനം, പൊതുസ്ഥാപനങ്ങൾ എന്നിവ പരിചയപ്പെടാനും സാമൂഹിക ജീവിതത്തിൽ ഇവ ചെലുത്തുന്ന സ്വാധീനം തിരിച്ചറിയാനും അവസരം ലഭിക്കണം.

ഇതിനെല്ലാമുപരിയായി ജനാധിപത്യം, തുല്യത, സാമൂഹികനീതി എന്നിവയിലധിഷ്ഠിതമായ മൂല്യങ്ങൾ തുടങ്ങിയവ സ്വായത്തമാക്കാനവസരം ലഭിക്കത്തക്ക വിധത്തിൽ സംഘപ്രവർത്തനങ്ങളിൽ ഏർപ്പെടാനും സമൂഹവുമായി ബന്ധപ്പെട്ട് വിവരശേഖരണവും മറ്റും നടത്തി പുത്തനറിവുകൾ സൃഷ്ടിക്കാനുമുള്ള അവസരം ഈ ഘട്ടത്തിൽ നിർബന്ധമായും കുട്ടിക്കു ലഭിക്കേണ്ടതുണ്ട്.

### 5.3.5 സെക്കൻഡറിഘട്ടം

അമൂർത്തമായ ചിന്തയിലേക്കു വലിയ തോതിൽ കടക്കാൻ കഴിവുള്ളവരാണ് സെക്കൻഡറി ഘട്ടത്തിലെ കുട്ടികൾ. അതിനനുസരിച്ചുള്ള വികാസം സാമൂഹികശാസ്ത്ര പഠനലക്ഷ്യങ്ങൾ നിർണയിക്കുന്നതിലും പ്രകടമാവേണ്ടതുണ്ട്. അതുപോലെതന്നെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിനും സർഗാത്മകമായി ഇടപെടുന്നതിനും ഏറ്റവും കഴിവു പ്രകടിപ്പിക്കുന്ന പ്രായഗണത്തിൽ ഉൾപ്പെടുന്നവരാണ് ഈ കുട്ടികൾ. ഇക്കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സെക്കൻഡറിതലത്തിലെ പഠനാവസരങ്ങൾ ഒരുക്കുന്നത്.

സാമൂഹികശാസ്ത്ര വിഷയങ്ങൾ തമ്മിലുള്ള ഉദ്ഗ്രഥനസാധ്യതകൾ (ഒരു തീമിനു കീഴ്പ്പെട്ട്, പരസ്പരം ബന്ധപ്പെടുത്തി അനുഭവങ്ങൾ ആവിഷ്കരിക്കുക എന്ന തലത്തിലെങ്കിലും) പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ വിവിധ സാമൂഹികശാസ്ത്ര വിഷയങ്ങളുടെ പഠനരീതികൾ സ്വായത്തമാക്കാൻ ഈ ഘട്ടത്തിൽ അവസരമുണ്ടാകണം. അതായത്, ആശയപരമായ ഉദ്ഗ്രഥനവും ഒപ്പം വൈവിധ്യമാർന്ന പഠനരീതികളുമാണ് നാം ലക്ഷ്യം വയ്ക്കുന്നത്.

അമൂർത്താശയങ്ങൾ സ്വാംശീകരിക്കാൻ കഴിവുള്ളവനാണ് ഈ സന്ദർഭത്തിൽ കുട്ടി. അതുകൊണ്ട് തുല്യത, നീതി, സാഹോദര്യം, ആത്മാഭിമാനം, വിവിധ തരത്തിലുള്ള ചൂഷണത്തിൽ നിന്നുള്ള മോചനം തുടങ്ങി അമൂർത്തമായ ആശയങ്ങൾ സ്വായത്തമാക്കാൻ ഉതകുംവിധം ഈ ഘട്ടത്തിൽ രാഷ്ട്രതന്ത്രപഠനത്തെ ആവിഷ്കരിക്കേണ്ടതുണ്ട്.

സെക്കൻഡറി ഘട്ടത്തിൽ എത്തുന്ന കുട്ടികൾ വർധിച്ച ആത്മബോധവും ആത്മാഭിമാനവും ഉള്ളവരാണ്. ഏതു പ്രദേശത്തെയും ഏതു വിഭാഗത്തിലെയും കുട്ടികളുടെ ആത്മാഭിമാനത്തെ ചോദ്യംചെയ്യാത്ത വിധത്തിൽ ആദിവാസികൾ, ദലിതർ തുടങ്ങി പാർശ്വവത്ക്കരിക്കപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും അനുഭവപരിസരം ഉൾക്കൊള്ളുന്നതും അവരുടെയെല്ലാം അടിസ്ഥാനപരമായ അറിവുകളെ ഉപയോഗപ്പെടുത്തുന്നതുമായിരിക്കണം സമകാലിക വിഷയങ്ങളെക്കുറിച്ചുള്ള പഠനം.

ചരിത്രപഠനത്തിലും ഈ കാഴ്ച്ചപ്പാട് നിലനിർത്തേണ്ടതുണ്ട്. സ്വാതന്ത്ര്യസമരമുൾപ്പെടെയുള്ള ചരിത്രത്തിന്റെ ഏതു ഘട്ടത്തിലും വിവിധ പ്രദേശങ്ങളുടെയും വിവിധ വിഭാഗങ്ങളുടെയും ഇടപെടലുകളെ ഉൾക്കൊള്ളുന്ന തരത്തിൽ പഠനാനുഭവങ്ങൾ ഒരുക്കാൻ കഴിയണം.

മുൻതലമുറകൾ സമ്പന്നമാക്കി നമുക്കു കൈമാറിയതും വരുംതലമുറയ്ക്കായി നാം കരുതിവയ്ക്കേണ്ടതുമായ സമ്പാദ്യമാണ് ഭൂമി എന്ന വിശാലമായ പാരിസ്ഥിതിക കാഴ്ചപ്പാടിനെ വികസിപ്പിക്കാനും, അതിനനുഗുണമായ വിധത്തിൽ സ്വന്തം ജീവിതത്തിൽ മാറ്റങ്ങൾ വരുത്താനും സമൂഹത്തിൽ ഇടപെടലുകൾ നടത്താനും ഭൂമിശാസ്ത്രപഠനത്തിലൂടെ കുട്ടിക്ക് അവസരം ലഭിക്കണം.

കേവലം സ്റ്റാറ്റിസ്റ്റിക്കൽ വിവരങ്ങൾക്കപ്പുറം സാമൂഹികപ്രസക്തിയുള്ള വിഷയങ്ങളുടെ കാര്യകാരണബന്ധങ്ങൾ കണ്ടെത്തുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും മറ്റുമുള്ള അവസരം നൽകത്തക്കവിധത്തിൽ സാമ്പത്തികശാസ്ത്രപഠനം ഉയരണം. പാർശ്വവത്ക്കരിക്കപ്പെട്ട സാമൂഹികവിഭാഗങ്ങളോടുള്ള പക്ഷപാതിത്വം പ്രതിഫലിക്കുന്ന വിധത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ ആവിഷ്കരിക്കാൻ കഴിയണം.

വിവിധ വിഷയങ്ങൾക്കുള്ള തനതായ പഠനരീതികൾ പരിചയിക്കാൻ കഴിയണം എന്നതുകൊണ്ടുതന്നെ, അതിനനുഗുണമായ പഠനസാമഗ്രികൾ ഉപയോഗപ്പെടുത്താനുള്ള അവസരവും കുട്ടിക്കു കിട്ടണം. പാഠപുസ്തകത്തിനു പുറമെ ജേണലുകൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ, ലൈബ്രറി എന്നിവയുടെയെല്ലാം സാധ്യതകൾ പ്രയോജനപ്പെടുത്തണം.

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനരീതികൾ കുട്ടി പരിചയപ്പെടണമെന്നു പറയുമ്പോൾത്തന്നെ വിവിധ വിഷയങ്ങളിൽ നിന്നുള്ള വിവരങ്ങളുടെ (Informations) സമാഹരണപ്രക്രിയ മാത്രമായി പഠനം മാറരുത്. ഈ ഘട്ടത്തിൽ ജ്ഞാനനിർമിതിക്ക് അനുപേക്ഷണീയമായ വിവരങ്ങൾ മാത്രമേ കുട്ടിക്കു ലഭിക്കേണ്ടതുള്ളൂ. അതായത്, അറിവിന്റെ പെരുപ്പം ജ്ഞാനനിർമിതിക്കു തടസ്സം നിൽക്കുന്ന സാഹചര്യം ഒഴിവാക്കുകതന്നെ വേണം.

സാമൂഹിക ഇടപെടലുകൾ നടത്തുന്നതിനു പ്രായേണ കൂടുതൽ സാധ്യതയും താല്പര്യവും ഉള്ളവരാണ് ഈ ഘട്ടത്തിലെ കുട്ടികൾ. അതുകൊണ്ടുതന്നെ സ്വാംശീകരിച്ച അറിവുകളുടെ ആവിഷ്കരണത്തിനും വിനിമയത്തിനും അപ്പുറം കൂട്ടായ സാമൂഹിക ഇടപെടലുകൾക്കുള്ള അവസരങ്ങൾ ബോധപൂർവമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ക്ലബ്ബ് പ്രവർത്തനങ്ങളെയും സ്കൂൾപാർലമെന്റ് തുടങ്ങിയ ഔദ്യോഗിക സംവിധാനങ്ങളെയുമെല്ലാം ദൈനംദിന പഠനപ്രവർത്തനങ്ങളുമായി സ്വാഭാവികമായി ബന്ധിപ്പിക്കുന്നതിലൂടെ ഇതിനുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കാൻ കഴിയും.

### 5.3.6 ഹയർ സെക്കൻഡറി ഘട്ടം

ഹയർസെക്കൻഡറി തലത്തെ നാം രണ്ടുതരത്തിൽ പരിഗണിക്കേണ്ടതുണ്ട്.

ഈ ഘട്ടം ചില കുട്ടികളെ സംബന്ധിച്ചിടത്തോളമെങ്കിലും ഔപചാരിക വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടമാണ്. സ്വന്തമായ ചില തൊഴിൽമേഖലകളിലേക്കു പ്രവേശിക്കാൻ ഇവരെ സഹായിക്കുന്നതോടൊപ്പം തന്നെ അടിസ്ഥാനപരമായ സാമൂഹികശേഷികൾ ആർജിക്കാൻ അവസരം ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുകയും വേണം.

മറ്റു ചിലരെ സംബന്ധിച്ചിടത്തോളം ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കുള്ള പ്രവേശന കവാടമാണ് ഈ ഘട്ടം. ഇവർക്കു സ്വന്തം താത്പര്യത്തിനും അഭിഭാവത്തിനും അനുഗുണമായ ഉന്നതവിദ്യാഭ്യാസം ആർജിക്കുന്നതിനുള്ള അടിസ്ഥാന ശേഷികൾ ഈ ഘട്ടം അവസാനിക്കുന്നതോടെ ലഭ്യമാക്കണം. അതോടൊപ്പം സാമൂഹികശേഷികൾ ആർജിക്കുന്നതിനുള്ള അവസരം ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുകയും വേണം. എന്നാൽത്തന്നെ ഉന്നതവിദ്യാഭ്യാസ പ്രവേശനത്തിന് അവൻ/ അവൾ തിരഞ്ഞെടുക്കുന്ന വിഷയത്തിന്റെ പരിഗണന മാത്രം വച്ച് വിവരങ്ങൾ തിരുകിക്കയറ്റുന്ന സമീപനം ഒട്ടും ആശാസ്യമല്ല.

ഈ രണ്ടു വിഭാഗ ങ്ങൾക്കും സ്വന്തം താത്പര്യമനുസരിച്ച് വിഷയങ്ങൾ തിരഞ്ഞെടുക്കാനും ആ മേഖലയിൽ കൂടുതൽ ആഴത്തിലുള്ള, അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യാനും അതിന് അനുഗുണമായ തരത്തിൽ വൈവിധ്യമാർന്ന പഠനരീതികളിലൂടെ കടന്നുപോകാനും അവസരം ലഭിക്കണം. അതുകൊണ്ടുതന്നെ അതിനിണങ്ങുന്ന വിഷയസമുച്ചയം തിരഞ്ഞെടുക്കാൻ അവസരം ലഭിക്കുക എന്നതും പ്രധാനമാണ്.

കുട്ടികൾ ഏതു പ്രദേശ ത്തുകാരെന്നോ ഏതു വിഭാഗത്തിൽ പെട്ടവരെന്നോ, ഏതു സാമൂഹികപശ്ചാത്തലത്തിൽ നിന്നു വരുന്നവരെന്നോ ഉള്ള ഭേദം അനുഭവപ്പെടാത്ത വിധത്തിൽ പഠനാനുഭവങ്ങൾ ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ ആത്മാഭിമാനത്തെ പരമാവധി ഉയർത്താൻ കഴിയുംവിധം എല്ലാ വിഭാഗങ്ങൾക്കും പാഠ്യപദ്ധതിയിൽ സ്വത്വം സ്ഥാപിച്ചെടുക്കുന്നതിനുള്ള അവസരമുണ്ടാവണം.

വിവിധ വിഷയങ്ങൾക്കു വ്യത്യസ്ത പഠനരീതികളുണ്ട്. എങ്കിൽപ്പോലും, സാധ്യമായ അളവിൽ വിഷയങ്ങൾ തമ്മിലുള്ള പരസ്പരബന്ധം ഉറപ്പാക്കണം. അതോടൊപ്പം വൈവിധ്യമാർന്ന അനുഭവങ്ങൾ സാധ്യമാകത്തക്കവിധത്തിൽ പഠനസാമഗ്രികൾ വൈവിധ്യവത്ക്കരിക്കുക എന്നതും പ്രധാനമാണ്.

സാമൂഹികമായ ഇടപെടൽശേഷിയും ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കഴിവും ഏറെ ഉള്ളവരാണ് ഹയർ സെക്കൻഡറിയിലെത്തുന്ന കുട്ടികൾ. അതുകൊണ്ടുതന്നെ സ്വയം സൃഷ്ടിക്കുന്ന അറിവുകളെ സാമൂഹികജീവിതത്തിൽ പ്രയോഗിക്കാനുള്ള അവസരം പാഠ്യപദ്ധതിയുടെ ഭാഗമായിത്തന്നെ ലഭിക്കണം. കുട്ടികൾ സംഘടിതമായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ പഠനപ്രവർത്തനങ്ങളെന്ന നിലയിൽ വിലമതിക്കപ്പെടണം.

സാമൂഹികശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട അറിവുകളുടെ പ്രയോഗസാധ്യതകൾ നൽകുന്ന സന്ദർഭങ്ങൾ സ്കൂളിനകത്തുതന്നെ സൃഷ്ടിക്കാൻ കഴിയണം. ഉദാഹരണമായി, ചരിത്രപഠനത്തിന്റെ ഭാഗമായി വിദ്യാർഥികൾ മുൻകൈ എടുത്തു നിർമിക്കുന്ന ചരിത്രമ്യൂസിയം, സാമ്പത്തികശാസ്ത്രപഠനത്തിന്റെ ഭാഗമായി വിദ്യാർഥികൾ നേതൃത്വം നൽകുന്ന സഹകരണസ്ഥാപനം എന്നിങ്ങനെയുള്ള പ്രായോഗികപ്രവർത്തന സാധ്യതകൾ കണ്ടെത്തേണ്ടതുണ്ട്.

സാമൂഹികശാസ്ത്ര പഠനത്തിന്റെ പൊതുലക്ഷ്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് ഏതുതലത്തിലുള്ള പഠനാനുഭവങ്ങളും ആവിഷ്കരിക്കേണ്ടത്. എന്നാൽ വിവിധ വിഷയങ്ങളിൽ കുട്ടി ആർജിക്കുന്ന വിവരങ്ങൾക്കപ്പുറം അവർ ഉത്പാദിപ്പിക്കേണ്ട ജ്ഞാനം എന്താണ് എന്ന് കൃത്യമായി നിർവചിക്കുകയും അതിനനുസൃതമായി പാഠഭാഗങ്ങൾ ഒരുക്കുകയും വേണം. കേവല ജ്ഞാനത്തെ ജീവത്തായ സാമൂഹിക പ്രയോഗമാക്കി മാറ്റുന്നതിലാണ് വിവിധ തലങ്ങൾ തമ്മിലുള്ള വളർച്ച വ്യക്തമായി പ്രതിഫലിക്കേണ്ടത് എന്നു പ്രത്യേകം ഓർമിക്കേണ്ടതുണ്ട്.

## 5.4 ഗണിതം

സംഖ്യകളിലൂടെ ലോകത്തെ വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതാണ് ഗണിതത്തിന്റെ അടിസ്ഥാനസ്വഭാവം. പലപ്പോഴും വസ്തുതകളെ സംഖ്യകളുപയോഗിച്ച് വിവരിക്കുമ്പോഴാണ് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നത്. പ്രകൃതിപ്രതിഭാസങ്ങളിൽ അന്തർലീനമായിരിക്കുന്ന സംഖ്യാപരമായ ബന്ധങ്ങളെ ബീജഗണിത സമവാക്യങ്ങളിൽ അവതരിപ്പിക്കുമ്പോഴാണ് സൂക്ഷ്മമായ അറിവുകളും കൃത്യമായ പ്രവചനങ്ങളും സാധ്യമാകുന്നത്. ഇങ്ങനെ നോക്കുമ്പോൾ സംഖ്യാപ്രധാനമായ ഒരു ഭാഷയാണ് ഗണിതം എന്നു പറയാം. ഭാഷയ്ക്കു പ്രായോഗിക വ്യവഹാരങ്ങൾക്കപ്പുറം സർഗാത്മകമായ ഒരു ഭാഗം ഉള്ളതുപോലെ, ഗണിതത്തിനു പ്രായോഗികമായ കണക്കുകൂട്ടലുകളെ കവിഞ്ഞ് കേവലമായ യുക്തിയുടെ സ്വതന്ത്രസഞ്ചാരങ്ങളുമുണ്ട്.

### 5.4.1 എന്തുകൊണ്ട് ഗണിതം വിഷമമാകുന്നു?

ഗണിതപഠനം ലോകത്തെല്ലായിടത്തും കുട്ടികൾക്കു പ്രയാസമുള്ളതായി അനുഭവപ്പെടുന്നു. കാച്ചിക്കുറുക്കിയ ഭാഷയിലെഴുതിയ ഗണിതതത്ത്വങ്ങൾ വലിയൊരു വിഭാഗം ജനങ്ങളിൽ നിന്ന് അകന്നുനിൽക്കുന്നതിൽ അത്ഭുതമില്ല. ഈ തത്ത്വങ്ങൾ കേവലമായ സംഖ്യകളെക്കുറിച്ചും അമൂർത്തമായ രൂപങ്ങളെക്കുറിച്ചും ആണെന്നുള്ളത് ഈ അകലം കൂട്ടുന്നു. ഇത്തരം സൂക്ഷ്മതത്ത്വങ്ങളിലേക്കു നയിച്ച അന്വേഷണങ്ങളോ അവയ്ക്കു കാരണമായ ഭൗതികസാഹചര്യങ്ങളോ പലപ്പോഴും ചർച്ചചെയ്യപ്പെടുന്നുമില്ല.

ഗണിതക്രിയകൾ ചെയ്യാൻ ഉപയോഗിക്കുന്ന വ്യവസ്ഥാപിത രീതികൾ നൂറ്റാണ്ടുകൾ കൊണ്ട് തേച്ചുമിനുക്കി എടുത്തവയാണ്. ഇവയുടെ വ്യത്യസ്തമായ ആദിരൂപങ്ങൾ പരിചയപ്പെടാതെ, ആശയ രൂപീകരണത്തിനു മതിയായ അവസരം ലഭിക്കുന്നതിനു മുമ്പ് ഇന്നത്തെ രീതികൾ പഠിക്കാൻ (പഠിപ്പിക്കാനും) ശ്രമിക്കുന്നത്

*ഗണിതവും ശാസ്ത്രവും പണ്ടത്തേതിലും മുൻഗണനയോടുകൂടി പഠിപ്പിക്കാൻ വ്യവസ്ഥചെയ്യുമ്പോൾ പ്രയോഗവിജ്ഞാനത്തിൽ കൂടുതൽ ഊന്നുന്നതോടൊപ്പം തന്നെ നിഷ്കർഷിക്കേണ്ട മറ്റൊരു സംഗതിയുണ്ട്. 'മെത്തഡോളജി' എന്നു പറയുന്നതാണത്. ചിന്തിക്കുന്നത് എന്തിനെക്കുറിച്ചെങ്കിലുമാകട്ടേ, ആ ചിന്തനക്രിയയ്ക്കൊരടുക്കും ചിട്ടയും വരുത്തുക - അതാണ് 'മെത്തഡോളജി' കൊണ്ടുദ്ദേശിക്കുന്നത്. ഏതു വിഷയം പഠിപ്പിക്കുമ്പോഴും ചിന്തിക്കുന്നതിൽ ക്രമദീക്ഷയ്ക്കുള്ള താത്പര്യവും കഴിവും വികസിപ്പിക്കുന്നത് ഒരുന്നമായിരിക്കണമെന്നുണ്ട്. ഗണിതവും ശാസ്ത്രവുമാണ് ഈ ക്രമദീക്ഷാ പ്രവണതയെ വികസിപ്പിക്കാൻ കൂടുതലുപകരിക്കുന്ന വിഷയങ്ങൾ. നമ്മുടെ നാട്ടിൽ ഈ വിഷയങ്ങൾ പഠിപ്പിച്ചുപോരുന്നതു വിദ്യാർഥികളിൽ ഈ പ്രവണതയെ വർധിപ്പിക്കാൻ പറ്റുന്ന വിധത്തിലല്ല. പരീക്ഷയ്ക്കുത്തരമെഴുതാൻ പാകത്തിൽ ഓരോ പ്രശ്നത്തെയും മുൻനിർത്തി നോട്ടെഴുതിക്കൊടുത്ത് അതു പത്തുതവണ ഉരുവിട്ടുപസ്ഥിതമാക്കാൻ വിദ്യാർഥികളെ പ്രേരിപ്പിക്കലാണിവിടത്തെ പരിപാടി. വിദ്യാഭ്യാസം പരീക്ഷാമാത്രപര്യവസിതമാകുമ്പോൾ ഈ രീതി പ്രചാരപ്പെട്ടുപോകുന്നതിൽ അത്ഭുതമില്ല. പക്ഷേ, ഗണിതം, ശാസ്ത്രം തൊട്ടുള്ള വിഷയങ്ങൾക്കുവേണ്ടി ചെയ്യുന്ന അധ്വാനം മുക്കാലേ അരയ്ക്കാലും പാഴായിപ്പോകുകയാണ്. ഈ ദുരന്തം പരിഹരിക്കേണ്ട കാലം വൈകിപ്പോയി.*

**(പൊതുവിദ്യാഭ്യാസം എന്തിന്? എങ്ങനെ? - ജോസഫ് മുണ്ടശ്ശേരി)**

ഗണിതപഠനത്തെ ബാലികേറാമലയാക്കി മാറ്റുന്നു. ഗണിതക്രിയകളിൽ പ്രാവീണ്യം നേടാനായി നടത്തുന്ന അഭ്യാസങ്ങളുടെ ആവർത്തനം ഗണിതപഠനത്തെ വിരസമാക്കുന്നു.

വസ്തുതകളെ സംഖ്യകളിലൂടെ അവതരിപ്പിക്കുന്ന ഭാഷയാണ് ഗണിതം. ഇങ്ങനെ സംഖ്യകളാക്കാനുള്ള ആവശ്യം ചെറിയ കുട്ടികൾക്ക് അവരുടെ കൊച്ചുജീവിതത്തിൽ അത്രയൊന്നും ഇല്ല എന്നതാകാം ഗണിതം കുട്ടികളിൽ നിന്ന് അകന്നു നിൽക്കുന്നതിന്റെ മറ്റൊരു കാരണം. ഗണിതത്തിന്റെ ചിഹ്നങ്ങൾ പൊടുന്നനെ അവതരിപ്പിക്കുന്നതും ഗണിതക്രിയകൾക്കും അവയുടെ അംഗീകൃത ചിട്ടകൾക്കും നൽകുന്ന അമിത പ്രാധാന്യവും കുട്ടികളെ ഗണിതത്തിൽ നിന്ന് അകറ്റാൻ കാരണമാകുന്നു.

### 5.4.2 ഗണിതപഠനം എന്തിന്?

ഗണിതപഠനത്തിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽ, "ഗണിതം നിത്യജീവിതത്തിൽ ആവശ്യമുണ്ട്" എന്ന് ഒഴുക്കൻ മട്ടിൽ പറയുകയോ "ഗണിതപഠനത്തിലൂടെ യുക്തിചിന്ത വളരുന്നു" തുടങ്ങിയ ഉദാത്തമായ ആശയങ്ങൾ അവതരിപ്പിക്കുകയോ ആണ് പതിവ്. ഇക്കാര്യത്തിൽ കുറച്ചുകൂടി വ്യക്തത ആവശ്യമുണ്ട്.

നമ്മുടെ ഇന്നത്തെ സംവിധാനത്തിൽ ഒന്നാംക്ലാസ് മുതൽ പത്താം ക്ലാസ് വരെ എല്ലാ കുട്ടികളും നിർബന്ധമായും, 11, 12 എന്നീ ക്ലാസുകളിൽ ചിലർമാത്രം ഐച്ഛികമായും പഠിക്കുന്ന വിഷയമാണ് ഗണിതം. ഇപ്പോൾ പത്താം ക്ലാസുവരെയുള്ള ഗണിതത്തിന് പല തലങ്ങളുണ്ട്.

- നിത്യജീവിതത്തിൽ എല്ലാവർക്കും അവശ്യം വേണ്ടിവരുന്ന ഗണിതം. ഉദാ: സംഖ്യകളുടെ ക്രിയകൾ, അളവുകൾ, ശതമാനം മുതലായവ.
- വിവിധ വിഷയങ്ങളിൽ ഉപരിപഠനം നടത്താനും തുടർന്ന് വ്യത്യസ്ത മേഖലകളിൽ തൊഴിൽ ചെയ്യാനും ആവശ്യമായ ഗണിതം. ഉദാ: സ്ഥിതിവിവരക്കണക്കുകൾ, ബീജഗണിതം, ജ്യാമിതീയ നിർമിതികൾ, ത്രികോണമിതി തുടങ്ങിയവ.
- ഗണിതത്തിന്റെ തന്നെ സൂക്ഷ്മതലങ്ങളെ സ്പർശിക്കുന്ന ആശയങ്ങൾ. ഉദാ: ജ്യാമിതീയ തത്ത്വങ്ങളുടെ തെളിവുകൾ, അഭിന്നസംഖ്യകളുടെ സൃഷ്ടിയിൽ അന്തർലീനമായിരിക്കുന്ന അനന്തഭാവം എന്നിങ്ങനെയുള്ളവ.

ജയിക്കുക, അല്ലെങ്കിൽ തോൽക്കുക എന്നു കൃത്യമായി വേർതിരിച്ചിരിക്കുന്ന ഇന്നത്തെ മൂല്യനിർണയ വ്യവസ്ഥയിൽ മേൽപ്പറഞ്ഞ എല്ലാ തലങ്ങളിലും അറിവ് നേടാത്തവർ പത്താം ക്ലാസിൽത്തന്നെ പുറന്തള്ളപ്പെടുന്നു. ഭാഷകളിലോ സാമൂഹികശാസ്ത്രത്തിലോ സവിശേഷമായ കഴിവുകൾ ഉള്ള കുട്ടിക്ക് ത്രികോണമിതി അറിയാത്തതു കാരണം തുടർന്നു പഠിക്കാൻ കഴിയാതെ വരുന്നത് അത്ര ശരിയല്ല.

ഓരോ വിഷയവും പഠിക്കുന്നതിലൂടെ ഉണ്ടാവേണ്ട സവിശേഷമായ സ്വഭാവസംസ്കരണമുണ്ട്. ദേശീയപാഠ്യപദ്ധതി ചട്ടക്കൂടിന്റെ ഭാഗമായ ഗണിതത്തെക്കുറിച്ചുള്ള നിലപാടുരേഖയിൽ, ഗണിതപഠനത്തിന്റെ പ്രധാന ഉദ്ദേശ്യമായി പറഞ്ഞിരിക്കുന്ന ചിന്തയുടെ ഗണിതവൽക്കരണം (Mathematisation of thought process) ഈ സ്വഭാവസംസ്കരണത്തെ കുറിച്ചുള്ളതാണ്. തെളിമയുള്ള ചിന്ത, അടിസ്ഥാനപ്രമാണങ്ങളിൽ നിന്ന് യുക്തിപൂർവം നിഗമനങ്ങളിലെത്താനുള്ള കഴിവ്, അമൂർത്തമായ ആശയങ്ങൾ കൈകാര്യംചെയ്യാനുള്ള ശേഷി, പ്രശ്നങ്ങൾ ചിട്ടയായി വിശകലനം ചെയ്യാനും നിർധാരണം ചെയ്യാനുമുള്ള സന്നദ്ധത എന്നിവയാണ് ഈ സംസ്കരണത്തിന്റെ ഭാവങ്ങളായി എൻ.സി.ഇ.ആർ.ടി രേഖയിൽ സൂചിപ്പിച്ചിരിക്കുന്നത്. ഇവയെല്ലാം മറ്റു വിഷയങ്ങളുടെ പഠനത്തിലും ഏറിയും കുറഞ്ഞും ഉള്ളതിനാൽ ഇത്തരം സ്വഭാവങ്ങൾ

ഗണിതപഠനത്തിലൂടെ മാത്രമേ സാധിക്കൂ എന്നു പറഞ്ഞുകൂടാ. ഒരു പക്ഷേ, ഇവയെല്ലാം കൂടു തൽ പ്രകടമാകുന്നതു ഗണിതത്തിലായിരിക്കാം.

വസ്തുതകളെ സൂക്ഷ്മമായി മനസ്സിലാക്കാനും മനസ്സിലായ കാര്യങ്ങൾ വ്യക്തമായി ആവി ഷ്കരിക്കാനുമുള്ള കഴിവ് ഗണിതപഠനത്തിലൂടെ ഉണ്ടാകുമെന്നതു തീർച്ചയാണ്. മുമ്പ് സൂചി പ്പിച്ചതുപോലെ സംഖ്യകളിലൂടെ ലോകത്തെ മനസ്സിലാക്കുന്നതാണ് ഗണിതരീതി. വസ്തുത കളെ സംഖ്യകളായി അവതരിപ്പിക്കുമ്പോൾ ലഭിക്കുന്ന കൃത്യത തിരിച്ചറിയലാണ് അതിന്റെ ആദ്യഘട്ടം. ചലനാത്മകമായ വസ്തുക്കളെ ചരങ്ങൾകൊണ്ടും അത്തരം വസ്തുതകൾ തമ്മി ലുള്ള ബന്ധങ്ങളെ ബീജഗണിതവാക്യങ്ങൾകൊണ്ടും വിവരിക്കാൻ കഴിയുമ്പോൾ ഈ ഗണി തവത്ക്കരണം ഏതാണ്ടു പൂർണതയിലെത്തുന്നു. രൂപങ്ങളുടെ പഠനം എന്നു പൊതുവെ അറി യപ്പെടുന്ന ജ്യാമിതി പോലും ഇത്തരത്തിൽ സംഖ്യകളുമായും ബീജഗണിതവുമായും ബന്ധ പ്പെടുമ്പോഴാണ് കലനം (Calculus) മുതലായ ഗണിതശാഖകളായി വികസിക്കുന്നത്.

ഗണിതപഠനത്തിനു വരുത്തേണ്ട മാറ്റത്തെപ്പറ്റി ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (2005) മുന്നോട്ടു വയ്ക്കുന്ന ആശയം ഇവയാണ്:

- കുട്ടികൾക്കു ഗണിതത്തോടുള്ള ഭയം മാറി അവരത് ആസ്വദിക്കുന്ന അവസ്ഥ വരണം.
- കുട്ടികൾ ഗൗരവമുള്ള ഗണിതം പഠിക്കണം; ഗണിതമെന്നാൽ സൂത്രവാക്യങ്ങളും യാന്ത്രി കമായ നടപടിക്രമങ്ങളുമല്ല.
- കുട്ടികൾ ഗണിതത്തെ വർത്തമാനം പറയാനും ആശയവിനിമയം നടത്താനും ചർച്ചചെയ്യാ നും ഒന്നിച്ചു പണിയെടുക്കാനുമുള്ള ഒരു വിഷയമായി കാണുന്ന അവസ്ഥ വരണം.
- സാർഥകമായ പ്രശ്നങ്ങൾ ഉന്നയിക്കാനും നിർധാരണം ചെയ്യാനും ഗണിതം കുട്ടികളെ സഹായിക്കണം.
- ബന്ധങ്ങൾ മനസ്സിലാക്കാനും ഘടന ദർശിക്കാനും കാര്യങ്ങൾ യുക്ത്യധിഷ്ഠിതമായി ചിന്തിക്കാനും പ്രസ്താവനകളുടെ നേരും നുണയും വായിച്ചുറപ്പിക്കാനും കുട്ടികൾക്കു കഴിവുണ്ടാവണം.
- കുട്ടികൾ ഗണിതത്തിന്റെ അടിസ്ഥാനഘടന മനസ്സിലാക്കണം. അങ്കഗണിതം, ബീജഗണി തം, ജ്യാമിതി, ത്രികോണമിതി എന്നിങ്ങനെ സ്കൂൾ ഗണിതത്തിന്റെ അടിസ്ഥാനപരമായ ഉള്ളടക്കങ്ങളെല്ലാം അമൂർത്തവത്കരണം, ഘടനാവത്ക്കരണം, സാമാന്യവത്ക്കരണം എന്നിവയ്ക്കുള്ള രീതിശാസ്ത്രം പ്രദാനം ചെയ്യുന്നു.
- ക്ലാസ് മുറിയിലെ ഓരോ കുട്ടിക്കും ഗണിതം പഠിക്കാൻ തനിക്കു കഴിയുമെന്ന വിശ്വാസമു ണ്ടാക്കണം.

സ്കൂളിൽ എത്തുന്നതിനു മുമ്പു തന്നെ കുട്ടികളിൽ ചില ഗണിതാശയങ്ങൾ രൂപപ്പെട്ടിട്ടു ണ്ടാവും. ഇങ്ങനെയുള്ള ആശയങ്ങൾക്കു മേൽ പുതിയ ആശയങ്ങൾ തുടർച്ചയായി ഒന്നിനോടൊന്ന് ബന്ധപ്പെടുത്തിയാണ് ഗണിതാശയങ്ങൾ കുട്ടിയിൽ രൂപപ്പെടുന്നത്. ഇതിനു ധാരാളം മൂർത്തവസ്തുക്കളുടെ സഹായത്തോടെ കുട്ടിയിൽ അനുഭവവും ആവശ്യബോധവും വളർത്തണം. ഗ്രൂപ്പ്പ്രവർത്തനത്തിലൂടെ ഉരുത്തിരിഞ്ഞ ആശയത്തെ തനതായ ഭാഷയിൽ വിശ ദീകരിക്കാനും ചിത്രങ്ങളുടെ സഹായത്തോടെ ആശയരൂപീകരണം നടത്താനും കഴിയണം. ഇതിനു വേണ്ട അവസരങ്ങൾ ധാരാളം ലഭിച്ചശേഷം മാത്രമേ ഗണിതചിഹ്നങ്ങളും സമ്പ്രദായ ങ്ങളും സ്വീകരിച്ച് ആശയങ്ങളെ രേഖപ്പെടുത്തേണ്ടതുള്ളു. ഇങ്ങനെ സ്വായത്തമാക്കിയ ഗണിതചിഹ്നങ്ങളും സമ്പ്രദായങ്ങളും തുടർന്ന് മൂർത്തവസ്തുവിലൂടെയും ചിത്രങ്ങളിലൂടെയും

ഭാഷയിലൂടെയും വിശദീകരിക്കാനും കുട്ടിക്കു കഴിയണം. ഇത് അന്യത്ര കാണുന്ന രീതിയിൽ ചിത്രീകരിക്കാം.

മൂർത്തമായ അനുഭവങ്ങൾ (Experience) ↔ ഭാഷയിലൂടെയുള്ള വിശദീകരണം (Language)

↕ ↕

ഗണിതചിഹ്നങ്ങൾ ഉപയോഗപ്പെടുത്തൽ (Symbol) ↔ ചിത്രങ്ങളിലൂടെയുള്ള ആശയരൂപീകരണം (Pictures)

### 5.4.3 ആവശ്യബോധം

വിവിധ ആവശ്യങ്ങൾക്കു വേണ്ടിയാണ് വ്യത്യസ്ത ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തുന്നത്. എണ്ണുന്നതിനു വേണ്ടി എണ്ണൽ സംഖ്യകളും ഒന്നിൽ കുറവായ സംഖ്യകളുടെ ആവശ്യകത വന്നപ്പോൾ ഭിന്നസംഖ്യകളും എന്നിങ്ങനെ ഏതൊരു ആശയരൂപീകരണ സമയത്തും അതിന്റെ ആവശ്യകത സൃഷ്ടിക്കുന്നതിലൂടെ ആശയരൂപീകരണം അർഥവത്താക്കാം. ഇതിന് അനുയോജ്യമായ ചർച്ചകളും പ്രവർത്തനങ്ങളും തുടർപഠനത്തിനുള്ള പ്രേരണയും അന്വേഷിക്കുന്നതിനുള്ള താത്പര്യവും ഉണ്ടാക്കുകവഴി പ്രവർത്തനങ്ങളും പ്രശ്നങ്ങളും കുട്ടിയുടെ ജീവിതവുമായി ബന്ധപ്പെടുത്തുകയും വേണം.

### 5.4.4 തുറന്ന ചോദ്യങ്ങളും വ്യത്യസ്ത രീതിയിലുള്ള ചിന്തകളും (Open ended questions and Divergent thinking)

ഒന്നിലേറെ നിഗമനങ്ങൾക്കു സാധ്യതയുള്ള തുറന്ന ചോദ്യങ്ങളാവണം ക്ലാസിൽ അവതരിപ്പിക്കേണ്ടത്. ഇതിന് ഓരോ കുട്ടിയും തന്റേതായ രീതിയിൽ ഉത്തരം കണ്ടെത്തുകയും അതു ക്ലാസിൽ പൊതുവായി അവതരിപ്പിക്കുകയും ചർച്ചചെയ്യുകയും വേണം. ഇങ്ങനെ ഒരു ചോദ്യത്തിന് ഒരു ഉത്തരം, ഒരു വഴി എന്നതിൽ നിന്നു മാറി, വ്യത്യസ്ത ഉത്തരങ്ങളും വിവിധങ്ങളായ വഴികളും ഉണ്ടാകാമെന്ന് കുട്ടി തിരിച്ചറിയണം. ഓരോ ചോദ്യവും എങ്ങനെ തുറന്ന ചോദ്യമാക്കി വ്യത്യസ്ത രീതിയിലുള്ള ചിന്തയ്ക്കു വഴിമരുന്നിടാമെന്ന് അധ്യാപകൻ കണ്ടെത്തേണ്ടതുണ്ട്.

### 5.4.5 ഗണിതം ഒരു ഭാഷ

ഗണിതം ഒരു ഭാഷയാണ്. ലിപി, ലേഖനം, വായന, വ്യാകരണം തുടങ്ങിയ ഭാഷയുടെ വിവിധ ഘടകങ്ങളെ ഗണിതഭാഷയിലും കാണാം. ആശയവിനിമയം, തർജുമ, ആസ്വാദനം തുടങ്ങിയവയും ഇതിലൂടെ നിർവഹിക്കപ്പെടുന്നു. ഭാഷയിൽ വ്യവഹാരരൂപങ്ങളുള്ളതുപോലെ ഗണിതത്തിൽ ചിത്രങ്ങൾ, പട്ടികകൾ, ഗ്രാഫുകൾ തുടങ്ങിയ വ്യവഹാരരൂപങ്ങൾ ദർശിക്കാം. അതുകൊണ്ടുതന്നെ ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്നതിനും ആശയവിനിമയം ചെയ്യുന്നതിനും ഗണിതത്തിലെ ഇത്തരം വ്യവഹാരരൂപങ്ങൾ യഥേഷ്ടം കുട്ടിക്ക് ഉപയോഗപ്പെടുത്തേണ്ടതുണ്ട്. പുതിയ ബന്ധങ്ങൾ രൂപീകരിക്കാനും സ്വന്തം ചിന്തകൾ വ്യക്തമാക്കാനും ഗണിതഭാഷ പ്രയോഗിക്കാൻ പ്രാപ്തി നേടണം. ഇത് പ്രശ്നാപഗ്രഥനത്തിനു വളരെ സഹായിക്കുന്നു.

### 5.4.6 യുക്തിസമർഥനം

കാര്യകാരണ സഹിതം നിഗമനത്തിൽ എത്തിച്ചേരേണ്ട സന്ദർഭമാണ് ഗണിതപഠനത്തിൽ ഒരുക്കേണ്ടത്. നിർവചനമോ സൂത്രവാക്യങ്ങളോ കാണാതെ പഠിക്കുന്നതിൽ യുക്തിയില്ല. പൊതുതത്ത്വങ്ങളിൽ എത്തുന്നതിന് ഊഹം, അപഗ്രഥനം, സാമാന്യവത്ക്കരണം, നിഗമനം എന്നീ ഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്.

### 5.4.7 പ്രശ്നാപഗ്രഥനം

നിത്യജീവിതത്തിലെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും വിശകലനം ചെയ്തു തീരുമാനത്തിലെത്താനും ഗണിതപഠനം സഹായിക്കുമെന്നു നാം കണ്ടല്ലോ. ഈയൊരു ലക്ഷ്യം സാക്ഷാത്കരിക്കാൻ പ്രശ്നാപഗ്രഥനശേഷി ജീവിതനൈപുണിയായി വളരേണ്ടതുണ്ട്. ഇതു സാധ്യമാക്കാൻ ഗണിതക്രിയകൾ യാന്ത്രികമായി അഭ്യസിച്ചതുകൊണ്ട് കാര്യമില്ല, മറിച്ച്, പ്രശ്നാപഗ്രഥനത്തിനുള്ള ധാരാളം അവസരങ്ങൾ നൽകുകയാണ് വേണ്ടത്. ഇതിന് അമൂർത്തവത്കരണം, വലിയ പ്രശ്നങ്ങളെ കൊച്ചു കൊച്ചു പ്രശ്നമാക്കി മാറ്റൽ, ഊഹിക്കലും പരിശോധിക്കലും, കേസ്സ്റ്റഡി തുടങ്ങിയ ഉയർന്ന ചിന്താശേഷികൾ ആവശ്യപ്പെടുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്ത് ഉത്തരത്തിലെത്താനുള്ള സന്ദർഭം ഒരുക്കണം. കിട്ടിയിരിക്കുന്ന പ്രശ്നങ്ങളെ തന്റെ രീതിയിൽ വിപുലീകരിക്കുക, പ്രശ്നങ്ങൾ പുതുതായി രൂപീകരിക്കുക തുടങ്ങിയ രീതികൾ അവലംബിക്കുന്നതും പ്രശ്നാപഗ്രഥനശേഷി വളർത്താൻ ഉതകുന്നതാണ്.

**മതിച്ചുപറയലും ഊഹിക്കലും**

*കൃത്യതയാണ് ഗണിതത്തിന്റെ ഏറ്റവും വലിയ സവിശേഷത എന്നു പൊതുവെ പറയാറുണ്ട്. എന്നാൽ നിത്യജീവിതത്തിലെ ഏതൊരു പ്രശ്നനിർധാരണത്തിനും കൃത്യമായ ഒരുത്തരത്തെപ്പോലെ എന്നതിലുപരി ഏകദേശം എത്ര എന്ന് കണ്ടെത്തലിനും വളരെ പ്രസക്തിയുണ്ട്.*

*പാഠപുസ്തകത്തിനും യൂണിഫോമിനും കൂടി ആകെ എത്ര രൂപ വേണ്ടിവരും എന്നു കണക്കാക്കുന്ന ഒരു കുട്ടി, അല്ലെങ്കിൽ മകളുടെ വിവാഹത്തിനു വേണ്ടിവരുന്ന ചെലവ് കണക്കാക്കുന്ന ഒരു പിതാവ്, ഒരു വർഷത്തെ വിളവ് കണ്ടെത്തുന്ന കൃഷിക്കാരൻ എന്നിങ്ങനെ ജീവിതത്തിലെ വ്യത്യസ്ത തുറകളിലുള്ള വിവിധ ആളുകൾ ആശ്രയിക്കുന്നത് കൃത്യമായ ഉത്തരം എന്നതിലുപരി ഏകദേശം എത്ര എന്ന ബുദ്ധിപരമായ ഒരൂഹത്തെയാണ്. അതുകൊണ്ടുതന്നെ ഇത്തരത്തിൽ 'മതിച്ച് പറയാൻ' അല്ലെങ്കിൽ ബുദ്ധിപരമായി ഒരു ഊഹം നടത്താൻ കുട്ടിക്കു ധാരാളം അനുഭവം കരുതേണ്ടതുണ്ട്. 238 + 759 എന്നൊരു ക്രിയാഘട്ടത്തിലെത്തിച്ചേരുന്ന കുട്ടിക്ക് ഇതിന്റെ ഉത്തരം ആയിരത്തിൽക്കൂടുതലാണോ? ആയിരത്തിൽക്കുറവാണോ എന്ന് ഊഹിക്കാനുള്ള ഒരവസരം നൽകേണ്ടതാണ്. ഇത്തരത്തിലുള്ള ഊഹം പലപ്പോഴും കൃത്യമായ ശരിയുത്തരത്തിലേക്ക് എത്താൻ കുട്ടിക്കു സഹായകരമാവുകയും ചെയ്യും.*

## 5.5 തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

1986 ലെ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി വിപുലമായ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആസൂത്രണം ചെയ്തിരുന്നുവെങ്കിലും അവ ലക്ഷ്യം കണ്ടില്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഫലപ്രദമായി നടപ്പാക്കണമെങ്കിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും (കരിക്കുലം, പാഠപുസ്തകം, അധ്യാപകപരിശീലനം, മോണിറ്ററിങ്, മൂല്യനിർണയം....) മാറ്റം വരുത്തേണ്ടതുണ്ട്.

തൊഴിൽവിദ്യാഭ്യാസരംഗത്ത് ഇന്നു കേരളത്തിൽ മൂന്നു തരത്തിലുള്ള വിദ്യാലയങ്ങളാണുള്ളത്.

1 ടെക്നിക്കൽ ഹൈസ്കൂളുകൾ

2 IHRD യുടെ കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളും ഹയർ സെക്കൻഡറികളും

3 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ

ടെക്നിക്കൽ സ്കൂളിൽ പൊതുവിദ്യാഭ്യാസത്തിന്റെ കീഴിൽ 7-ാം ക്ലാസ് പഠനം പൂർത്തിയാക്കിയ വിദ്യാർഥികളാണ് പ്രവേശനം നേടുന്നത്. 8 മുതൽ 10 വരെ ക്ലാസുകളാണ് നിലവിലുള്ളത്. ഇവിടെനിന്ന് 10-ാം ക്ലാസ് പാസാകുന്ന കുട്ടിക്ക് IHRD യുടെ കീഴിലുള്ള ഹയർ

സെക്കൻഡറി സ്കൂളുകളിലേക്കും വൊക്കേഷണൽ ഹയർ സെക്കൻഡറിയിലേക്കും പോളിടെക്നിക്ക് കോളജുകളിലേക്കും പ്രവേശനം നേടാവുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് ആകെ 37 ടെക്നിക്കൽ സ്കൂളുകളാണ് നിലവിലുള്ളത്. പൊതുവിഷയങ്ങളായ മലയാളം, ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ഗണിതം, ഐ.ടി എന്നിവ ജനറൽ സ്കൂളിലേതിനു സമാനമായി ഇവിടത്തെ ഹൈസ്കൂൾ അധ്യാപകർ കൈകാര്യം ചെയ്യുന്നു. പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതിയാണ് ഇവിടെ നിലനിൽക്കുന്നത്. എന്നാൽ വൊക്കേഷണൽ വിഷയങ്ങൾക്കു പ്രത്യേക പുസ്തകങ്ങൾ നിലവിലില്ല. സിലബസിനനുസരിച്ചു തയാറാക്കിയ സോഴ്സ്ബുക്കുകൾ ഉപയോഗിച്ചാണ് പഠനപ്രവർത്തനങ്ങൾ നടത്തുന്നത്. ടെക്നിക്കൽ സ്കൂളുകൾ പൂർണമായും സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലാണ്.

### 5.5.1 IHRD യുടെ കീഴിലുള്ള സ്ഥാപനങ്ങൾ

IHRD യുടെ കീഴിൽ 25 സ്കൂളുകളാണ് കേരളത്തിലുള്ളത്. ഇതിൽ 9 സ്കൂളുകളിൽ സെക്കൻഡറി തലത്തിൽ പ്രവേശനത്തിനുള്ള അവസരമുണ്ട്. ഫിസിക്കൽ സയൻസ് ഗ്രൂപ്പ് വിഷയങ്ങൾ (ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ്, കെമിസ്ട്രി, ഗണിതം), ഇന്റഗ്രേറ്റഡ് സയൻസ് (ബയോളജി, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ്, കെമിസ്ട്രി, കണക്ക്) എന്നിവയാണ് പഠനവിഷയങ്ങൾ. പൊതുവിദ്യാഭ്യാസത്തിൽ 7-ാം തരം വരെ പഠിച്ച കുട്ടികൾക്കാണ് സെക്കൻഡറി സ്കൂളുകളിൽ പ്രവേശനം നൽകുന്നത്.

### 5.5.2 വൊക്കേഷണൽ ഹയർ സെക്കൻഡറി

സംസ്ഥാനത്ത് 375 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുണ്ട്. ഇവയിൽ ഭൂരിപക്ഷവും ഗ്രാമീണമേഖലയിലാണ് പ്രവർത്തിക്കുന്നത്. കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടുകൂടിയാണ് ഇവ പ്രവർത്തിക്കുന്നത്. ഭോപ്പാലിലെ പണ്ഡിറ്റ് സുന്ദർലാൽ ശർമ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൊക്കേഷണൽ എജ്യൂക്കേഷൻ തയാറാക്കിയ കരിക്കുലം കേരള സാഹചര്യങ്ങൾക്കനുസരിച്ചു മാറ്റം വരുത്തിയാണ് സംസ്ഥാനത്തു നടപ്പിലാക്കുന്നത്. 4 ഗ്രൂപ്പുകളിലായി വിവിധ മേഖലകളിൽ 42 കോഴ്സുകൾക്കായി 1000 ബാച്ചുകൾ നിലവിലുണ്ട്.

ഭൗതിക സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു. ലാബ്, ലൈബ്രറി, വർക്ക്ഷെഡ് ഇവ പര്യാപ്തമല്ല. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സുകൾ ഉള്ളിടത്ത് ഡയറിഫാം പോലുള്ള പരിശീലന കേന്ദ്രങ്ങൾ കുറവാണ്. LCD, ഇന്റർനെറ്റ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ലഭ്യമല്ല. പ്രാഥമിക സൗകര്യങ്ങൾ മിക്ക സ്കൂളുകളിലും അപര്യാപ്തമാണ്. കലാകായിക പഠനത്തിനുള്ള സാഹചര്യവും കുറവാണ്.

പാഠ്യപദ്ധതിയിൽ അശാസ്ത്രീയത നിലനിൽക്കുന്നു. കാലഹരണപ്പെട്ടതും അയവില്ലാത്തതുമായ പാഠ്യപദ്ധതി പ്രായോഗികമായ പഠനത്തിനു പ്രാധാന്യം നൽകുന്നില്ല. ഇംഗ്ലീഷ് പഠനം തൊഴിൽമേഖലയുമായി ബന്ധപ്പെട്ടു നടക്കാത്തതുകൊണ്ട് ആശയവിനിമയത്തിനു തടസ്സം നേരിടുന്നു. കുട്ടിയുടെ പ്രായത്തിനും പ്രകൃതത്തിനും അനുയോജ്യമല്ലാത്ത ഉള്ളടക്കമാണ് നിലനിൽക്കുന്നത്. ഉത്പാദനവിപണനരംഗത്തെ വെല്ലുവിളികൾ നേരിടാൻ പാഠ്യപദ്ധതി കുട്ടിയെ സഹായിക്കുന്നില്ല. തൊഴിൽ പഠനത്തിന് ലക്ഷ്യം വച്ച് തുടങ്ങിയ വൊക്കേഷണൽ ഹയർസെക്കൻഡറിയിൽ ക്രമേണ തൊഴിൽ ഇതര വിഷയങ്ങൾ പ്രാമുഖ്യം നേടുകയാണ് ചെയ്തത്. ഉന്നത വിദ്യാഭ്യാസത്തിനുള്ള ഒരു എളുപ്പവഴിയായി ഈ കോഴ്സ് മാറി. അതുകൊണ്ട് തന്നെ പഠിക്കുന്ന തൊഴിൽമേഖലയിൽ ആഴത്തിൽ അനുഭവങ്ങൾ നേടാൻ കുട്ടിക്ക് കഴിയാതെപോയി.

കുട്ടികൾക്കാവശ്യമായ പഠനസാമഗ്രികളുടെ (ലൈബ്രറി, ടെക്സ്റ്റ്, പ്രാക്ടിക്കൽ മാന്വൽ, റഫറൻസ് മെറ്റീരിയൽസ്) ലഭ്യതക്കുറവ് ഈ രംഗത്ത് നേരിടുന്ന പ്രധാനപ്രശ്നമാണ്.

അധ്യാപകർക്കു ലഭിക്കുന്ന പരിശീലനത്തിന്റെ കുറവ്, കാര്യക്ഷമമല്ലാത്ത ഓൺ ദി ജോബ് ട്രെയിനിങ്, നാമമാത്രമായ ഉത്പാദനത്തിനും പരിശീലനത്തിനുമുള്ള കേന്ദ്രങ്ങൾ, മാതൃഭാഷ യിലല്ലാതെയുള്ള പഠനം എന്നിവ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ കാര്യമായി ബാധിക്കു ന്നുണ്ട്.

വർധിച്ച ഉള്ളടക്കം, സ്ഥിരമായി അധ്യാപകരില്ലാത്ത അവസ്ഥ, ക്ലാസ്മുറികളിൽ ഒതുങ്ങി നിൽക്കുന്ന പഠനം എന്നിവ പ്രതികൂലമായ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നു. നിരന്തരമൂല്യ നിർണയം ഫലപ്രദമായി നടക്കുന്നില്ല.

അതതു വിഷയങ്ങളിൽ ഉപരിപഠനത്തിന് അവസരം ലഭിക്കാത്തതും മിക്ക കോഴ്സുകൾക്കും പബ്ലിക് സർവീസ് കമ്മീഷന്റെയും മറ്റു യൂണിവേഴ്സിറ്റികളുടെയും അംഗീകാരമില്ലാത്തതും കോഴ്സുകളെ അനാകർഷകമാക്കുന്നു. ഒരു തൊഴിലധിഷ്ഠിത കോഴ്സ് എന്നതിനുപകരം ഉപ രിപഠനത്തിനുള്ള അവസരമായി ഇതിനെ പലരും കാണുന്നതും ഇതിന്റെ പരിമിതിയാണ്.

അധ്യാപകപരിശീലനത്തിന്റെ കുറവ്, പ്ലാനിങ്ങിലുള്ള പരിമിതി, പ്രായോഗിക പ്രവർത്തന ങ്ങൾ നടപ്പാക്കുന്നതിൽ അധ്യാപകർക്കുള്ള ധാരണയില്ലായ്മ തുടങ്ങിയവ നിലവാരത്തെ ഗണ്യ മായി ബാധിക്കുന്നുണ്ട്.

പ്രൊഡക്ഷൻ കം ട്രെയ്നിങ് സെന്ററുകൾക്ക് ഉത്പന്നങ്ങൾ ഉണ്ടാക്കി വിപണനം നട ത്തുന്നതിനു സാമ്പത്തികസഹായങ്ങൾ ലഭിക്കുന്നില്ല. തൊഴിൽപരിശീലനത്തിനു 10 ദിവസം മാത്രമാണ് ലഭിക്കുന്നത്. ഇതു പര്യാപ്തമല്ല. കരിയർ ഗൈഡൻസ്, പ്ലെയ്സ്മെന്റ് എന്നിവ നാമമാത്രമാണ്.

### 5.5.3 തൊഴിൽവിദ്യാഭ്യാസം – സമീപനം

- പഠിതാവിന് ആത്മവിശ്വാസവും പ്രവൃത്തിപരിചയവും സ്വയംപര്യാപ്തതയും നേടിയെടു ക്കാൻ സഹായകമായ വിധത്തിൽ പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതിയാണ് നടപ്പാക്കേ ണ്ടത്. പഠിതാവ് സ്കൂളിനുള്ളിലും പുറത്തും സജീവമായി ഇടപെടുകയും സ്വന്തം ചിന്താ ശേഷി പ്രയോജനപ്പെടുത്തി അന്വേഷിക്കുകയും അപഗ്രഥിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകണം. സമൂഹത്തിലെ അറിവിന്റെ പ്രയോഗമേഖലയിൽ ഇട പെട്ടു പ്രവർത്തിക്കാനുള്ള അനുഭവം നേടലാകണം വിദ്യാഭ്യാസം.

  തൊഴിൽസാഹചര്യങ്ങൾ പഠിതാവിനു നേരിട്ടു മനസ്സിലാക്കാനും ആ മേഖലയിലെ വിദഗ്ധ രുടെ നേതൃത്വത്തിൽ തൊഴിൽപരിശീലനം നേടാനും ഉതകുന്ന ഓൺ ദി ജോബ് ട്രെയ്നിങ് സംവിധാനം നടപ്പിൽ വരുത്തണം. പ്രാദേശിക സാധ്യതകൾ പരിഗണിച്ചും തൊഴിലിട ങ്ങളുമായി ബന്ധിപ്പിച്ചും നിരീക്ഷണപരീക്ഷണങ്ങളിൽ ഏർപ്പെട്ടുകൊണ്ടുമാണ് ഇതു പുരോ ഗമിക്കേണ്ടത്. പ്രായോഗിക പരിശീലനങ്ങളിലൂടെ ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേരാൻ സേവനദാതാക്കളും കൈത്തൊഴിൽവിദഗ്ധരും മറ്റും റിസോഴ്സ് പേഴ്സണായി വരാനുള്ള സാഹചര്യം സ്കൂളിൽ ഒരുക്കണം.

  പ്രൈമറിതലം മുതൽ തൊഴിൽസംസ്കാരം വളർത്താൻ ഉതകുന്നതും ഹൈസ്കൂൾ തലം മുതൽ അഭിരുചിക്കനുസരിച്ച് തൊഴിൽ വിദ്യാഭ്യാസം നേടാൻ ഉതകുന്നതുമായ തരത്തി ലാണ് ഇവ സജ്ജീകരിക്കേണ്ടത്. 11,12 ക്ലാസുകളിൽ തൊഴിൽപഠനം കൂടുതൽ പ്രാധാന്യ ത്തോടെ തുടരണം. അതോടൊപ്പം അക്കാദമിക വിഷയങ്ങളും നൽകാം.

കോഴ്സുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളിൽ പോയി പഠനം നടത്തുന്ന തത്സമയപരിശീലനം നടപ്പാക്കണം. സമീപത്തുള്ള ആശുപത്രികൾ, വ്യവസായശാലകൾ മുതലായവ ഇതിനായി പ്രയോജനപ്പെടുത്തണം.

- തൊഴിൽശാലകളുടെയും വിദഗ്ധരുടെയും സഹായത്തോടെ സമൂഹവുമായി സഹകരിച്ച് പ്രാദേശിക തൊഴിൽശാലകളിൽ വർക്ക്ഷോപ്പ് ട്രെയ്നിങ് നടത്തണം.
- കൃഷി, കന്നുകാലിവളർത്തൽ തുടങ്ങിയ പരിശീലനവുമായി ബന്ധപ്പെട്ട ഫാം കേന്ദ്രമാക്കി ഫാം ട്രെയ്നിങ് സംഘടിപ്പിക്കണം.
- തൊഴിൽമേഖലയിലെ പ്രശ്നങ്ങൾ പഠിച്ചു പരിഹരിക്കുന്നതിനു കെയ്സ് സ്റ്റഡികൾ നടത്തണം.
- തൊഴിൽ വിദഗ്ധരുമായി അഭിമുഖം, ഹ്രസ്വകാല പ്രോജക്ടുകൾ എന്നിവ നടത്തുന്നതിനുള്ള അവസരമുണ്ടാകണം.
- പ്രാക്ടിക്കലുകൾക്കു പ്രാധാന്യം നൽകണം.

## 5.6 കലാപഠനവും ആരോഗ്യ–കായികപഠനവും

വർഷങ്ങൾക്കുമുമ്പു തന്നെ കലാപഠനത്തിനു പഠനപ്രക്രിയയിലുള്ള പങ്ക് തിരിച്ചറിഞ്ഞിട്ടുണ്ട്. ഒരു പ്രദേശത്തിന്റെ സംസ്കാരവും പാരമ്പര്യവും കലകളുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഓരോ വ്യക്തിക്കും തന്റെ സാംസ്കാരിക സ്വത്വം തിരിച്ചറിയുന്നതിൽ കലകൾക്കു പ്രഥമസ്ഥാനമാണുള്ളത്. ചുറ്റുപാടുകളെ അടുത്തറിയുന്നതിനു കലാപഠനം ചാലകശക്തിയായി വർത്തിക്കുന്നു. ആധുനിക വിദ്യാഭ്യാസസിദ്ധാന്തങ്ങളും കാഴ്ചപ്പാടുകളും കലാപഠനത്തിന്റെ ആവശ്യകത ഉറപ്പിക്കുന്നുണ്ട്. ബഹുമുഖബുദ്ധിശക്തിയുടെ (MI) പ്രയോഗം ആശയരൂപീകരണത്തിലും പ്രകടനത്തിലും ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കലാപഠനത്തിലൂടെ കുട്ടിയുടെ സൃഷ്ടിപരവും സർഗാത്മകവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനു കഴിയുന്നു.

കായികക്ഷമതയും ആരോഗ്യപൂർണമായ മനസ്സും ശരീരവും പഠനത്തിന് അനുപേക്ഷണീയമാണ്. കുട്ടിയുടെ ജന്മസിദ്ധമായ വാസനയാണ് ചലനാത്മകത. വ്യക്തിയുടെ സമഗ്രവികാസത്തിന്റെ സുപ്രധാനഘടകമാണ് ആരോഗ്യം. ജൈവികവും സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ പല ഘടകങ്ങളാൽ സ്വാധീനിക്കപ്പെടുന്ന ഒരു സങ്കല്പമാണ് ആരോഗ്യം. കലാപഠനമെന്നപോലെ കായികവിനോദങ്ങളും ആരോഗ്യസംരക്ഷണ ബോധവും കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ സമഗ്രവികാസത്തിന് അത്യന്താപേക്ഷിതമാണ്.

### 5.6.1 ഇന്നത്തെ അവസ്ഥ

കലാ-കായിക പഠനങ്ങൾക്കും ആരോഗ്യവിദ്യാഭ്യാസത്തിനും സാധ്യതകളേറെയുണ്ടെങ്കിലും കുട്ടിയുടെ സമഗ്രവികാസത്തിന് ഉതകുന്ന തരത്തിൽ പഠനപ്രക്രിയയുടെ ഭാഗമായി പ്രയോജനപ്പെടുത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ബോധപൂർവമായ ശ്രമങ്ങളൊന്നും തന്നെ നടക്കുന്നില്ല.

മേളകൾക്കുവേണ്ടി, തിരഞ്ഞെടുത്ത ഏതാനും കുട്ടികൾക്കു തീവ്രപരിശീലനം നൽകി (പഠനത്തിനുള്ള സമയം പോലും അപഹരിച്ചുകൊണ്ട്) അതിന്റെ അവതരണത്തോടെ അവസാനിപ്പിക്കുന്ന ഒന്നായി സ്കൂളുകളിലെ കലാപഠനം മാറിയിട്ടുണ്ട്. കലാമേളകളാണെങ്കിൽ സമ്പന്നർക്കു മാത്രം പ്രാപ്യമായ അവസ്ഥയിലാണുതാനും. കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാ

ഹിപ്പിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ലെന്നു മാത്രമല്ല, പഠന-ബോധന പ്രക്രിയയിൽ ഇതിന്റെ യാതൊരു സാധ്യതയും പരിഗണിക്കുന്നുമില്ല.

കായികപഠനം എന്നതു മികവുള്ളവരെ കണ്ടെത്തി അവസരങ്ങൾ ഒരുക്കുന്നതിനു പകരം സ്പോർട്സ് മീറ്റ് നടക്കുന്നതു വരെയുള്ള ഒരു ഹ്രസ്വകാലപരിപാടിയാണിന്ന്. ഉന്നതനേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന കുട്ടികൾക്കു പോലും വേണ്ടത്ര പരിഗണനയോ അവസരങ്ങളോ നൽകാത്ത ഖേദകരമായ അവസ്ഥയാണുള്ളത്. ശരിയായ ആഹാരരീതികളും ആരോഗ്യശീലങ്ങളും അനുവർത്തിക്കാനുള്ള അവബോധം ഉണ്ടാക്കുന്ന പ്രവർത്തനങ്ങളൊന്നും തന്നെ നടക്കുന്നില്ല. ഫിറ്റ്നസ് ക്ലബ്ബുകളിൽ പോയി മസിലുകളുടെ വണ്ണം വർധിപ്പിച്ച് പ്രദർശിപ്പിക്കുന്നതു പുത്തൻ തലമുറയുടെ ആരോഗ്യസങ്കല്പമായി മാറിയിട്ടുണ്ട്.

### 5.6.2 കലാപഠനം

അറിവിന്റെ നിർമാണപ്രക്രിയയിൽ കുട്ടിയുടെ സ്വാഭാവികവും സ്വതസ്സിദ്ധവുമായ കഴിവുകളും അഭിരുചികളും പരമാവധി പ്രയോജനപ്പെടുത്തണം. ഇതു ചുറ്റുപാടുകളെ ആഴത്തിൽ മനസ്സിലാക്കുന്നതിനും സാംസ്കാരികമായ സ്വത്വം തിരിച്ചറിയുന്നതിലൂടെ തന്റെ സ്ഥാനം തിരിച്ചറിയുന്നതിനും സഹായിക്കുന്നു. വിപുലവും വൈവിധ്യമാർന്നതുമായ സാംസ്കാരിക പശ്ചാത്തലമുള്ള കുട്ടികളിൽ സാംസ്കാരികാവബോധം സൃഷ്ടിക്കുന്നതിനു കലാപഠനം വഴിയൊരുക്കുന്നു. കുട്ടിയുടെ സൃഷ്ടിപരവും സർഗാത്മകവുമായ കഴിവുകളെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഉൾച്ചേരുന്നതിനാൽ കലാപഠനത്തിന്റെ വിവിധ സങ്കേതങ്ങൾ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്.

തന്റെ ചുറ്റുപാടുമായി ക്രിയാത്മകമായി സംവദിക്കുന്നതിന് അവസരമൊരുക്കുന്ന ദൃശ്യപരവും പ്രകടനാത്മകവുമായ കലകൾക്കു പ്രാമുഖ്യം നൽകണം. അഭിനയം, നൃത്തം, സംഗീതം, ദൃശ്യകല തുടങ്ങിയവ നിർബന്ധമായും ഉൾപ്പെടുത്തണം. വിവിധ വൈജ്ഞാനിക മേഖലകളുമായി പൂർണമായ ഉദ്ഗ്രഥനത്തോടു കൂടിയാണ് ഇതു സാധ്യമാക്കേണ്ടത്. ഭാഷ-പരിസ്ഥിതി പഠനങ്ങളിൽ ഇതിന്റെ പരമാവധി സാധ്യതകൾ എല്ലാ ഘട്ടങ്ങളിലും പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

മൂല്യബോധം, സാമൂഹികവീക്ഷണം എന്നിവ സൃഷ്ടിക്കാനും ജീവിതത്തിന് ഉപയുക്തമാക്കാനും കഴിയാവുന്ന രീതിയിലാണ് പഠനാനുഭവങ്ങൾ നല്കേണ്ടത്. ഉപഭോഗസംസ്കാരം, നഗരസംസ്കാരം എന്നിവയ്ക്ക് കീഴ്പ്പെടാതിരിക്കണം.

ചിത്രം, ശില്പം, സംഗീതം, ദൃശ്യകലകൾ, രംഗകലകൾ, അനുഷ്ഠാനകലകൾ എന്നീ മേഖലകളിലെ തുടർപഠനത്തിനു തയാറാക്കാൻ പ്രേരിപ്പിക്കുന്ന പഠനാനുഭവങ്ങളാണ് നൽകേണ്ടത്. പ്രാദേശികമായ വഴക്കങ്ങൾക്കു സാധ്യത നൽകുന്ന തരത്തിൽ പാഠ്യപദ്ധതി രൂപപ്പെടുത്തണം. അനുകരിക്കാനും ഭാവം പ്രകടിപ്പിക്കാനുമുള്ള കഴിവ് വളർത്തുന്നതിനുതകുന്ന നാടകപഠനവും മൗലികമായ സാംസ്കാരികസ്വത്വം തിരിച്ചറിയാൻ പര്യാപ്തമാക്കുന്ന നാടൻ കലകൾ, പാട്ടുകൾ എന്നിവയുടെ പരിചയപ്പെടുത്തലും വേണം. വൈവിധ്യമാർന്ന സംഗീതോപകരണങ്ങൾ പരിചയപ്പെടുകയും സംഗീതധാരകൾ അനുഭവിക്കാനുള്ള അവസരം ലഭ്യമാക്കുകയും വേണം. പ്രകൃതിജന്യ ചായങ്ങളുപയോഗിച്ചുള്ള ചിത്രകലയും വർണങ്ങളുടെ പ്രയോഗവും പരിചയപ്പെടുത്തണം. മൾട്ടിമീഡിയ ഉപയോഗപ്പെടുത്തി കമ്പ്യൂട്ടർ ആനിമേഷൻ പഠിക്കാനുള്ള അവസരവും ഒരുക്കാം. ആധുനിക ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, നാടോടി നൃത്തങ്ങൾ, പാരമ്പര്യനൃത്തങ്ങൾ, സിനിമ, ക്ളാസിക്കൽ നൃത്തങ്ങൾ എന്നിവ പരിചയപ്പെടുന്നതിനും അവസരമുണ്ടാവണം. പ്രാദേശികപ്രശ്നങ്ങൾ ദൃശ്യവൽക്കരിക്കാനുള്ള അനുഭവങ്ങ

ളാണ് കുട്ടികൾക്കു ലഭിക്കേണ്ടത്. അതിനായി മികച്ച സിനിമകൾ കാണാനുള്ള അവസരവും ഒരുക്കണം.

പ്രീ-സ്കൂളിലും പ്രൈമറിയിലും ഉദ്ഗ്രഥിത സമീപനവും സെക്കൻഡറിയിലും ഹയർ സെക്കൻഡറിതലത്തിലും ഉദ്ഗ്രഥിത സമീപനത്തോടൊപ്പം പ്രത്യേക വിഷയമായി പഠിക്കാനുള്ള സാധ്യതകളും ഉണ്ടാവണം. ഹയർ സെക്കൻഡറി മേഖലയിൽ ചിത്രകല, നാടകം, സംഗീതം, നൃത്തം എന്നിവയുടെ പൊതുപഠനത്തോടൊപ്പം ഉപരിപഠനത്തിനു സഹായിക്കാവുന്ന രീതിയിൽ ഐച്ഛികവിഷയമായി പഠിക്കാനുള്ള അവസരം കൂടി ഒരുക്കണം.

### 5.6.3 ആരോഗ്യവും കായികവിദ്യാഭ്യാസവും

കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വികാസത്തിന് ഉതകുന്ന വിധമാവണം ആരോഗ്യ-കായികവിദ്യാഭ്യാസം. കുട്ടിയുടെ സമഗ്രവികാസത്തിന്റെ പ്രധാനഘടകങ്ങളിലൊന്നാണ് ആരോഗ്യം. ശരിയായ ആരോഗ്യശീലങ്ങൾ, പോഷകാഹാരം, ആരോഗ്യപ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം കുട്ടിക്കുണ്ടാവണം. വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ പാലിക്കേണ്ടതിന്റെ പ്രാധാന്യം, ആഹാരശീലങ്ങൾ, ശാരീരികക്ഷമത നിലനിർത്തുന്നതിനാവശ്യമായ വ്യായാമ മുറകൾ എന്നിവ പാഠ്യപദ്ധതിയുടെ ഭാഗമാവണം. വളർച്ചയുടെ ഓരോ ഘട്ടത്തിലും കുട്ടി നേരിടുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും മാനസികസംഘർഷങ്ങളും തിരിച്ചറിയുന്നതിനും അവയെ സമചിത്തതയോടെ നേരിടുന്നതിനും പ്രാപ്തമാകുന്ന അവസരങ്ങൾ പാഠ്യപദ്ധതിയിൽ ഉണ്ടാവണം.

ഏറെ പ്രയാസമേറിയതെങ്കിലും കുട്ടിയുടെ മാനസികാവസ്ഥയെയും പ്രകൃതത്തെയും പ്രതികൂലമായി ബാധിക്കാത്തവിധം നേരായ ദിശയിൽ നയിക്കപ്പെടുന്ന സ്ത്രീ-പുരുഷാവബോധം സൃഷ്ടിക്കുന്നതിനും അവസരങ്ങളുണ്ടാവണം.

ഉയർന്ന കായികക്ഷമതയുള്ള കുട്ടികളെ പാഠ്യപദ്ധതിയുടെ ഭാഗമായിത്തന്നെ പരിഗണിക്കുകയും വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ട സാഹചര്യങ്ങൾ ഒരുക്കുകയും വേണം.

ആരോഗ്യ -കായിക വിദ്യാഭ്യാസത്തിന്റെ പഠനാനുഭവങ്ങൾ വിവിധ മേഖലകളിലായി നല്കുകയും പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി തലം വരെ ക്രമാനുഗതമായ വളർച്ചയും വികാസവും ഉണ്ടാക്കുകയും വേണം.

ആഹാരശീലങ്ങൾ, പ്രഥമശുശ്രൂഷ, സുരക്ഷാവിദ്യാഭ്യാസം, കൗമാരവിദ്യാഭ്യാസം, രോഗങ്ങളും പ്രതിരോധമാർഗങ്ങളും, കായികവിദ്യാഭ്യാസത്തിൽ കൈനസ്തറ്റിക്, താളാത്മക പ്രവർത്തനങ്ങൾ, ജിംനാസ്റ്റിക്സ്, അത്‌ലറ്റിക്സ്, മൈനർഗെയിംസ്, നാടൻകളികൾ, മേജർ ഗെയിംസ്, യോഗ തുടങ്ങിയവയ്ക്കു പുറമേ പ്രാദേശിക സാധ്യതയ്ക്കനുസരിച്ച് നീന്തൽ, സൈക്കിളിങ്, വിവിധ ആയോധനമുറകൾ എന്നിവയിൽ ധാരണ നേടിയിരിക്കണം.

കുട്ടികളുടെ പ്രകൃതത്തിനനുസൃതമായി ക്രമാനുഗതമായി പ്രീ-സ്കൂൾ മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള കുട്ടികൾ ഈ ശേഷികൾ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ലോവർ പ്രൈമറിതലം വരെ ഉദ്ഗ്രഥിതരീതിയിലും സെക്കൻഡറി തലം വരെ ഉദ്ഗ്രഥിത സമീപനത്തോടൊപ്പം പ്രത്യേക വിഷയമായും പഠിക്കുന്നതിനുള്ള അവസരവും ഉണ്ടാവണം.

കൂടുതൽ മികവ് തെളിയിക്കുന്ന കുട്ടികൾക്കു സഹായകരമാവുന്ന വിധം ഹയർ സെക്കൻഡറിയിൽ ആരോഗ്യ-കായികവിദ്യാഭ്യാസം ഐച്ഛികവിഷയമായി പഠിക്കാനുള്ള അവസരവും ഉണ്ടാവണം.

അധ്യാപകരിലും കുട്ടികളിലും ജനസംഖ്യയെയും വികസനത്തെയും സംബന്ധിച്ച് ധാരണയുണ്ടാകുന്നതിനും അനുഗുണമായ മനോഭാവം വളർത്തിയെടുക്കുന്നതിനും ഉത്തരവാദിത്ത്വബോധമുള്ള പെരുമാറ്റം സ്വരൂപിക്കുന്നതിനും പാഠ്യപദ്ധതി വഴിയൊരുക്കേണ്ടതുണ്ട്. കൗമാരപ്രശ്നങ്ങളെ കുറിച്ചുള്ള ധാരണയും ആരോഗ്യകരമായ സ്ത്രീ-പുരുഷാവബോധവും വിദ്യാർഥികളിൽ സൃഷ്ടിക്കുന്നതിനും അതുവഴി ആരോഗ്യകരമായ മനോഭാവം വളർത്തിയെടുക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. ഒരു പ്രത്യേക വിഷയം എന്ന നിലയിലല്ല, മറിച്ച്, ഇതര വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചാണ് ജനസംഖ്യാ വിദ്യാഭ്യാസം അവതരിപ്പിക്കേണ്ടത്. ഓരോ വിഷയത്തിലും ഇവയ്ക്കുള്ള സ്ഥാനം തിരിച്ചറിഞ്ഞ് ഉൾപ്പെടുത്തുകയും അവയുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ കഴിയും വിധമുള്ള പഠനപ്രവർത്തനങ്ങൾ നൽകുകയും വേണം. അധ്യാപകപരിശീലനത്തിന്റെ ഭാഗമായി ഓരോ വിഷയത്തിലും ഉൾപ്പെടുത്തി ജനസംഖ്യാ വിദ്യാഭ്യാസത്തിന്റെ സന്ദേശം അവതരിപ്പിക്കണം.

### 5.6.4 ലോക്കൽ റിസോഴ്സസ്

കലാപഠനം, ആരോഗ്യ-കായികപഠനങ്ങൾ, പ്രവൃത്തിപരിചയം എന്നിവയുടെ വിനിമയത്തിനും വ്യാപനത്തിനും ലോക്കൽ റിസോഴ്സിൻെറ ഉപയോഗം ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. ഓരോ സ്കൂളിന്റെയും പ്രാദേശിക സാഹചര്യങ്ങളും സാധ്യതകളും കണ്ടെത്തി റിസോഴ്സ് മാപ്പിങ് നടത്തേണ്ടതാണ്. ഓരോ റിസോഴ്സും ഓരോ പഠനകേന്ദ്രങ്ങളായി മാറുന്ന രീതിയും പരിഗണിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ഇവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. ഓരോ സ്കൂൾ സാഹചര്യത്തിലും പി.ടി.എയുടെ നേതൃത്വത്തിൽ ഉണ്ടാക്കുന്ന രക്ഷിതാക്കളുടെ കൂട്ടായ്മയും ഇതിനുവേണ്ടി ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

## 5.7 ഐ.ടി. സഹായക വിദ്യാഭ്യാസം

കേരളത്തിലെ ഹൈസ്കൂളുകളിൽ നിലവിലുള്ള ഐ.ടി പഠനം ചില പ്രാഥമിക കമ്പ്യൂട്ടർ നൈപുണികൾക്കും ക്ലറിക്കൽ ജോലിചെയ്യുന്നതിനുള്ള നൈപുണികൾക്കുമപ്പുറത്തേക്ക് കാര്യമായ ഒന്നും നൽകുന്നില്ല. വിവിധ വിഷയങ്ങളുടെ പാഠ്യപദ്ധതി വിനിമയത്തിൽ വിവരവിനിമയ സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയണം. ഇത് ഓരോ കുട്ടിക്കും ലഭിക്കുന്ന അറിവിന്റെയും കഴിവിന്റെയും ഗുണം വർധിപ്പിക്കുന്നു. ഒപ്പം പഠനാവശ്യങ്ങൾക്കായി ഐ.ടി പ്രയോജനപ്പെടുത്തുന്നതിനും അതുവഴി കമ്പ്യൂട്ടർ നൈപുണികൾ ഉറപ്പാക്കുന്നതിനും ഉപകരിക്കും. അധ്യാപക ശാക്തീകരണത്തിനുള്ള മെച്ചപ്പെട്ട ഒരു ഉപാധികൂടിയായും ഈ സാങ്കേതികവിദ്യ മാറും.

### 5.7.1 വിവരവിനിമയ സാങ്കേതികവിദ്യയുടെ കരിക്കുലംസാധ്യതകൾ

സ്കൂളുകളിൽ കമ്പ്യൂട്ടർ എന്തിന് എന്ന ചോദ്യത്തിന് ആദ്യം ഉത്തരം കണ്ടെത്തണം. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് കുട്ടികളിലെത്തിക്കേണ്ട ആശയങ്ങളും നൈപുണികളും മനോഭാവങ്ങളും അഭിരുചികളും മറ്റും ഫലപ്രദമായി വിനിമയം ചെയ്യാൻ പരിമിതികളുണ്ട്. ഈ പരിമിതികൾ കുറേയൊക്കെ മുറിച്ചുകടക്കത്തക്ക വിധമാണ് പുതിയ പാഠ്യപദ്ധതി തയാറാക്കിയത്. എങ്കിൽ പോലും വിനിമയംചെയ്യേണ്ട വിഷയങ്ങളുടെ വൈവിധ്യവും സങ്കീർണതകളും ഉയർന്ന ക്ലാസുകളിൽ പ്രശ്നം തന്നെ. ഇത്തരം സാഹചര്യങ്ങളിൽ അധ്യാപകർക്കും കുട്ടികൾക്കും ഒരു സഹായി എന്ന നിലയിൽ കമ്പ്യൂട്ടറിന് പലതും ചെയ്യാൻ സാധിക്കും. മറ്റ് ദൃശ്യ-ശ്രവ്യ ഉപാധികൾക്കില്ലാത്ത ഇന്ററാക്റ്റിവിറ്റി എന്ന സവിശേഷത

കമ്പ്യൂട്ടറിനുണ്ട്. അതിനാൽ കമ്പ്യൂട്ടറിനെ ഒരു പഠനസഹായിയായി ഉപയോഗപ്പെടുത്താനാണ് ആദ്യം നാം ശ്രമിക്കേണ്ടത്.

ഇതു നമ്മുടെ ലക്ഷ്യമാണെങ്കിൽ നാം ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്? വിവിധ വിഷയങ്ങളിൽ കമ്പ്യൂട്ടർ ഉപയോഗിച്ചു പഠനം നടത്താവുന്ന മേഖലകൾ കണ്ടെത്തുകയും ആവശ്യമായ പഠനസാമഗ്രികൾ വികസിപ്പിക്കുകയും ചെയ്യണം. അങ്ങനെ വികസിപ്പിച്ച പഠന സാമഗ്രികൾ പ്രയോഗിക്കുന്നതിന് അധ്യാപകർക്കു പരിശീലനം നൽകണം. പരിശീലനം ലഭിച്ച അധ്യാപകർക്കു പിന്തുണാസംവിധാനം ഒരുക്കണം.

ദേശീയ പാഠ്യപദ്ധതി വിഭാവന ചെയ്യുന്ന രീതിയിൽ സാങ്കേതികവിദ്യ വിദ്യാഭ്യാസ മേഖലയിൽ ഉപയോഗപ്പെടുത്തുന്നത് മുമ്പ് സൂചിപ്പിച്ച ലക്ഷ്യങ്ങൾ മുൻനിർത്തിയായിരിക്കണം. ഓരോ വിദ്യാലയത്തിലും ലഭ്യമായ വിഭവങ്ങൾ, വിദ്യാലയത്തിന്റെ ആവശ്യങ്ങൾ, പരിമിതികൾ, സാധ്യതകൾ തുടങ്ങിയവ ഉൾക്കൊണ്ടാണ് വിവരവിനിമയ സാങ്കേതികവിദ്യ പ്രയോഗത്തിൽ വരുത്തേണ്ടത്. ഓരോ സ്കൂളിന്റെയും ആവശ്യങ്ങൾ, സാധ്യതകൾ എന്നിവയെല്ലാം പരിഗണിച്ച് അതതു സ്കൂളുകൾക്കിണങ്ങുന്ന ഒരു ടെക്നോളജി പ്ലാൻ തയാറാക്കേണ്ടിവരും.

പ്രീ-സ്കൂൾതലം മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങൾ നേടുന്നതിനും പിന്തുണയ്ക്കുന്നതിനും അധ്യാപകരെയും വിദ്യാർഥികളെയും പ്രാപ്തരാക്കുന്നതായിരിക്കണം പുതിയ സമീപനം. അധ്യാപകരിലും വിദ്യാർഥികളിലും വെല്ലുവിളി ഉയർത്തുന്നതും ഉത്തരവാദിത്തബോധം സൃഷ്ടിക്കുന്നതും വഴക്കമുള്ളതുമായിരിക്കണം വിവരസാങ്കേതികവിദ്യയുടെ കരിക്കുലം. ഈ സാഹചര്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഓരോ വിദ്യാർഥിയും അവന്റെ വ്യത്യസ്ത പഠനാവശ്യങ്ങൾക്കു കമ്പ്യൂട്ടറിനെയും അനുബന്ധ സാങ്കേതിക വിദ്യകളെയും ഉപയോഗപ്പെടുത്തണം. കമ്പ്യൂട്ടറിലും അനുബന്ധ സാങ്കേതികവിദ്യകളിലും നൈപുണികൾ നേടണം. സമൂഹത്തിൽ വിവരസാങ്കേതികവിദ്യയുടെ സ്വാധീനം തിരിച്ചറിയാനും സമൂഹനന്മയ്ക്കായി ഇതുപയോഗപ്പെടുത്താനും കഴിയണം. ഇതുവഴി വിവരസാങ്കേതികവിദ്യയിലധിഷ്ഠിതമായ വിജ്ഞാനത്തെ വിമർശനാത്മകമായി വിവേചിച്ചറിയാനും മൂല്യനിർണയം നടത്താനും കഴിവു നേടുന്നു. കൂടാതെ വിവരങ്ങൾ ക്രോഡീകരിക്കുക, അപഗ്രഥിക്കുക, കൈകാര്യം ചെയ്യുക എന്നിവയിൽ അധ്യാപകന്റെയും കുട്ടിയുടെയും കഴിവ് വളരാനും ഇടയാവണം.

അധ്യാപകർക്ക് അവരുടെ റോൾ ഫലപ്രദമായി നിർവഹിക്കാൻ വിവരവിനിമയ സാങ്കേതികവിദ്യ വിവിധ രീതികളിൽ ഉപകരിക്കും. വിദ്യാലയഭരണം, പഠനപ്രവർത്തനങ്ങളുടെ ആസൂത്രണം, അവതരണം, മൂല്യനിർണയം തുടങ്ങിയ മേഖലകളിൽ അധ്യാപകരുടെ പ്രവർത്തനങ്ങൾ ഗുണനിലവാരമുള്ളതാക്കാൻ ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുന്നു. അതുകൊണ്ടുതന്നെ പാഠ്യപദ്ധതി വിനിമയത്തിൽ ഐ.സി.ടി സാധ്യത പ്രയോഗിക്കുന്നതിനെക്കുറിച്ച് അധ്യാപകർ നിരന്തരം പരീക്ഷണങ്ങളും പഠനങ്ങളും ക്രിയാഗവേഷണങ്ങളും നടത്തുകയും ഇവയുടെ അനുഭവങ്ങൾ പരസ്പരം പങ്കുവച്ച് മെച്ചപ്പെടുത്തുകയും വേണം.

വിഷയങ്ങളുടെ ഉള്ളടക്കബന്ധിതമായ സോഫ്റ്റ്‌വെയറുകൾ തയാറാക്കിയോ നിലവിൽ ലഭ്യമായവയിൽ നിന്നും തിരഞ്ഞെടുത്തോ ഉപയോഗിക്കുകവഴി കരിക്കുലത്തിന്റെ ഐ.സി.ടി സഹായവിനിമയം സാധ്യമാക്കാം

വിവിധവിഷയങ്ങളുടെ ട്യൂട്ടോറിയൽ സോഫ്റ്റ് വെയറുകൾ, പരീക്ഷണങ്ങൾ, സിമുലേഷൻ സി.ഡികൾ, ഇന്ററാക്ടീവ് മൾട്ടിമീഡിയ പാക്കേജുകൾ തുടങ്ങിയവയെല്ലാം വിഷയബന്ധിത സോഫ്റ്റുവെയറുകളായി ഉപയോഗിക്കാവുന്നതാണ്. അപ്പർ പ്രൈമറി, സെക്കൻഡറി,

ഹയർ സെക്കൻഡറി എന്നീ തലങ്ങളിൽ ഐടി അധിഷ്ഠിത പഠനത്തിന് ഇത്തരം ഉള്ളടക്ക സി.ഡികൾ വികസിപ്പിച്ചെടുക്കുകയോ ശേഖരിക്കുകയോ ചെയ്യേണ്ടത് ഈ സാഹചര്യത്തിൽ അനിവാര്യമായി വരുന്നു.

ഓഫീസ് പാക്കേജുകൾ, ഡി.റ്റി.പി, ഗ്രാഫിക്-പെയിന്റിങ് സോഫ്റ്റ്‌വെയറുകൾ തുടങ്ങിയ വിഷയബന്ധിതമല്ലാത്ത സോഫ്റ്റ്‌വെയറുകൾ കമ്പ്യൂട്ടർനൈപുണികൾ പരിശീലിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്താം. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ, അസൈൻമെന്റുകൾ തുടങ്ങിയവയ്ക്ക് ആവശ്യമായ വിവരശേഖരണം, അപഗ്രഥനം, റിപ്പോർട്ട് തയാറാക്കൽ എന്നിവയ്ക്കെല്ലാം ഉപയോഗിക്കുകവഴി ഈ സോഫ്റ്റ്‌വെയറുകളെ വിഷയബന്ധിതമാക്കി മാറ്റാനും അധ്യാപകർക്കു കഴിയും.

ഇത്തരം സോഫ്റ്റ്‌വെയറുകൾ അധ്യാപകർക്കും വിദ്യാർഥികൾക്കും അനുയോജ്യമായ വിവരങ്ങൾ ആവശ്യാനുസരണം തിരഞ്ഞെടുക്കുന്നതിനും പ്രാദേശികവും ദേശീയവും അന്തർദേശീയവുമായി വിഭവങ്ങൾ പങ്കുവയ്ക്കുന്നതിനും സംഘപഠനത്തിനും സഹപഠനത്തിനുമെല്ലാം അവസരം നൽകുന്നു. ഓൺലൈൻ പഠനവും ഇന്റർനെറ്റ് ഉപയോഗവും എഡ്യൂസാറ്റ് സാങ്കേതികവിദ്യ വഴിയുള്ള കമ്പ്യൂട്ടർ കോൺഫറൻസിങ് തുടങ്ങിയയുമെല്ലാം ആശയവിനിമയ ഉപാധികൾ മാത്രമാണ്. വിദ്യാർഥികൾക്കും അധ്യാപകർക്കും അവരവരുടെ സർഗാത്മകരചനകളിൽ ഏർപ്പെടാനും പങ്കുവയ്ക്കാനും ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയും. ഇതുവഴി വിദ്യാർത്ഥികളിലും കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസത്തോട് അനുകൂലമായ മനോഭാവം വളർത്താനാകും.

സെക്കൻഡറി, ഹയർ സെക്കൻഡറി തലത്തിൽ ഐ.ടി അധിഷ്ഠിതപഠനത്തിൽ വിവിധ വിഷയങ്ങളുടെ പഠനത്തിന് ആശയവിനിമയ സോഫ്റ്റ്‌വെയറുകൾ കരിക്കുലത്തിന്റെ ഭാഗമാക്കേണ്ടതുണ്ട്. ഇത്തരം സോഫ്റ്റ് വെയറുകൾ കണ്ടെത്താനും സ്വയം വികസിപ്പിക്കാനും, ഫലപ്രദമായ രീതിയിൽ പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചു പ്രയോഗിക്കാനും ആവശ്യമായ ശേഷികൾ അധ്യാപകനും കുട്ടിയും ആർജിക്കേണ്ടതുണ്ട്.

## 5.8 മൂല്യനിർണയം

വിദ്യാഭ്യാസപ്രക്രിയയുടെ അവിഭാജ്യഘടകമാണ് മൂല്യനിർണയം. വിദ്യാർഥികളുടെ മികവുകൾ കണ്ടെത്താനും അഭിരുചിമേഖല തിരിച്ചറിയാനും മൂല്യനിർണയം സഹായിക്കുന്നു. പഠനഗതി നിർണയിക്കൽ, ദിശാബോധം നൽകൽ തുടങ്ങിയവയിൽ മൂല്യനിർണയത്തിനു നിർണായകമായ പങ്കുണ്ട്. പരിഹാരബോധനത്തിനുള്ള ഉപാധിയായി അതിനെ പരിമിതപ്പെടുത്തുന്നതും തരംതിരിക്കലിനുള്ള മാനദണ്ഡമായി ദുർബലപ്പെടുത്തുന്നതും അഭികാമ്യമല്ല.

പഠനത്തിലെ പരിമിതികൾ കണ്ടെത്തി പരിഹരിക്കേണ്ട ചുമതല ക്ലാസ്തല പ്രവർത്തനങ്ങളുടെ ഭാഗമായി അധ്യാപകർ ഏറ്റെടുക്കേണ്ടതാണ്. വിശാലമായ അർഥത്തിലുള്ള മൂല്യനിർണയം ഇവിടെ ആവശ്യമില്ല. പരിഹാരബോധനത്തിനുള്ള ഉപാധിയായി മൂല്യനിർണയത്തെ പരിമിതപ്പെടുത്തരുതെന്ന് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (NCF - 2005) നിർദേശിക്കുന്നു. ഗണിതക്രിയയിൽ കുട്ടിക്കുള്ള വൈദഗ്ധ്യക്കുറവ് പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നിർണയിക്കാം. പുതിയ പഠനാനുഭവങ്ങൾ നൽകി അതു പരിഹരിക്കുകയും വേണം. വിഭക്തിപ്രത്യയങ്ങളുടെ പ്രയോഗത്തിൽ വേണ്ടത്ര ധാരണ നേടാത്ത കുട്ടികൾക്ക് അത് ആർജിക്കുന്നതിനുള്ള പഠനാനുഭവങ്ങൾ നൽകണം. ഇവിടെയും പരിഹാരപ്രവർത്തനങ്ങൾക്കു സഹായകമായ മൂല്യനിർണയം നടക്കുന്നുണ്ട്. എന്നാൽ മികവിന്റെ മേഖലകൾ നിർണയിക്കാൻ ഇതു സഹായകമാകുന്നില്ല.

നിശ്ചിത ഘട്ടത്തിൽ നടത്തുന്ന മാനകീകരിച്ച ചില പരീക്ഷകളിലൂടെ മാത്രം കുട്ടിയുടെ മികവ് നിർണയിക്കുന്നതിൽ പരിമിതികളുണ്ട്. വിവിധ സന്ദർഭങ്ങളിലെ പ്രതികരണങ്ങൾ കണക്കിലെടുത്താണ് അതു നിർവഹിക്കേണ്ടത്. അതിനാൽ മൂല്യനിർണയം നിരന്തരവും പഠനപ്രവർത്തനങ്ങളോടൊപ്പം തുടർന്നുകൊണ്ടേയിരിക്കുന്നതുമാകണം.

ക്ലാസ്മുറിയിലെ കുട്ടികൾ ഭാവിസമൂഹത്തിന്റെ വിഭവമാണ്. ആ നിലയിൽ വിദ്യാഭ്യാസത്തിന്റെ മേന്മകൾ അടയാളപ്പെടുത്തേണ്ട ചുമതലകൂടി വിദ്യാഭ്യാസ പ്രക്രിയയ്ക്കുണ്ട്. തള്ളിക്കളയലിനുള്ള മാനദണ്ഡമായല്ല, ഉൾക്കൊള്ളലിനുള്ള സൂചകമായാണ് മൂല്യനിർണയഫലങ്ങൾ മാറേണ്ടത്.

### 5.8.1 അനുഭവപാഠങ്ങൾ

1997 ലെ പാഠ്യപദ്ധതി പരിഷ്കരണം മൂല്യനിർണയ സമീപനത്തിൽ ഗണ്യമായ മാറ്റങ്ങൾക്ക് വഴി തെളിച്ചു. നിരന്തരവും സമഗ്രവുമായ മൂല്യനിർണയം അനിവാര്യമാണെന്ന സന്ദേശം പ്രചരിക്കാൻ ഇതു സഹായകമായി. അനാരോഗ്യകരമായ മത്സരങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഗ്രേഡിങ് സംവിധാനം നടപ്പാക്കി. പൊതുപരീക്ഷയിലെ ചോദ്യങ്ങൾ പഠനപ്രക്രിയയ്ക്ക് ഇണങ്ങുന്നതാകണം എന്ന ആശയം അംഗീകരിക്കപ്പെട്ടു. ഈ കാഴ്ചപ്പാടുകൾ 2007 മാർച്ചോടെ ഹയർ സെക്കൻഡറി വരെ വ്യാപിച്ചു.

പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പഠനമാണ് പുതിയ പാഠ്യപദ്ധതി മുന്നോട്ടു വച്ചത്. നിരീക്ഷണം, പരീക്ഷണം തുടങ്ങിയ പ്രക്രിയാശേഷികൾ വിലയിരുത്താൻ നിരന്തരമൂല്യനിർണയത്തിനേ കഴിയൂ എന്നു പരക്കെ അംഗീകരിക്കപ്പെട്ടു. ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളെ വിലയിരുത്താനും സ്കോർ നൽകാനും അധ്യാപകർ ശീലിച്ചു. ഇത് അധ്യാപകരുടെ ആസൂത്രണം കാര്യക്ഷമവും അർഥവത്തും ആക്കുന്നതിനു വഴിതെളിച്ചിട്ടുണ്ട്. നിരന്തരമൂല്യനിർണയ മേഖലകൾ നിശ്ചയിക്കുകയും സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും ചെയ്യുന്ന രീതി നിലവിൽ വന്നു. വിവിധ ശേഷികളെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ നേരിട്ടു ഗ്രേഡ് ചെയ്യാൻ പ്രൈമറി ക്ലാസുകളിൽ കഴിഞ്ഞു. അപ്പർ പ്രൈമറിയിലും ഹൈസ്കൂളിലും സൂചകങ്ങൾക്കു സ്കോർ നൽകി ഗ്രേഡ് നിശ്ചയിക്കുകയാണ് ഉണ്ടായത്. ഈ രീതി തന്നെ ചില മാറ്റങ്ങളോടെ ഹയർ സെക്കൻഡറിയിലും തുടർന്നു.

ഉള്ളടക്കത്തിൽ ഗണ്യമായ മാറ്റം വരുത്താതെയാണ് ഹയർ സെക്കൻഡറിയിൽ പ്രക്രിയാബന്ധിതപഠനവും നിരന്തരമൂല്യനിർണയവും നടപ്പാക്കിയത്. അതുകൊണ്ടുതന്നെ ഉയർന്ന ക്ലാസുകളിൽ നിരന്തരമൂല്യനിർണയം ഉദ്ദേശിച്ച ദിശയിൽ എത്തിച്ചേർന്നില്ല. കേവലം വിവരങ്ങളിൽ ഊന്നിയുള്ള വിലയിരുത്തലിന്റെ സ്ഥാനത്ത് ഗുണാത്മകമായ വിലയിരുത്തൽ ഏറെക്കുറെ സാധ്യമാക്കാൻ പുതിയ മൂല്യനിർണയരീതി കൊണ്ടു കഴിഞ്ഞു. പൊതുപരീക്ഷയുടെ സ്വഭാവത്തിലും മാറ്റങ്ങൾ ഉണ്ടായി. ഉള്ളടക്കപരമായ പരിശോധനയുടെ അപ്രമാദിത്വം കുറഞ്ഞു. പഠനപ്രക്രിയകൾക്കും ചിന്താപ്രക്രിയകൾക്കും ഊന്നൽ നൽകുന്ന ചോദ്യങ്ങളാണ് പൊതുപരീക്ഷയിൽ ഉൾപ്പെടുത്തേണ്ടതെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടു. പഠനപ്രക്രിയയിലൂടെ കടന്നുവന്ന ഏതൊരാൾക്കും പ്രതികരിക്കാൻ കഴിയുന്ന ഒരു തലം എല്ലാ ചോദ്യങ്ങളിലും ഉണ്ടാകണമെന്നും ഉയർന്ന പ്രതികരണങ്ങൾക്കുള്ള അവസരങ്ങൾ അവയിൽ ഉറപ്പുവരുത്തണമെന്നും നിർദേശിക്കപ്പെട്ടു.

പ്രായോഗികമായ പല പരിമിതികളും പുതിയ മൂല്യനിർണയ സമ്പ്രദായത്തിന് നേരിടേണ്ടിവന്നു. പ്രൈമറി ക്ലാസുകളിൽ നിരന്തരമൂല്യനിർണയത്തിനു ലഭിച്ച അംഗീകാരം ഉയർന്ന ക്ലാസു

കളിൽ കുറഞ്ഞുവരുന്നതായി കണ്ടു. ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി നടക്കേണ്ടിയിരുന്ന നിരന്തരമൂല്യനിർണയം പഠനത്തിൽനിന്ന് വേറിട്ടുനിൽക്കുന്നതായി മാറി. പലപ്പോഴും ചില ഉത്പന്നങ്ങളുടെ വിലയിരുത്തൽ മാത്രമായി ഇതു പരിമിതപ്പെട്ടു. അയവില്ലാത്തവിധം മൂല്യനിർണയമേഖലകളെ തരംതിരിച്ചതും പൊതുപരീക്ഷയുടെ സ്വഭാവമുള്ള ചില ഘടകങ്ങൾ നിരന്തരമൂല്യനിർണയ ഇനങ്ങളായി മാറിയതും ഇതിന്റെ അന്തസ്സത്ത നഷ്ടപ്പെടാൻ ഇടയാക്കി. വിവിധ മത്സരപ്പരീക്ഷകളുടെ ഘടനയിൽ മാറ്റം വരാൻ ഇടയില്ലെന്ന ആശങ്ക ക്ലാസ് റൂം പ്രവർത്തനങ്ങളെത്തന്നെ അപ്രസക്തമാക്കി മാറ്റി. വിവരങ്ങൾ ഓർത്തുവയ്ക്കാൻ പരിശീലിപ്പിക്കുന്ന കേന്ദ്രങ്ങൾ നേടിയ ശ്രദ്ധയും തെറ്റായ ദിശാസൂചന നൽകിയിട്ടുണ്ട്.

നിരന്തരമൂല്യനിർണയത്തിന്റെയും പൊതുപരീക്ഷയുടെയും സ്കോർ പ്രത്യേക അനുപാതത്തിൽ ചേർത്തു ഗ്രേഡും ക്ലാസ് കയറ്റവും നിശ്ചയിക്കാൻ തുടങ്ങി. എന്നാൽ നിരന്തരമൂല്യനിർണയത്തിന്റെ സ്കോർ നൽകുമ്പോൾ വ്യക്തിനിഷ്ഠത സ്വാഭാവികമാണെങ്കിലും മൂല്യനിർണയം പരമാവധി വസ്തുനിഷ്ഠമാക്കുന്നതിനുള്ള ശ്രമം അധ്യാപകരുടെ ഭാഗത്തു നിന്ന് ഉണ്ടാകുന്നില്ല എന്ന ആക്ഷേപം ഉയർന്നുവരുന്നുണ്ട്. ഇതു പരിശോധിക്കപ്പെടണം. മാത്രമല്ല, നിരന്തര മുല്യനിർണയത്തിന്റെ ഗുണനിലവാരം വർധിപ്പിക്കേണ്ടതുമുണ്ട്. ഇതൊക്കെത്തന്നെ നിരന്തരമൂല്യനിർണയ സമീപനത്തിൽ കൂടുതൽ ചിന്തകൾ അനിവാര്യമാക്കിത്തീർത്തിട്ടുണ്ട്.

മൂല്യനിർണയരംഗത്ത് ദേശീയതലത്തിൽ നിരവധി പരിഷ്കരണങ്ങൾ നടക്കുകയാണ്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് ശ്രദ്ധേയമായ ചില നിരീക്ഷണങ്ങൾ ഇക്കാര്യത്തിൽ മുന്നോട്ടു വയ്ക്കുന്നുണ്ട്: "നിശ്ചയിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ പഠിതാവും അധ്യാപകനും എത്രമാത്രം പുരോഗതി നേടി എന്ന് അളക്കലാണ് വിലയിരുത്തൽപ്രക്രിയയുടെ ലക്ഷ്യം. അതോടെ അതിനേക്കാൾ മെച്ചമായി അതെങ്ങനെ നേടിയെടുക്കാം എന്നതിനെക്കുറിച്ചുള്ള വിലയിരുത്തലുമാകും. പരീക്ഷയും മൂല്യനിർണയവും പഠനത്തിനു ഭീഷണിയാകാതെ തന്നെ കുട്ടിയുടെ പ്രകടനത്തെ മെച്ചപ്പെടുത്തുന്നതിനു സഹായിക്കുന്ന പ്രതികരണത്തിനുള്ള സന്ദർഭം തീർച്ചയായും ഉണ്ട്.

കുട്ടികളുടെ സാന്നിധ്യത്തിൽ തന്നെ നടത്തുന്ന തെറ്റുതിരുത്തലും ഗ്രേഡിങ്ങും അവരുടെ പ്രതികരണവും അവരെ തെറ്റേത് ശരിയേത് എന്നതും എന്തുകൊണ്ട് എന്നതും ബോധ്യപ്പെടുത്തുന്നു. ഒരു കുട്ടി എഴുതിയിരിക്കുന്ന ഉത്തരം എന്തുകൊണ്ട് ഇങ്ങനെ എഴുതി എന്നു ചോദിക്കുമ്പോൾ എഴുതിയിരിക്കുന്ന ഉത്തരത്തിന് ഉപരിയായി കുട്ടിയുടെ ചിന്തയെ സ്പർശിക്കുവാൻ അധ്യാപകനു കഴിയുന്നു; ടെസ്റ്റിനു മാർക്കുകൾ നൽകുന്നതിനു പിറകിലുള്ള വിധിതീർപ്പിനെപ്പറ്റിയുള്ള ഭയം മാറ്റിയെടുക്കുന്നു; കുട്ടികൾക്ക് അവരുടെ തെറ്റുകൾ തിരുത്തി മെച്ചപ്പെടുത്താനും അതിലൂടെ പഠനം പുരോഗമിപ്പിക്കാനും ഉള്ള സാഹചര്യം ഒരുക്കുന്നു. കുട്ടികളുടെ സാന്നിധ്യത്തിൽ വച്ച് തെറ്റുതിരുത്തൽ നടത്തുന്നത് നിഷ്പക്ഷതയെ ബാധിക്കുമെന്നതിന്റെയടിസ്ഥാനത്തിൽ ചിലപ്പോൾ സ്കൂൾ തലവന്മാർ ഇതിനെ എതിർത്തേക്കാം. കുട്ടികളെ വിലയിരുത്താൻ മത്സരാധിഷ്ഠിത സമ്പ്രദായം തന്നെ വേണമെന്ന ചിന്തയിൽ നിന്ന് ഉടലെടുക്കുന്ന നിഷ്പക്ഷതയെക്കുറിച്ചുള്ള തെറ്റായ ധാരണയാണിത്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തി നടത്തുന്ന മൂല്യനിർണയത്തിൽ ഇത്തരം നിഷ്പക്ഷതയെക്കുറിച്ചുള്ള ഉത്കണ്ഠയ്ക്കു സ്ഥാനമില്ല.

പഠനപ്രവർത്തനങ്ങളുടെ ഫലം മാത്രമല്ല, പഠനാനുഭവങ്ങളും വിലയിരുത്തപ്പെടേണ്ടതാണ്. പഠിതാക്കൾ സന്തോഷത്തോടെ തങ്ങളുടെ പഠനാനുഭവങ്ങളുടെ സാഫല്യത്തെക്കുറിച്ച് അഭിപ്രായങ്ങൾ പറയും. പഠനാനുഭവങ്ങൾ വിലയിരുത്താനും പ്രതിഫലിപ്പിക്കാനും അവരെ പ്രാപ്തരാക്കുന്ന തരത്തിൽ വ്യക്തിപരമായും സംഘപരമായും ചെയ്യാവുന്ന പ്രവർത്തനങ്ങൾക്കു

രൂപം നൽകാൻ കഴിയും. പഠിക്കാൻ പഠിക്കുന്നതിന് ആവശ്യമായ ആത്മനിയന്ത്രണശേഷി അവരിൽ സൃഷ്ടിക്കാനും ഇത്തരം അനുഭവങ്ങൾ ഉപകരിക്കും. ഇത്തരം വിവരങ്ങൾ അധ്യാപകർക്കു വിലപിടിച്ച ഫീഡ്ബാക്ക് നൽകുന്നു; പഠനപ്രക്രിയ മൊത്തം നന്നാക്കാൻ അവസരം സൃഷ്ടിക്കുന്നു. ക്ലാസുമുറിയിൽ കുട്ടികളുമായി നടത്തുന്ന പരസ്പര പ്രവർത്തനം അവരുടെ പഠനത്തെപ്പറ്റി അവർ തന്നെ നടത്തുന്ന വിലയിരുത്തലും, ഏതേതു ശേഷികളാണ് പരിശോധിക്കുന്നതെന്നും എങ്ങനെയാണ് പരിശോധിക്കുന്നതെന്നും കുട്ടികളുമായി ചർച്ചചെയ്യുന്നതും ഒക്കെ ആവശ്യമാക്കുന്നു".

### 5.8.2 നിരന്തരമൂല്യനിർണയം എങ്ങനെ മെച്ചപ്പെടുത്താം?

1. നിരന്തരമൂല്യനിർണയം പഠനബോധന പ്രക്രിയയുടെ അവിഭാജ്യഘടകമാക്കണം. നിരന്തരമൂല്യനിർണയം പഠനബോധനപ്രക്രിയയിൽ ഒരു വച്ചുകെട്ടലായല്ല മറിച്ച്, പഠനപ്രക്രിയയിൽ ഉൾച്ചേർന്നിരിക്കുന്ന സജീവ ഘടകമായാണ് കാണേണ്ടത്.

2. നിരന്തരമൂല്യനിർണയവും പഠനഫലവും (learning outcome) തമ്മിലുള്ള ബന്ധം കൃത്യമായി സൂചിപ്പിക്കുകയും ഉറപ്പാക്കുകയും ചെയ്യണം.

3. നിരന്തരമൂല്യനിർണയത്തിന്റെ തുടർച്ച ഉറപ്പുവരുത്തുക. പഠനബോധനപ്രക്രിയയ്ക്കിടയിൽ നടക്കുന്ന എല്ലാ ക്ലാസ്റൂം പ്രവർത്തനങ്ങളിലും മൂല്യനിർണയത്തിന്റെ അംശങ്ങൾ സന്നിവേശിപ്പിക്കണം. ഉദാഹരണമായി, ഗൃഹപാഠങ്ങൾ പരിശോധിക്കുമ്പോൾ, ചോദ്യങ്ങൾ ചോദിക്കുമ്പോൾ, കുട്ടിയെ നിരീക്ഷിക്കുമ്പോൾ, കുട്ടിയുമായി സംസാരിക്കുമ്പോൾ ഒക്കെ നിരന്തരമൂല്യനിർണയം അനൗപചാരികസ്വഭാവത്തിൽ നടക്കുന്നുണ്ട്. ലഘുടെസ്റ്റുകൾ, അഭിമുഖം (Oral examination), പ്രകടനം വിലയിരുത്താനുതകുന്ന ഉദ്യമങ്ങൾ (Performance assessment tasks), പരീക്ഷകൾ, പ്രോജക്ടുകൾ, പോർട്ട് ഫോളിയോ എന്നീ മാർഗങ്ങളും നിരന്തരമൂല്യനിർണയത്തിന് അവലംബിക്കാവുന്നതാണ്.

4. നിരന്തരമൂല്യനിർണയത്തിനു വ്യത്യസ്ത തന്ത്രങ്ങൾ ഉപയോഗിക്കാൻ അവസരമുണ്ടാകണം. ഒരു മൂല്യനിർണയ തന്ത്രത്തേക്കാൾ തനിക്കു വഴങ്ങുന്നത് മറ്റൊന്നാണ് എന്നു കുട്ടിക്കും അധ്യാപകർക്കും തോന്നാം. അതുകൊണ്ടു തന്നെ ഒന്നിലേറെ വിലയിരുത്തൽ മാർഗങ്ങൾ സ്വീകരിക്കാനുള്ള വഴക്കം പാഠ്യപദ്ധതിക്ക് ഉണ്ടാകണം.

5. വ്യത്യസ്ത പഠനരീതികളും പഠനപ്രവർത്തനങ്ങളും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്കു നൽകുക. തങ്ങളുടെ പഠനത്തെ മെച്ചപ്പെടുത്താനുതകുന്ന, തന്റെ അഭിരുചിക്കു പറ്റിയ രസകരമായ പഠനരീതി സ്വീകരിക്കാനും പഠനപ്രവർത്തനങ്ങൾ തീരുമാനിക്കാനുമുള്ള സ്വാതന്ത്ര്യം കുട്ടികൾക്ക് ഉണ്ടാകണം.

6. ബുദ്ധിയുടെ ബഹുമുഖ വികാസം സാധ്യമാക്കുന്ന തരത്തിലേക്ക് പഠനവും വിലയിരുത്തലും മാറണം. യുക്തിയും ഭാഷാശേഷിയും മാത്രമളക്കുന്ന ടെസ്റ്റുകൾക്കു പുറമെ ബുദ്ധിയുടെ മറ്റു തലങ്ങളെ സംബോധനചെയ്യുന്ന ശേഖരണം, പ്രദർശനം, ജേണൽ തയാറാക്കൽ, ഡയറിനിർമാണം, പ്രോജക്ട് എന്നിവയും കുട്ടികളുടെ പെർഫോർമൻസും വിലയിരുത്തേണ്ടതാണ്. ഇതിനാവശ്യമായ ചെക്ക്ലിസ്റ്റുകൾ, റേറ്റിങ് സ്കെയിലുകൾ, നിരീക്ഷണ ഉപാധികൾ എന്നിവയും ഓരോ പഠനവിഷയവുമായും ഉദ്ഗ്രഥിച്ചു നിർമിക്കേണ്ടതാണ്.

7. ഗ്രേഡിങ് തന്ത്രങ്ങൾ ലളിതവും ഫലപ്രദവും സുതാര്യവും ആക്കുക. - അക്കാദമിക പ്രകടനത്തിനുപരിയായി വ്യക്തിത്വം, പെരുമാറ്റം, ഹാജർ എന്നിവ കുട്ടിയെ ഗ്രേഡ് ചെയ്യുമ്പോൾ പരിഗണിക്കരുത്. ഓരോ ടേമിലും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ വിദ്യാർഥികളും അധ്യാപകരും ചർച്ചചെയ്തു മുൻകൂട്ടി തീരുമാനിക്കണം. ഔപചാരിക സ്വഭാവ

മുള്ള നിരന്തരമൂല്യനിർണയ പ്രവർത്തനങ്ങൾ കുട്ടിയുമൊന്നിച്ച് അധ്യാപകർ അവലോകനം ചെയ്യണം, മെച്ചപ്പെടാനുള്ള അവസരങ്ങൾ കുട്ടിക്കു ലഭിക്കണം. സ്വയം വിലയിരുത്തലിനും പരസ്പര വിലയിരുത്തലിനും നിരന്തരമൂല്യ നിർണയത്തിനും അവസരമുണ്ടാകണം.

8. ടേം മൂല്യനിർണയവും നിരന്തരമൂല്യനിർണയവും പരസ്പരബന്ധിതമാക്കുക:- ഇവ രണ്ടും പരസ്പരപൂരകമാവണം. കരിക്കുലത്തിൽ നിർദേശിച്ചിട്ടുള്ള പഠനനേട്ടം വിലയിരുത്തുകയാണ് രണ്ടിന്റെയും ധർമം. മൂല്യനിർണയത്തിലൂടെ തനിക്കു ലഭിച്ച ഗ്രേഡ്, മൂല്യനിർണയഫലങ്ങൾ, തന്റെ മികവും പരിമിതികളും തിരിച്ചറിയാനും ലക്ഷ്യത്തിലേക്കു മുന്നേറാനുമുള്ള പ്രചോദക ഘടകമായി മാറണം.

9. നിരന്തരമൂല്യനിർണയത്തിന് ഓരോ ഘട്ടത്തിനു യോജിച്ച ടൂളുകൾ വികസിപ്പിക്കുക- കുട്ടിയുടെ പ്രകടനവും ഉത്പന്നങ്ങളും ആണ് പൊതുവെ നിരന്തരമൂല്യനിർണയത്തിനു വിധേയമാക്കപ്പെടുന്നത്. ഇതിനു സഹായകമായ സൂചകങ്ങൾ അധ്യാപക സഹായിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കുട്ടിയുടെ ഉത്പന്നങ്ങൾ (Product) വിലയിരുത്താൻ ഏതൊക്കെ പ്രക്രിയയിലൂടെയാണ് കുട്ടി കടന്നുപോയത് എന്നു തിരിച്ചറിയണം. ഈ പ്രക്രിയയിൽ കുട്ടിക്കു സ്വയം വിലയിരുത്താനുള്ള അവസരവും ഉണ്ടാവണം. വ്യക്തമായ സൂചകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം വിലയിരുത്തൽ. ഉത്പന്നം തയാറാക്കുന്നതിന്റെ ഓരോഘട്ടത്തിലും ഏതൊക്കെ പ്രക്രിയയിലൂടെ കടന്നുപോയി എന്ന് കുട്ടിക്കു തിരിച്ചറിവ് നൽകുന്നതിനും സ്വയം വിലയിരുത്തുന്നതിനും ഈ സൂചകങ്ങൾ സഹായകമാവുകയും വേണം. പ്രക്രിയയും ഉത്പന്നവും വിലയിരുത്തുമ്പോഴും പ്രക്രിയയ്ക്കാണ് ഊന്നൽ നൽകേണ്ടത്.

10. നിരന്തരമൂല്യനിർണയം സാധുതയുള്ളതും നീതിപൂർവകവുമാക്കുക:- നിരന്തരമൂല്യനിർണയപ്രവർത്തനങ്ങൾ, കരിക്കുലം നിർദേശിച്ചിട്ടുള്ള അടിസ്ഥാനപരമായ എല്ലാ നൈപുണികളെയും ഉള്ളടക്കത്തെയും സ്പർശിക്കുന്നതാവണം. ഈ ഉത്തരവാദിത്തം അധ്യാപകർ ഏറ്റെടുക്കണം. തനിക്ക് അറിയാവുന്നതും ചെയ്യാൻ പറ്റുന്നതുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള സ്വാതന്ത്ര്യം കുട്ടിക്കു നൽകുമ്പോഴേ അതു നീതിപൂർവകമാവുകയുള്ളൂ.

### നിരന്തര മൂല്യനിർണയത്തിന്റെ രേഖപ്പെടുത്തലും ഗ്രേഡിങ്ങും

1,2 ക്ലാസുകളിൽ നിരന്തരമൂല്യനിർണയത്തിന്റെ ക്രോഡീകരണം ഗുണാത്മക സൂചകങ്ങളായി രേഖപ്പെടുത്താം. 3,4 ക്ലാസുകളിൽ ഗുണാത്മക സൂചനകളെ ലറ്റർ ഗ്രേഡുകളായി രേഖപ്പെടുത്തുകയുമാവാം. കുട്ടിയുടെ പഠനനില രക്ഷിതാവിനെ അറിയിക്കാൻ ഈ രേഖപ്പെടുത്തലുകൾ പ്രയോജനപ്പെടുത്താം.

### അപ്പർ പ്രൈമറിയിലും സെക്കൻഡറിയിലുമുള്ള നിരന്തര മൂല്യനിർണയം

പാഠ്യപദ്ധതി ലക്ഷ്യം വയ്ക്കുന്ന എല്ലാ പഠനനേട്ടങ്ങളും സ്കൂൾ വർഷത്തിൽ കുട്ടിക്കു ലഭിച്ചു എന്ന് ഉറപ്പുവരുത്തണം. ഇതിനു വേണ്ടി നിരന്തര മൂല്യനിർണയവും ടേം മൂല്യനിർണയവും ഉപയോഗപ്പെടുത്തണം. ലറ്റർ ഗ്രേഡുകളായി ഇവ രേഖപ്പെടുത്തുകയും രക്ഷിതാക്കളുമായി പങ്കുവയ്ക്കുകയും വേണം.

സെക്കൻഡറി ഘട്ടത്തിലും ഹയർ സെക്കൻഡറി ഘട്ടത്തിലും ക്ലാസ്കയറ്റം നൽകുന്നത് വാർഷിക മൂല്യനിർണയത്തിനും നിരന്തര മൂല്യനിർണയത്തിനും അർഹമായ പ്രാധാന്യം നൽകിക്കൊണ്ടായിരിക്കണം.

വിവിധ തലങ്ങളിൽ മോണിറ്ററിങ് സംവിധാനം ശക്തിപ്പെടുത്തുകയും പരിശീലനം, തത്സമയസഹായം എന്നിവയിലൂടെ ശാക്തീകരിക്കുകയും വേണം.

**പൊതുപരീക്ഷ മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ**

1. കുട്ടിയുടെ പഠനനേട്ടം വിലയിരുത്താനുള്ള അവകാശം അധ്യാപകനാണ്.
2. നിരന്തരമൂല്യനിർണയം നടക്കുന്നതിനാൽ എൽ.പി. തലത്തിൽ വാർഷികപ്പരീക്ഷ മാത്രം മതിയാവും. ഒന്ന്, രണ്ട് ക്ലാസുകൾ ഒരു യൂണിറ്റായി കണക്കാക്കാവുന്നതിനാൽ ഒന്നാം ക്ലാസിൽ വാർഷികപ്പരീക്ഷ ആവശ്യമില്ല. നാലാം ക്ലാസിൽ നിരന്തര മൂല്യനിർണയ പ്രവർത്തനത്തിൽ മികച്ച പ്രകടനം കാഴ്ചവച്ചവർക്കു പഠനോത്സവം നടത്തുകയും അത് ഇന്നത്തെ എൽ. എസ്. എസ് . പരീക്ഷയ്ക്കു പകരം വയ്ക്കുകയും വേണം.
3. അപ്പർ പ്രൈമറിതലത്തിൽ വാർഷികപ്പരീക്ഷയ്ക്കു പുറമെ ഒരു ചെറിയ എഴുത്തു പരീക്ഷ അക്കാദമിക് വർഷത്തിന്റെ മധ്യത്തിൽ നടത്താവുന്നതാണ്. എൽ.പിയിലെ പോലെ പഠനോത്സവം യു.എസ്.എസ്-ന് പകരമാകാം.
4. കുട്ടിക്കു പഠനാനുഭവങ്ങൾ അധ്യാപകനുമായി ചർച്ചചെയ്യാനും അധ്യാപകർ കണ്ടെത്തിയ മികവുകളും പരിമിതികളും കുട്ടികളുമായി പങ്കുവയ്ക്കാനും നിരന്തര മൂല്യനിർണയം സഹായകമാവണം.
5 ഹൈസ്കൂളിൽ നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായി നടത്തുന്ന വിലയിരുത്തലും (periodical feed backs) ഒരു അർധവാർഷിക പരീക്ഷയും വർഷാന്തപ്പരീക്ഷയ്ക്കു പുറമെ നടത്താം. ഇതേ രീതി ഹയർ സെക്കൻഡറിയിലും തുടരാം.
6. ഉത്തരസൂചിക നിർമിക്കാനും തന്നെ സ്വയം വിലയിരുത്താനുമുള്ള അവസരം കുട്ടിക്കു ലഭിക്കണം.
7. ചോദ്യപേപ്പറുകൾ അറിവിന്റെ പ്രയോഗത്തിന് ഊന്നൽ നൽകുന്നതാവണം.
8. ലോകത്തിന്റെ മറ്റിടങ്ങളിൽ നടക്കുന്ന വിദ്യാഭ്യാസ പ്രവണതകളെക്കുറിച്ചും മൂല്യനിർണയരീതികളെക്കുറിച്ചും രക്ഷിതാക്കൾ, അധ്യാപകർ, മാധ്യമങ്ങൾ എന്നിവരെ പരിചയപ്പെടുത്തുന്നതിനു സംവിധാനം ഒരുക്കണം.
9. പുതിയ മൂല്യനിർണയരീതികൾ വികസിപ്പിക്കുന്നതിനും പ്രയോഗിച്ചു മെച്ചപ്പെടുത്തുന്നതിനും അധ്യാപകർക്കും വിദ്യാഭ്യാസപ്രവർത്തകർക്കും പ്രോത്സാഹനം നൽകണം.
10. 10,12 ക്ലാസുകളിൽ പൊതുപരീക്ഷകൾ (Board Exams) ആവാം.
11. അഭിരുചിയുടെ അടിസ്ഥാനത്തിൽ 9, 10 ക്ലാസുകളിൽ വിഷയങ്ങൾ തിരഞ്ഞെടുക്കാൻ അവസരം നൽകുക.
12. ബോർഡ് പരീക്ഷാ വിഷയങ്ങളുടെ സാമാന്യതലം, സവിശേഷതലം എന്നിവയിൽ ആവശ്യമുള്ളവ ഓപ്റ്റ് ചെയ്യാം.
13. കുട്ടിയുടെ പോർട്ട്ഫോളിയോ വിലയിരുത്തൽ കൂടി മോണിട്ടറിങ് സംവിധാനങ്ങളുടെ ഭാഗമാക്കാവുന്നതാണ്.
14. കുട്ടി തയാറാകുന്ന സമയത്ത് പരീക്ഷയ്ക്കിരിക്കാവുന്ന രീതി ഏർപ്പെടുത്തുക.
15. രക്ഷിതാക്കളെ അനൗദ്യോഗിക മോണിറ്റർമാരാക്കുക.
16. പുസ്തകസഹായത്തോടെയുള്ള പരീക്ഷകൾ (Open book), ചോദ്യങ്ങൾ പരസ്യപ്പെടുത്തിക്കൊണ്ടുള്ള പരീക്ഷകൾ, ഓൺലൈൻ പരീക്ഷകൾ തുടങ്ങിയവ സ്കൂളുകളിൽ നടപ്പാക്കാവുന്നതാണ്.
17. 200 സാധ്യായ ദിവസം ഉറപ്പാക്കത്തക്കവിധത്തിൽ പൊതുപരീക്ഷാസമയം ക്രമീകരിക്കേണ്ടതാണ്.

# 6

# വിദ്യാഭ്യാസവ്യവസ്ഥയിൽ വരുത്തേണ്ട മാറ്റങ്ങൾ

കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 രൂപീകരിച്ചിട്ടുള്ള കാഴ്ചപ്പാടുകൾക്ക് അനുസരിച്ച് സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ തലങ്ങളിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. കേരളത്തിലെ സവിശേഷസാഹചര്യം, നിർവഹണത്തിലെ സാങ്കേതികതകൾ, മുൻഗണനാക്രമം തുടങ്ങിയവ കണക്കിലെടുത്ത് അടിയന്തരപ്രാധാന്യത്തോടെ നടപ്പാക്കാവുന്ന നിർദേശങ്ങളെയും ഘട്ടംഘട്ട മായി പൂർത്തിയാക്കാവുന്ന നിർദേശങ്ങളെയും വ്യവച്ഛേദിക്കണം. ഓരോ നിർദേശത്തിന്റെയും നിർവഹണത്തിനു വിശദമായ പദ്ധതിരേഖയും ആവശ്യമായി വരും.

പാഠ്യപദ്ധതി സമീപനത്തിന്റെ വെളിച്ചത്തിൽ നിർവഹണതലത്തിൽ എത്തിക്കാൻ കഴി യുന്ന ആശയങ്ങളാണ് ചുവടെ ചേർക്കുന്നത്:

## 6.1 വിദ്യാഭ്യാസഘട്ടങ്ങൾ

പ്രീ-സ്കൂൾ, പ്രൈമറി, സെക്കൻഡറി, ഹയർസെക്കൻഡറി എന്നിവ ഉൾക്കൊള്ളുന്നതാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസം. ഓരോ ഘട്ടത്തിലെയും കുട്ടികളുടെ സവിശേഷതകൾ പരിഗണിച്ച് വൈവിധ്യം പുലർത്തുന്നതും അതേസമയം സമഗ്രതയുള്ളതുമായ പൊതുവിദ്യാ ഭ്യാസമാണ് ആസൂത്രണം ചെയ്യേണ്ടത്.

### 6.1.1 പ്രീസ്കൂൾ

ശാസ്ത്രീയവും ആരോഗ്യകരവുമായ ശിശുപരിപാലനവും ശിശുവിദ്യാഭ്യാസവും നടപ്പാ ക്കുന്നതിനു യോജിച്ച അന്തരീക്ഷം എല്ലാ പ്രീസ്കൂളുകളിലും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിന് അങ്കണവാടികളുടെയും പ്രീസ്കൂളുകളുടെയും ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തണം. ആവ ശ്യമായ സ്ഥലസൗകര്യം, തണലും ശുദ്ധവായുവും ലഭിക്കുന്ന ചുറ്റുപാടുകൾ, നിലവാരമുള്ള കളിക്കോപ്പുകൾ, യോഗ്യരായ ഇൻസ്ട്രക്ടർമാർ, മുടക്കം കൂടാതെയുള്ള പോഷകാഹാരം, വൈദ്യ സേവനം തുടങ്ങിയവ അടിസ്ഥാനസൗകര്യങ്ങളിൽപ്പെടുന്നു.

ഏകീകൃതമായ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയ പഠനക്രമവും പഠ നോപകരണങ്ങളും എല്ലാ സ്കൂളുകളിലും നടപ്പാക്കാൻ കഴിയണം. എന്നാൽ പ്രാദേശികമായ വൈവിധ്യങ്ങൾ പരിഗണിച്ച് ഉചിതമായ ഭേദഗതികൾ വരുത്താൻ കഴിയുന്നവിധം വഴക്കമുള്ള പാഠ്യപദ്ധതി പ്രീസ്കൂളിൽ ആവശ്യമാണ്. ആദിവാസിമേഖലയിലെ കുട്ടികൾ, പ്രത്യേക പരിഗ ണന ആവശ്യമായ കുട്ടികൾ, സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ കുട്ടി കൾ തുടങ്ങിയവർക്കു വേണ്ട പ്രത്യേക പരിശീലനത്തിനുള്ള അവസരം പാഠ്യപദ്ധതിയിൽ ഉറ പ്പുവരുത്തണം.

പ്രീസ്കൂൾ മേഖലയിലെ അക്കാദമികകാര്യങ്ങൾ പൊതുവിദ്യാഭ്യാസവകുപ്പും, ശിശുക്ഷേമ പ്രവർത്തനങ്ങൾ സാമൂഹികക്ഷേമവകുപ്പും ഏറ്റെടുക്കണം. അക്കാദമിക കാര്യങ്ങളിൽ എസ്. സി.ഇ.ആർ.ടിക്ക് പൂർണമായ നിയന്ത്രണം ഉറപ്പുവരുത്തേണ്ടതാണ്.

പോഷകാഹാരവിതരണം, ശുചിത്വപരിപാലനം, ആരോഗ്യരക്ഷ തുടങ്ങിയവ സാമൂഹിക ക്ഷേമവകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കണം. എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ് വിതരണം ചെയ്യാൻ വകുപ്പ് സംവിധാനം ഒരുക്കേണ്ടതാണ്. പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ പൊതുവായ ചുമതല തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കണം. ഓരോ സ്ഥാപനത്തിനും പ്രത്യേക ക്ഷേമകാര്യസമിതികൾ രൂപീകരിച്ച് പ്രവർത്തനസജ്ജമാക്കണം.

ആയമാർ, അധ്യാപകർ എന്നിവർക്കു വേണ്ട അടിസ്ഥാനയോഗ്യത നിശ്ചയിക്കുകയും യഥാകാലം സേവനകാലപരിശീലനം നൽകുകയും വേണം. ക്ലസ്റ്റർതല പങ്കുവയ്ക്കലുകൾക്കു വേണ്ട വേദികൾ ഒരുക്കി ഈ രംഗത്തു പ്രൊഫഷണലിസം നടപ്പാക്കണം. അയൽപക്കസംവിധാനത്തിലൂടെ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ സാമൂഹികതലം ശക്തിപ്പെടുത്താൻ കഴിയും. ഇക്കാര്യങ്ങൾ പരിഗണിച്ച് സമഗ്ര പ്രീസ്കൂൾ ബിൽ രൂപപ്പെടുത്തണം. മൂന്നുമുതൽ അഞ്ചുവരെ പ്രായത്തിലുള്ള എല്ലാ കുട്ടികളെയും പ്രീസ്കൂൾ വിദ്യാഭ്യാസത്തിനു വിധേയമാക്കുന്ന വിധം ശക്തമായ നിർദേശങ്ങൾ ബില്ലിൽ ഉൾപ്പെടുത്താൻ കഴിയണം.

സാമൂഹികാവശ്യങ്ങൾ കണക്കിലെടുത്തു വഴക്കമുള്ള പ്രവൃത്തിസമയം ഓരോ പ്രീസ്കൂളിലും ഉറപ്പുവരുത്താൻ കഴിയേണ്ടതുണ്ട്. തൊഴിൽ ചെയ്യുന്ന മാതാപിതാക്കളുടെ ആവശ്യങ്ങൾ കൂടി പരിഗണിച്ച് ഇക്കാര്യങ്ങളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. എന്നാൽ ഏറക്കുറെ ഔപചാരിക സ്വഭാവമുള്ള പഠനം (രണ്ടോ മൂന്നോ മണിക്കൂർ) മാത്രമേ പ്രീസ്കൂളുകളിൽ നടത്തേണ്ടതുള്ളൂ. മറ്റു സമയങ്ങളിൽ ശിശുസംരക്ഷണ പ്രവർത്തനങ്ങളിലാണ് ശ്രദ്ധ പതിപ്പിക്കേണ്ടത്.

### 6.1.2 പ്രൈമറി

നിലവിലുള്ള സ്കൂൾ വിദ്യാഭ്യാസത്തിലെ ഏറ്റവും നീണ്ട ഘട്ടമാണ് പ്രൈമറി വിദ്യാഭ്യാസം. ഒന്നു മുതൽ ഏഴുവരെ നീളുന്ന പ്രൈമറി വിദ്യാഭ്യാസത്തെ ലോവർ പ്രൈമറി എന്നും അപ്പർ പ്രൈമറി എന്നും വേർതിരിച്ചിട്ടുണ്ട്. കുട്ടികളുടെ വളർച്ചയിലെ വൈവിധ്യം കണക്കിലെടുത്ത് ആഭ്യന്തരമായ വേർതിരിവുകൾ ആവശ്യമാണ്.

#### പഠനമേഖലകൾ

- മാതൃഭാഷ, ഗണിതം, പരിസരപഠനം, കലാ-കായിക-പ്രവൃത്തിപരിചയം എന്നിവയായിരിക്കണം ലോവർ പ്രൈമറിതലത്തിലെ മുഖ്യപഠനവിഷയങ്ങൾ. സാമൂഹികാവശ്യം പരിഗണിച്ച് ശാസ്ത്രീയമായ ഇംഗ്ലീഷ് പഠനവും ഉണ്ടാകണം. ചില സവിശേഷ കാരണങ്ങളാൽ അറബി ഒന്നാം ക്ലാസ് മുതൽ പഠിക്കുന്നതു തുടരുകയും വേണം.
- അപ്പർ പ്രൈമറിക്ലാസുകളിൽ അടിസ്ഥാനശാസ്ത്രം, സാമൂഹികശാസ്ത്രം, ഹിന്ദി എന്നീ വിഷയങ്ങൾ കൂടുതലായി ഉൾപ്പെടുത്തണം. സാധ്യമായിടത്തൊക്കെ യു.പിയിലും ഉദ്ഗ്രഥനത്തിന്റെ സന്ദേശം ഉൾക്കൊള്ളണം. പിരമിഡ് പഠിപ്പിക്കുന്ന ചരിത്രാധ്യാപിക/ചരിത്രാധ്യാപകൻ ഇത്തരം ഘനരൂപം പിരമിഡ് നിർമിതിക്കു സ്വീകരിച്ചതിന്റെ സർഗാത്മകതയും ഗണിതബോധവും അവതരിപ്പിക്കണം. ഗണിത പാഠ്യപദ്ധതി ജീവിതസന്ദർഭങ്ങളോടും ഇതര വിഷയപരിസരത്തോടും ഒട്ടിനിൽക്കുന്നതായിരിക്കും. താഴ്ന്ന ക്ലാസിൽ അഭ്യസിച്ച ഉദ്ഗ്രഥനരീതിയിൽ നിന്നു വ്യത്യസ്തമായി കുറച്ചുകൂടി സൂക്ഷ്മമായി കാര്യങ്ങളെ സമീപിക്കുകയാണിവിടെ ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ വിഷയങ്ങളായി ഇഴപിരിയുമെങ്കിലും ബന്ധങ്ങൾ വ്യക്തമാക്കപ്പെടുന്ന പഠനാനുഭവങ്ങൾ ലഭിക്കണം.

- അപ്പർ പ്രൈമറിഘട്ടത്തിൽ മാതൃഭാഷ, മറ്റ് ഒന്നാം ഭാഷകൾ, ഇംഗ്ലീഷ്, ഗണിതം, സാമൂഹികശാസ്ത്രം, അടിസ്ഥാനശാസ്ത്രം, ഹിന്ദി കൂടാതെ കലാ-കായിക-പ്രവൃത്ത്യനുഭവ വിദ്യാഭ്യാസത്തിനും കുട്ടികളുടെ സാംസ്കാരികപ്രവർത്തനം, ലൈബ്രറി പ്രവർത്തനം സർഗാത്മകപ്രവർത്തനങ്ങൾ എന്നിവയ്ക്കും സമയം നീക്കിവയ്ക്കണം.
- അറബി, ഉറുദു, സംസ്കൃതം തുടങ്ങിയ ഭാഷകൾ ഒന്നാംഭാഷയായി പഠിക്കുന്ന കുട്ടികൾക്കു മലയാളപഠനത്തിന് അവസരം നൽകണം. ഇതിനാവശ്യമായ പഠനോപാധികൾ വികസിപ്പിക്കേണ്ടതുണ്ട്.

  സ്വയം കഴിവുള്ളവർ എന്ന് അഭിമാനിക്കാൻ കഴിയുംവിധം പ്രവർത്തനങ്ങളിൽ മുന്നിട്ടിറങ്ങാൻ തന്റെ ഭാഷാജ്ഞാനം (മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി, ഇതരഭാഷകൾ) കരുത്തേകണം.

**പഠനസാമഗ്രികൾ**

പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതി നിലവിൽ വന്നിട്ടും പാഠപുസ്തക കേന്ദ്രിതപഠനത്തിൽ നിന്നു മോചനം നേടാൻ പൂർണമായി കഴിഞ്ഞിട്ടില്ല എന്നത് ഒരു പാഠമായി സ്വീകരിക്കണം. പഠനസാമഗ്രികളെ സംബന്ധിച്ച യഥാസ്ഥിതിക നിലപാടുകൾ തുടർന്നുകൂടാ.

പാഠ്യപദ്ധതി വിനിമയത്തിനു സഹായകമായ ഏതു വസ്തുവും സന്ദർഭവും പഠനസാമഗ്രികളായി പരിഗണിക്കണം. അവയിൽ താനുൾപ്പെടുന്ന പ്രദേശത്തെ വിഭവങ്ങൾ (ജലാശയം, കുന്ന്, കൃഷിയിടങ്ങൾ) വിദ്യാലയത്തിനകത്തു തന്നെ ലഭ്യമായ വിഭവങ്ങൾ (ജനാലകളിലെ അഴികളുടെ വിന്യാസം, മൂലകൾ, കോണുകൾ, പാറ്റേണുകൾ, കുടിവെള്ളവിതരണം, സസ്യവൈവിധ്യം മുതലായവ), ആധികാരിക സാമഗ്രികൾ (പത്രം, നോട്ടീസ്, അറിയിപ്പ്, ബോർഡുകൾ, ഫോറങ്ങൾ, നെയിംസ്ലിപ്പുകൾ), ആധികാരികവും ഔപചാരികവുമായ സന്ദർഭങ്ങൾ (ഗ്രാമസഭ, ചന്ത, ഉത്സവങ്ങൾ, സമ്മേളനങ്ങൾ, ദിനാചരണങ്ങൾ), കൂട്ടായ്മയിലൂടെ ക്ലാസിനകത്തുണ്ടാകുന്ന ഉത്പന്നങ്ങൾ (പതിപ്പുകൾ, നിർമിതികൾ, പ്രദർശനസാമഗ്രികൾ, റിപ്പോർട്ടുകൾ, ഡോക്യുമെന്ററികൾ), അധ്യാപകർ മുൻകൂട്ടി തയാറാക്കിയവ (മോഡലുകൾ, ചിത്രക്കാർഡുകൾ, ആൽബം, സി.ഡികൾ, ചാർട്ടുകൾ, ശേഖരങ്ങൾ, സ്പെഷൽപതിപ്പുകൾ, നിർമിതികൾ മുതലായവ), കേന്ദ്രീകൃതമായി തയാറാക്കിയ സാമഗ്രികൾ (പാഠപുസ്തകം, വർക്ക്ഷീറ്റുകൾ, വിലയിരുത്തലിനുള്ള പ്രവർത്തനഷീറ്റുകൾ, പുസ്തകങ്ങൾ) തുടങ്ങിയവയെല്ലാം പഠനസാമഗ്രികളായി കണക്കാക്കണം.

**പഠനാന്തരീക്ഷം**

- കുട്ടിയുടെ പ്രകൃതത്തെ പരിഗണിക്കുന്നത്
- അവകാശങ്ങളെ സംരക്ഷിക്കുന്നത്
- പഠനസമീപനത്തിനു യോജിച്ചത്
- ജനാധിപത്യ-മതേതരമൂല്യങ്ങൾ പരിഗണിച്ചുള്ളത്
- അവസരതുല്യത ഉറപ്പാക്കുന്നത്
- കുട്ടികളെ ആകർഷിക്കുന്നത്
- പുറംവാതിൽ പഠനത്തിനു സാധ്യതയുള്ളത്
- കളിയുപകരണങ്ങൾ ആവശ്യത്തിനുള്ളത്
- പ്രീസ്കൂൾ അനുഭവങ്ങൾക്കു തുടർച്ച ലഭിക്കുന്നത് (ഒന്നാം ക്ലാസ്)

- തമിഴ്, കന്നഡ മേഖലകളിൽ അവരുടെ മാതൃഭാഷ ഉപയോഗിച്ചുള്ള പഠനാന്തരീക്ഷം
- ആദിവാസി മേഖലകളിൽ ഒന്ന്, രണ്ട് ക്ലാസുകളിൽ അവരുടെ പ്രാദേശികഭാഷ ഉപയോഗിക്കുന്നതിനും തുടർന്ന് ഔപചാരിക ഭാഷ ശീലിക്കുന്നതിനും കഴിയുന്ന പഠനാന്തരീക്ഷം
- ഭയരഹിതവും സൗഹൃദപൂർണവുമായ അന്തരീക്ഷം
- പൊതുധാരണയുടെ അടിസ്ഥാനത്തിൽ അധ്യാപകനും കുട്ടികൾക്കും പ്രവർത്തിക്കാനവസരം
- സ്വതന്ത്രമായ ക്ലാസ് പ്രവർത്തനങ്ങൾക്കു വഴങ്ങുന്ന ഇരിപ്പിടസൗകര്യം. വൃത്തിയുള്ള ക്ലാസ്മുറി
- കാറ്റും വെളിച്ചവും ലഭിക്കുന്ന അടച്ചുറപ്പുള്ള ക്ലാസ്മുറി
- ക്ലാസ് ലൈബ്രറി/ ലാബ്/ പരീക്ഷണമൂല/ കളിക്കോപ്പുമൂല സൗകര്യം
- ക്ലാസ് മുറിയിൽ കുടിവെള്ളലഭ്യത
- യഥേഷ്ടം ഉപയോഗിക്കാവുന്ന ബോർഡുകൾ
- ടീച്ചർ ലേണിങ് മെറ്റീരിയൽ (TLM), ഫസ്റ്റ് എയ്ഡ് കിറ്റ്, കളി ഉപകരണങ്ങൾ എന്നിവയുണ്ടാകണം
- വിവരസാങ്കേതികവിദ്യ ക്ലാസ് പ്രവർത്തനത്തിനും നിരന്തരമൂല്യനിർണയം രേഖപ്പെടുത്തുന്നതിനും ക്ലാസ്തല അധ്യാപക-രക്ഷാകർത്തൃ സമിതി (CPTA) യോഗങ്ങളിലും ഉപയോഗപ്പെടുത്തണം
- കുട്ടികളുടെ നിർമിതികൾ, രചനകൾ എന്നിവ പ്രദർശിപ്പിക്കുന്നതിലൂടെ അവരെ പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം

### 6.1.3 സെക്കൻഡറി

സെക്കൻഡറി ഘട്ടത്തിന്റെ പഠനത്തിലൂടെ ഗണിതശാസ്ത്രത്തിന്റെയും ശാസ്ത്രത്തിന്റെയും സാമൂഹികശാസ്ത്രത്തിന്റെയും വിവിധ മേഖലകളിൽ ആഴത്തിലുള്ള അറിവുനേടുകയും ഈ വിഷയങ്ങളുടെ പഠനരീതികൾ സ്വായത്തമാക്കുകയും വേണം. അതോടൊപ്പം നേടുന്ന അറിവുകൾ നിത്യജീവിതത്തിൽ ഉപയോഗിക്കാനും സാമൂഹികജീവിതത്തിന് നേരിട്ട് ഉപകരിക്കുന്ന ഒരു തൊഴിൽ പരിശീലിക്കാനും പര്യാപ്തമാകണം. അഭിരുചി തിരിച്ചറിഞ്ഞ് തുടർപഠനത്തിന് സജ്ജമാകാനും ഈ ഘട്ടം സഹായകമാകണം.

ഐച്ഛികവിഷയത്തിന്റെ തിരഞ്ഞെടുപ്പ് തുടർപഠനത്തിന് വഴികാട്ടുന്നവിധത്തിൽ ആയിരിക്കണം. പ്രോജക്ടുകളായോ അസൈൻമെന്റുകളായോ പഠനം ഏറ്റെടുക്കാം. ആവശ്യമായ മാർഗനിർദേശങ്ങൾ ബന്ധപ്പെട്ട അധ്യാപകർ നൽകുന്നതാണ്. ഹൈസ്കൂളിലെ എല്ലാ അധ്യാപകർക്കും ഇതുമായി ബന്ധപ്പെട്ട ചുമതലകൾ വിഭജിച്ചു നൽകണം.

ഒരു ആഴ്ചയിൽ 25 മണിക്കൂർ പഠനസമയമായിരിക്കും. ഇത് 5 ദിവസങ്ങളിലായി 1 മണിക്കൂർ ദൈർഘ്യമുള്ള 5 പീരിയഡുകൾ എന്ന നിലയിൽ ക്രമീകരിക്കാവുന്നതാണ്. ഒന്നാംഭാഷ, ഇംഗ്ലീഷ്, ഹിന്ദി, കോർ വിഷയങ്ങൾ എന്നിവയുടെ പഠനത്തിനും തൊഴിൽ പരിശീലനം, കായിക, കലാപ്രവർത്തനങ്ങൾ, ലൈബ്രറി - സാഹിത്യപ്രവർത്തനങ്ങൾ എന്നിവയ്ക്കും ഈ സമയം ഉപയോഗിക്കണം.

### 6.1.4 ഹയർ സെക്കൻഡറി

പത്താംക്ലാസിനു തുടർച്ചയായി അക്കാദമിക, തൊഴിൽതലങ്ങളെ കൂട്ടിയോജിപ്പിച്ച് ഒരൊറ്റ

ഘടനയാകും ഹയർ സെക്കൻഡറി പഠനത്തിനുണ്ടാകുക. സെക്കൻഡറി ക്ലാസുകളിൽ തന്നെ തങ്ങളുടെ അഭിരുചിക്കനുസൃതമായി ഓപ്ഷനുകൾ തിരഞ്ഞെടുത്തവരാണ് ഹയർ സെക്കൻഡറിയിൽ വരുന്നത്.

താഴെ പറയുന്നവ മുഖ്യ കോർ വിഷയസമുച്ചയങ്ങളായി പരിഗണിക്കാവുന്നതാണ്:

1. ശാസ്ത്രം - ഗണിതം/ബയോളജി, ഫിസിക്സ്, കെമിസ്ട്രി
2. സാമൂഹികശാസ്ത്രം - ചരിത്രം, രാഷ്ട്രതന്ത്രം/ സോഷ്യോളജി, ഭൂമിശാസ്ത്രം/ സാമ്പത്തികശാസ്ത്രം.
3. വാണിജ്യശാസ്ത്രം - അക്കൗണ്ടൻസി, സാമ്പത്തികശാസ്ത്രം, ബിസിനസ് സ്റ്റഡീസ്
4. സംസ്കാരം-കേരള സംസ്കാരം/ ഭാരതീയസംസ്കാരം, ഒരു ഭാഷ, ഒരു കല
5. തൊഴിൽ വൈദഗ്ധ്യം - തിരഞ്ഞെടുത്ത തൊഴിലിന്റെ തിയറി, പ്രാക്ടിക്കൽ/ മാർക്കറ്റിങ്, കമ്പ്യൂട്ടർ പരിജ്ഞാനം, ജനറൽ ഫൗണ്ടേഷൻ കോഴ്സ്

(ഒരു തൊഴിലിൽ - ഉത്പാദന/സേവന മേഖലയിലെ - വൈദഗ്ധ്യം നേടാൻവേണ്ട പഠന വിഷയമായിരിക്കും ഉണ്ടായിരിക്കുക. പ്രദേശിക പ്രത്യേകതകൾ, പ്രായോഗിക പരിചയത്തിനുള്ള തൊഴിൽസ്ഥാപനലഭ്യത ഇവ പരിഗണിച്ചാവും തൊഴിലുകൾ ഉൾപ്പെടുത്തുക).

ജിയോളജി, സ്റ്റാറ്റിസ്റ്റിക്സ്, ഇസ്ലാമിക് ഹിസ്റ്ററി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ജേണലിസം, സൈക്കോളജി, കമ്പ്യൂട്ടർ സയൻസ് , കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിങ്, കോ-ഓപ്പറേഷൻ, ഗാന്ധിയൻ സ്റ്റഡീസ്, സോഷ്യൽ വർക്ക്, നരവംശശാസ്ത്രം, സോഷ്യോളജി, ഫിലോസഫി, ഹോംസയൻസ്, തൊഴിൽവിദ്യാഭ്യാസം, ഇതര കോർ വിഷയങ്ങൾ, ഭാഷകൾ തുടങ്ങിയവയിൽ ഒന്ന് നാലാമത്തെ വിഷയമായി തിരഞ്ഞെടുക്കാം.

മുകളിൽ കൊടുത്ത വിഷയസമുച്ചയങ്ങളിലെ 3 വിഷയങ്ങൾ നിർബന്ധിതമാണ്. താഴെ ബ്രാക്കറ്റിൽ നൽകിയിട്ടുള്ള വിഷയങ്ങളിൽ നിന്ന് വിഷയസമുച്ചയ വ്യത്യാസമില്ലാതെ ഏതു കുട്ടിക്കും ഒരു വിഷയം (സബ്ജക്റ്റ്) കൂടി സ്വതന്ത്രമായി തിരഞ്ഞെടുക്കാം. ഉദാഹരണമായി, സയൻസ് കോമ്പിനേഷനിലെ കുട്ടിക്ക് കമ്പ്യൂട്ടർ ആപ്ലിക്കേഷനും തൊഴിൽ ഗ്രൂപ്പിലെ കുട്ടിക്ക് സാമ്പത്തികശാസ്ത്രമോ സൈക്കോളജിയോ എന്നിങ്ങനെ ആകെ നാലു വിഷയങ്ങൾ ഓരോ കുട്ടിയും പഠിക്കണം. ഭാഷാവിഷയങ്ങളുടെ പഠനത്തിനു രണ്ടുതലം ഉണ്ടായിരിക്കും. നിർദിഷ്ട കോർ വിഷയങ്ങളുടെ പഠനത്തിനു പൂരകമായ ഭാഷാശേഷി വികസനവും സാഹിത്യം സംസ്കാരം എന്നിവയിൽ ഊന്നിയുള്ള പഠനവും. അഞ്ചു പ്രവൃത്തിദിവസങ്ങളിലായി മുപ്പതു മണിക്കൂർ പഠനപ്രവർത്തനങ്ങൾ നടത്തണം. 6-ാം പ്രവൃത്തിദിവസം അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ സ്വതന്ത്രമായി നടത്തുന്ന പഠനമാണ്. ഇതു സ്കൂളിൽത്തന്നെ ആകണമെന്നില്ല. തൊഴിൽവിഷയങ്ങളിൽ നിന്ന് ഒരു വിഷയമോ സംസ്കാരം ഗ്രൂപ്പിൽ നിന്ന് ചിത്രംവര, സംഗീതം, ഏതെങ്കിലും നൃത്തകലകൾ, ഒരു വാദ്യ ഇനം, കായിക ഇനം എന്നിങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവയുടെ പഠനദിനമാകാമിത്. തന്റെ ബ്ലോക്കിലെ അംഗീകരിക്കപ്പെട്ട ഏതെങ്കിലും തൊഴിൽകേന്ദ്രത്തിലോ പ്രാദേശികഗുരുക്കന്മാരുടെ കീഴിലോ സ്വതന്ത്രമായി പഠിക്കാം. ലൈബ്രറി ഉപയോഗം, അധ്യാപകരുടെ നേതൃത്വത്തിൽ സംഘപഠനത്തിനും സഹവർത്തിത്വപഠനത്തിനുമുള്ള അവസരം, സെമിനാർ, പഠനസന്ദർശനങ്ങൾ എന്നിവയ്ക്കും ഈ ആറാം പ്രവൃത്തിദിനം ഉപയോഗപ്പെടുത്താം. പ്രാദേശിക തൊഴിൽസ്ഥാപനങ്ങളുടെ ലഭ്യതയനുസരിച്ച് ഓരോ സ്കൂളിനും ആറാം പ്രവൃത്തിദിനം വ്യത്യസ്തമായിരിക്കും. രണ്ടു വർഷംകൊണ്ട് ഇതിൽ വൈദഗ്ധ്യം നേടിയെന്ന ഒരു സർട്ടിഫിക്കറ്റും പ്രകടനശേഷിയും ലഭ്യമാക്കുന്നതായിരിക്കും പാഠ്യപദ്ധതി. ഇത് എല്ലാ വിദ്യാർഥികൾക്കും നിർബന്ധിതമാണ്.

സ്കൂളിൽ നിലവിലുള്ള വിഭവലഭ്യത പരിഗണിച്ചുകൊണ്ട് പുതിയ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. കാലക്രമത്തിൽ കൂടുതൽ തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം കുട്ടികൾക്കു നൽകാൻ

കഴിയും. പൊതുവിദ്യാഭ്യാസത്തിന്റെ അന്തസ്സത്ത നിലനിർത്തി പരമാവധി വൈവിധ്യവത്ക്കരിക്കുക എന്ന സമീപനമാണ് ഹയർ സെക്കൻഡറിയിൽ സ്വീകരിക്കേണ്ടത്. ഇക്കാര്യത്തിൽ കൂടുതൽ നിർദേശങ്ങൾ ചർച്ചകളിലൂടെ രൂപീകരിക്കേണ്ടതാണ്.

## 6.2 ഭരണപരമായ നവീകരണം

വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം, രീതി, നിർവഹണം, സമൂഹത്തിലുണ്ടാക്കുന്ന സ്വാധീനം തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ ഗുണനിലവാരം നിർണയിക്കപ്പെടുന്നത്. എന്നാൽ വിദ്യാലയത്തിന്റെ ഗുണനിലവാരം നിർണയിക്കുന്നതിൽ സമൂഹത്തിന്റെ പങ്കാളിത്തം, വിദ്യാഭ്യാസ കാഴ്ചപ്പാട്, പഠനസാമഗ്രികളുടെ ലഭ്യതയും വിനിയോഗവും, ശിശുസൗഹൃദ അന്തരീക്ഷം, അധ്യാപകരുടെ തയാറെടുപ്പ്, പ്രോത്സാഹന സംവിധാനങ്ങളെ ഉപയോഗപ്പെടുത്തൽ, നിരന്തരമായ വിലയിരുത്തലും മെച്ചപ്പെടുത്തലും എന്നിവ പങ്കുവഹിക്കുന്നുണ്ട്. അതതു തലങ്ങളിൽ വിവിധ ഏജൻസികളുടെ സംയോജിച്ചുള്ള പ്രവർത്തനം വഴി മാത്രമേ ഗുണനിലവാരം ഉറപ്പാക്കാൻ കഴിയൂ. അതിനായി വിദ്യാഭ്യാസരംഗത്തു ഭരണപരമായ പരിഷ്കാരങ്ങൾ ആവശ്യമായി വരും.

### 6.2.1 അയൽപക്കവിദ്യാലയം

ഒരു പ്രദേശത്തെ വിദ്യാർ ഥികൾ ഒരുമിച്ച് സമീപസ്ഥ വിദ്യാലയങ്ങളിൽ പഠിക്കുകയും വിദ്യാലയത്തിനു ചുറ്റുമുള്ള സമൂഹം സ്ഥാപനത്തിന്റെ അഭ്യുന്നതിക്കു വേണ്ടി കൂട്ടായി പ്രവർത്തിക്കുകയും ചെയ്യുന്ന അയൽപക്ക വിദ്യാലയങ്ങൾ എന്ന കാഴ്ചപ്പാട് വളർന്നുവരണം. തന്നെയും താനുൾപ്പെടുന്ന സമൂഹത്തെയും കുറിച്ച് തിരിച്ചറിവുണ്ടാകുന്നതിന് വഴിയൊരുക്കുന്ന പാഠ്യപദ്ധതിയിൽ അയൽപക്ക വിദ്യാലയങ്ങൾ വളരെ പ്രസക്തമാണ്. നടന്നെത്താവുന്ന ദൂരത്തിലുള്ള വിദ്യാലയത്തിൽ പഠിക്കുക എന്നതു പഠനത്തെ ക്ലേശരഹിതമായ പ്രവർത്തനമാക്കിമാറ്റും. അയൽപക്ക സ്കൂളുകളിൽ എത്തിച്ചേരുന്നതിന് ആവശ്യമെങ്കിൽ സൗജന്യമായ യാത്രാസൗകര്യം ഒരുക്കണം. വിദ്യാർഥികളെ വലയിട്ടുപിടിക്കുന്ന ഏജൻസികളെ നിയന്ത്രിക്കുകയും ഒരു വിദ്യാലയത്തിൽ ചേർക്കാൻ കഴിയുന്ന കുട്ടികളുടെ പരമാവധി എണ്ണം നിജപ്പെടുത്തുകയും വിദ്യാലയങ്ങൾക്കു പ്രവർത്തനമേഖലാ പരിധി നിർണയിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകേണ്ടിയിരിക്കുന്നു. സെക്കൻഡറി സ്കൂളിൽ നിന്ന് പ്രൈമറി വിഭാഗത്തെ അടർത്തിമാറ്റണം.

### 6.2.2 ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ നേരിടുന്ന കുട്ടികൾ

ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കു സമൂഹത്തിന്റെ പൊതുധാരയിലേക്കു വരാൻ കഴിയത്തക്കവിധം 'ഉൾപ്പെടുത്തിയുള്ള' (ഇൻക്ലൂസീവ്) എഡ്യൂക്കേഷൻ തന്നെയാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. എന്നാൽ ഗുരുതരമായ വൈകല്യമുള്ളവർക്ക് സ്പെഷൽ സ്കൂളുകളിൽ ചേർന്നു പഠിക്കാൻ കൂടുതൽ സൗകര്യം ഒരുക്കണം. ഈ രംഗത്ത് SCERT, S.S.A. വിദ്യാഭ്യാസവകുപ്പ് എന്നിവ സമാന്തരമായി പ്രവർത്തിക്കുന്ന സ്ഥിതി ഒഴിവാക്കണം.

### 6.2.3 പഠനമാധ്യമം

ഏതൊരാൾക്കും അനായാസമായ ആശയസ്വീകരണത്തിനും വിനിമയത്തിനും മാതൃഭാഷയാണ് ഫലപ്രദം. ഈ കാഴ്ചപ്പാടോടെയാണ് 1986 ലെ ദേശീയ വിദ്യാഭ്യാസനയം പ്രൈമറി ഘട്ടം വരെ പ്രാദേശികഭാഷയോ മാതൃഭാഷയോ മാത്രമേ പഠനമാധ്യമമായി സ്വീകരിക്കാവൂ എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത്. എന്നാൽ നയപ്രഖ്യാപനങ്ങൾ വെറും

ജലരേഖകളായി പരിണമിക്കുന്നു. അനിവാര്യമായ സാഹചര്യങ്ങളിലൊഴിച്ച് അന്യഭാഷാമാധ്യമം പ്രോത്സാഹിപ്പിക്കുന്നതു ശരിയല്ല. ആംഗലഭാഷയും ഹിന്ദിയും മറ്റും ഇന്നത്തേക്കാൾ നന്നായി പഠിപ്പിക്കുന്നുവെന്നും പഠിക്കുന്നുവെന്നും ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. പഠനമാധ്യമത്തെ സംബന്ധിച്ച ധാരണാവൈകല്യം തിരുത്തുന്നതിനു നടപടികൾ ഉണ്ടാകണം. ഹയർ സെക്കൻഡറിതലം വരെ പഠനമാധ്യമം കുട്ടിയുടെ ജ്ഞാനാർജനത്തെ ശക്തിപ്പെടുത്താൻ സഹായകമായ രീതിയിൽ വഴക്കമുള്ളതാക്കണം.

### 6.2.4 സ്കൂൾപ്രവേശനം

നമ്മുടെ രാജ്യത്ത് വിവിധ സംസ്ഥാനങ്ങളിൽ ആറു വയസ്സാണ് സ്കൂൾ പ്രവേശന പ്രായം. ലോകത്ത് പലയിടങ്ങളിലും ഇത് ഏഴു വയസ്സാണ്. എന്നാൽ സ്കൂൾ പ്രവേശനത്തിന്റെ പ്രായം അഞ്ചു വയസ്സ് എന്നതിനോടാണ് കേരളീയ സമൂഹത്തിന് പൊതുവിൽ ആഭിമുഖ്യം. കേരള സാഹചര്യത്തിൽ ഈ നില തുടരുകയാണ് നല്ലത്.

### 6.2.5 പഠനസമയം

പാഠ്യപദ്ധതി വിനിമയ സമയം അഞ്ചു മണിക്കൂറായിരിക്കും. തുടർപഠനത്തിനും ആവശ്യമായ സമയം ലഭ്യമാക്കണം. ഫലപ്രദമായ പാഠ്യപദ്ധതി വിനിമയത്തിന് ലൈബ്രറി, ലബോറട്ടറി പ്രവർത്തനങ്ങൾ അനിവാര്യമാണ്. തുടർപഠന പ്രവർത്തനങ്ങൾക്കും കലാപ്രവൃത്തി പരിചയ പഠനത്തിനും തൊഴിൽ പഠനത്തിനും ആവശ്യമായ സമയം ലഭ്യമാക്കേണ്ടതുണ്ട്. സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരും വീട്ടിൽ വേണ്ടത്ര പിന്തുണ ലഭിക്കാത്തവരുമായ കുട്ടികളെക്കൂടെ ഉൾക്കൊള്ളുന്ന വിധത്തിലായിരിക്കണം സ്കൂൾ സംവിധാനം ക്രമീകരിക്കേണ്ടത്. നിലവിലുള്ള നാൽപത്തിയഞ്ചു മിനിറ്റ് പീരിയഡ് എന്നത് ഒരു മണിക്കൂറായി പുനഃക്രമീകരിക്കുകയും വേണം. ഇതിനനുസൃതമായി അധ്യാപകരുടെ പ്രവർത്തന ഭാരം ക്രമീകരിക്കണം. പഠനം എന്നത് സ്കൂളിൽ വച്ച് മാത്രം നടക്കുന്ന പ്രക്രിയയല്ല. അത് രാവിലെ ആരംഭിക്കുന്നതാണ് ഉചിതം. രാവിലെയുള്ള സമയം പഠനത്തിന് ഏറ്റവും ഉചിതമാണെന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു.

> *സ്കൂളിന്റെ വാർഷിക കലണ്ടർ ഇപ്പോൾ സംസ്ഥാനതലത്തിലാണ് നിർണയിക്കപ്പെടുന്നത്. ഇതിനെ പ്രാദേശിക പ്രവർത്തനങ്ങൾക്കും കാലാവസ്ഥാ വ്യത്യാസങ്ങൾക്കും അനുഗുണമായി വികേന്ദ്രീകരിക്കാനുള്ള നിർദേശങ്ങൾ മുൻകാലങ്ങളിലും ഉണ്ടായിട്ടുണ്ട്. അത്തരം വികേന്ദ്രീകൃത ജില്ലാതല കലണ്ടർ ജില്ലാ പഞ്ചായത്തുമായി ചർച്ച ചെയ്തു രൂപപ്പെടുത്താവുന്നതാണ്........................*
>
> *സ്കൂൾ സമയം ഒരു വിശേഷ വിഭവമാണ്. അയവുള്ളരീതിയിൽ അതുപയോഗിക്കണം. സ്കൂൾ പ്രവർത്തന കലണ്ടറും സ്കൂൾ സമയവും പ്രാദേശികമായി നിശ്ചയിക്കാം.*
>
> *വിദ്യാലയപ്രവൃത്തി ദിവസത്തിന്റെ സമയക്രമം സ്കൂൾതലത്തിൽ ഗ്രാമപ്പഞ്ചായത്തുകളുമായി ചർച്ചചെയ്തു നിർണയിക്കാവുന്നതാണ്. അപ്പോൾ സ്കൂളിലെത്താൻ കുട്ടികൾക്ക് എത്ര ദൂരം യാത്ര ചെയ്യേണ്ടിവരുമെന്ന കാര്യംകൂടി പരിഗണിക്കേണ്ടതാണ്. ഈ പരിഗണന വിദ്യാലയത്തിൽ കുട്ടിയുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ വേണ്ടിയാണ്. ഇതു പറയുമ്പോൾ സ്കൂളിൽ ചെലവഴിക്കുന്ന സമയവും പഠനത്തിനുള്ള സമയവും ആറ് മണിക്കൂറിൽ കുറയാൻ പാടില്ല എന്ന കാര്യത്തിൽ ഞങ്ങൾ ഊന്നുന്നു (പ്രീ-പ്രൈമറി ഘട്ടത്തിൽ മൂന്ന് മണിക്കൂർ മതിയാകും). വിദ്യാർത്ഥികളും അധ്യാപകരും വളരെ അകലെനിന്നു വരുന്നവരാണെങ്കിൽ ബസ് സമയം അവർക്കു കൃത്യസമയത്തുതന്നെ സ്കൂളിൽ എത്തിച്ചേരാനും തിരിച്ചുപോകാനും കഴിയും വിധം ക്രമീകരിക്കുക എന്നതു സമൂഹത്തിന്റെ ബാധ്യതയാകണം. അല്ലാതെ പതിവായി അവരെ വൈകി വരാനും നേരത്തെ പോകാനും നിർബന്ധിതരാക്കരുത്.*
>
> *സ്കൂൾദിനം, ആഴ്ച, മാസം, ടേം, വർഷം എന്നിവ ചിട്ടയായും വൈവിധ്യപൂർണമായും ആസൂത്രണം ചെയ്യേണ്ടതാണ്. കാരണം, കുട്ടികൾക്ക് ഇവ രണ്ടിന്റെയും അനുഭവങ്ങൾ ആവശ്യമാണ്. വിദ്യാർഥി സ്കൂളിൽ ചെലവഴിക്കേണ്ട സമയം ഫലപ്രദമായി ആസൂത്രണം ചെയ്യുന്നതിനും സമ്പുഷ്ടമാക്കുന്നതിനും സഹായകമായ ചില സംഘാടന ആശയങ്ങൾ നമുക്കുണ്ട്. അതുപോലെതന്നെ വിദ്യാലയ മാനേജ്മെന്റുമായി ബന്ധപ്പെട്ട ചില കാര്യങ്ങളും.*
>
> *NCF - 2005*

### 6.2.6 ആകർഷകമായ പൊതുവിദ്യാലയങ്ങൾ

പൊതുവിദ്യാലയങ്ങളെ കൂടുതൽ ആകർഷകമാക്കിയാൽ മാത്രമേ ആധുനിക സമൂഹത്തിൽ അവയ്ക്കു പിടിച്ചുനിൽക്കാനാവൂ. പ്രാദേശിക ഗവൺമെന്റുകളുടെയും പ്രദേശത്തെ ജനവിഭാഗങ്ങളുടെയും പിന്തുണയോടെ, ആകർഷകവും പുതിയ പാഠ്യപദ്ധതി വിനിമയത്തിന്

പര്യാപ്തവുമായ വിധത്തിൽ പൊതുവിദ്യാലയങ്ങൾ മാറേണ്ടതുണ്ട്. സ്വകാര്യ മാനേജ്മെന്റും ഇക്കാര്യത്തിൽ അനുകൂലമായ നടപടി കൈക്കൊള്ളണം. പ്രൈമറി സ്കൂളുകളിൽ ക്ലാസ് ലൈബ്രറി, ലബോറട്ടറി ഇവ വേണം. ഹൈസ്കൂൾ, ഹയർ സെക്കൻഡറി എന്നിവിടങ്ങളിൽ സ്കൂൾ ലൈബ്രറി, ലാബ് എന്നിവയും ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്താനുള്ള സൗകര്യങ്ങളും ലഭ്യമാക്കണം.

### 6.2.7 വികേന്ദ്രീകൃതാസൂത്രണവും വിദ്യാഭ്യാസവും

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് വികേന്ദ്രീകരണത്തെ വളരെ ഗൗരവത്തോടെയാണ് കാണുന്നത്. കേരളമൊഴിച്ചുള്ള സംസ്ഥാനങ്ങളിൽ വികേന്ദ്രീകരണം കടലാസിൽ മാത്രമാണെന്ന നിരീക്ഷണവുമുണ്ട്. എന്നാൽ ഇവിടെയും വികേന്ദ്രീകരണത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുള്ള പ്രവർത്തനം വേണ്ടത്ര ഉണ്ടായിട്ടില്ല. വിദ്യാഭ്യാസവകുപ്പും പ്രാദേശിക ഗവൺമെന്റുകളുമായുള്ള സംയോജിത പ്രവർത്തനം ഉണ്ടാകേണ്ടതുണ്ട്. എസ്.എസ്.എ. പോലെയുള്ള സംവിധാനങ്ങളും തദ്ദേശ ഭരണവും വിദ്യാഭ്യാസവകുപ്പും തമ്മിൽ ഏകോപിത പ്രവർത്തനം വേണം. ജില്ലാ വിദ്യാഭ്യാസ സമിതി, പഞ്ചായത്തു വിദ്യാഭ്യാസസമിതികൾ എന്നിവ നിലവിൽ വരണം. ചില വികസനമാതൃകകൾ പ്രാദേശിക ഗവൺമെന്റുകളുടെ മുൻകൈയിൽ ഉണ്ടായിട്ടുള്ളതു പഠനവിധേയമാക്കണം. നിലവിലുള്ള ഉദ്യോഗസ്ഥസംവിധാനം അഴിച്ചുപണിയണം.

കേരള വിദ്യാഭ്യാസനിയമം രൂപംകൊണ്ടിട്ട് അമ്പതു വർഷമാകുന്നു. ക്ലാസ്മുറിയുടെ ഘടന, ഉദ്യോഗസ്ഥ സംവിധാനം, അധ്യാപകനിയമനം, പരീക്ഷാനടത്തിപ്പ്, അധ്യാപക-വിദ്യാർഥി അനുപാതം തുടങ്ങിയവ പുതിയ പാഠ്യപദ്ധതി ചട്ടക്കൂടിന് അനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. അധ്യാപക-വിദ്യാർഥി അനുപാതം പ്രൈമറിയിൽ 1 : 25, സെക്കൻഡറി 1 : 30, ഹയർ സെക്കൻഡറിയിൽ 1 : 40 എന്നു നിജപ്പെടുത്തണം. അധ്യാപകരുടെ യോഗ്യത, നിയമനരീതി ഇവയൊക്കെ കാലോചിതമായ മാറ്റത്തിനു വിധേയമാക്കണം.

- പ്രീ-സ്കൂൾ മുതൽ പന്ത്രണ്ടാം ക്ലാസ്‌വരെ സമഗ്രമായി കാണുന്ന പാഠ്യപദ്ധതിയും അതിനു സഹായകമായ ഭരണസംവിധാനവും വിഭാവന ചെയ്യേണ്ടതുണ്ട്.
- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ വേണ്ടി അഡീഷണൽ ഡയറക്ടർമാരുണ്ടാകണം. (പ്രൈമറി & പ്രീ-സ്കൂൾ, സെക്കൻഡറി, ഹയർ സെക്കണ്ടറി, പരീക്ഷ).
- തദ്ദേശസ്വയംഭരണ സംവിധാനങ്ങളുടെ പൊതുഘടനയ്ക്ക് അനുപൂരകമായി വിദ്യാഭ്യാസ സംവിധാനങ്ങൾ പുനഃക്രമീകരിക്കണം. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്കു പ്രത്യേക ഉദ്യോഗസ്ഥർ ഉണ്ടാകണം. ഇവർ പന്ത്രണ്ടാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിന്റെ നേതൃത്വം വഹിക്കുകയും കോർപ്പറേഷൻ, മുനിസിപ്പൽ സമിതിയുടെ വിദ്യാഭ്യാസ കൺവീനർമാരായി പ്രവർത്തിക്കുകയും വേണം. പ്രവർത്തനസൗകര്യത്തിനായി ബ്ലോക്ക് വിദ്യാഭ്യാസ ഓഫീസർമാർ ബ്ലോക്ക് പരിധിയിലുള്ള എല്ലാ വിദ്യാലയങ്ങളുടെയും മേൽനോട്ടച്ചുമതല വഹിക്കണം.
- ഗ്രാമപ്പഞ്ചായത്തുതലത്തിൽ വിദ്യാഭ്യാസ ഓഫീസർമാർ ഉണ്ടാകണം. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി കൺവീനർമാരായി ഇവർ പ്രവർത്തിക്കണം.

- സംസ്ഥാനത്തിന്റെ അക്കാദമികനേതൃത്വം എസ്.സി.ഇ.ആർ.ടിക്ക് ആയിരിക്കും. SIET, SIEMAT, IT@School എന്നിവ എസ്.സി.ഇ.ആർ.ടിയുടെ ഉപഘടകങ്ങളായി പ്രവർത്തിക്കണം.
- സംസ്ഥാനത്തെ മുഴുവൻ അക്കാദമിക പ്രവർത്തനങ്ങളുടെയും സിരാകേന്ദ്രമായി പ്രവർത്തിക്കേണ്ട എസ്.സി.ഇ.ആർ.ടിയുടെ ഫാക്കൽറ്റി ഘടനയും ചുമതലകളും പുന:ക്രമീകരിക്കേണ്ടതുണ്ട്. പരിമിത സ്വയംഭരണാധികാരത്തോടുകൂടി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ B.Ed. വരെയുള്ള അധ്യാപക വിദ്യാഭ്യാസത്തിന്റെ പുന:പരിശോധനാ ചുമതല കൂടി ഏൽപ്പിക്കണം. സ്കൂൾ വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങൾക്കനുസരിച്ച് അധ്യാപക പരിശീലനം ചിട്ടപ്പെടുത്താൻ ഇതാവശ്യമാണ്. വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഇന്നുള്ളതിനെക്കാൾ പ്രാധാന്യം ലഭിക്കുകയും വേണം.
- ജില്ലകളിൽ ഡയറ്റുകളായിരിക്കണം കേന്ദ്ര അക്കാദമിക സ്ഥാപനം. അതിനായി ഡയറ്റുകളുടെ ഘടനയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. മാറിയ സാഹചര്യത്തിൽ പ്രീ-സ്കൂൾ മുതൽ ഹയർസെക്കൻഡറിവരെയുള്ള വിദ്യാഭ്യാസപ്രവർത്തന ങ്ങളുടെ അക്കാദമിക നേതൃത്വം ഏറ്റെടുക്കാൻ കഴിയത്തക്ക വിധത്തിൽ ജില്ലാതല പരിശീലന കേന്ദ്രങ്ങൾ മാറണം. പ്രീ-സ്കൂൾ, ഹയർ സെക്കൻഡറി എന്നിവ കൂടി മുന്നിൽക്കണ്ട് ആവശ്യമായ പുതിയ ഫാക്കൽറ്റികൾ അനുവദിക്കണം. പ്രാദേശിക പ്രസക്തമായ കരിക്കുലം സാമഗ്രികൾ, പഠനസാമഗ്രികൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള അക്കാദമിക സ്വാതന്ത്ര്യം നൽകണം. എങ്കിൽ മാത്രമേ പ്രവർത്തനം സുഗമമായി മുന്നോട്ടു കൊണ്ടുപോകാനാവൂ. ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ടാണ് ഇതു പ്രവർത്തിക്കേണ്ടത്. എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക പിന്തുണ വേണം.
- ബ്ലോക്ക് തലത്തിൽ പുതിയ സാഹചര്യത്തിനനുസരിച്ച് പുനഃക്രമീകരിച്ച ബി.ആർ.സികളും പഞ്ചായത്തുതലത്തിൽ സി.ആർ.സികളും പ്രവർത്തിക്കണം.

### 6.2.9 വിദ്യാലയവും പ്രാദേശികസമൂഹവും

വിദ്യാലയത്തോടു ബന്ധപ്പെട്ട പി.ടി.എ. മാത്രമേ ഇപ്പോൾ നിയമവിധേയമായിട്ടുള്ളു. സ്കൂൾ വികസന സമിതി, സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് എന്നിവ ഇപ്പോൾ സജീവമായി വരുകയാണ്. അയൽപക്ക വിദ്യാലയം യാഥാർഥ്യമാകണമെങ്കിൽ ഇവയ്ക്കു നിയമപരിരക്ഷ ലഭിക്കണം. വിദ്യാലയത്തെ തദ്ദേശ സ്വയംഭരണസ്ഥാപനവുമായി ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണിയാണ് വാർഡ് പ്രതിനിധി ചെയർമാനായ സ്കൂൾ വികസനസമിതി.

### 6.2.10 വിദ്യാർഥികളും ജനാധിപത്യപരിശീലനവും

വിദ്യാർഥികളുടെ ജനാധിപത്യവേദികൾ പൊതുവെ സ്കൂളുകളിൽ ദുർബലമാണ്. പ്രൈമറി സ്കൂളുകളിൽ ബാലസഭ എന്ന പേരിലും ഹൈസ്കൂളുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലും സ്കൂൾ പാർലമെന്റ് എന്ന പേരിലും ഇവ സജീവമായി പ്രവർത്തിക്കാൻ അവസരം ഒരുക്കണം. സ്കൂൾ പ്രവർത്തനങ്ങളുടെ മോണിറ്ററിങ്ങിൽ പാർലമെന്റ് പ്രവർത്തനം കൂടി പരിശോധിക്കപ്പെടാവുന്നതാണ്. ഒരു ക്ലാസ്/ സ്കൂൾ ലീഡറെ കേന്ദ്രീകരിച്ചായിരിക്കരുത് ഇത്തരം സംവിധാനങ്ങൾ. സംഘനേതൃത്വത്തെ അംഗീകരിക്കുന്ന വിധത്തിൽ ക്ലാസ് മന്ത്രിസഭ രൂപീകരിക്കുന്ന രീതി അഭികാമ്യമായിരിക്കും.

### 6.2.11 ഉച്ചഭക്ഷണം

വിദ്യാലയ ഉച്ചഭക്ഷണ പരിപാടി സെക്കൻഡറി ഘട്ടത്തിലേക്കുകൂടി വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നുവരുന്നു. ആവശ്യമായ എല്ലാ കുട്ടികൾക്കും ഭക്ഷണം ലഭിക്കണം.

പോഷകസമൃദ്ധവും വൈവിധ്യമുള്ളതുമായ ഭക്ഷണം നൽകേണ്ടതുണ്ട്. എല്ലാ കുട്ടികൾക്കും ഒരുമിച്ചിരുന്നു കഴിക്കാൻ കഴിയുന്ന തരത്തിലുള്ള ഡൈനിങ് ഹാളുകളും ഉണ്ടാകേണ്ടതാവശ്യമാണ്. വിദ്യാലയത്തിൽനിന്നു തന്നെ അധ്യാപകരും വിദ്യാർഥികളും ഒരുമിച്ചിരുന്നു ഭക്ഷിക്കുകയും പണം നൽകാൻ കഴിയുന്നവർ അതു നൽകുകയും ചെയ്യുന്ന രീതിയും ആലോചിക്കാവുന്നതാണ്.

### 6.2.12 മേളകൾ

സെക്കൻഡറി, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, ടെക്നിക്കൽ സ്കൂൾ എന്നീ മേഖലകളിലെ വിവിധതരം മേളകളുടെ ആധിക്യം ഒഴിവാക്കേണ്ടതുണ്ട്. ഇതിനു പകരം എല്ലാ വിഭാഗങ്ങളുടെയും മേളകൾ സംയോജിപ്പിച്ചു നടത്താവുന്നതാണ്. മാത്രമല്ല, എൽ.പി. വിഭാഗം പഞ്ചായത്തുതലത്തിലും അപ്പർ പ്രൈമറി വിഭാഗത്തിന്റെ മത്സരങ്ങൾ ബ്ലോക്ക് തലത്തിലും മറ്റുള്ളവ റവന്യൂ ജില്ലാ തലത്തിലുമായി അവസാനിപ്പിക്കുകയും ചെയ്യാം. ഇവ കഴിയുമെങ്കിൽ അവധിക്കാലത്തായിരിക്കണം നടത്തേണ്ടത്. കലാ-കായികപ്രവൃത്തി പരിചയം, ശാസ്ത്രം, സാമൂഹികശാസ്ത്രം, സാഹിത്യം തുടങ്ങിയവ പാഠ്യപദ്ധതിയുടെ ഭാഗമാണ്. അതിനാൽ പഠനവുമായി ബന്ധപ്പെട്ടാണ് മേളകൾ നടത്തേണ്ടത്. മത്സരവേദികളായി ഇവ മാറുന്നത് ആരോഗ്യകരമല്ല. പരിശീലനത്തിനും പങ്കുവയ്ക്കലിനുമാണ് പ്രാധാന്യം നൽകേണ്ടത്.

### 6.2.13 പരീക്ഷകൾ

മാറിയ പാഠ്യപദ്ധതിക്കനുസരിച്ചുള്ള പരീക്ഷാനടത്തിപ്പ് സംവിധാനങ്ങൾ ഇനിയും ഉണ്ടായിട്ടില്ല. സംസ്ഥാനതലം മുതൽ പ്രാദേശികതലം വരെ പ്രദേശികമായി രൂപപ്പെടുത്തിയ മൂല്യനിർണയോപാധികളാണ് ഉപയോഗപ്പെടുത്തേണ്ടത്. ജില്ലാതലം വരെ അതിനു ചുമതലക്കാരുണ്ടാവണം. കുട്ടികൾക്കു ഫീഡ്ബാക്ക് ലഭിക്കുംവിധം സങ്കീർണമല്ലാത്ത രേഖപ്പെടുത്തൽരീതിയും നടപ്പിലാക്കണം. ജനങ്ങൾക്കു പുതിയ മൂല്യനിർണയ രീതിയെ സംബന്ധിച്ച് അവബോധം ഉണ്ടാകുന്നതിനുള്ള പ്രവർത്തനങ്ങളും സമാന്തരമായി നടത്തണം. രക്ഷാകർത്തൃ വിദ്യാഭ്യാസം ഒരു സ്ഥിരം സംവിധാനമാകണം. ഇന്നു വിവിധ ബോർഡുകൾ നടത്തുന്ന പൊതു പരീക്ഷകൾ ഒരു ഏകീകൃതബോർഡിന്റെ ചുമതലയിലേക്കു കൊണ്ടുവരണം. ഈ ബോർഡിനു കീഴിൽ എല്ലാ വിഷയങ്ങളുടെയും ഫാക്കൽറ്റികൾ ഉണ്ടാകേണ്ടതാണ്. നിരന്തരമൂല്യനിർണയത്തിന് ഊന്നൽ നൽകുന്ന സംവിധാനത്തിൽ ഒന്നോ രണ്ടോ പൊതുപരീക്ഷകൾക്കേ സാധ്യതയുള്ളു (X, XII).

### 6.2.14 മോണിറ്ററിങ്

ദിശാഗതി നിയന്ത്രണമാണ് യഥാർഥ മോണിറ്ററിങ്. പദ്ധതിനിർവഹണത്തിന്റെ ആരംഭഘട്ടം മുതൽ അവസാനഘട്ടം വരെ തുടരേണ്ട ഒരു പ്രക്രിയയാണ് മോണിറ്ററിങ്. സ്കൂൾതല മോണിറ്ററിങ് ചുമതല ഹെഡ്മാസ്റ്ററിൽ നിക്ഷിപ്തമാണ്. ഹെഡ്മാസ്ററർമാരെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുമാത്രമേ താഴെത്തട്ടിലുള്ള മോണിറ്ററിങ് ശക്തിപ്പെടുത്താൻ കഴിയൂ. സി.ആർ.സികൾ, പഞ്ചായത്ത് വിദ്യാഭ്യാസ ഓഫീസർ, ബി.ആർ.സി.കൾ, വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥന്മാർ, പഞ്ചായത്ത് ചുമതലക്കാർ, എ.ഇ.ഒ മാർ, ഡി.ഇ.ഒ മാർ, ഡയറ്റ് ഫാക്കൽറ്റിയംഗങ്ങൾ, ഡി.ഡി.ഇമാർ ഇവരെല്ലാം അതതു ഘട്ടങ്ങളിൽ മോണിറ്ററിങ് നടത്തേണ്ടതാണ്. പ്രതിമാസം മോണിറ്ററിങ് റിപ്പോർട്ടുകൾ അതതു തലങ്ങളിൽ വിശകലനം ചെയ്യണം. അധ്യാപക സൗഹൃദപരമായിരിക്കണം മോണിറ്ററിങ്.

### 6.2.15 അധ്യാപകവിദ്യാഭ്യാസം

സ്കൂൾ പാഠ്യപദ്ധതിയുടെ സമഗ്ര പരിഷ്കരണം നടക്കുന്ന പശ്ചാത്തലത്തിൽ ഗുണമേൻമ ഉയർത്തുന്നതിനുള്ള ശ്രമങ്ങളിലെ മുഖ്യഘടകം അധ്യാപക വിദ്യാഭ്യാസത്തിന്റെ സമൂല പരിഷ്കരണമാണ്. സ്കൂൾ വിദ്യാഭ്യാസവ്യവസ്ഥയുടെ മാറിവരുന്ന ആവശ്യങ്ങളോടു സംവേദനക്ഷമമാകണം അധ്യാപകവിദ്യാഭ്യാസം.

സേവനപൂർവ അധ്യാപകവിദ്യാഭ്യാസവും സേവനകാലപരിശീലനവും സമഗ്രമായി കണ്ടു നവീകരിക്കണം. അധ്യാപകന്റെ പങ്കിലാണ് കാതലായ മാറ്റം ആവശ്യമായിവരുന്നത്. നാളത്തെ അധ്യാപകൻ എല്ലാ അറിവിന്റെയും കേന്ദ്രമല്ല. വിവരം വിജ്ഞാനമാക്കി രൂപാന്തരപ്പെടുത്താൻ കുട്ടികൾക്ക് ഒരു പ്രചോദകനും വഴികാട്ടിയുമാണയാൾ. ബഹുവിധങ്ങളായ അനുഭവങ്ങളിലൂടെ പഠനപ്രക്രിയ ശക്തിപ്പെടുത്തുന്ന പഠിതാക്കളെ അവരുടെ വിദ്യാഭ്യാസലക്ഷ്യങ്ങൾ കൈവരിക്കാൻ തുടർച്ചയായി പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു താങ്ങാണയാൾ. ഇതിനനുസൃതമായി അധ്യാപകവിദ്യാഭ്യാസത്തിൽ മാറ്റം വരണം.

- അറിവുകളുടെ നിർമാതാവാണ് പഠിതാവ് എന്ന ആശയം അധ്യാപക വിദ്യാഭ്യാസത്തിൽ ഇനിയും സ്വാംശീകരിക്കപ്പെട്ടിട്ടില്ല. അറിവിന്റെ അനുസരണയുള്ള സ്വീകർത്താവ് എന്ന സ്ഥിതിയിലാണ് അധ്യാപകവിദ്യാർഥി ഇപ്പോഴും തുടരുന്നത്. എങ്ങനെ പഠിപ്പിക്കണം, കുട്ടിയുടെ പ്രകൃതം എങ്ങനെ പരിഗണിക്കണം തുടങ്ങിയവയൊക്കെ സംബന്ധിച്ച് നെടുനീളൻ പ്രസംഗങ്ങൾ നിരന്തരം കേൾക്കാനാണ് അധ്യാപക വിദ്യാർഥിയുടെ വിധി. പരീക്ഷിച്ചും നിരീക്ഷിച്ചുമുള്ള പഠനബോധനശാസ്ത്രം (experimental pedagogy) ആദ്യം സാധ്യമാക്കേണ്ടത് അധ്യാപകവിദ്യാഭ്യാസത്തിലാണ്.
- സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിനു പിറകേ സഞ്ചരിക്കുന്ന ഒന്നാണ് അധ്യാപക വിദ്യാഭ്യാസ പരിഷ്കരണം എന്നതാണ് ഇന്നത്തെ സ്ഥിതി. ആധുനിക പ്രവണതകളെല്ലാം വിമർശനാത്മകമായി ആദ്യം ഉൾച്ചേർക്കേണ്ട മേഖലയാകണം അധ്യാപക വിദ്യാഭ്യാസം. അധ്യാപക വിദ്യാഭ്യാസത്തിലൂടെ ആധുനിക പ്രവണതകളെ ഭാവി അധ്യാപകർക്കു വിമർശനപരമായി പരിചയപ്പെടുത്താൻ ശ്രമിച്ചതിനുശേഷം വേണം സ്കൂളുകളിൽ അതു പ്രയോഗവത്കരിക്കാൻ. അധ്യാപക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഏറ്റവും ചലനാത്മക കേന്ദ്രങ്ങളായി സ്വയം മാറേണ്ടതുണ്ട്. സ്കൂൾ പാഠ്യപദ്ധതിയുമായുള്ള നാഭീനാള ബന്ധം ഉറപ്പിക്കുന്നതിന്, ഉന്നതവിദ്യാഭ്യാസ തലങ്ങളിലെ അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതികൾ വികസിപ്പിക്കുന്നതിൽ എസ്.സി.ഇ.ആർ.ടിയുടെ പങ്കാളിത്തം ഉറപ്പാക്കണം.
- ബോധനശാസ്ത്രത്തിൽ പുതിയ അറിവുകൾ നിർമിക്കുന്നതിനുള്ള പരീക്ഷണ പ്രവർത്തനങ്ങൾക്കു പ്രാമുഖ്യം നൽകുന്നതായിരിക്കണം അധ്യാപക വിദ്യാഭ്യാസ പരിപാടികളിലെ ബോധനരീതി. നിരന്തരം പുത്തൻ അറിവുകൾ സൃഷ്ടിക്കുകയും അതുവഴി സ്വയം നവീകരിക്കപ്പെടുകയും ചെയ്തുകൊണ്ടുമാത്രമേ ഈ രംഗത്ത് ഇനിയും ശക്തിപ്രാപിക്കാത്ത പ്രൊഫഷനലിസം വികസിപ്പിക്കാൻ കഴിയുകയുള്ളു.
- അധ്യാപകവിദ്യാഭ്യാസ പരിപാടിയിൽ ക്ലാസ്മുറികളിലെ ജനാധിപത്യം വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ്. ഇന്റേണൽ അസസ്മെന്റ് എന്ന സങ്കേതം ഉപയോഗിച്ച് പഠിതാക്കളുടെ സർഗാത്മകതയെയും സ്വാതന്ത്ര്യത്തെയും തടയുകയും അവരെ ആജ്ഞാനുവർത്തികളാക്കുകയും ചെയ്യുന്ന ദുഷ്പ്രവണതയാണ് ഇന്നു മിക്കയിടത്തും കാണുന്നത്. തങ്ങൾ കടന്നുപോകുന്ന വിദ്യാഭ്യാസ പ്രക്രിയയെത്തന്നെ വിമർശനാത്മകമായി വിലയിരുത്താനും അങ്ങനെ അവയെ മെച്ചപ്പെടുത്താനുമുള്ള അവസരങ്ങൾ അധ്യാ

പക വിദ്യാർഥിക്കു ലഭ്യമാകണം. പഠിതാക്കൾക്കു പരിശീലകരെ വിലയിരുത്താനും പ്രാക്ടീസ് ടീച്ചിങ് സമയത്ത് അധ്യാപക വിദ്യാർഥിയെ സ്കൂൾ കുട്ടികൾക്കു വിലയിരുത്താനുമുള്ള അവസരങ്ങൾ തികച്ചും സ്വാഭാവികമായും ജനാധിപത്യപരമായും ഉൾച്ചേർക്കേണ്ടതുണ്ട്.

സുതാര്യതയും ജനാധിപത്യരീതിയും വികസിപ്പിക്കേണ്ട മറ്റൊരു പ്രധാന മേഖലയാണ് അധ്യാപക വിദ്യാഭ്യാസത്തിലെ മൂല്യനിർണയം. ആന്തരിക മൂല്യനിർണയരീതികളോടു ജനാധിപത്യപരമായി പ്രതികരിക്കുവാനും ആവശ്യമായ വിശദീകരണങ്ങൾ ലഭിക്കാനുമുള്ള അവകാശം അധ്യാപക വിദ്യാർഥിക്കുണ്ടാവണം. പ്രായോഗിക പരീക്ഷയ്ക്കു നിയോഗിക്കപ്പെടുന്ന പരീക്ഷാബോർഡിന് സ്ഥാപനത്തിലെ മൊത്തം പരിപാടികളെയും പരിശീലകരെയും വിലയിരുത്തുന്നതിനുള്ള അവസരം ലഭ്യമാകണം. എല്ലാ വിലയിരുത്തലുകളും സുതാര്യവും ജനാധിപത്യപരവും ആയിരിക്കണമെന്നതിനു രണ്ടുപക്ഷമില്ല. ഈ രംഗത്തു നൂതന സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനു മികച്ച സ്ഥാപനങ്ങൾക്കു സ്വാതന്ത്ര്യം നൽകാവുന്നതാണ്. അധ്യാപക വിദ്യാർഥികളുടെ സ്വയം വിലയിരുത്തൽ, സഹപാഠികളുടെ വിലയിരുത്തൽ, അധ്യാപക പരിശീലകന്റെ വിലയിരുത്തൽ എന്നീ ഘടകങ്ങൾ ജൈവപരമായി ഉൾച്ചേർത്തുകൊണ്ട് പുതിയ മൂല്യനിർണയരീതികൾ വികസിപ്പിക്കണം.

വിവരസാങ്കേതികവിദ്യയുടെ വിസ്മയകരമായ വളർച്ചമൂലം വിദ്യാഭ്യാസപ്രക്രിയയിൽ പൊതുവേയും അധ്യാപക വിദ്യാഭ്യാസത്തിൽ പ്രത്യേകിച്ചും അതു വളരെയേറെ പ്രസക്തമായിക്കഴിഞ്ഞു. അധ്യാപക വിദ്യാഭ്യാസത്തിൽ വിവരസാങ്കേതിക വിദ്യയുടെ ഇന്നത്തെ ഉപയോഗം ഒരുതരം അനുപൂരണ (supplementary) സ്വഭാവത്തിലുള്ളതാണ്. ഉദാഹരണത്തിന്, പുസ്തകത്തിൽ നിന്നു വായിക്കുന്നതിനുപകരം കംപ്യൂട്ടർ സ്ക്രീനിൽ നിന്നു വായിച്ചെടുക്കുക. ഇത് ഐ.ടി യുടെ ഉപയോഗം അനിവാര്യമാക്കുന്നില്ല. ഇതിനുപകരം കമ്പ്യൂട്ടർ ഉപയോഗം പൂരക (complementary) സ്വഭാവത്തിലുള്ളതാകണം. പഠനപ്രക്രിയയുടെ ഒരു ഘട്ടമെത്തുമ്പോൾ ഐ.ടിയെ സജീവമായി ഉപയോഗിക്കാതെ മുന്നോട്ടു പോകാൻ കഴിയാത്തവിധം അന്വേഷണ പ്രക്രിയകൾ ക്രമപ്പെടുത്തണം. ഇത്തരം പ്രക്രിയകൾ വികസിപ്പിച്ചെടുക്കാൻ കഴിയും വിധം എല്ലാ അധ്യാപക പരിശീലകർക്കും ICT യുടെ പ്രയോഗം സംബന്ധിച്ച് ആഴത്തിലുള്ള പരിശീലനം അനിവാര്യമാണ്.

അധ്യാപകപരിശീലന പരിപാടിയിലേക്കു തിരഞ്ഞെടുക്കപ്പെടുന്നതിലൂടെ സ്വയം പഠനത്തിന്റെയും സ്വയം നവീകരണത്തിന്റേതുമായ ഒരു പ്രൊഫഷണൽ ലോകത്തേക്ക് അധ്യാപകവിദ്യാർഥി കാലെടുത്തു വയ്ക്കുകയാണ്. അതുകൊണ്ടുതന്നെ ഈ തിരഞ്ഞെടുപ്പ് കഴിവിന്റെയും അഭിരുചിയുടെയും അടിസ്ഥാനത്തിലാകണം.

ഭൂരിഭാഗം അധ്യാപകപരിശീലന പരിപാടികളുടെയും പാഠ്യപദ്ധതികൾ സമീപകാലത്തു പരിഷ്കരിച്ചതാണെങ്കിലും മേൽപ്പറഞ്ഞ ആശയങ്ങളുടെയും ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെയും പശ്ചാത്തലത്തിൽ കൂട്ടിച്ചേർക്കലുകൾ അനിവാര്യമായിരിക്കുകയാണ്.

### 6.2.16 സേവനകാല വിദ്യാഭ്യാസത്തിന്റെ നവീകരണം

കാലാനുസൃതമായ മാറ്റങ്ങൾ ക്ലാസ്മുറികളിൽ പ്രയോഗിക്കപ്പെടേണ്ടതിന്റെ സ്രോതസ്സാകേണ്ടത് അധ്യാപകർക്കു നൽകുന്ന സേവനകാല വിദ്യാഭ്യാസമാണ്. അധ്യാപനത്തിൽ നിലനിർത്തേണ്ട ഗവേഷണതത്പരത, സാങ്കേതികമികവ്, തൊഴിൽപരമായ നവീകരണം എന്നിവയ്ക്കു മാർഗനിർദേശം നൽകേണ്ടതു സേവനകാല വിദ്യാഭ്യാസമാണ്.

സേവനകാല വിദ്യാഭ്യാസ പരിപാടികൾ നടപ്പാക്കുന്നതിന് കേരളത്തിൽ വിവിധ ഏജൻസികൾ നിലവിലുണ്ട്. ഓരോ വർഷവും നിരവധി ദിനങ്ങൾ പരിശീലനത്തിനായി മാറ്റിവയ്ക്കുന്നുമുണ്ട്. എന്നാൽ ഈ രംഗത്ത് അശാസ്ത്രീയതകളും ആശയക്കുഴപ്പങ്ങളുമാണ് നിലനിൽക്കുന്നത്. വിവിധ ഏജൻസികൾ തമ്മിൽ പരിശീലന പരിപാടികൾ ഏകോപിപ്പിക്കുന്നതിലും മോണിറ്റർ ചെയ്യുന്നതിലും തുടർപരിപാടികൾ ആവിഷ്കരിക്കുന്നതിലും യാതൊരുവിധ ഏകോപനവും ഇന്നില്ല. സേവനകാല അധ്യാപകപരിപാടിയുടെ ഗുണനിലവാരം അളക്കാനുള്ള പ്രധാന സൂചകം അധ്യാപകരുടെ ആവശ്യത്തിനു യോജിച്ചതാണോ പരിശീലനം എന്നതാണ്. ആവശ്യകത നിശ്ചയിക്കുന്നതിന് ശാസ്ത്രീയപഠനങ്ങൾ തുലോം കുറവാണ്.

നിരവധി ദിവസം തുടർച്ചയായി പരിശീലനത്തിനായി സ്കൂളിൽ നിന്ന് അധ്യാപകർ വിട്ടുനിൽക്കുന്നതു വിദ്യാലയങ്ങളിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എല്ലാ വർഷവും വേനൽ അവധിക്കാലത്ത് ഒരു ഘട്ടം പരിശീലനം നൽകാവുന്നതാണ്. നിശ്ചിതകാലസേവനം പൂർത്തിയാക്കിക്കഴിഞ്ഞാൽ ഒരു മാസം നീണ്ടുനിൽക്കുന്ന ഒരു പരിശീലനപരിപാടിയിലൂടെ എല്ലാ അധ്യാപകരും കടന്നുപോകേണ്ടതാണ്.

ദൈർഘ്യമുള്ള സേവനകാല പരിശീലനങ്ങൾ നടപ്പാക്കാൻ വിദൂര വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തണം. ഇത്തരം കോഴ്സുകളിൽ ചേരാനുള്ള എല്ലാവിധ പ്രോത്സാഹനവും അധ്യാപകർക്കു നൽകണം. പരിശീലനപരിപാടികളുടെ മോണിറ്ററിങ്ങും തുടർപരിപാടികളും ഫലപ്രദമാക്കുന്നതിന് വിദൂര വിദ്യാഭ്യാസ ഉപാധികൾ ഉപയോഗപ്രദമാക്കാം.

സേവനകാല പരിശീലന പരിപാടിയിൽ നിന്ന് ടീച്ചർ എജ്യൂക്കേറ്റർമാരും സ്ഥാപനങ്ങളും ഒറ്റപ്പെട്ടു നിൽക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളും ടീച്ചർ എജ്യൂക്കേറ്റർമാരും സേവനകാല പരിശീലനത്തിൽ സജീവമായി പങ്കെടുക്കാനുള്ള അവസരങ്ങൾ ലഭ്യമാക്കണം.

വിവിധ ഏജൻസികളുടെ ഏകോപനത്തിലൂടെ സേവനകാല പരിശീലനത്തിന് ഒരു വാർഷിക കലണ്ടർ തയാറാക്കേണ്ടതാണ്.

പരിശീലകരുടെ തിരഞ്ഞെടുപ്പ്, പരിശീലനകാലയളവ്, മോണിറ്ററിങ്, തുടർപ്രവർത്തനങ്ങൾ എന്നിവ തുടർച്ചയായി വിലയിരുത്താനും മെച്ചപ്പെടുത്താനും കഴിയണം. പരിശീലകരുടെ ക്ലാസ്റൂം അനുഭവം ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങളും വികസിപ്പിക്കണം.

സേവനകാല വിദ്യാഭ്യാസത്തോടൊപ്പം ഉപരിയോഗ്യതകൾ നേടുന്നതിനുള്ള സൗകര്യങ്ങളും അതുമായി ബന്ധപ്പെട്ട മെച്ചപ്പെട്ട സേവനവ്യവസ്ഥകളും ഉറപ്പാക്കണം.

സേവനപൂർവ അധ്യാപക വിദ്യാഭ്യാസം ലഭിക്കാത്ത ഏതാനും അധ്യാപകർ പ്രൈമറിതലത്തിൽ ഇന്നു സേവനരംഗത്തുണ്ട്. ഹിന്ദി, സംസ്കൃതം, ഉറുദു, അറബി എന്നീ ഭാഷാധ്യാപകരാണ് ഈ വിഭാഗത്തിലുള്ളത്. നിലവിൽ സേവനത്തിലുള്ളവർക്കു സമഗ്രമായ സേവനകാല വിദ്യാഭ്യാസം നൽകണം. ഇപ്പോൾ ഡി.പി.ഐയുടെ കീഴിൽ മേൽഭാഷകൾക്കു നടത്തിവരുന്ന അധ്യാപകപരീക്ഷകൾക്കു പകരം ടി.ടി.സി. മാതൃകയിൽ രണ്ടുവർഷത്തെ അധ്യാപക വിദ്യാഭ്യാസകോഴ്സുകൾ നടപ്പാക്കണം. അംഗീകൃത സ്ഥാപനങ്ങളിൽ നടത്തുന്ന ശിക്ഷാവിശാരദ്, ശിക്ഷാ ശാസ്ത്രി എന്നീ കോഴ്സുകളുടെ പാഠ്യപദ്ധതി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതിയുമായി യോജിക്കുന്നവിധം പുനരാവിഷ്കരിക്കണം. ഇതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കേണ്ടതാണ്.

⌖ ⌖ ⌖ ⌖

## അനുബന്ധം

### പാഠ്യപദ്ധതിരൂപീകരണ പ്രക്രിയ

ജനാധിപത്യപരമായ രീതിയിലാണ് പാഠ്യപദ്ധതി രൂപീകരണപ്രക്രിയ വിഭാവന ചെയ്യുന്നത്. കേരളത്തിന്റെ ഭാവിവികസനവുമായി ബന്ധിപ്പിച്ചുകൊണ്ട് അതിബൃഹത്തായ പ്രവർത്തനപരിപാടികൾ ഇതിനോടകം ആസൂത്രണം ചെയ്യപ്പെട്ടു. സാമൂഹികപ്രവർത്തകർ, വിദ്യാഭ്യാസവിദഗ്ധർ, അധ്യാപകർ, ജനപ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവർ ഭാഗഭാക്കായ ഈ പ്രവർത്തനത്തിൽ നിരന്തരം ആശയങ്ങൾ കൂട്ടിച്ചേർക്കുന്നതിന് അവസരമുണ്ടായിരുന്നു. ഇന്റർനെറ്റിൽ എല്ലാ വിവരങ്ങളും നൽകിക്കൊണ്ട് സുതാര്യമായ രീതി സ്വീകരിച്ചു. പഞ്ചായത്തുതലത്തിലും സ്കൂൾതലത്തിലും വരെ ചർച്ചകൾ സംഘടിപ്പിച്ചും മാധ്യമങ്ങളിലൂടെ വന്ന പ്രതികരണങ്ങൾ സ്വീകരിച്ചും സമഗ്രവും കാലികപ്രസക്തവുമായ പാഠ്യപദ്ധതി രൂപീകരിക്കാനുള്ള തുറന്ന സമീപനം പിന്തുടർന്നു. വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

### പരിഷ്കരണത്തിന്റെ നാൾവഴി

'ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005' അടിസ്ഥാനമാക്കി കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള ശ്രമങ്ങൾ 2006 ആഗസ്റ്റിൽ ആരംഭിച്ചു. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 എന്ന പേരിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഒരു ഘട്ടം പൂർത്തിയാവുകയാണ്. താഴെ പറയുന്ന പ്രവർത്തനങ്ങളിലൂടെയാണ് ഇതു മുന്നേറിയത്:

- പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള പദ്ധതി തയാറാക്കി എൻ.സി.ഇ.ആർ.ടിയുടെയും കേരള സർക്കാരിന്റെയും പരിഗണനയ്ക്കായി സമർപ്പിച്ചു.
- ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005ന്റെ മലയാള പരിഭാഷ അച്ചടിച്ചു വിതരണം ചെയ്തു.
- കരിക്കുലം കമ്മിറ്റി പ്രതിനിധികൾ, വിദ്യാഭ്യാസ വിദഗ്ധർ, സംസ്ഥാന വിദ്യാഭ്യാസ ഉപദേശക സമിതി പ്രതിനിധികൾ, എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി രണ്ടു ദിവസത്തെ ശിൽപ്പശാല സംഘടിപ്പിച്ച് പ്രവർത്തന പദ്ധതിക്കു രൂപം നൽകി. 14 വിഷയമേഖലകൾ നിർണയിക്കുകയും 14 ഫോക്കസ് ഗ്രൂപ്പുകൾ രൂപപ്പെടുത്തുകയും ചെയ്തു. ഈ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാൻ 30 അംഗ കോർഗ്രൂപ്പും, 230 അംഗങ്ങൾ അടങ്ങിയ 14 ഫോക്കസ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനുള്ള നിർദേശങ്ങൾ സർക്കാരിനു സമർപ്പിച്ചു.
- കേരള സർക്കാർ രൂപീകരിച്ച കോർ ഗ്രൂപ്പിന്റെ ആദ്യയോഗം എസ്.സി.ഇ.ആർ.ടിയിൽ നടന്നു. 14 ഫോക്കസ് ഗ്രൂപ്പുകളുടെ സംയുക്ത ശിൽപ്പശാല ആസൂത്രണം ചെയ്തു. പാഠ്യപദ്ധതി പരിഷ്കരണ പ്രക്രിയയ്ക്ക് അംഗീകാരം നൽകി.
- ഫോക്കസ് ഗ്രൂപ്പ് അംഗങ്ങളും കോർ ഗ്രൂപ്പ് അംഗങ്ങളും ഉൾപ്പെടെ 200 പേരെ പങ്കെടുപ്പിച്ചുകൊണ്ട് മൂന്നു ദിവസത്തെ ശിൽപ്പശാല സംഘടിപ്പിച്ചു. എൻ.സി.എഫ് 2005 പരിചയപ്പെടൽ, നിരീക്ഷണങ്ങൾ രൂപീകരിക്കൽ, കേരളത്തിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിർണയിക്കൽ, ഫോക്കസ് ഗ്രൂപ്പുകളുടെ പ്രവർത്തനരീതി നിശ്ചയിക്കൽ, നിലവിലുള്ള പാഠ്യപദ്ധതി വിശകലനം എന്നിവ ഈ ശിൽപ്പശാലയിലൂടെ നിർവഹിച്ചു. എൻ.സി.ഇ.ആർ.ടി കരിക്കുലം ഗ്രൂപ്പ് തലവൻ ഡോ.എം.എ.ഖാദർ, ദില്ലി സർവകലാശാലാ കരിക്കുലം വിഭാഗത്തിലെ ഡോ.അനിതാ റാംപാൽ, മൈസൂറിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷൻ ഇവാല്യുവേഷൻ വിഭാഗത്തിലെ ഡോ. മഞ്ജുളാ റാവു തുടങ്ങിയവർ ഇതിൽ പങ്കെടുത്തു.
- ഫോക്കസ് ഗ്രൂപ്പുകളുടെ പ്രവർത്തനം 14 ജില്ലകളിലെ ഡയറ്റുകൾ കേന്ദ്രീകരിച്ചാണ് ആസൂത്രണം ചെയ്തത്. പാഠ്യപദ്ധതി പരിഷ്കരണപ്രക്രിയയും ഫോക്കസ് ഗ്രൂപ്പുകളുടെ പ്രവർത്തനക്രമവും ചർച്ചചെയ്യുന്നതിന് ഡയറ്റ് പ്രിൻസിപ്പൽമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി

ഡയറക്ടർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, എസ്.എസ്.എ. പ്രതിനിധികൾ, കോർ ഗ്രൂപ്പ് അംഗങ്ങൾ, എസ്.സി.ഇ.ആർ.ടി. ഫാക്കൽറ്റികൾ, ഡി.പി.ഐ. എന്നിവർ യോഗം ചേരുകയും ജില്ലാതലത്തിൽ അഭിപ്രായരൂപീകരണം നടത്തുന്നതിനു സെമിനാറുകൾ സംഘടിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

- ഡയറ്റുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 14 ജില്ലാതല സെമിനാറുകർ സംഘടിപ്പിച്ച് അഭിപ്രായങ്ങൾ സ്വരൂപിച്ചു.
- പാഠ്യപദ്ധതി പരിഷ്കരണത്തിൽ സ്വീകരിക്കേണ്ട പൊതുസമീപനം രൂപപ്പെടുത്തുന്നതിന് 3 ദിവസത്തെ ശിൽപ്പശാല സംഘടിപ്പിച്ചു. 14 ഫോക്കസ് ഗ്രൂപ്പുകളിലെയും അംഗങ്ങൾ ജില്ലാതല സെമിനാറുകളിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങൾ ശിൽപ്പശാലയിൽ അവതരിപ്പിച്ച് തുടർപരിപാടികൾക്കു രൂപംനൽകി.
- വിവിധ മേഖലകളിലെ പ്രശ്നങ്ങൾ സൂക്ഷ്മമായി പഠിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യാൻ ഫോക്കസ് ഗ്രൂപ്പ് അംഗങ്ങളുടെ 3 ദിവസത്തെ ശിൽപ്പശാല സംഘടിപ്പിച്ചു. ഒരു കരട് സമീപനരേഖയ്ക്കു ശിൽപ്പശാല രൂപം നൽകി.
- ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഡയറ്റ് പ്രിൻസിപ്പൽമാരുടെ യോഗം സംഘടിപ്പിച്ചു.
- പാഠ്യപദ്ധതി പരിഷ്കരണവുമായി പൊതുജനങ്ങൾക്കു നിരന്തരം ബന്ധപ്പെടുന്നതിനായി www.kerala.gov.in എന്ന വിലാസത്തിൽ വെബ് പോർട്ടൽ ആരംഭിച്ചു.
- രണ്ടുമാസക്കാലം 14 ജില്ലകളിൽ ഡയറ്റുകളുടെ നേതൃത്വത്തിൽ ഫോക്കസ് ഗ്രൂപ്പുകൾ വിശദമായ പഠനം നടത്തി. പാഠപുസ്തകം, പഠനസാമഗ്രികൾ എന്നിവയുടെ വിലയിരുത്തലിലൂടെയും സ്കൂൾ, സന്ദർശനം, സർവെ എന്നിവയിലൂടെയും വിശദമായ പഠനം നടത്തി 14 പൊസിഷൻ പേപ്പറുകൾ രൂപപ്പെടുത്തി.
- ഇടക്കാല വിലയിരുത്തൽ നടത്തി ഫോക്കസ് ഗ്രൂപ്പുകളുടെ പ്രവർത്തനം അവലോകനം ചെയ്തു.
- കരിക്കുലം കമ്മിറ്റി അംഗങ്ങൾ, കോർ ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ മൂന്നു ദിവസത്തെ ശിൽപ്പശാലയിൽ പൊസിഷൻ പേപ്പറുകൾ വിശദമായ ചർച്ചയ്ക്കു വിധേയമാക്കി.
- പൊസിഷൻ പേപ്പറിലെ നിർദേശങ്ങൾ അടിസ്ഥാനമാക്കി 'കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007'ന് രൂപം നൽകി.
- ഈ ചട്ടക്കൂട് വ്യാപകമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി കേരളസമൂഹത്തിൽ അവതരിപ്പിച്ചു. ഇതിന്റെ ഭാഗമായി ജില്ല, പഞ്ചായത്ത്/ മുൻസിപ്പാലിറ്റി, സ്കൂൾതലങ്ങളിൽ പ്രധാന നിർദേശങ്ങൾ അവതരിപ്പിച്ചു. ഇതിലൂടെ ലഭ്യമായ നിർദേശങ്ങൾ ജില്ലാതലത്തിലും തുടർന്ന് സംസ്ഥാനതലത്തിലും ക്രോഡീകരിച്ചു. ഈ നിർദേശങ്ങളുടെ കൂടി വെളിച്ചത്തിൽ പാഠ്യപദ്ധതി ചട്ടക്കൂട് തയാറാക്കി. പന്ത്രണ്ടാം ക്ലാസുവരെയുള്ള സിലബസ് രൂപീകരണം, പാഠ്യപദ്ധതി നിർമാണം, പഠനോപകരണങ്ങൾ തയാറാക്കൽ, ട്രൈ ഔട്ട്, അധ്യാപകരെ സജ്ജീകരിക്കൽ, ഘടനാപരമായ പരിഷ്കാരങ്ങൾ തുടങ്ങിയവ ഇനി ഏറ്റെടുക്കേണ്ടതുണ്ട്.

# പാഠ്യപദ്ധതി പരിഷ്കരണത്തിന് സർക്കാർ രൂപം നൽകിയ
# കോർ കമ്മിറ്റി

**G.O. (Rt.) No. 4550/06/G.Edn. Dated, Thiruvananthapuram, 18/10/2006**

**ചെയർമാൻ** : പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ്

**വൈസ് ചെയർമാൻ** : ശ്രീ. കെ.കെ. കൃഷ്ണകുമാർ, റിട്ട. അസിസ്റ്റന്റ് ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

**അംഗങ്ങൾ**

1. ഡോ. എം. എ. ഖാദർ, ഹെഡ്, കരിക്കുലം ഗ്രൂപ്പ്, എൻ.സി.ഇ.ആർ.ടി.
2. ഡോ. അനിതാ റാംപാൽ, പ്രൊഫ. ജെ.എൻ.യു., ന്യൂഡൽഹി
3. ശ്രീ. സി. ജയൻബാബു, മേയർ, നഗരസഭ, തിരുവനന്തപുരം
4. ശ്രീ. ടി.കെ. നാരായണദാസ്, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, ജില്ലാ പഞ്ചായത്ത്, പാലക്കാട്
5. ശ്രീ. എം. ശിവശങ്കർ ഐ.എ.എസ്., ഡി.പി.ഐ., കേരള സർക്കാർ, തിരുവനന്തപുരം
6. ഡോ. ബി. വിജയകുമാർ, സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.എ.
7. പ്രൊഫ. വി. കാർത്തികേയൻ നായർ, ഡയറക്ടർ, ഹയർ സെക്കൻഡറി എജ്യൂക്കേഷൻ, കേരള
8. ശ്രീ. സജിത് വിജയരാഘവൻ, ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി, കേരള
9. ഡയറക്ടർ, സീമാറ്റ്, കേരള
10. എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.റ്റി@സ്കൂൾ പ്രോജക്ട്, കേരള
11. പ്രൊഫ. എം.ആർ. രാഘവവാര്യർ, ചെയർമാൻ, എഡ്യുക്കേഷണൽ അഡ്വൈസറി ബോർഡ്, കേരള
12. ഹെഡ് ഓഫ് ഡിപാർട്ട്മെന്റ് ഓഫ് എജ്യുക്കേഷൻ, യൂണിവേഴ്സിറ്റി ഓഫ് കേരള
13. ഡോ. കെ.എൻ. ഗണേഷ്, പ്രസിഡന്റ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
14. പ്രൊഫ. അജയകുമാർ, ഡയറക്ടർ, കമ്പ്യൂട്ടർ സെന്റർ, യൂണിവേഴ്സിറ്റി ഓഫ് കേരള
15. ശ്രീ. സി.എം. ബാലകൃഷ്ണൻ, പ്രിൻസിപ്പൽ, ഡയറ്റ്, കാസർഗോഡ്
16. ശ്രീമതി ഉഷാ കിരൺ, ഡി.ഡി.ഇ., കാസർഗോഡ്
17. ശ്രീ. എ.കെ. ചന്ദ്രൻ, ജനറൽ സെക്രട്ടറി, കെ.എസ്.ടി.എ.
18. ശ്രീ. കെ. വിക്രമൻനായർ, പ്രസിഡന്റ്, ജി.എസ്.ടി.യു.
19. ശ്രീ. പി. രാധാകൃഷ്ണൻ, പ്രസിഡന്റ്, പി.എസ്.ടി.എ.
20. ശ്രീ. ഹരിഹരൻ, കെ.എ.പി.റ്റി.യു.
21. ശ്രീ. സിറിയക് കാവിൽ, കെ.എസ്.ടി.എഫ്.
22. ശ്രീ. കെ.വി. ദേവദാസ്, കെ.പി.ടി.എ.
23. ശ്രീ. ചുനക്കര ഹനീഫ്, കെ.എസ്.ടി.സി.
24. ശ്രീ. എൻ. ശ്രീകുമാർ, പ്രസിഡന്റ്, എ.കെ.എസ്.ടി.യു.
25. ശ്രീ. സി.പി. ചെറിയ മുഹമ്മദ്, പ്രസിഡന്റ്, കെ.എസ്.ടി.യു.
26. ശ്രീ. ജോൺ ഫിലിപ്പ്, എ.പി.ഒ., എസ്.എസ്.എ., കേരള

**കൺവീനർ**

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**ജോയിന്റ് കൺവീനർമാർ**

1. ഡോ. പി. സത്യനേശൻ, ഹെഡ്, ഡിപാർട്ട്മെന്റ് ഓഫ് കരിക്കുലം ആന്റ് ടെക്സ്റ്റ് ബുക്സ്, എസ്.സി.ഇ.ആർ.ടി., കേരള
2. ശ്രീ. സി. മധുസൂദനൻ, എച്ച്.എസ്.എ., ജി.എച്ച്.എസ്.എസ്., മുല്ലശ്ശേരി, തൃശൂർ